

CamScanner

ലക്ഷദ്വീപ്

നൂറ്റാണ്ടുകളിലൂടെ

(ചരിത്രം)

ഡോ. എൻ മുത്തുക്കോയ

Ajantha
Books

CS CamScanner

'ഫുതുഹാത്തുൽ ജസായിറ്' എന്ന പ്രഥമ
ലക്ഷദ്വീപുചരിത്രഗ്രന്ഥം സംഭാവന ചെയ്യുകയും
പുരുഷായുസ്സ് മുഴുവൻ ദ്വീപുകാർക്കുവേണ്ടി അർപ്പിക്കുകയും
ചെയ്ത ഹ: ഉബൈദുള്ളാഹിബ്നുമുഹമ്മദിബ്നു അബൂബക്കർ
(റ)യുടെ പാവനസ്മരണക്ക് മുമ്പിൽ!!

CamScanner

ഉള്ളടക്കം

ആമുഖം
ഡോ. എൻ. മുത്തുക്കോയ *13*

ലക്ഷദ്വീപുചരിത്രപഠനങ്ങൾക്ക് ഒരാമുഖം
ഡോ. രാജൻ ഗുരുക്കൾ *17*

1. സാമാന്യവിവരണവും
   ഭൂഗർഭശാസ്ത്രവും 25

2. ആദിമനിവാസികൾ 31

3. ചരിത്രരേഖകളിലൂടെ 69

4. ബുദ്ധമതം 95

5. ഇസ്ലാംമത പ്രചരണവും
   ഫുതുഹാത്തുൽ ജസായിറും 112

6. ദക്ഷിണേന്ത്യൻ അധിനിവേശവും
   സാംസ്കാരിക ബന്ധവും 132

7. പ്രമാദങ്ങൾ - പ്രതികരണങ്ങൾ 159

8. അനുബന്ധം 192

CamScanner

ആമുഖം

"ഇന്നലെച്ചെയ്തൊരബദ്ധം, മൂഢർക്കിന്നത്തെ
യാചാരമാവാം നാളത്തെ ശാസ്ത്രമതാവാം."

എന്നു മഹാകവി കുമാരനാശാൻ പാടിയതന്വർത്ഥമാണെന്നതിനു സന്ദേഹമില്ല.

ലക്ഷദ്വീപുകളെക്കുറിച്ച് അടുത്ത കാലത്തു പ്രസിദ്ധീകരിക്കപ്പെട്ട പല ഗ്രന്ഥങ്ങളും ആ യഥാർത്ഥ്യത്തെ ബോധ്യപ്പെടുത്താൻ മതിയായവയത്രെ. തനതായ ഒരു സംസ്കാരവും ചിരപുരാതനമായൊരു ചരിത്രപാരമ്പര്യവുമുള്ള ലക്ഷദ്വീപുകളുടെ ചരിത്രസംസ്കാരത്തെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കുവാനും വസ്തുനിഷ്ഠമായി അപഗ്രഥിച്ചു പഠിക്കുവാനും അവസരം ലഭിക്കാത്ത ഏതാനും ഇംഗ്ലീഷുകാരായ പരിശോധനോദ്യോഗസ്ഥന്മാരാണ് ഇന്നലെകളിൽ ലക്ഷദ്വീപുകളെപ്പറ്റി പ്രമാദങ്ങളായ പല അബദ്ധങ്ങളും എഴുതിവച്ചത്. ഈ ഉദ്യോഗസ്ഥന്മാർ അവരുടെ ഭാരിച്ച ഔദ്യോഗികകൃത്യങ്ങളുമായി ദ്വീപുകളിൽ കഴിച്ചുകൂട്ടിയ ഏതാനും മണിക്കൂർസമയത്തെ അനുഭവസമ്പത്തും, ഊഹാധിഷ്ഠിതമായ കാര്യങ്ങളും അവലംബിച്ചെഴുതിയ ദ്വീപുപരിശോധനാ റിപ്പോർട്ടുകളാണ് പിൽക്കാലത്ത് ദ്വീപുചരിത്രം രചിക്കാനൊരുമ്പെട്ട പലരും അടിസ്ഥാനരേഖയായി സ്വീകരിച്ചത്.

ലക്ഷദ്വീപുകളിലെ മണ്ണിലും ഭാഷയിലും സംസ്കാരത്തിലും ജീവിതരീതിയിലും പ്രാചീനലിഖിതരേഖകളിലും തെളിഞ്ഞുകിടക്കുന്ന ചരിത്രയാഥാർത്ഥ്യങ്ങൾ കണ്ടെത്താൻ അവർക്ക് കഴിഞ്ഞില്ല.

പ്രത്യക്ഷത്തിൽനിന്ന് അപ്രത്യക്ഷത്തിലേക്കുള്ള അഥവാ ഉള്ളതിൽനിന്ന് ഉണ്ടായിരുന്നതിലേക്കുള്ള തീർത്ഥയാത്രയായ

ചരിത്രരചനയിൽ നിഷ്പക്ഷമതികളും സ്ഥാപിത താൽപര്യങ്ങൾക്കതീതരുമായ ചരിത്രകാരന്മാരെല്ലാവരും അടിസ്ഥാനതെളിവുകളായി സ്വീകരിക്കാറുള്ളവയൊന്നും ലക്ഷദ്വീപുചരിത്രം രചിക്കാനൊരുമ്പെട്ട പലരും ബോധപൂർവ്വം വിലയിരുത്തുകയുണ്ടായില്ല. ദ്വീപുകളുടെ പ്രാചീനതക്ക് നിദാനമായി ദ്വീപുകളിൽനിന്നുതന്നെ ലഭിച്ച പുരാതന നാണയങ്ങളോ, ശിലായുധങ്ങളോ വിഗ്രഹങ്ങളോ ഇവരിൽ ഒരു ചലനവും സൃഷ്ടിച്ചില്ല. ഉള്ളതിനെ ഇല്ലാതാക്കലോ ഇല്ലാത്തതിനെ ഉണ്ടാക്കലോ ചരിത്രകാരന് ഭൂഷണമല്ലായെന്ന അംഗീകൃത തത്ത്വംപോലും ലക്ഷദ്വീപുകളെക്കുറിച്ച് എഴുതിയ പലരും പാലിക്കപ്പെട്ടില്ല. എല്ലാ ചരിത്രവസ്തുതകൾക്കും കടകവിരുദ്ധവും വൈരുദ്ധ്യങ്ങളും വൈവിധ്യങ്ങളുമടങ്ങിയവയുമായ ഇംഗ്ലീഷുകാരുടെ പരാമർശങ്ങൾ പുനരാവർത്തനം ചെയ്യുകയും സ്വന്തം വകയായി കുറേക്കൂടി പ്രമാദങ്ങൾ ചരിത്രത്തിൽ കടത്തിക്കൂട്ടുകയുമാണ് ഈ രംഗത്ത് പ്രവർത്തിച്ച പലരും അനുവർത്തിച്ചത്.

അനുദിനം ത്വരിതഗതിയിൽ മാറ്റത്തിനടിമപ്പെട്ടുകൊണ്ടിരിക്കുന്ന ദ്വീപുകളിൽനിന്നു അടിസ്ഥാനതെളിവുകൾ നഷ്ടപ്പെടുവാനും തെറ്റായ നിഗമനങ്ങളിലധിഷ്ഠിതമായ ഗ്രന്ഥങ്ങൾ മാത്രം അവശേഷിക്കുകമൂലം ഭാവി തലമുറ ചരിത്രപരമായി തെറ്റിദ്ധരിക്കപ്പെടുവാനും അനുവദിച്ചാൽ അത് സ്വന്തം ചരിത്ര പൈതൃകത്തോട് കാണിക്കുന്ന അക്ഷന്തവ്യമായ അപരാധമായിരിക്കുമെന്ന ഉൾപ്രേരണയാണ് എന്നെ ഈ സാഹസകൃത്യത്തിന് പ്രേരിപ്പിച്ചത്.

ലക്ഷദ്വീപുചരിത്രമെന്ന പേരിൽ ലഭ്യമായവയിലുള്ള അബദ്ധനിഗമനങ്ങളുടെ അതിപ്രസരവും മറ്റു കൃതികളിൽ ദ്വീപുകളെ അധികരിച്ചുള്ള പരാമർശനവിരളതയും സ്വാഭാവികമായും വളരെയേറെ ശ്രമകരമാക്കിത്തീർത്തു ഈ പ്രയത്നം.

രണ്ട് പതിറ്റാണ്ടുകാലം നീണ്ടുപോയ ഈ തപസ്യയിൽ അനേകം ലൈബ്രറികളിലെ റഫറൻസ് വിഭാഗത്തിലും അർക്കൈവ്സുകളിലും പരതി, ചരിത്രപാരാവാരത്തിലെ അത്യനർഘമുത്തുകൾ തേടിയുള്ള പ്രയാണത്തിനിടയിൽ അനേകം ചിപ്പികൾ തുറന്നുനോക്കേണ്ടിവന്നു. പത്രമാസികകളിൽനിന്നും ജേണലു

കളിൽനിന്നും മറ്റും കിട്ടാവുന്നവയെല്ലാം ശേഖരിച്ചു. ദ്വീപുകളിലെ പ്രാചീനതറവാടുകളിലെ റിക്കാർഡ്സു ശേഖരങ്ങളിൽ നിന്നും അമൂല്യമായ പല രേഖകളും ലഭിച്ചു. ദ്വീപു മണ്ണിൽ മറഞ്ഞുകിടന്നിരുന്ന വിഗ്രഹങ്ങളും ശിലായുധങ്ങളും കണ്ടെടുത്തു.

കുറ്റമറ്റതാണീ രചനയെന്നവകാശപ്പെടുന്നില്ല. തെറ്റുകൾ തിരുത്താൻ സദാസന്നദ്ധനാണ്. ചരിത്രഗ്രന്ഥങ്ങളിൽ പാലിക്കേണ്ട നിസ്സംഗതയെ വൈകാരികത അങ്ങിങ്ങായി മറികടക്കുന്നത് ഈ ഗ്രന്ഥതാളുകളിൽ കണ്ടേക്കാം. പ്രമാദങ്ങൾക്കെതിരെ പ്രതികരിക്കേണ്ടിവന്നപ്പോൾ വ്രണിതഹൃദയത്തെ കടിഞ്ഞാണിടാനൊത്തില്ല.

ലക്ഷദ്വീപുകളുടെ പ്രാചീനചരിത്രപാരമ്പര്യം ആധികാരിക തെളിവുകളുടെ വെളിച്ചത്തിൽ യഥാതഥമായി അവതരിപ്പിക്കണമെന്നത് എന്റെ ചിരകാലാഭിലാഷമായിരുന്നു. ഈ സംരംഭത്തിൽ എന്നെ സഹായിച്ചവരും പ്രോത്സാഹിപ്പിച്ചവരും അനവധിയാണ് ആരുടെയെങ്കിലും പേര് വിട്ടുപോവുകയാണെങ്കിൽ അതൊരപരാധമായിരിക്കുമെന്നതിനാൽ ആരുടേയും പേര് പ്രത്യേകം ഉദ്ധരിക്കുന്നില്ല. ഈ ദീർഘകാല തപസ്യയിൽ എന്നെ സഹായിച്ച എല്ലാവരോടുമുള്ള എന്റെ നിസ്സീമമായ നന്ദി വാക്കുകൾക്കതീതമാണ്.

സർവ്വവിധ ശുഭപ്രതീക്ഷയോടും കൂടി "ലക്ഷദ്വീപു നൂറ്റാണ്ടുകളിലൂടെ" എന്ന ഈ ഗ്രന്ഥം സഹൃദയ ഹസ്തങ്ങളിൽ അർപ്പിക്കുന്നു.

ഡോ: എൻ. മുത്തുകോയ
കൊണ്ടോട്ടി

10.5. 1985
അന്ത്രോത്ത്, ലക്ഷദ്വീപ്.

ലക്ഷദ്വീപുചരിത്രപഠനങ്ങൾക്ക് ഒരാമുഖം

നൂറ്റാണ്ടുകളുടെ ജനസമ്പർക്കചരിത്രം ഉറങ്ങുന്ന ചെറുകരക ളാണു ലക്ഷദ്വീപുകൾ. ഇന്ത്യാസമുദ്ര വാണിജ്യപ്പാത കടൽയാ ത്രക്കാർക്കു സുമാർ ബിസി അഞ്ചാം നൂറ്റാണ്ടുമുതൽ സുപരി ചിതമായിരുന്നു. കുടിവെള്ളം കിട്ടുന്ന ഒരു ദ്വീപും കടൽയാത്ര ക്കാർ അറിയാതിരിക്കില്ല. അന്നുതൊട്ടേ അവിടെ മനുഷ്യവാസം ഉണ്ടായിരുന്നുവെന്ന് ഊഹിക്കാം. ഏതാണ്ട് ഒന്നാം നൂറ്റാണ്ടുമു തൽ പലദ്വീപുകളിലും ആൾപ്പാർപ്പുണ്ടായിരുന്നുവെന്നു തീർച്ച. അക്കാലത്തെ ഗ്രീകൊറോമൻ നാവികക്കുറിപ്പുകളിൽ കണത്രി (കവരത്തി), അർഗിഡിയോൻ (അഗത്തി), അമ്മിനെ (അമീനി), മൊണോക്കിയേ (മിനിക്കോയി) ദ്വീപുകളെപ്പറ്റി പറയുന്നുണ്ട്. ആമത്തോട് ധാരാളമായി കിട്ടുന്ന സ്ഥലങ്ങളെന്ന നിലയിലാണു പരാമർശം. കടമത്ത്, അന്ത്രോത്ത് അമീനി കവരത്തി ദ്വീപുക ളിൽനിന്നു റോമൻ നാണയം കിട്ടിയിട്ടുണ്ട്. നാലാം നൂറ്റാണ്ട് മുതൽക്ക് മാർസെല്ലനാസ്, കോസ്മാസ്, ഫാഹിയാൻ തുടങ്ങി അൽമസൂദി അബൂസൈദ് വരെയുള്ള പേർഷ്യ ചൈന അറബി നാവികരുടെ പരാമർശങ്ങളും ലഭ്യമാണ്. പല്ലവചോള രാജാക്ക ന്മാർ ദ്വീപു കീഴടക്കിയതായി അവകാശപ്പെടുന്ന ലിഖിതങ്ങളു ണ്ട്. ദ്വീപുകളിലെ പ്രധാന ജനപദധിനിവേശം, മലബാറിൽനി ന്നുള്ള കുടിയേറ്റമായിരുന്നു. അവിടെ ബ്രാഹ്മണാധിനിവേശം ശക്തിപ്പെടുന്നതിനു മുൻപായിരിക്കാം - അതായതു പതി നൊന്നാം നൂറ്റാണ്ടോടെ - ഈ കുടിയേറ്റം നടന്നത്. പരപ്പന ങ്ങാടി മുതൽ ഏഴിമല വരെ പലസ്ഥലങ്ങളിൽ ഇന്നും ദ്വീപു

CamScanner

കാർക്ക് സമ്പർക്കമുണ്ട്. മറ്റൊരു കുടിയേറ്റം നടന്നിരിക്കാനിട യുള്ളതു 16-17 നൂറ്റാണ്ടുകളിലാണ്.

കോലത്തിരി ഭരണകാലത്തു ദ്വീപുകൾക്കുമേൽ പോർച്ചുഗീസ് അതിക്രമം തുടങ്ങി. അതു തടയാനുള്ള നാവികശേഷിയൊന്നും കോലത്തിരിക്കുണ്ടായിരുന്നില്ല. ചിറക്കൽ രാജാവ് അറക്കൽ ബീവിക്ക് കണ്ണൂരും ദ്വീപുകളും ജാഗിറായി കൊടുത്തതോ ടെയാണ് അധീശവാഴ്ചയുടെ ദുരിതം മൂർച്ഛിക്കുന്നത്. അക്കാ ലത്തു പലപ്പോഴായി പറങ്കിപ്പട ദ്വീപുകളാക്രമിക്കുകയുണ്ടായി. ശരിക്കും ചെറുത്തുനിന്നത് അമീനി ദ്വീപുകാരായിരുന്നു. അവിടെ അതിക്രമിച്ചു കയറിയ പറങ്കികളെ ദ്വീപുകാർ വിഷം കൊടു ത്തുകൊന്നുവെന്നാണു കഥ. പക്ഷെ പറങ്കികൾ വലിയ മനു ഷ്യനാശം വരുത്തിയാണു പിൻവാങ്ങിയത്. അവിടത്തെ തേങ്ങയും കയറും ചക്കരയും അമ്പറും ആമത്തോടും കവടിയും പവിഴപ്പുറ്റും കവർന്നെടുത്തു ലാഭമുണ്ടാക്കുന്നതിലായിരുന്നു എല്ലാവരുടേയും കണ്ണ്. എന്തിന്റേയും വില അറക്കൽ കൊട്ടാരം നിശ്ചയിച്ചു. കൊടിയ ചൂഷണമായിരുന്നു നടന്നത്. കൊട്ടാരം കാര്യക്കാരുടെ അധികാരദുർവിനിയോഗമാണു ദ്വീപുകാരുടെ ദുരിതം കുറിച്ചത്. ടിപ്പുവിന്റെ ഇടപെടലുകൾ അധികം നീണ്ടു നിന്നില്ല. അധികാരം ഇംഗ്ലീഷുകാരിലേക്കെത്തി. ദ്വീപുകളുടെ മേൽ അധീശഭരണത്തിന്റെ മറ്റൊരദ്ധ്യായം ബ്രിട്ടീഷ് ഈസ്റ്റി ന്ത്യാക്കമ്പനി ഭരണത്തോടെയാണു തുടങ്ങുന്നത്. അവരുടെ ലക്ഷ്യം ദ്വീപുകളെ നാവികത്താവളമാക്കുക എന്നതായിരുന്നു. പക്ഷെ അവരവിടെ സ്കൂളുകൾ സ്ഥാപിച്ചു. കുറച്ചൊക്കെ ആരോ ഗ്യകാര്യവും ശ്രദ്ധിച്ചു.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും ദ്വീപിലെ സ്ഥിതിയിൽ വലിയമാറ്റമുണ്ടായെന്നു പറയാനാവില്ല. സംസ്ഥാന രൂപീകര ണവേളയിൽ കോഴിക്കോട്ടു ചേർന്ന സമ്മേളനം ദ്വീപുകൾ കേര ളത്തോടൊപ്പം ചേരണോ അതോ കേന്ദ്രഭരണത്തിൻ കീഴിലാ വണോ എന്ന ചോദ്യമുയർത്തിയിരുന്നു. വികസനത്തിനു നല്ലതു കേന്ദ്രഭരണത്തിൻ കീഴിലാവുന്നതായിരിക്കുമെന്നു തീരുമാനി ച്ചു. രാജ്യതന്ത്രപ്രാധാന്യം കണക്കിലെടുത്ത നെഹ്റുവിന്റെ മുൻഗണനയും അതായിരുന്നു. കാരണം ദ്വീപുകളിൽ മിനി

ക്കോയി ഒഴിച്ചുള്ളവ സാംസ്കാരികമായി മലയാളക്കരയുടെ ഭാഗമാണെന്ന ചരിത്രസത്യം അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതുകൊണ്ടുതന്നെ അവിടെ അഡ്മിനിസ്ട്രേറ്ററായി ആദ്യം നിയമിക്കപ്പെട്ടത് യു.ആർ. പണിക്കരായിരുന്നു. പണിക്കരും എസ്. മണിയും പേരിനുമാത്രമേ ആ പദവിയിലിരുന്നുള്ളൂ. പിന്നെ സി. കെ. ബാലകൃഷ്ണൻ നായർ മൂന്നുവർഷം ഇരുന്നു. പക്ഷേ കാര്യമായി ദ്വീപിനെ അറിഞ്ഞു ഭരിച്ചതു മൂർക്കോത്തു രാമുണ്ണിയായിരുന്നു. പിന്നെ അതുപോലെ ദ്വീപിന്റെ സംസ്കാരം മനസ്സിലാക്കിയ ഒരഡ്മിനിസ്ട്രേറ്ററേ ഉള്ളൂ. ഒമേഷ് സൈഗൾ (1982 -85) ജനകീയൻ, എഴുത്തുകാരൻ.

ദ്വീപിന്റെ സാംസ്കാരികപശ്ചാത്തലം കണക്കിലെടുക്കാതെ ഭരിച്ച ആദ്യത്തെ അഡ്മിനിസ്ട്രേറ്റർ സെൽവരാജായിരിക്കും. ജനങ്ങളുമായി ഇടപഴകിയതു ദിനേശ്വർ ശർമ്മയായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം കലുഷിതമായ കാലഘട്ടത്തിന്റെ തുടക്കം കുറിക്കുമെന്ന് ആരും കരുതിയില്ല. ജനാഭിലാഷം കാറ്റിൽപ്പറത്തിയുള്ള ഭരണം. ദ്വീപിലെങ്ങും പ്രകൃതിയും നാശം വിതച്ചു. അമീനി കിൽത്തൻ ചെത്തിലത്ത് ദ്വീപുകളിൽ കൊടുങ്കാറ്റ് ആയിരക്കണക്കിനു തെങ്ങുകൾ കടപുഴക്കി. ബോട്ടുകൾ തകർത്തു.

ഇപ്പോൾ വികസനോന്മുഖ ഭരണപരിഷ്കാരത്തിന്റെ ചുഴലിക്കാറ്റ് ആഞ്ഞടിക്കുകയാണ്. ഏതു കൊടുങ്കാറ്റിനേക്കാളും വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ചുഴലിക്കാറ്റ്. ലോകത്തു പലേടങ്ങളിൽ സംഭവിച്ചപോലെ ആഗോള മൂലധന വ്യവസ്ഥയുടെ അക്രമാസക്തമായ വികസനമുന്നേറ്റമാണു നടക്കുന്നത്. ദ്വീപുകളുടെ അതിലോലഭൂപ്രകൃതിക്കതു താങ്ങാനാവുകയില്ല. ലക്ഷദ്വീപുകൾ പാരിസ്ഥിതികമായി തികച്ചും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ ദ്വീപുനിവാസികളും സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും രാഷ്ട്രീയമായും വ്യത്യസ്തമാണ്. ഈ സവിശേഷത മനസ്സിലാക്കിയുള്ള പരിഷ്കാരങ്ങളേ ദ്വീപുകളിൽ നടപ്പിലാക്കാവൂ എന്ന അഭിപ്രായമാണു സുസ്ഥിര വികസനവക്താക്കളായ പാരിസ്ഥിതിക ശാസ്ത്രജ്ഞരും സാങ്കേതികവിദഗ്ധരും സാമൂഹ്യചിന്തകരും ആവർത്തിക്കുന്നത്. ദ്വീപിലെ പരമ്പരാഗത അറിവും അനുഭവ

ങ്ങളും ശരിവയ്ക്കുന്നതും അതാണ്.

വളയാകൃതിയിലുള്ള പവിഴപ്പുറ്റുകളുടെ അറ്റോളിലെ 36
ദ്വീപുകദ്വീപുകളെയാണു ലക്ഷദ്വീപുകൾ എന്നുവിളിക്കുന്നത്. ലക്ഷദ്വീപിലെ പവിഴപ്പുറ്റുകളുടെ ജീവനും ദ്വീപുനിവാസികളുടെ ആരോഗ്യവും ആത്യന്തികമായി പരസ്പരം ഇഴപിരിയാതെ കിടക്കുന്നു. സൂര്യവെളിച്ചം തട്ടി പുറ്റുകളുണങ്ങിപ്പൊടിഞ്ഞു മണലാവുന്നതും അതിനെ കാറ്റും തിരമാലയും ചേർന്നു കരയിലെത്തിക്കുന്നതും ദ്വീപുകളുടെ വളർച്ചയുമായി ബന്ധപ്പെട്ട പ്രകൃതിനിയത വ്യവസ്ഥയാണ്. അതിലൊരു ക്രമമുണ്ട്. അതുതെറ്റുന്നതു ദ്വീപുകളുടേയും നിവാസികളുടേയും നിലനിൽപ്പിനെ ബാധിക്കും. അറ്റോൾ റീഫ് ചട്ടക്കൂടുകളുടെ ബലക്ഷയം ഗുരുതരമാണ്. ഇതൊന്നും പരിഗണിക്കാതെയുള്ള വികസനാസൂത്രണങ്ങൾ വലിയ പ്രത്യാഘാതങ്ങൾക്കിടയാക്കും.

വളരെ ദുർബലമാണു ലക്ഷദ്വീപിന്റെ പരിസ്ഥിതി. ഏതു വികസനപദ്ധതിക്കും ഈ സവിശേഷത പരിഗണിക്കണം. ദ്വീപുകളുടെ പാരിസ്ഥിതികവ്യവസ്ഥയുമായി ഇണങ്ങുന്ന ഉപജീവന അതിജീവന സമ്പ്രദായങ്ങളാണു ദ്വീപുനിവാസികൾ പിന്തുടരുന്നത്. മാറ്റങ്ങളൊന്നും ഇല്ലെന്നല്ല, മാറ്റങ്ങളെല്ലാം സുസ്ഥിരവികസനത്തിന്റെ മാനദണ്ഡങ്ങൾ അനുസരിക്കുന്നുണ്ട്. അല്ലാത്തവയെ നിയന്ത്രിക്കാനും പൊരുത്തപ്പെടുത്താനും ദ്വീപുനിവാസികൾക്കറിയാം. പുറത്തുനിന്നു ഏകപക്ഷീയമായി അടിച്ചേൽപ്പിക്കപ്പെടുന്ന മാറ്റങ്ങൾ പരിസ്ഥിതിയിലും നിവാസികളുടെ ജീവിതത്തിലും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും.

കടലും തടാകവും ദ്വീപുനിവാസികൾക്കു ഉപജീവനപ്രധാനമാണ്. മറ്റേതു ദ്വീപിനെക്കാളും ലക്ഷദ്വീപുകൾക്കു കരയുടെ പരിമിതി വളരെ നിർണ്ണായകമാണ്. അതുകൊണ്ടുതന്നെ ജനവാസമുള്ളതും അല്ലാത്തതുമായ ദ്വീപുകളിലെ ഭൂവിനിയോഗം പ്രാദേശിക, സമൂഹങ്ങളുടെ ഉപജീവന അതിജീവന പ്രവർത്തനങ്ങൾക്കുമാത്രമായി നിജപ്പെടുത്തേണ്ടതുണ്ട്. അതു മറ്റാവശ്യങ്ങൾക്കായി തിരിച്ചുവിടുന്നതു പാരിസ്ഥിതിക ആഘാതങ്ങളും തീവ്രമാക്കും. കാലാവസ്ഥാവ്യതിയാന പശ്ചാത്തലത്തിൽ പ്രത്യേ

കിച്ചും കരയും തടാകവും തമ്മിലുള്ള അനുപാതം തെറ്റിക്കുന്ന വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതു ദൂരവ്യാപക പ്രത്യാഘാതങ്ങൽക്കിടയാക്കുമെന്നു പരിസ്ഥിതി ശാസ്ത്രജ്ഞർ താക്കീതു ചെയ്യുന്നു. വൻകിട കോർപ്പറേറ്റുകളുടെ നേതൃത്വത്തിൽ ടൂറിസവ്യവസായം വളർത്തുന്ന പദ്ധതിയിടുന്നവർ മറന്നുകൂടാത്തതു ലക്ഷദ്വീപിന്റെ പരിസ്ഥിതി അതിലോലമാണെന്ന അനിഷേധ്യ സത്യമാണ്.

പാരിസ്ഥിതിക സവിശേഷതകൾപോലെയും ഉപജീവന അതിജീവന രീതികൾപോലെയും സുപ്രധാനമാണു ദ്വീപുനിവാസികളുടെ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയസവിശേഷതകളും. ചരിത്രപരമായി വലിയ അസമത്വങ്ങളില്ലാത്ത സമൂഹമാണ് ദ്വീപുകളിലേത്. അവിടെ കാര്യസ്ഥന്മാരും ആമീനും ആണ് മേൽകീഴ് വ്യവസ്ഥയുള്ള നീതിന്യായ ഭരണം തുടങ്ങിയത്. കോയ, മേലാച്ചേരി, മാൽമി വ്യത്യാസമൊന്നും ഇന്നില്ല. വിദ്യാഭ്യാസവും പുരോഗമനചിന്തയും ഇതിനു കാരണമാണ്. ജനാധിപത്യബോധം ദ്വീപിലെ ജനതയുടെ പാരമ്പര്യമാണ്.

വികസനത്തിന്റെ പേരിൽ ഏകപക്ഷീയമായ പദ്ധതികളുമായി മുന്നോട്ടുപോകുന്നതു നമ്മുടെ ഭരണഘടനയനുസരിച്ചു ശരിയല്ല. ദ്വീപുനിവാസികൾക്കു പട്ടികവർഗ്ഗമെന്ന നിലയിൽ ഭരണഘടനയനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിച്ചുകൂടാ. പ്രാദേശിക സമ്പദ്‌വ്യവസ്ഥയേയും പരിസ്ഥിതിയേയും സഹായിക്കുകയും സുസ്ഥിരവികസനത്തിനു ഊന്നൽ നൽകുകയും ചെയ്യുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ അവഗണിച്ചുള്ള നീക്കങ്ങൾ ന്യായീകരിക്കാനാവില്ല. തദ്ദേശവാസികളെ വിശ്വാസത്തിലെടുക്കാതെ പരിഷ്കാരങ്ങൾ അടിച്ചേൽപ്പിക്കുന്ന നയം തെറ്റാണ്. ലക്ഷദ്വീപിന്റെ ആവാസവ്യവസ്ഥയുടെ നിലനിൽപ്പും ദ്വീപുനിവാസികളുടെ അഭ്യുന്നതിയും ആത്മാർത്ഥമായി അഭിലഷിക്കുന്ന ആരും ദ്വീപിൽ ജനകീയ ജനാധിപത്യം പുലരണം എന്നേ ചിന്തിക്കൂ. കൂടുതൽ അധികാരങ്ങൾ നൽകി അവരുടെ സ്വയംഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തണം എന്നേ ആവശ്യപ്പെടൂ.

ജനങ്ങളിൽ ജനകീയ ജനാധിപത്യബോധവും സാമൂഹ്യ

ഐക്യവും രാഷ്ട്രീയജാഗ്രതയും വളർത്തുന്നതിനായി ലക്ഷദ്വീപിന്റെ ചരിത്രത്തിലേക്കും സംസ്കാരത്തിലേക്കും വെളിച്ചം വീശുന്ന പഠനങ്ങൾ നടത്തുകയും സാഹിത്യകൃതികൾ രചിക്കുകയും അതു തുടരുകയും ചെയ്യുന്ന സർഗ്ഗധനരായവർ ദ്വീപുനിവാസികളിൽ ധാരാളമുണ്ട്. അവരുടെ ധൈഷണിക സംഭാവനകൾ പുനഃപ്രകാശനം ചെയ്യുന്ന അജന്ത ബുക്സിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ഈ കൃതി ദ്വീപുനിവാസികളിൽ ജനാധിപത്യ രാഷ്ട്രീയ പ്രബുദ്ധത ശക്തിപ്പെടുത്തുമെന്ന പ്രത്യാശയോടെ.

ഡോ. രാജൻ ഗുരുക്കൾ
തിരുവനന്തപുരം


MAP OF LAKSHADWEEP
MANGALORE
INDIA
ARABIAN SEA
CANNANORE
KERALA
CALICUT
COCHIN
CHETLAT
432 Kms
BITRA
483 Kms
KILTAN
394 Kms
BANGARAM
KADMAT
407 Kms
459 Kms
AMINI
407 Kms
ANDROTT
293 Kms
AGATTI
459 Kms
KAVARATTI
404 Kms
KALPENI
287 Kms
398 Kms
MINICOY

സാമാന്യവിവരണവും ഭൂഗർഭശാസ്ത്രവും

നീലപ്പട്ടടയിൽ വിതറിയ മുത്തുകൾ കണക്കെ കേരളത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന മുപ്പത്തിയാറുദ്വീപുകളുടെ സമൂഹമാണ് ലക്ഷദ്വീപുകൾ എന്ന പേരിലറിയപ്പെടുന്നത്. ഇവയിൽ അന്ത്രോത്ത്, മിനിക്കോയി, കവരത്തി, അമ്മേനി, ആക്കത്തി, കൽപേനി, കടമത്ത്, കിൽത്തൻ, ചേത്തിലാം, ബിത്തിര എന്നിവ ജനവാസമുള്ളതും വിരിങ്ങിലി, ചെറിയം, കോടിത്തല, തിലാക്കം, പിട്ടി, ബങ്ങാരം, തിണ്ണകര, പരളി, കല്പിട്ടി, സുഹലി വലിയകര, സുഹലി ചെറിയകര, പിട്ടി (പക്ഷിപ്പിട്ടി) മുതലായവ ജനവാസമില്ലാത്തതും ബാക്കി പതിനാലെണ്ണം പുതുതായി രൂപംകൊണ്ട തുരുത്തുകളുമാണ്. ഉത്തരാംശം 8-12 ഡിഗ്രിക്കും പൂർവ്വരേഖാംശം 71-74 ഡിഗ്രിക്കും ഇടക്ക് സ്ഥിതിചെയ്യുന്ന ഈ ദ്വീപുകക്ക് കേരളതീരത്തുനിന്നും 200-400 കി.മീ വരെ ദൂരമാണുള്ളത്. ദ്വീപുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം 11 കി.മീ. കൂടിയ ദൂരം 378 കി.മീറ്ററുമാണ്.

കിഴക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന അന്ത്രോത്ത് ഒഴികെയുള്ള മറ്റെല്ലാ ദ്വീപുകളും തെക്കുവടക്കായാണ് നിലകൊള്ളുന്നത്. അന്ത്രോത്ത്, അമ്മേനി എന്നീ ദ്വീപുകൾ ഒഴികെയുള്ള മറ്റെല്ലാ ദ്വീപുകളുടേയും പടിഞ്ഞാറുഭാഗത്തായി വിശാലമായ ലഗൂണുകളുണ്ട്. സ്ഫടിക സമാനം നിർമ്മലവും, സ്വച്ഛന്ദ സുന്ദരവുമായ ഈ കടൽ പൊയ്കകൾ (ലഗൂണുകൾ) ഈ ദ്വീപുകളുടെ നിസ്സംഗസൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു.

അറബിക്കടലിന്റെ അടിത്തട്ടിൽ തെക്ക് വടക്കായി ഉയർന്നുനിൽക്കുന്ന പർവ്വതശിഖരങ്ങളിലാണ് ഈ ദ്വീപുകൾ രൂപംകൊണ്ടിട്ടുള്ളത് എന്ന് ഭൂഗർഭശാസ്ത്രഗവേഷകർ അഭിപ്രായപ്പെടുന്നു. ലക്ഷദ്വീപുകളുടെ പടിഞ്ഞാറുഭാഗത്ത് കടലിന് 4,000 മീറ്റർ വരെയും കേരളത്തെ അഭിമുഖീകരിക്കുന്ന കിഴക്ക് ഭാഗത്ത് 2,000 മുതൽ 2,700 മീറ്റർ വരേയും ആഴമുള്ളതായി 1965ൽ എണ്ണ പ്രകൃതിവാതക കമ്മീഷൻ

നടത്തിയ പഠനത്തിൽനിന്ന് തെളിയുന്നു. 1889 മുതൽ 1892 വരെ നാലു കൊല്ലക്കാലം ലക്ഷദ്വീപുസമുദ്രത്തിൽ ഗവേഷണപഠനം നടത്തിയ റോയൽ ഇൻഡ്യൻ മറൈൻഷിപ്പായ ഇൻവെസ്റ്റിഗേറ്റർ ദ്വീപുകൾക്കടുത്ത് സമുദ്രത്തിന്റെ ഏറ്റവും കൂടിയ ആഴം 1500 ഫാതമിൽ* കൂടുതലാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

കേരളതീരത്തുനിന്ന് 1/660-1/560 എന്ന തോതിൽ സാവധാനം ചരിഞ്ഞിറങ്ങുന്ന സമുദ്രത്തിന്റെ അടിത്തട്ട് 75-35 നാഴിക പിന്നിടുമ്പോൾ പൊടുന്നനെ 100 ഫാതമിൽനിന്ന് 1/19 എന്ന തോതിൽ ആഴം വർദ്ധിച്ച് 1,000 ഫാതം വരെയാകുന്നുവത്രെ. മലബാർ തീരത്തുനിന്ന് പടിഞ്ഞാറ് 100 നാഴികവരേയും സമുദ്രത്തിന്റെ അടിത്തട്ടിൽ പശ്ചിമഘട്ടത്തിൽനിന്നും പ്രവഹിക്കുന്ന നദികൾ വഹിച്ചുകൊണ്ടുവരുന്ന ചളി നിറഞ്ഞുനിൽക്കുന്നു. അവിടന്നങ്ങോട്ട് ലക്ഷദ്വീപുകൾക്ക് സമീപം കടലിന്റെ അടിത്തട്ടിൽ അവിടെത്തന്നെ പവിഴപ്പാറകളും



ശംഖുകളും പൊടിഞ്ഞുണ്ടായ പൂഴികളുമാണ് കാണപ്പെടുന്നത്. 6000 അടിയിലും കൂടുതൽ ആഴമുള്ള ഈ പ്രദേശത്തുനിന്നാണ് ലക്ഷദ്വീപുകൾ അഭൂതപൂർവ്വമായ നിലയിൽ കുത്തനെ ഉയർന്നു പൊങ്ങുന്നത്. (Fig 1)

ഗുജറാത്തിലേയും രാജസ്ഥാനിലേയും അറാവലി പർവ്വതങ്ങളുടെ തുടർച്ചയാണ് ലക്ഷദ്വീപുകൾ ഉൾക്കൊള്ളുന്ന പർവ്വതനിരകളെന്ന് ഭൂഗർഭശാസ്ത്രജ്ഞരിൽ ചിലർ അഭിപ്രായപ്പെടുന്നു.

ഇന്ത്യയും മഡഗാസ്കറും വരെ വ്യാപിച്ചുകിടന്നിരുന്നതും പില്ക്കാലത്ത് ആഴിയിലാണ്ടുപോയതുമായ ഒരു പ്രാചീനവൻകരയിലെ പർവ്വതശിഖരങ്ങളിൽ രൂപംകൊണ്ടിട്ടുള്ളവയാണ് ഈ ദ്വീപുകളെന്ന് ദ്വീപുകളെപ്പറ്റി പഠനം നടത്തിയ ഗാർഡിനറും അഭിപ്രായപ്പെടുന്നു.

ഗാർഡിനറുടെ അഭിപ്രായത്തിന് ഉപോൽബലകമായി ആഫ്രിക്കൻ തീരംമുതൽ ലക്ഷദ്വീപുകളും ദക്ഷിണേന്ത്യയും സിലോണും ഉൾക്കൊണ്ട് കിഴക്ക് മലേഷ്യവരേയും തെക്ക് ആസ്ത്രേല്യവരേയും വ്യാപിച്ചുകിടന്നിരുന്ന ഒരു ഭൂഖണ്ഡമായി കരുതപ്പെടുന്ന 'ലിമുറിക' ഒരു യഥാർത്ഥമായിരുന്നുവെന്ന വസ്തുതയിലേക്ക് വിരൽചൂണ്ടുന്ന തെളിവുകൾ പലതും ചരിത്രഗവേഷകന്മാർക്ക് ലഭിച്ചിട്ടുണ്ട്. ഏതാനും വർഷങ്ങൾക്ക് മുൻപ് അനേകം മാസക്കാലം ഇന്ത്യാസമുദ്രത്തിൽ സഞ്ചരിച്ച് ഗവേഷണപഠനം നടത്തിയ സോവിയറ്റ് ഗവേഷണക്കപ്പലായ 'വിറ്റിയാസ്' ഇന്ത്യാസമുദ്രത്തിന്റെ അന്തർഭാഗത്ത് 500-6000 അടിവരെ പൊക്കമുള്ള മലകളുടെ വ്യൂഹം കണ്ടുപിടിക്കുകയുണ്ടായി. ലക്ഷദ്വീപുകളുടെ അടിസ്ഥാനമായി നിലകൊള്ളുന്ന പർവ്വതങ്ങളെപ്പോലെയുള്ളവയായിരുന്നു. പ്രാചീന ലിമുറികയിലെ മറ്റ് പല ഭാഗങ്ങളിലും അവർ കണ്ടെത്തിയത് ഈ പ്രദേശത്ത് ഭൂഖണ്ഡം ആഴിയിലാണ്ടുകിടക്കുന്നുവെന്ന് അമേരിക്കൻ നാഷനൽ സയൻസ് ഫൗണ്ടേഷന്റെ ധനസഹായത്തോടെ ഗ്ലോമാർ ചാലഞ്ചർ (Glomar challenger) എന്ന ഗവേഷണക്കപ്പൽ നടത്തിയ പഠനവും സ്ഥിരീകരിക്കുന്നു. ലോകത്തിന്റെ പലഭാഗത്തുമായി സമുദ്രാന്തർഭാഗത്ത് 370ൽ പരം സ്ഥലം കുഴിച്ചെടുത്ത ഈ കപ്പൽ ലക്ഷദ്വീപുകളിൽപ്പെട്ട മിനിക്കോയി ദ്വീപിന്നും കൽപേനി ദ്വീപിന്നും ഇടക്ക് 1764 മീറ്റർ ആഴമുള്ള 90 ചാനൽ എന്നറിയപ്പെടുന്ന ചുരത്തിന്റെ അടിത്തട്ടിൽനിന്നും 411 മീറ്റർ ആഴത്തിൽ മണ്ണും പാറയും കുഴിച്ചെടുത്ത് പഠനം നടത്തിയിരുന്നു. ഗ്ലോമാർ ചാലഞ്ചർ നടത്തിയ ഗവേഷണഫലമായി ഐർലാണ്ടിന്നും ഐസ്‌ലാണ്ടിന്നും ഇടക്ക് ഒന്നും, അത്‌ലാന്തിക്ക് സമുദ്രത്തിന്റെ തെക്കുഭാഗത്ത് ഒന്നും, ശാന്തസമുദ്രത്തിൽ ഒന്നും,

ഇന്ത്യൻ സമുദ്രത്തിൽ ഒന്നു ഭൂഖണ്ഡങ്ങൾ ആഴിയിലാണ്ടു കിടക്കു ന്നുവെന്ന് തെളിയിക്കപ്പെട്ടു.

ദക്ഷിണേന്ത്യയും സിലോണും ആസ്ത്രേല്യയും ആഫ്രിക്കയും പ്രാചീനകാലത്ത് ഒന്നിച്ച് ഒരു ഭൂഖണ്ഡമായി കിടന്നിരുന്നുവെന്ന് ഋഗ്വേദ ഘട്ടത്തെക്കുറിച്ച് പഠനം നടത്തിയ റഗോസീ മുതലായവരുടെ വാദവും ചരിത്രസത്യത്തോടെ എതിരാകുന്നില്ല.

ആഴിയിലാണ്ടുകിടക്കുന്ന പർവ്വതശിഖരങ്ങളിൽ പവിഴപ്പുറ്റുകൾ വളർന്നുരൂപംകൊണ്ട ഈ ദ്വീപുകളുടെയെല്ലാം വളർച്ചയുടെ വികാസവും ഏതാണ്ടൊരേ തരത്തിലായിരുന്നുവെന്ന് കാണാവുന്നതാണ്.

ദ്വീപോത്പത്തിയുടെ വിവിധ ഘട്ടങ്ങൾ വ്യക്തമാക്കുന്ന പൂർണ്ണ വളർച്ചയിലെത്തിയവയും വളർന്നുകൊണ്ടിരിക്കുന്നവയുമായ ദ്വീപു കൾ ലക്ഷദ്വീപുസമൂഹത്തിലുണ്ട്. പവിഴപ്പുറ്റുകൾ അനുസ്യൂതം വളർന്നുകൊണ്ടിരിക്കുന്നതും ഇനിയും സമുദ്രോപരിതലത്തിൽ എത്തി നോക്കിയിട്ടില്ലാത്തതുമായ ദ്വീപിന്നുദാഹരണമാണ്. അന്ത്രോത്ത് ദ്വീപിന്നടുത്ത് രൂപംകൊണ്ടുവരുന്ന 'ഏളിക്കൽപേനി' സമുദ്രോപരിത ലത്തിൽനിന്നും രണ്ട് മീറ്ററിലും കുറഞ്ഞ ആഴത്തിലാണ് ഈ ദ്വീപ് ഇന്നു നിൽക്കുന്നത്. സമുദ്രോപരിതലത്തിൽ സമീപകാലത്ത് പ്രത്യ ക്ഷപ്പെട്ടവയും ഇനിയും സർവ്വേ ചെയ്തിട്ടില്ലാത്തതുമായ കൊച്ചു തുരു ത്തുകളും ലക്ഷദ്വീപുസമൂഹത്തിലുണ്ട്. അന്ത്രോത്ത്, അമ്മേനി എന്നീ ദ്വീപുകൾ ഒഴിച്ച് ലഗൂണുള്ള മറ്റെല്ലാദ്വീപുകളും പടിഞ്ഞാറുഭാഗ ത്തേക്ക് വളർന്നുകൊണ്ടിരിക്കുന്നു.

കിഴക്ക് ഭാഗത്ത് ദ്വീപും പടിഞ്ഞാറുഭാഗത്ത് വിശാലമായ ലഗൂണു മുള്ള ഈ ദ്വീപിലെ റീഫിൽ (പവിഴപ്പാറ്റ) വളരുന്ന പവിഴപ്പുറ്റുകൾ സമുദ്രോപരിതലത്തിൽ എത്തിയാൽ സൂര്യപ്രകാശമേറ്റ് നിർജ്ജീ വമാവുകയും പൊടിയുകയും ചെയ്യുന്നു. ഇങ്ങനെ പൊടിയുന്ന കഷണങ്ങളും മണലും ശക്തിയായ തെക്കുപടിഞ്ഞാറൻ കാറ്റിലും തുടർന്നുള്ള ഒഴുക്കിലും ദ്വീപുകളുടെ പടിഞ്ഞാറുഭാഗത്ത് നിക്ഷേപി ക്കപ്പെടുന്നു. തന്മൂലം ഈ ദ്വീപുകളുടെ വികാസപ്രക്രിയ തുടർന്നു കൊണ്ടേയിരിക്കുന്നു. കിൽത്താൻ ദ്വീപ് ആണ്ടിൽ ഒരു വാര വച്ച് വളരുന്നുണ്ടെന്ന് 1863 ൽ പരിശോധനോദ്യോഗസ്ഥനായ മോറിസ് രേഖപ്പെടുത്തിയതിനെ 1873 ൽ മിസ്റ്റർ സ്റ്റോക്സ് സ്ഥിരീകരിച്ചിട്ടുണ്ട്. ഒരിക്കൽ കടൽക്കരയിലായിരുന്ന കിൽത്തനിലെ ആമീൻ കച്ചേരി ഇന്ന് 50 വാര ഉള്ളിലാണെന്ന് മിസ്റ്റർ എല്ലീസ് അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. Fig (2)



Courtesy: Dr. Enayat Ahmed

ലക്ഷദ്വീപുകളുടെ കൂട്ടത്തിൽ ആദ്യം രൂപംകൊണ്ടവയും ലഗൂണുകൾ പൂർണ്ണമായും നികത്തപ്പെട്ട് വളർച്ച പൂർത്തീകരിക്കുകയും ചെയ്ത ദ്വീപുകൾക്കുദാഹരണമായി ചൂണ്ടിക്കാണിക്കുന്നവയാണ് അന്ത്രോത്ത്, അമ്മേനി ദ്വീപുകൾ.

ഓരോ ദ്വീപിന്റേയും ചുറ്റുഭാഗത്തുമായി പവിഴപ്പുറ്റുകൾകൊണ്ടുള്ള ഒരു സുരക്ഷിതവലയമുണ്ട്. ലഗൂണില്ലാത്ത ദ്വീപുകളുടെ തീരത്തോട് ചേർന്നും മറ്റുള്ള ദ്വീപുകളുടെ പടിഞ്ഞാറുഭാഗത്തുള്ള ലഗൂണുകളുടെ അതിർത്തിയായും നിലകൊള്ളുന്ന ഈ പവിഴപ്പാറകൾ തിരമാലകളുടെ നേരിട്ടുള്ള ആക്രമണത്തിൽനിന്നും തീരത്തെ തടുത്തുനിർത്തുന്നു. വേലിയിറക്കത്തിൽ മാത്രം ദൃശ്യമാകുന്ന ഈ പവിഴപ്പാറകൾക്കപ്പുറത്തുനിന്ന് സാവകാശം ചരിഞ്ഞിറങ്ങുന്ന കടലിന്റെ അടിത്തട്ട് ദ്വീപ് തീരത്തുനിന്നും 30-1400 മീറ്റർ അകലെയെത്തുമ്പോൾ 40 മീറ്ററിൽനിന്നും 1500 മീറ്റർ വരേയും ആഴത്തിലേക്ക് പെട്ടെന്ന് നിപതിക്കുന്നത് കാണാം. Fig (2)

ഓരോ ദ്വീപിന്റേയും വ്യാസത്തിലും ചെരിവിലും അല്പസ്വല്പം വ്യത്യാസം കാണാമെങ്കിലും സാമാന്യമായി എല്ലാ ദ്വീപുകളും

അറബിക്കടലിന്റെ അടിത്തട്ടിൽ ആണ്ടുകിടക്കുന്ന പർവ്വതശിഖര ളിൽനിന്ന് സ്തൂപങ്ങൾപോലെ കുത്തനെയാണ് ഉയർന്നുവന്നിട്ടുള്ള പവിഴപ്പുറ്റുകളുടെ പ്രവർത്തനഫലമായി രൂപംകൊണ്ട ഓരോ സ്തൂ ങ്ങളുടേയും ഏകദേശം മധ്യഭാഗത്തായി ഓരോ ദ്വീപും അറബിക്ക ടലിൽ അങ്ങിങ്ങായി പ്രകൃതിയുടെ പ്രതിഭാസംപോലെ തലയുയർത്ത നിൽക്കുന്നു.

REFERENCES

1. Bulletin of oil and Natural Gas Commission. [Vol. 5.] (1968)
2. Four years with Royal Indian marine survey ship INVESTIGA TOR by A. ALOCK [London 1902]
3. J.S. Gardiner - The Fauna and Geography of the Maldive and Laccadive Archipelago [Cambridge 1903]
4. Dr. E Ahmed -Coastal geomorphology of India [Oriental Longman 1972]
5. Initial reports of the deep sea drilling project. National sci ence foundation U S A [Vol. 23]
6. Journal of geophysical research Vol. 71. (1966)
7. O.H..K. Spate & A.T.A. Learmonth
India and Pakistan A general and regional geography [Great Britain 1972]
8. Report on the Investigation of the Celcareous Sand deposits in the Lagoons of the Laccadives, geological Survey of Indian 1973
9. West cost of India pilot 1961 [Published by the British Admiral by London]
10. Readers Digest January 1973
11. R.H. Ellis. A Short account of the Laccadive Islands & Minicoy [1924 Madras]
12. ഡോ. സി. കെ. കരീം
കേരളചരിത്രവിചാരം

ആദിമനിവാസികൾ

ആദിമമനുഷ്യന്റെ പാദസ്പർശമേൽക്കുന്നതിനും സഹസ്രാബ്ദങ്ങൾക്കുമുൻപ് ഒട്ടേറെ കടൽപക്ഷികളുടെ ഇഷ്ടതാവളങ്ങളായിരുന്നു അറബിക്കടലിലെ ഈ മണൽത്തിട്ടുകൾ. Sootytern, Philippinonoddy എന്നീ വിഭാഗത്തിൽപ്പെട്ട ലക്ഷക്കണക്കിന് പക്ഷികൾ മനുഷ്യാധിവാസമില്ലാത്ത ഈ ദ്വീപുകളിൽ സ്വൈരവിഹാരം നടത്തിയിരുന്നു. 1835 ൽ ഡബ്ല്യൂ റോബിൻസൺ ബിത്രദ്വീപ് സന്ദർശിച്ചപ്പോൾ അവിടെ വെറും പക്ഷികൾ മാത്രമായിരുന്നു അന്നുണ്ടായിരുന്നത്. ദിവസംപ്രതി അമ്പതിനായിരം മുട്ടകൾ വരെ ചെറിയ ദ്വീപായ ബിത്രയിൽനിന്നും ലഭിക്കുമായിരുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. 1928ൽ സമീപദ്വീപുകളിൽനിന്നും ജനങ്ങൾ കുടിയേറിപ്പാർത്തതോടുകൂടി ബിത്രയിൽനിന്നും പക്ഷികൾ പൂർണ്ണമായും അപ്രത്യക്ഷമായി. ഇതായിരുന്നു ലക്ഷദ്വീപുകളിൽപെട്ട എല്ലാ ദ്വീപുകളുടേയും മനുഷ്യാധിവാസത്തിന് മുൻപുണ്ടായിരുന്ന സ്ഥിതി. മനുഷ്യാധിവാസം തുടങ്ങുന്നതിന്ന് മുൻപുള്ള ലക്ഷദ്വീപുകളുടെ തനിപ്പകർപ്പായി ഇന്ന് അവശേഷിക്കുന്നത് പക്ഷിപിട്ടി എന്ന പേരിലറിയപ്പെടുന്ന പിട്ടി മാത്രമാണ്. ജനവാസം തുടങ്ങാത്തത് കാരണം ഇന്നും പക്ഷികളുടെ അധിവാസകേന്ദ്രമാണ് ഈ കൊച്ചുദ്വീപ്.

മറ്റു ദ്വീപുകളിലെല്ലാം ജനവാസത്തിന്നും സഹസ്രാബ്ദങ്ങൾക്ക് മുൻപ് മുതൽ സ്വൈരവിഹാരം നടത്തിയിരുന്ന പക്ഷികളുടെ ബാഹുല്യത്തെ വ്യക്തമാക്കുന്നവയാണ് ലക്ഷദ്വീപുമണ്ണിൽ അടങ്ങിയിരിക്കുന്ന ഫോസ്ഫേറ്റ് (guano) വളം. പക്ഷികളുടെ കാഷ്ഠത്തിൽനിന്നും ലഭിക്കുന്ന ഫോസ്ഫേറ്റ് എല്ലാ ദ്വീപുകളുടേയും ഉപരിതലത്തിൽ ഒരു പടലമായി നിലകൊള്ളുന്നുവെന്നും 0.12 മില്യൻ ടൺ

ഫോസ്ഫേറ്റ് ദ്വീപുകളിൽനിന്നും ലഭ്യമാണെന്നും 1960 ൽ Indian Bureau of Mines നടത്തിയ പഠനത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

പക്ഷികളുമായുണ്ടായിരുന്ന സുദീർഘകാല സമ്പർക്കംമൂലം ഫലഭൂയിഷ്ഠമായ മണ്ണും, സ്വച്ഛവും സുന്ദരവുമായ ലഗൂണും, മുകളിൽ നീലാകാശവുമായി അനന്തവിശാലമായ അറബിക്കടലിലെ ഈ പവിഴദ്വീപുകൾ മനുഷ്യാധിവാസത്തിന് ദാഹിച്ചുകൊണ്ട് അനേകായിരം സംവത്സരങ്ങൾ പിന്നിട്ടിരിക്കാം. ഈ ദ്വീപുകളിൽ ആദ്യമായി കാലുകുത്തിയ സാഹസികർ ആരായിരുന്നുവെന്ന് കണ്ടു പിടിക്കുക എന്നതാണ് ലക്ഷദ്വീപുചരിത്രത്തിലെ ഏറ്റവും ശ്രമകരവും പഠനാർഹവുമായ വശം.

ദക്ഷിണേന്ത്യയിൽനിന്നും വിദൂരപ്രദേശങ്ങളിൽ കുടിയേറ്റം ആരംഭിച്ച ഒന്നാം നൂറ്റാണ്ടിന്നും എത്രയോ ശതാബ്ദങ്ങൾക്കുമുൻപു തന്നെ ലക്ഷദ്വീപുകളിൽ ജനവാസമുണ്ടായിരുന്നുവെന്നതിന് വ്യക്തമായ തെളിവുകൾ ലബ്ധമായിട്ടുണ്ട്. ഇന്നും ലഭ്യമായ ലിഖിത രേഖകളും ലക്ഷദ്വീപുകളിൽനിന്നും അപ്രത്യക്ഷമായിട്ടില്ലാത്ത ശിലാ യുഗ സംസ്കാരത്തിന്റെ അവശിഷ്ടങ്ങളും അന്ത്രോത്ത് ദ്വീപി ൽനിന്നും കിട്ടിയ ശിലായുധങ്ങളും ദ്വീപുകളുടെ പ്രാചീന ചരിത്ര പാരമ്പര്യത്തിലേക്ക് വെളിച്ചം വിതറുന്നു.

ലക്ഷദ്വീപുകളിൽ ജനവാസമുണ്ടായി നൂറ്റാണ്ടുകൾ പിന്നിട്ട ശേഷമാണ് ദക്ഷിണേന്ത്യയിൽനിന്നുമുള്ള കുടിയേറ്റപ്രക്രിയ തന്നെയും ആരംഭിക്കുന്നത്. ഏ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽ മാത്രമാ യിരുന്നു ദക്ഷിണേന്ത്യൻ കുടിയേറ്റ പരമ്പര മലയാ, ജാവാ, സുമാത്രാ, ബോർണിയോ, കമ്പോഡിയാ, തുടങ്ങിയ വിദൂരദേശങ്ങളിൽ എത്തി ത്തുടങ്ങിയത്. ഇതിന്നും വളരെ മുൻപുതന്നെ ഇന്ത്യൻതീരവും, മദ്ധ്യ പൗരസ്ത്യ രാജ്യങ്ങളുമായും സമുദ്രപരമായ സമ്പർക്കമുണ്ടായിരു ന്നുവെങ്കിലും, അവ വ്യാപാരാവശ്യാർത്ഥമല്ലാതെ കുടിയേറ്റം ലക്ഷ്യം വച്ചുകൊണ്ടുള്ളവയായിരുന്നില്ല. ക്രി.പി. ഒന്നാം നൂറ്റാണ്ടിന് ശേഷം ദക്ഷിണേന്ത്യക്കാർ കുടിയേറിത്താമസിച്ച പ്രദേശങ്ങളെല്ലാം നൂറ്റാ ണ്ടുകൾക്ക് മുൻപുതന്നെ ജനവാസമുള്ളവയും പ്രത്യേക സംസ്കാ രമുള്ളവയുമായ പ്രദേശങ്ങളായിരുന്നു താനും. ദക്ഷിണേന്ത്യക്കാർ ഏതെങ്കിലും വിജനമായ ഒരു ദ്വീപിൽ കുടിയേറിത്താമസിച്ചുവെന്ന തിന് ചരിത്രത്തിൽ തെളിവുകളില്ല.

ക്രിസ്തുവിന്ന് അനേകം നൂറ്റാണ്ടുകൾക്കു മുൻപ് പ്രകൃതിയോട് മല്ലിട്ട് അനേകായിരം നാഴികകൾ താണ്ടി നാളുകളോളം പ്രയാണം ചെയ്ത് ഒറ്റപ്പെട്ടുകിടക്കുന്ന ദ്വീപുകളിൽ എത്തിപ്പെടാനും കുടിയേറി

ത്താമസിക്കാനും മാത്രം സാഹസികരും സമുദ്രയാത്രാവിശാരദരുമായ ഒരു ജനവിഭാഗമാണ് ലക്ഷദ്വീപുകളിലെ ആദിമനിവാസികൾ എന്നത് നിസ്തർക്കമാണ്.

ലക്ഷദ്വീപുമണ്ണിലും, സംസ്കാരത്തിലും, ജീവിതരീതിയിലും അലിഞ്ഞുകിടക്കുന്ന ചരിത്രാവശിഷ്ടങ്ങൾ സൂക്ഷ്മനിരീക്ഷണത്തിന് വിധേയമാക്കിയാൽ അവിടത്തെ ആദിമനിവാസികൾ സാഹസികരായിരുന്ന പോളിനേഷ്യക്കാരായിരുന്നുവെന്ന് കാണാവുന്നതാണ്.

ബി.സി. നാലായിരത്തിനുമുൻപ് പായ ഘടിപ്പിച്ച വഞ്ചികളിൽ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ദൂരദേശങ്ങളിലെ വിജനമായ ദ്വീപുകൾ തേടി പ്രയാണമാരംഭിച്ചവരായിരുന്നു പോളിനേഷ്യക്കാർ. അവരുടെ കപ്പൽനിർമ്മാണരീതിയും അതിനോടനുബന്ധിച്ചുള്ള ആചാരങ്ങളും കടൽയാത്രാസജ്ജീകരണങ്ങളും, സാഹസികതയും, അവരുടെ കാർഷികവിഭവങ്ങളും കാർഷികരീതികളും അവരുടെ ആചാരസമ്പ്രദായങ്ങളും ദ്വീപുകളിൽ ഇന്നും നിലനിന്നുവരുന്നുവെന്നതാണ് ലക്ഷദ്വീപുകളുടെ പ്രാചീനമായ പോളിനേഷ്യൻ പാരമ്പര്യം വ്യക്തമാക്കാനുതകുന്ന അനിഷേധ്യങ്ങളായ ചരിത്രവസ്തുതകൾ.

J.E. Weckler, Jr.s Pritchard W.T[4]. Turner G[5], Henry Teuira [6], Wilson James[7] എന്നീ ഗ്രന്ഥകാരന്മാർ പോളിനേഷ്യൻ രീതികൾ സമഗ്രമായി രേഖപ്പെടുത്തിയിട്ടുണ്ട്. ആ സമ്പ്രദായങ്ങൾ പുരുഷാന്തരങ്ങളിലൂടെ ഇന്നും മാറ്റങ്ങൾക്കടിമപ്പെടാതെ ലക്ഷദ്വീപുകളിൽ നിലനിൽക്കുന്നു. ഈ ഗ്രന്ഥകാരന്മാർ പോളിനേഷ്യക്കാരെപ്പറ്റി നൽകുന്ന വിവരങ്ങൾ ഇന്നത്തെ ലക്ഷദ്വീപുകളെപ്പറ്റിയാണോ എന്ന് സംശയിച്ചുപോകും.

J.E. Weckler ഇങ്ങനെ രേഖപ്പെടുത്തുന്നു പോളിനേഷ്യക്കാർ ഊർജ്ജസ്വലരും, ധീരരും, സാഹസികരും കായികശേഷിയുള്ളവരുമായ കൊക്കേഷ്യൻ വർഗ്ഗക്കാരാണ്. ദക്ഷിണ പൂർവ്വേഷ്യൻ ദ്വീപുകളായ മലേഷ്യയിൽനിന്നും ഇന്തോനേഷ്യയിൽനിന്നുമുള്ള പോളിനേഷ്യക്കാരുടെ അനന്തമായ കടലുകൾ താണ്ടിയുള്ള പ്രയാണം ശിലായുധങ്ങൽകൊണ്ട് രൂപപ്പെടുത്തിയെടുത്ത പായക്കപ്പലുകളിലായിരുന്നു. പോളിനേഷ്യക്കാർ അവരുടെ കപ്പൽനിർമ്മാണ പ്രക്രിയ ആരംഭിക്കുന്നതിനുമുൻപുതന്നെ കപ്പലിന്റെ വലിപ്പത്തിന്നനുസൃതമായ വലിയ ഓലപ്പുരകൾ നിർമ്മിച്ചിരുന്നു. ഈ ഓലപ്പുരകളിൽ വച്ചായിരുന്നു കപ്പലിന്റെ നിർമ്മാണം നടത്തിയിരുന്നത്. ഒരു ശുഭമുഹൂർത്തത്തിൽ നാട്ടിലെ പ്രധാനികളുടെ സാന്നിധ്യത്തിൽ പ്രത്യേക

പ്രാർത്ഥനയോടുകൂടി ഓടത്തിന്റെ അടിസ്ഥാനം (Keel) നിർമ്മിക്കുന്നു. ഈ പ്രവർത്തനം പൂർത്തിയായിക്കഴിഞ്ഞാൽ അതിൽ വെച്ചുപിടിപ്പിക്കേണ്ട പലകകൾ ചെത്തിമിനുക്കി പലകയുടെ നാലുവശങ്ങളിലും ചെറിയ ദ്വാരങ്ങളുണ്ടാക്കി വെള്ളം കടക്കാത്ത നിലയിൽ അവ ചേർത്തുവച്ച് അടിസ്ഥാന പലകയുമായി കയറു കൊണ്ട് തുന്നിപ്പിടിപ്പിക്കുന്നു. ഇങ്ങനെ പലകകൾ പരസ്പരം ചേർത്തുവച്ച് കയറുകൊണ്ട് തുന്നിപ്പിടിപ്പിച്ച് കപ്പലിന്റെ ഉദ്ദിഷ്ടവലിപ്പം ആയിക്കഴിഞ്ഞാൽ പലകകൾ തമ്മിൽ ചേരുന്ന ഭാഗം ചകിരിയും ശീമപ്ലാവിന്റെ (Bread fruit) കറയും കൂട്ടിച്ചേർത്ത് വെള്ളം കടക്കാത്തവിധത്തിൽ ഭദ്രമാക്കുന്നു. കപ്പലിന്റെ അണിയത്തും അമരത്തും (Prow and Stern) മനോഹരമായ കൊത്തുപണികൾ ചെയ്ത് രൂപപ്പെടുത്തിയ നിശ്ചിത ആകൃതിയിലുള്ള മരക്കഷണം കൂട്ടിച്ചേർത്ത കപ്പലിന്റെ രൂപത്തിന് ഭംഗികൂട്ടുന്നു. കപ്പലിന്റെ മദ്ധ്യ ഭാഗത്ത് യാത്രാവേളയിൽ ഭക്ഷണം പാകംചെയ്യുന്നതിനും മറ്റുമായി ഒരു ഓലപ്പുരയും അവർ നിർമ്മിച്ചിരുന്നു.

ഇത്തരം ഒരു കപ്പൽ പൂർത്തിയായിക്കഴിഞ്ഞാൽ ആ കപ്പലിന് പ്രത്യേകമായ ഒരു പേര് നൽകുകയും അത് ആദ്യമായി കടലിലിറക്കുന്ന ചടങ്ങ് ആർഭാടപൂർവ്വം അവർ ആഘോഷിക്കുകയും ചെയ്യാറുണ്ടായിരുന്നു. ആ പ്രദേശത്തെ പൗരന്മാർ ഒന്നടങ്കം ആ ചടങ്ങിൽ ഭാഗഭാക്കുകളാവുക എന്നത് സർവ്വസാധാരണമായിരുന്നു. കപ്പൽനിർമ്മാണത്തിൽ പങ്കെടുത്ത ജോലിക്കാരെ ആദരിക്കലും കപ്പൽ കടലിലേക്കിറക്കുന്നതിന് മുൻപായി പ്രത്യേകം പ്രാർത്ഥനകൾ നടത്തലും അവർ നിർവ്വിഘ്നം തുടർന്നുവന്നിരുന്നു. കപ്പൽ കടലിലേക്കിറക്കാൻ ഉരുളൻ മരക്കഷണങ്ങൾ നിരത്തിവച്ചശേഷം നാട്ടുകാരുടെ ഉത്സാഹത്തിമിർപ്പോടെയുള്ള ശബ്ദമുഖരിതമായ അന്തരീക്ഷത്തിലായിരുന്നു കപ്പൽ കടലിലേക്കിറക്കിയിരുന്നത്. കടലിലിറക്കിയ കപ്പലിൽ പാമരം നാട്ടുകയും ഈ പാമരത്തെ തടിച്ച കയറുകൾകൊണ്ട് ബന്ധിച്ചു നിർത്തുകയും ചെയ്തിരുന്നു. കൈതനാരുകൊണ്ട് മെടഞ്ഞുണ്ടാക്കിയ മുക്കോൺ ആകൃതിയിലുള്ള പായയും കപ്പലിലെ വെള്ളം കോരിക്കളയാനുള്ള പാത്രങ്ങളും കല്ലുകൊണ്ടുള്ള നങ്കൂരവും അവരുടെ യാത്രാസജ്ജീകരണങ്ങളായിരുന്നു. നല്ല കാലാവസ്ഥയിൽ ഉപയോഗിക്കാനുള്ള തുഴകളും കപ്പൽ വേണ്ട ദിക്കുകളിലേക്ക് തിരിക്കാൻ ചുക്കാന് പകരം പ്രത്യേകാവസരങ്ങളിൽ ഉപയോഗിക്കേണ്ടിവരുന്ന പ്രത്യേകം പേരുള്ള തുഴകളും കരുതിവയ്ക്കാൻ അവർ മറന്നിരുന്നില്ല. ഉയർന്നുവരുന്ന തിരമാലകളിൽനിന്നും രക്ഷനേടുന്നതി

നായി കപ്പലിന്റെ ഇരുവശങ്ങളിലും മുകൾഭാഗത്തായി നീളത്തിൽ വേറെ പലകയും താൽക്കാലികമായി ഘടിപ്പിക്കാറുണ്ടായിരുന്നു. ലോഹത്തിന്റെ ഉപയോഗം അജ്ഞാതമായിരുന്ന പോളിനേഷ്യക്കാർ അവരുടെ ശിലായുധങ്ങളും അതതു സ്ഥലങ്ങളിൽനിന്നും ലഭിച്ചിരുന്ന ശംഖുകളും സ്രാവിന്റെ പല്ല് മുതലായ കൂർത്തവസ്തുക്കളും മറ്റുമായിരുന്നു പണിയായുധങ്ങളായി ഉപയോഗിച്ചിരുന്നത്. സ്രാവിന്റെ പരുക്കൻ തൊലിയായിരുന്നു അവരുടെ ഉരക്കടലാസ്സ്.

പോളിനേഷ്യക്കാർ ഒരു പ്രദേശത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കുടിയേറിത്താമസിക്കുമ്പോൾ ഓരോ സംഘത്തിലും അറുപതോളം ആളുകളുണ്ടാവും. യാത്രക്കാവശ്യമായ ഭക്ഷണവിഭവങ്ങളിൽ അധികപങ്കും മുൻകൂട്ടി വേവിച്ച് പാകപ്പെടുത്തിയവയായിരിക്കും. അവർ കൈതയുടെ കായ പൊടിച്ച് വേവിച്ചത് ചെറിയ ഉരുളകളാക്കി പൊതിഞ്ഞെടുത്ത് യാത്രാവേളയിൽ കൂടെകൊണ്ടുപോയിരുന്നു. പുഴുങ്ങിയ ശീമച്ചക്ക (Bread fruit)യും മധുരക്കിഴങ്ങും അവരുടെ പത്ഥ്യാഹാരമായിരുന്നു. യാത്രാവേളയിൽ കുടിക്കാൻ ആവശ്യത്തിന് ഇളനീരും കുറ്റികളിൽ ശുദ്ധജലവും അവർ കരുതിയിരുന്നു. യാത്രക്കിടയിൽ ആവശ്യാനുസരണം മത്സ്യം പിടിക്കുന്നതിന് അവർക്ക് പ്രയാസമുണ്ടായിരുന്നില്ല. കടൽസഞ്ചാരക്കാലത്തെ ആവശ്യത്തിന് വേണ്ടിവരുന്ന വിറകുകളും പാകംചെയ്യുന്നതിന് മണ്ണുനിറച്ച പ്രത്യേക സ്ഥലങ്ങളും അവർ ഒരുക്കിവച്ചിരുന്നു.

പോളിനേഷ്യക്കാരുടെ നാവികവൈദഗ്ധ്യത്തെക്കുറിച്ച് J.E. Weckler തുടർന്നെഴുതുന്നു. കടൽയാത്രയിൽ ഇന്നുള്ള സൗകര്യമൊന്നുമില്ലാതിരുന്ന പ്രാചീനകാലത്ത് ചാർട്ടുകളുടേയോ, വടക്കുനോക്കി യന്ത്രത്തിന്റേയോ സഹായംപോലുമില്ലാതെ അനന്തവിസ്തൃതമായ കടലിലെ ചെറിയ പൊട്ടുകൾപോലെയുള്ള കൊച്ചുദ്വീപുകൾ തേടി ഒരുങ്ങിപ്പുറപ്പെട്ട ശിലായുഗത്തിലെ പോളിനേഷ്യക്കാർ ചരിത്രത്തിലെ ഒരത്ഭുതംതന്നെയാണ്. പോളിനേഷ്യക്കാർ അന്നും ഇന്നും കാലാവസ്ഥ പ്രവചിക്കുന്നതിലും ഓരോ കാറ്റും ഒരേ ദിശയിൽനിന്ന് എത്ര നാൾവരെ അടിക്കുമെന്ന് മനസ്സിലാക്കി കാറ്റ് ദിശമാറുന്നത് കണക്കാക്കി യാത്ര തുടരുന്നതിലും വിദഗ്ധരാണ്.

പോളിനേഷ്യക്കാർക്ക് നക്ഷത്രക്കൂട്ടങ്ങളുടെ കാലാകാലങ്ങളിലുള്ള സ്ഥാനം അറിയാമായിരുന്നു. കൂടാതെ കടലിലെ ഒഴുക്കും വ്യത്യസ്ത കാലങ്ങളിൽ അവയുടെ ഗതിക്ക് വരുന്ന മാറ്റങ്ങളും അവർക്കറിയാമായിരുന്നു. ഈ അറിവുകൾവച്ചുകൊണ്ട് ഏത് ദിശയിലേക്കും ഏത് കാലത്തും ഏത് കാറ്റിനനുസൃതമായും കടൽസഞ്ചാരം

നടത്താൻ അവർക്ക് സാധിച്ചിരുന്നു. മേഘങ്ങളിൽ വളരെ ദൂരെനിന്ന് പ്രതിഫലിച്ചുകാണുന്ന ഇളംപച്ചനിറം ദ്വീപുകളിലെ ലഗൂണിന്റെ പ്രതിച്ഛായയാണെന്നും അവർ മനസ്സിലാക്കിയിരുന്നു. കടലിൽ ഒഴുകി നടക്കുന്ന വസ്തുക്കളും പക്ഷികളുടെ ദിശയും മറ്റും നോക്കി അവർ കടലിന്റെ ഏത് ഭാഗത്താണെന്ന് നിശ്ചയിക്കാനും അവർക്ക് സാധിക്കു മായിരുന്നു.

പോളിനേഷ്യക്കാർ അവരുടെ ലക്ഷ്യസ്ഥാനമായ ദ്വീപുകളിൽ എത്തിച്ചേർന്നാൽ അവർ അവിടെ താമസമുറപ്പിക്കുകയും ആ വിജനമായ ദ്വീപിൽ അവരുടെ ജീവിതം തുടരുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിൽ വ്യാപൃതരാവുകയും ചെയ്യുമായി രുന്നു. അവർ യാത്ര പുറപ്പെടുമ്പോൾ കൂടെ കരുതിയിരുന്ന തെങ്ങിൻ തൈകളും ചേമ്പും കൈതയും ശീമപ്ലാവും ചേനയും കരിമ്പും ആ ദ്വീപുകളിൽ നട്ടുപിടിപ്പിച്ചിരുന്നു. എപ്പോഴും നനക്കൽ അനിവാര്യമായ ഇനം ഉത്പന്നങ്ങൾ കൃഷിചെയ്യുന്നതിന് ഭൂനിരപ്പിൽ നിന്ന് മണ്ണ് വെട്ടിമാറ്റി നനവുള്ള കൃഷിസ്ഥലങ്ങളാക്കി അവിടങ്ങളിൽ കൃഷി ചെയ്യുന്ന സമ്പ്രദായവും അവർ സ്വീകരിച്ചിരുന്നു. കൂട്ടത്തിൽ അവർ കൂടെകൊണ്ടുവന്ന വളർത്തുമൃഗങ്ങളെ പരിപാലിക്കുകയും ചെയ്തിരുന്നു. പുതുതായി കുടിയേറിയ ദ്വീപുകളിൽ കൈതയോ മറ്റോ ഉണ്ടെങ്കിൽ അവയുടെ കായയും ദ്വീപിന് ചുറ്റുമുള്ള കടലിലും ലഗൂണിലുമുള്ള മത്സ്യസമ്പത്തുമായിരുന്നു അവരുടെ മുഖ്യാഹാരം. തെങ്ങും ചേമ്പും ശീമപ്ലാവും കാഫലം തന്നുതുടങ്ങുന്നതോടെ പുതിയ ദ്വീപുകളിലെ അവരുടെ ജീവിതവും കൂടുതൽ സുഖകരമാ വുന്നു. തെങ്ങോലകൊണ്ടും കൈതയോലകൊണ്ടും അവർ പായയും വസ്ത്രങ്ങളും നെയ്തു. ഓലകൊണ്ട് വെയിലിൽനിന്ന് രക്ഷനേടു ന്നതിനുള്ള തൊപ്പികൾ ഉണ്ടാക്കി. തേങ്ങ ഭക്ഷണപദാർത്ഥമായും ഇളനീർ വിശപ്പും ദാഹവും മാറ്റാനും തടി വീട്ടാവശ്യങ്ങൾക്കും ഉപയോഗിച്ചു. ചകിരി കയറുണ്ടാക്കുന്നതിനും അടുക്കളയിൽ അരിപ്പ യായും ഉപയോഗിച്ചു. ഓലകൊണ്ട് മെടഞ്ഞകൊട്ടകളിലും ചിരട്ടക ളിലും ഭക്ഷണം വിളമ്പി. കുടിക്കാനുള്ള പാത്രം ചിരട്ടയായിരുന്നു. ഓലമെടഞ്ഞുണ്ടാക്കി വീട് മേയുകയും വിവിധ ആവശ്യങ്ങൾക്കു പയുക്തമായ പലതരത്തിലുള്ള കൊട്ടകളുണ്ടാക്കുകയും ചെയ്തി രുന്നു. രാത്രികാലങ്ങളിൽ കടലിലും കരയിലും വെളിച്ചത്തിനുവേണ്ടി ഓലകൊണ്ടുള്ള ചൂട്ടുകളായിരുന്നു ഉപയോഗിച്ചിരുന്നത്. തെങ്ങോല കൾകൊണ്ടായിരുന്നു ഭക്ഷണപദാർത്ഥങ്ങൾ പൊതിഞ്ഞു സൂക്ഷിച്ചി രുന്നത്. മത്സ്യവും കിഴങ്ങുവർഗ്ഗങ്ങളും ചുട്ടുതിന്നുന്ന രീതിയായിരുന്നു

പോളിനേഷ്യക്കാരുടേത്. കല്ലുകൾ ചൂടാക്കി അതിൽവച്ച് ഭക്ഷണം പാകംചെയ്യുന്നതും പോളിനേഷ്യൻ സമ്പ്രദായമായിരുന്നു.

വിജനമായ ദ്വീപുസമൂഹങ്ങൾ തേടിയുള്ള പോളിനേഷ്യക്കാരുടെ പ്രയാണത്തിന് ആക്കംകൂട്ടിയത് അവരുടെ ആദിമതാവളങ്ങളായിരുന്ന മലേഷ്യയിലും ഇന്തോനേഷ്യയിലുമുണ്ടായ യുദ്ധവും മറ്റു ആഭ്യന്തരകലഹങ്ങളുമായിരുന്നു. ഓരോ സ്ഥലത്തേയും ജനനേതാവിന്റെ മൂത്തപുത്രനായിരുന്നു പിതാവിന്റെ മരണത്തെ തുടർന്ന് ആ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ ഇളയപുത്രന്മാർക്ക് നേതൃസ്ഥാനം ലഭിക്കുന്നതിന് പുതിയ താവളങ്ങളിൽ താമസമുറപ്പിക്കേണ്ടിവന്നുവെന്നതും അവരുടെ കൂട്ടായുള്ള ദേശാന്തരഗമനം ത്വരിതപ്പെടുത്താൻ പ്രേരിപ്പിച്ച മറ്റൊരു സാമൂഹ്യ കാരണമാണ്. അങ്ങനെ അവർ പുതിയ സ്ഥലങ്ങളിൽ എത്തിപ്പെട്ടാൽ ആ പ്രദേശത്ത് ജനവാസമില്ലെങ്കിലും അവർക്കുമുൻപ് ആ പ്രദേശത്ത് എത്തിപ്പെട്ടവർ എതിർത്തില്ലെങ്കിലും അവർ അവിടെ സ്ഥിരവാസമുറപ്പിക്കും. അല്ലെങ്കിൽ പുതിയ താവളംതേടി വീണ്ടും പ്രയാണം തുടരും. പിൽക്കാലത്ത് എത്തിപ്പെടുന്നവർക്ക് പോളിനേഷ്യൻ സാമൂഹ്യവ്യവസ്ഥിതിയിൽ അംഗീകാരം കുറവായിരുന്നു. ആർ. ജെ. റസ്സലിന്റെ അഭിപ്രായത്തിൽ പോളിനേഷ്യക്കാർ ജാതിസമ്പ്രദായം ആചരിച്ചിരുന്നവർ കൂടിയായിരുന്നു.

മരുമക്കത്തായ സമ്പ്രദായം പോളിനേഷ്യക്കാരുടെ ആചാരമായിരുന്നു. അമ്മാവന്മാരിൽ വളരെയേറെ സ്വാധീനം മരുമക്കൾ ചെലുത്തിയിരുന്നു. അമ്മാവന്മാരുടെ സ്വത്തിൽനിന്നുള്ള അവകാശവും മരുമക്കൾക്കുണ്ടായിരുന്നു. മരുമക്കളോട് നല്ലനിലയിൽ പെരുമാറാനും അവരെ സംരക്ഷിക്കാനും കാരണവന്മാർ ബാധ്യസ്ഥരായിരുന്നു. പോളിനേഷ്യൻ കുടുംബത്തിലെ ഏറ്റവും മൂത്ത വ്യക്തിയായിരുന്നു ആ കുടുംബത്തിന്റെ നേതാവ്. കുടുംബാംഗങ്ങളായ എല്ലാവരുടേയും എല്ലാപ്രവർത്തനത്തിന്നും പെരുമാറ്റത്തിന്നും പൊതുജനങ്ങളോട് ഉത്തരം പറയാൻ ബാധ്യസ്ഥനുമായിരുന്നു ഈ കാരണവർ. അതായത് കുടുംബത്തിലെ ഏതെങ്കിലും അംഗം മറ്റാരോടെങ്കിലും എന്തെങ്കിലും തെറ്റ് പ്രവർത്തിച്ചാൽ അവർ പരാതിപ്പെടുന്നത് കുടുംബത്തിലെ കാരണവരോടായിരുന്നു. തന്റെ നിയന്ത്രണത്തിലുള്ള അംഗത്തിന്റെ തെറ്റുകൾക്ക് പരിഹാരം നിർദ്ദേശിക്കേണ്ടതും ഈ കാരണവരുടെ കർത്തവ്യമായിരുന്നു. നാട്ടിലെ പൊതുവായ കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കാൻ ചേരുന്ന യോഗങ്ങളിൽ കുടുംബങ്ങളെ പ്രതിനിധീകരിച്ചിരുന്നതും ആ കാരണവരത്രെ.

CamScanner

ചുരുക്കത്തിൽ പോളിനേഷ്യൻ സമൂഹത്തിൽ കാരണവരുടെ സ്ഥാനം ചോദ്യംചെയ്യപ്പെടാത്തതായിരുന്നു. നാട്ടിൽ ഏതെങ്കിലും പുതിയ കപ്പൽനിർമ്മാണം തുടങ്ങുകയോ, വീട് നിർമ്മാണം ആരംഭിക്കുകയോ മറ്റോ ചെയ്യുകയാണെങ്കിൽ ആ ചടങ്ങുകളിലേക്ക് ക്ഷണിക്കപ്പെടുക എന്നത് ഒരു ബഹുമതിയായി പോളിനേഷ്യക്കാർ കരുതിയിരുന്നു.

പോളിനേഷ്യൻ സാമൂഹ്യവ്യവസ്ഥിതിയുടെ മറ്റൊരു സവിശേഷത തൊഴിലിനോടുള്ള അവരുടെ സമീപനരീതിയാണ്. ഇന്നത്തെ പരിഷ്കൃതലോകത്തെ അംഗീകൃത മുദ്രാവാക്യമായ 'തൊഴിലിന്നു വേണ്ടി ജീവിക്കുക, സമ്പാദിക്കുക' എന്നത് പോളിനേഷ്യക്കാർക്ക് ഒരിക്കലും സ്വീകാര്യമല്ലാത്ത തത്ത്വസംഹിതയായിരുന്നു. തൊഴിലിന്നുവേണ്ടി തൊഴിൽ എന്ന ആശയത്തിനോ സമ്പാദിക്കാൻവേണ്ടി തൊഴിൽ എന്നതിനോ പോളിനേഷ്യൻ സാമൂഹ്യവ്യവസ്ഥിതിയിൽ പ്രസക്തിയുണ്ടായിരുന്നില്ല. പകരം 'ജീവിക്കാൻ വേണ്ടി തൊഴിൽചെയ്യുക' എന്നതായിരുന്നു പോളിനേഷ്യൻ രീതി. അക്കാരണംകൊണ്ട് പോളിനേഷ്യക്കാർ അലസന്മാരാണെന്ന് അർത്ഥമാക്കരുത്. കാരണം അവർ വിശ്രമമില്ലാതെ ഏത് കഠിനജോലിയും ചെയ്യാൻ സന്നദ്ധരും കഴിവുള്ളവരുമാണ്. പക്ഷെ, എന്തെങ്കിലും ഉദ്ദേശ്യം ആ തൊഴിലിൽ അവർ കാണണം. വിശ്രമമില്ലാതെ ലക്ഷ്യം നേടുന്നതുവരെ കഠിനാദ്ധ്വാനം ചെയ്ത് കഴിഞ്ഞാൽ അവർ നല്ലപോലെ വിശ്രമിക്കുകയും ചെയ്യും. പ്രൊഫസർ ഇ.എം. കീസിംഗിന്റെ ഭാഷയിൽ "പോളിനേഷ്യക്കാരാണ് ലോകത്തിൽ ഏറ്റവും ഉന്നതനിലയിലുള്ള വിശ്രമം ആസ്വദിക്കുന്നവർ."

പോളിനേഷ്യക്കാരുടെ തൊഴിൽ രീതിക്കുമുണ്ട് സവിശേഷത. അവർ സഹകരിച്ച് ഒരു നേതൃത്വത്തിൽകീഴിൽ ജോലി ചെയ്യാൻ ഇഷ്ടപ്പെടുന്നു. കുറേയേറെ ജോലികൾ ചെയ്ത് തീർക്കാനുണ്ടെങ്കിലും അവ ഭാരിച്ചവയാണെങ്കിലും ആ ജോലികൾ വിവിധ ഗ്രൂപ്പുകൾക്ക് ഭാഗിച്ചു കൊടുത്ത് ആര് ആദ്യം ചെയ്തു തീർക്കുമെന്ന വാശിയിൽ മത്സരിച്ച് ജോലിചെയ്ത് തീർക്കുന്നതിൽ താല്പര്യമുള്ളവരാണ് പോളിനേഷ്യക്കാർ. ഇത്തരം ഘട്ടങ്ങളിൽ അവരവരുടെ ജോലി പൂർത്തിയാക്കിക്കഴിഞ്ഞേ അവർ വിശ്രമിക്കുകയുള്ളു.

പോളിനേഷ്യക്കാരുടെ സമ്പത്തിനോടുള്ള സമീപനരീതിയും ആധുനിക കാഴ്ചപ്പാടിൽനിന്നും വ്യത്യസ്തമാണ്. ഓരോ കുടുംബത്തിലേയും നാഥന്മാർ അവരുടെ കുടുംബത്തിന്റെ ദൈനംദിനാവശ്യങ്ങൾക്കുവേണ്ടി വാങ്ങേണ്ടിവരുന്ന വസ്തുക്കൾക്കാവശ്യമായ ധനം സമ്പാദിക്കുന്നതിനായി മാത്രം തേങ്ങ വെട്ടി കൊപ്പരയുണ്ടാക്കും.

അവരുടെ പരിമിതമായ ആവശ്യങ്ങൾക്ക് വേണ്ടിവരുന്നതിലും കൂടുതൽ പണം അദ്ധ്വാനിച്ചു സമ്പാദിച്ചുകൂട്ടണമെന്ന ആഗ്രഹം അവർക്കില്ല. വിശ്രമമില്ലാതെ രാപ്പകൽ അദ്ധ്വാനിച്ചു സമ്പാദിക്കുന്നതിന് പോളിനേഷ്യൻ സമൂഹത്തിൽ മാന്യതയോ അംഗീകാരമോ ഇല്ലതന്നെ. അവർ ജീവിക്കാൻവേണ്ടി തൊഴിൽ ചെയ്യുന്നു. തൊഴിലിന്നുവേണ്ടി ജീവിക്കുന്നില്ല. പോളിനേഷ്യക്കാർ വിലമതിക്കുന്നത് അവർക്ക് നാട്ടിൽ സ്വന്തമായുള്ള സ്വത്തുക്കളും അവരുടെ സമ്പാദ്യങ്ങൾ പ്രത്യേകാവസരങ്ങളിൽ മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കുന്നതിൽനിന്നും ലഭിക്കുന്ന ആനന്ദവും സംതൃപ്തിയുമാണ്. ധനം കുന്നുകൂട്ടി വച്ച് സ്വയം അനുഭവിക്കുന്നതിൽ യാതൊരു മാന്യതയും മതിപ്പും പോളിനേഷ്യൻ സംസ്കാരത്തെ സ്വാധീനിച്ചിട്ടില്ല തന്നെ.

J.E. Weckler മുതലായ ചരിത്രകാരന്മാർ പോളിനേഷ്യൻ രീതികളെപ്പറ്റി രേഖപ്പെടുത്തിയ മേൽപറഞ്ഞ വസ്തുതകൾ ലക്ഷദ്വീപുകളിൽ ഇന്നും അൽപംപോലും മാറ്റങ്ങൾക്ക് വിധേയമാകാതെ അഭംഗുരം തുടരുന്നുവെന്നതാണ് ലക്ഷദ്വീപുകളിലെ ആദിമനിവാസികൾ പോളിനേഷ്യക്കാരായിരുന്നുവെന്ന നിഗമനത്തിന്നാധാരം.

ലക്ഷദ്വീപുകാർ ശിലായുഗത്തിലെ പോളിനേഷ്യക്കാരെപ്പോലെത്തന്നെ ഇന്നും പുതിയ ഓടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപ് പ്രവർത്തനത്തിലേർപ്പെടുന്ന തൊഴിലാളികൾക്ക് സുഗമമായി പ്രവർത്തിക്കുന്നതിനും, വെയിലിൽനിന്നും മഴയിൽ നിന്നും രക്ഷനേടുന്നതിനുമായി ഓടത്തിന്റെ വലിപ്പത്തിനനുസരിച്ച് ഫാണ്ട്യാല എന്ന പേരിൽ ദ്വീപുകളിൽ അറിയപ്പെടുന്ന നീളത്തിലുള്ള ഓലപ്പുരകൾ നിർമ്മിക്കുന്നു. ഈ ഓലപ്പുരകളുടെ നിർമ്മാണവും ആകൃതിയുമെല്ലാംതന്നെ ശിലായുഗത്തിലെ പോളിനേഷ്യക്കാർ ഇതേ ആവശ്യത്തിന്നുപയോഗിച്ചിരുന്ന ഓലപ്പുരകളുടെ തനിപ്പകർപ്പാണ്. (ചിത്രം. 1,2)

പുതിയ ഓടത്തിന്റെ നിർമ്മാണപ്രക്രിയ ദ്വീപുകാർ ഇന്നും ആരംഭിക്കുന്നത് പ്രാചീന പോളിനേഷ്യക്കാരെപ്പോലെയാണ്. ഓടത്തിന്റെ ഫാങ്ങി (keel) വയ്ക്കുന്നതിന് നല്ല ദിവസവും മുഹൂർത്തവും നിശ്ചയിച്ച് ആ ചടങ്ങിൽ ഭാഗഭാക്കാകുന്നതിന് ആ പ്രദേശത്തെ കുടുംബത്തലവന്മാരേയും കാരണവന്മാരേയും മറ്റ് പ്രമുഖരേയും ക്ഷണിക്കുന്നു. എല്ലാവരുടേയും സാന്നിധ്യത്തിൽ പ്രത്യേക പ്രാർത്ഥനയോടുകൂടിയാണ് പ്രവർത്തനം ആരംഭിക്കുന്നത്. ഫാങ്ങിയോട് ചേർത്ത് പലകകൾ കയറുകൊണ്ട് തുന്നിച്ചേർക്കുന്നതും പലകകൾ ചേരുന്നിടത്ത് വെള്ളം കയറാത്ത രീതിയിൽ അടച്ചുഭദ്രമാക്കുന്നതും,

CS CamScanner

ചിത്രം 1

ഓടപ്പുരകൾ (ദൂരക്കാഴ്ച)



courtsy photo Gok's Voyages

പോളിനേഷ്യൻ

ചിത്രം 2

ലക്ഷദ്വീപ്

ഓടത്തിന്റെ കൊമ്പ് (PRAW) ചിത്രപ്പണികൾ കൊത്തി രൂപപ്പെടുത്തുന്നതുമെല്ലാം പോളിനേഷ്യൻ രീതിയിലാണ്. (ചിത്രം. 3,4)

പണി പൂർത്തിയാക്കിയ ഓടം കടലിലിറക്കുന്ന ചടങ്ങ് പോളിനേഷ്യൻ രീതിയുടെ മറ്റൊരാവർത്തനമാണ്. ഈ ചടങ്ങിൽ പങ്കെടുക്കുന്നതിന് നാട്ടിലെ പ്രമുഖരേയും ബന്ധുക്കളേയും കാരണവന്മാരെയുമെല്ലാം ക്ഷണിക്കുകയും ഓടം ഇറക്കുന്നതിന് മുൻപ് ഇളനീരും പഴങ്ങളും പ്രത്യേകമായുണ്ടാക്കുന്ന അപ്പവും മറ്റും കെട്ടിത്തൂക്കി ഓടം മുഴുവൻ അലങ്കരിക്കുകയും ചെയ്യുന്നു. ഓടം ഇറക്കുമ്പോൾ മണ്ണിൽ പതിഞ്ഞുപോകാതിരിക്കുന്നതിനായി പോളിനേഷ്യൻ രീതിയിൽതന്നെ ഉരുളൻ തെങ്ങുകൾ നെടുകെ കീറിയെടുത്തത് (ഫടി) നിരത്തിവയ്ക്കുന്നു. തുടർന്നുള്ള പ്രത്യേക പ്രാർത്ഥനകൾക്കുശേഷം ഗാനാലാപനത്തോടുകൂടി ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ നാട്ടുകാർ ഓടം കടലിലേക്കിറക്കുന്നു. പ്രാചീന പോളിനേഷ്യക്കാർ ചെയ്തിരുന്നതുപോലെ ഇന്നത്തെ ദ്വീപുകാരും അവരുടെ ഓടത്തിന് ഒരു പുതിയ പേരും നൽകുന്നു. (ഉദാ: മുൽക്കുൽ ബഹർ, ദരിയാ ദൗലത്ത്, സിദ്ധീഖ് മൗലാ)

ലക്ഷദ്വീപുകളിൽ നിർമ്മിക്കുന്ന ഓടങ്ങൾക്ക് വൻകരയിൽ നിർമ്മിക്കുന്ന പായക്കപ്പലുകളുമായോ, ഇന്നത്തെ അറബികളുടെ കപ്പലുകളുമായോ യാതൊരു സാമ്യതയുമില്ലെന്ന വസ്തുത ലക്ഷദ്വീപുകളെക്കുറിച്ച് എഴുതിയ ആർ. എച്ച്. എല്ലീസ് മനസ്സിലാക്കിയിരുന്നു. പക്ഷെ, ലക്ഷദ്വീപുകളിലെ ആദിമനിവാസികളെക്കുറിച്ച് തെറ്റിദ്ധരിക്കപ്പെട്ട അദ്ദേഹത്തിന് പോളിനേഷ്യൻ പാരമ്പര്യത്തെ പറ്റി ഗ്രഹിക്കാൻ സാധിച്ചിരുന്നില്ല. ദ്വീപുകളിലെ ഓടങ്ങളെപ്പറ്റി എല്ലീസ് രേഖപ്പെടുത്തിയത് കാണുക, "വൻകരയിലെ കപ്പൽ നിർമ്മാണവുമായോ ഇന്നത്തെ അറബികളുടെ കപ്പലുമായോ യാതൊരു സാമ്യതയുമില്ലാത്ത ലക്ഷദ്വീപു ഓടങ്ങൾ വിദഗ്ധരായ ദ്വീപുകാർ സ്വന്തം രൂപകൽപന നടത്തി നിർമ്മിച്ചവയാണ്. നിർമ്മിതിയിലും സൗന്ദര്യത്തിലും ഇവയെ വെല്ലാൻ പറ്റിയവ വൻകരയിൽ ഇല്ല തന്നെ". വൻകരയിലെ വലിയ പത്തേമാരികളും അറബികളുടെ ഉരുവും മറ്റും[8] മുങ്ങിപ്പോകുന്ന വലിയ തിരമാലക്കൂട്ടങ്ങൾക്കിടയിലും ലക്ഷദ്വീപോടങ്ങൾക്ക് പൊങ്ങിനിൽക്കാൻ കഴിയും. അതിന്റെ നിർമ്മാണത്തിലുള്ള സവിശേഷത മൂലമാണത്. അതുപോലെ വൻകരയിലെ വലിയ തോണികളേക്കാളും പ്രതികൂല കാലാവസ്ഥയെ നേരിടാനുള്ള കരുത്ത് ദ്വീപുകളിലെ ചെറിയ തോണികൾക്കുപോലുമുണ്ട്. വലിയ തിരമാലകളേയും ശക്തമായ കാറ്റിനേയും അതിജീവിക്കാൻ പര്യാപ്തമായ നിലയിലുള്ള ഈ ഓടങ്ങ

കയറുകൊണ്ട് തുന്നിച്ചേർത്ത തോണി

courtsy photo K.P. Emory, Bishopnosueem

പോളിനേഷ്യൻ

(ചിത്രം 3)



(ചിത്രം 4)

ലക്ഷദ്വീപ്

ളുടേയും തോണികളുടേയും നിർമ്മാണരീതിയും രൂപസാദൃശ്യവും അടിമുടി കടപ്പെട്ടിരിക്കുന്നത് പോളിനേഷ്യൻ സമ്പ്രദായത്തോടാണ്. (ചിത്രം 7,8,9,10)

ദ്വീപോടത്തിന്റെ മദ്ധ്യഭാഗത്തായി ഭക്ഷണം പാകംചെയ്യുന്നതിനും മറ്റുമുണ്ടാക്കുന്ന ഓലപ്പുര (ശുടുതാമ്പുര)യും പാമരം ഉറപ്പിക്കലും പാമരത്തിൽ വ്യത്യസ്ത ആവശ്യങ്ങൾക്കുപയോഗിക്കുന്ന കമ്പകൾ (ആലാത്ത്) ബന്ധിക്കുന്നതുമെല്ലാം പോളിനേഷ്യൻ രീതിയിലാണ്. ഈ കമ്പകൾ ഉപയോഗിച്ചാണ് പാമരം വേണ്ടവിധം ഉറപ്പിച്ചുനിർത്തുന്നതും പായ ഉയർത്തുന്നതും കാറ്റിന്നനുസരിച്ച് പായ ആവശ്യമുള്ള ഭാഗത്തേക്ക് തിരിച്ചുനിർത്തുന്നതുമെല്ലാം. മുക്കോണാകൃതിയിലുള്ള പായയും, കയറിന്റെ ചരടുകൾ ചേർത്ത് പായ തുന്നിയുണ്ടാക്കുന്നതുമെല്ലാം ഇന്നും പോളിനേഷ്യൻ രീതിയിലാണ്. നല്ല കാലാവസ്ഥയിൽ ദ്വീപോടങ്ങളിലുപയോഗിക്കുന്നത് തടിച്ച തുണികൊണ്ടുള്ള പായയാണെങ്കിലും മഴയുള്ളപ്പോൾ ഉപയോഗിക്കാനായി ഇന്നും ദ്വീപോടങ്ങളിൽ കരുതിവയ്ക്കുന്ന ചാക്കുകൊണ്ടുള്ള പായ ദ്വീപുകാരുടെ പ്രാചീന സമ്പ്രദായത്തേയും പോളിനേഷ്യൻ പാരമ്പര്യത്തേയും അനുസ്മരിപ്പിക്കുന്നവയാണ്.

യാത്രാവേളയിൽ ഭക്ഷണം പാകം ചെയ്യുന്നതിനായി പരന്ന മരപ്പെട്ടികളിൽ മണൽനിറച്ച് (ശുടുതാൻ) സജ്ജമാക്കുന്നതും വെള്ളം (കമ്മത്ത്) കോരിക്കളയാനുള്ള പാത്രങ്ങൾ (കമ്മത്ത് കുറ്റി) കരുതിവയ്ക്കുന്നതും മത്സ്യം പിടിക്കാനുള്ള ഉപകരണങ്ങളും വിറകുകളും സൂക്ഷിക്കുന്നതുമെല്ലാം പോളിനേഷ്യൻ രീതിയുടെ പുനരാവർത്തനമാണ്. ആദിമനിവാസികളെപ്പോലെത്തന്നെ ഇന്നത്തെയും ദ്വീപുകാർ ഓടത്തിൽ കടൽയാത്രക്ക് പുറപ്പെടുമ്പോൾ ഇളനീരും പുഴുങ്ങിയ മധുരക്കിഴങ്ങും ശീമച്ചക്കയും അലുവയും മറ്റും കരുതിവയ്ക്കാറുണ്ട്. ആവശ്യത്തിന് ഭക്ഷണപദാർത്ഥങ്ങൾ കിട്ടുമെന്നുറപ്പുള്ള ആധുനിക കപ്പൽയാത്രയിൽപോലും ദ്വീപുകാർക്ക് ഇളനീരും അലുവയും ഒഴിച്ച് നിർത്താനാവുന്നില്ല. ദ്വീപുചക്കരയും തേങ്ങയും ചേർത്തുണ്ടാക്കുകയും വാഴയിലയിലും ശീമച്ചക്കയുടെ ഇലയിലും പൊതിഞ്ഞുസൂക്ഷിക്കുകയും ചെയ്യുന്ന 'അലുവ' ആദിമവാസികളായ പോളിനേഷ്യക്കാർ കൈതയുടെ കായയിൽനിന്നുമുണ്ടാക്കി ഓലയിലും ശീമച്ചക്ക ഇലയിലും പൊതിഞ്ഞ് യാത്രാവേളയിൽ കരുതിയിരുന്ന ഭക്ഷണപദാർത്ഥത്തിന്റെ മറ്റൊരു രൂപമാണെന്ന് കാണാവുന്നതാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലും ദ്വീപോടങ്ങളിൽ വെള്ളം കുടിക്കാനുപയോഗിച്ചിരുന്നത് ചിരട്ടകളായിരുന്നു. വെള്ളം

(ചിത്രം 5) നിർമ്മാണം പൂർത്തിയായ ദ്വീപോടം ഓലപ്പുരയിൽ

(ചിത്രം 6)

കടലിലിറക്കിയ ദ്വീപോടം

കരുതിവച്ചിരുന്നത് കുറ്റികളിലും തുഴയാനുള്ള തണ്ടുകളും ചുക്കാന് പകരം ഉപയോഗിക്കാനുള്ള പ്രത്യേകം പേരുള്ള തണ്ടുകളും (അമര ത്തണ്ട്, കടത്തണ്ട്) പഴയ പോളിനേഷ്യക്കാരെപ്പോലെത്തന്നെ ഇന്നും ദ്വീപോടങ്ങളിൽ കാണാം. ഓടം ശക്തമായ കാറ്റിലും തിരമാലയിലും പെട്ടെന്ന് ആവശ്യമായ ദിശയിലേക്ക് തിരിക്കേണ്ടിവന്നാൽ ചുക്കാനേ ക്കാൾ ഫലപ്രദം ഈ തണ്ടുകളാണെന്ന അറിവും പോളിനേഷ്യൻ പാരമ്പര്യത്തിൽനിന്ന് ലഭിച്ചതായിരിക്കണം. യാത്രാവേളകളിൽ കടൽ അടിച്ചുകയറാതിരിക്കാനും താൽക്കാലികമായി ഒന്നോ രണ്ടോ അടി ഉയരം കൂടുതൽ ലഭിക്കാനുമായി ഓടത്തിന്റെ മുകളിൽ രണ്ട് ഭാഗ ത്തുമായി നീളത്തിൽ പലകകൾ (കൊങ്കി) ഉറപ്പിക്കുന്നതും ദ്വീപു കളിൽ ഇന്നും നിലനിൽക്കുന്ന പോളിനേഷ്യൻ രീതിയാണ്.

ഇന്ന് ദ്വീപോടങ്ങളിൽ ഇരുമ്പുകൊണ്ടുള്ള നങ്കൂരങ്ങളാണുപയോ ഗിക്കുന്നതെങ്കിലും കഴിഞ്ഞ നൂറ്റാണ്ടിലും ആദിമവാസികളായ പോളിനേഷ്യക്കാരെപ്പോലെ കല്ലുകൊണ്ടുള്ള നങ്കൂരങ്ങൾ (പനങ്കല്ല്) വ്യാപകമായിത്തന്നെയും ഉപയോഗിച്ചിരുന്നതായി ദ്വീപുകളിലെ പഴയ നാടൻപാട്ടുകളിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. കല്ലുകൊണ്ടുള്ള നങ്കൂ രങ്ങൾ ഉപയോഗിക്കുന്ന തോണികൾ ഇന്നും ദ്വീപുകളിൽ വിരളമല്ല.

ഓടത്തിന്റെ പ്രയാണം ആരംഭിക്കുന്നതിന് മുൻപ് മത്സ്യം പിടിക്കാ നാവശ്യമായ ചാട്ടുളി മുതലായ ഉപകരണങ്ങൾ നിർബന്ധബുദ്ധിയോ ടുകൂടിതന്നെ ദ്വീപുകാർ നേരത്തെ കരുതിവയ്ക്കാറുണ്ട്. ഓടത്തിന്ന ടുത്തുകൂടി പോകുന്ന വലിയ മത്സ്യങ്ങളെ രാത്രികാലങ്ങളിൽപോലും തിരിച്ചറിയാനും ലക്ഷ്യം തെറ്റാതെ ചാട്ടുളി എറിഞ്ഞ് പിടിക്കാനും ദ്വീപു കാർക്ക് പ്രയാസമില്ല. യാത്രാമദ്ധ്യേ ഭക്ഷണക്ഷാമമില്ലെങ്കിൽകൂടി വലിയ മത്സ്യങ്ങൾ ദൃഷ്ടിയിൽപെട്ടാൽ പുറംകടലിൽവച്ചും ഓട്ടം നിർത്തി അവയെ ചാട്ടുളി എറിഞ്ഞ് പിടിച്ച ശേഷം മാത്രമേ ദ്വീപുകാർ സാധാരണഗതിയിൽ പ്രയാണം തുടരുകയുള്ളൂ. ആദിമനിവാസികളായ പോളിനേഷ്യക്കാർ അനന്തവിദൂരതയിലേക്ക് കടൽയാത്ര ചെയ്യുന്ന തിനിടയിൽ ജീവൽസന്ധാരണത്തിന്നായി മത്സ്യബന്ധനം നടത്തിയി രുന്ന പാരമ്പര്യമായിരിക്കണം ഇന്നത്തെ ദ്വീപുകാരുടേയും രക്ത ത്തിൽ അലിഞ്ഞു ചേർന്നിട്ടുള്ളത്.

പോളിനേഷ്യക്കാരെപ്പോലെത്തന്നെ യന്ത്രസഹായമൊന്നും കൂടാതെ കാലാവസ്ഥ പ്രവചിക്കാനും ഒരേദിശയിൽനിന്ന് കാറ്റ് എത്ര ദിവസത്തോളം അടിക്കുമെന്ന് മുൻകൂട്ടി നിർണ്ണയിക്കാനും കടലിലെ ഒഴുക്കിനേയും ഒഴുകിപ്പോകുന്ന വസ്തുക്കളേയും കടലിൽ പലപ്പോ ഴായി പ്രത്യക്ഷപ്പെടുന്ന മത്സ്യക്കൂട്ടങ്ങളേയും പക്ഷികളേയും മറ്റും

(ചിത്രം 7) വലിയതോണി



courtesy: photo K.P. Emory, Bishop Mosueem
പോളിനേഷ്യൻ

(ചിത്രം 8)



ലക്ഷദ്വീപ്

അടിസ്ഥാനമാക്കി കടലിന്റെ ഏത് ഭാഗത്താണെന്ന് മനസ്സിലാക്കാനും ദ്വീപുകാരായ നാവികർക്ക് സാധിക്കും. തിരമാലകളുടെ രൂപവും മേഘങ്ങളുടെ നിലയും അടിസ്ഥാനമാക്കി ദ്വീപുകൾ സമീപിക്കാറായി എന്ന് മനസ്സിലാക്കാനുള്ള കഴിവും കാറ്റിന്റെ ഗതിവിഗതികൾക്കനു യോജ്യമായ വിധം വ്യത്യസ്ത ദിശകളിലേക്ക് യാത്രചെയ്ത് അവസാനം ഉദ്ദിഷ്ടസ്ഥാനം പ്രാപിക്കാനുള്ള പാടവവും, പ്രകൃതിക്ഷോഭങ്ങളെ മനശ്ചാഞ്ചല്യമില്ലാതെ തരണംചെയ്യാനുള്ള ദ്വീപുകാരുടെ ശേഷിയും അവരുടെ ചിരപുരാതനമായ പോളിനേഷ്യൻ പാരമ്പര്യത്തെയാണ് കാണിക്കുന്നത്. ലഗൂണുള്ള ദ്വീപുകൾ ചക്രവാളത്തിൽ പ്രത്യക്ഷ പ്പെടുന്നതിന് എത്രയോ മുൻപുതന്നെ ദ്വീപുകാർ അവയെ തിരിച്ചറി യുന്നത് പോളിനേഷ്യക്കാരെപ്പോലെ വളരെ വിദൂരതയിൽനിന്നും ലഗൂണുകൾ മേഘങ്ങളിലേല്പിക്കുന്ന ഇളംപച്ച നിറത്തിൽനിന്നാണ്.

നക്ഷത്രങ്ങളുടെ കാലാകാലങ്ങളിലുള്ള നിശ്ചിതസ്ഥാനവും അവയുടെ ഉദയാസ്തമയദിശകളും പോളിനേഷ്യൻ പാരമ്പര്യത്തിൽ നിന്നും ഗ്രഹിച്ച ദ്വീപുകാർക്ക് പ്രാചീനരീതിയിലുള്ള കടൽയാത്രകൾ നടത്തുന്നതിന് ഇന്നും പ്രയാസമനുഭവപ്പെടുന്നില്ല. മാരിനേഴ്സ് കോംപസ്, സെക്സ്റ്റന്റ് മുതലായ ആധുനിക ഉപകരണങ്ങൾ ഉണ്ടാ യിട്ടുകൂടി അവയെ ആശ്രയിക്കാതെ ദ്വീപുകളിൽനിന്ന് ദ്വീപുകളി ലേക്കും ചിലപ്പോൾ വൻകരയിലേക്കുതന്നെയും യാത്ര പുറപ്പെടു ന്നവരെ ദ്വീപുകളിൽ ഇന്നും കാണാം. നക്ഷത്രങ്ങളുടെ ഉദയാസ്തമ നപഥങ്ങൾ ഹൃദിസ്ഥമാക്കിയിരുന്ന ദ്വീപുനാവികർ ദിശകളെ മുപ്പത്തി രണ്ട് അംശമായി ഭാഗിച്ച് അവയ്ക്ക് നക്ഷത്രനാമങ്ങളാണ് നൽകി യിട്ടുള്ളത്. ആധുനിക വടക്കുനോക്കി യന്ത്രത്തിലെ ദിശകൾപോലും ഇന്നും ഈ നക്ഷത്രനാമങ്ങളിലാണ് ദ്വീപുകളിലറിയപ്പെടുന്നത്. ദ്വീപുകാർ ഉപയോഗിച്ചുവരുന്ന ദിശനാമങ്ങൾ ഇവയാണ്.

1. കൗഉത്തരന്ത്യേ -North
2. പറകതേൻ (കീകൗ)
3. നാശി ഉതയം
4. നാഖാ ഉതയം
5. അയ്യൂബ് ഉതയം- ചത്താന്ത്യേ NE
6. ഖാസൽ ഉതയം
7. ചിമാക്ക് ഉതയം
8. തുറയ്യ ഉതയം

9. മുരുക് ഉതയം - കുർപ്പന്ത്യേ East
10. ജൌസാ ഉതയം
11. സീർ ഉതയം
12. അഖ്റബ് ഉതയം
13. ഖൽബ് ഉതയം -ദുമാരന്ത്യേ SE
14. ഹിമറേൻ ഉതയം
15. ചില്ലി ഉതയം
16. സുല്ലവാർ ഉതയം
17. സുവയിൽ- തക്കണന്ത്യേ South
18. സുല്ലവാർ അസ്തമയം
19. ചില്ലി അസ്തമയം
20. ഹിമറേൻ അസ്തമയം
21. ഖൽബ് അസ്തമയം - ബീരാന്ത്യേ SW
22. അഖ്റബ് അസ്തമയം
23. സീറ് അസ്തമയം
24. ജൗസാ അസ്തമയം
25. മുരുക് അസ്തമയം - അമരന്ത്യേ- West
26. തുറയ്യ അസ്തമയം
27. ചിമാക്ക് അസ്തമയം
28. ഖാസൽ അസ്തമയം
29. അയ്യൂക്ക് അസ്തമയം-ഖഞ്ചാന്ത്യേ NW
30. നാഖാ അസ്തമയം
31. നാശി അസ്തമയം
32. പറകതേൻ അസ്തമയം

ഈ നക്ഷത്രനാമങ്ങളിൽ സുവയിൽ, തുറയ്യ, പറകതേൻ, ചിമാക്ക്, അയ്യൂഖ്, ജൗസാ മുതലായവ യഥാക്രമം സുഹൈൽ, സുരയ്യ, ഹർഖൈദൻ, സിമാക്, അയ്യൂഗ്, ജൗസാഅ് മുതലായ അറബിനാമങ്ങളുടെ പരിണാമമാണെന്ന് കാണാവുന്നതാണ്. ഈ നാമങ്ങൾ ദ്വീപുകാർക്ക് അറബികളുമായുണ്ടായിരുന്ന സുദീർഘകാലവ്യാപാര

സാംസ്കാരികബന്ധത്തിൽനിന്ന് ലബ്ധമായവയായിരിക്കണം.

ലക്ഷദ്വീപുനാവികശാസ്ത്രത്തിൽ ധ്രുവനക്ഷത്രം 'കൗ' എന്ന പേരിലാണറിയപ്പെടുന്നത്. പ്രസ്തുത നക്ഷത്രം ചക്രവാളത്തിൽ എത്ര ഉയരത്തിലാണ് സ്ഥിതിചെയ്യുന്നതെന്നതിനെയടിസ്ഥാനമാക്കി ഭൂമധ്യരേഖയിൽനിന്നും വടക്ക് ഏത് ഭാഗത്താണ് നില്ക്കുന്നതെന്ന് ഗ്രഹിക്കൻ ദ്വീപുകാരുടെ 'കൗനിലകണക്ക്' പ്രകാരം സാധിക്കും. കൗ (ധ്രുവനക്ഷത്രം) ചക്രവാളത്തിൽ എത്രവിരൽ ഉയരത്തിൽ നിൽക്കുന്നുവെന്നതിനെ അടിസ്ഥാനമാക്കിയുള്ള ആ ഗണിതത്തിന്റെ നിർണ്ണയരൂപം ഇങ്ങനെയാണ്. കൗനീർമേൽ താമരയാകിലും ഇളനാടു പെരിയ ബല്ലിഖാദത്തിന്നുനേർ അതുമഹൽക്കും ഒക്കും ഇടചാമൻ 30. (ധ്രുവനക്ഷത്രം താമരപോലെ ചക്രവാളംതൊട്ട് നിലകൊള്ളുന്നുവെങ്കിൽ സിലോണിന്നും മഹൽദ്വീപിന്നും നേരെയായിരിക്കും. അവ തമ്മിലുള്ള ദൂരം 360 നാഴിക. 1 ചാമൻ = ഏകദേശം 12 നാഴിക)കൗ തേനകരക്കുനേർ (ധ്രുവനക്ഷത്രം ചക്രവാളത്തിൽനിന്ന് 1/2 വിരൽ ഉയരത്തിൽ നിൽക്കുന്നുവെങ്കിൽ തേനകരക്ക് നേരെയായിരിക്കും) അത് പാതിപ്പോർക്കും ഒക്കും ഇടചാമൻ 28. കൗ 3/4 കാലി ചിറ്റാമലക്കുനേർ അതു തിപ്പിട്ടി, മൈ ദ്വീപു, ശൈഖു ദ്വീപുമറോസുമണ്ടളത്തിന്നും ഒക്കും ഇടചാമൻ 27. കൗ തൊട്ടഖാമത്തിന്നുനേർ അത് കെന്തിക്കല്ലിന്നും ഒക്കും ഇടചാമൻ 26. കൗ 11/4 നിലന്തൂർ പീവക്കിന്നു നേർ അത് ബവുറാടിക്കണ്ടിക്കും ഒക്കും ഇടചാമൻ 25. കൗ 11/2 കുമരിക്കുനേർ അത് കെലാതല ദ്വീപിന്നും ഒക്കും ഇടചാമൻ 24. കൗ 13/4 ബിളിഞ്ചിയത്ത കോടിക്കുനേർ. കൗ 2 തെക്കൻ കൊല്ല ത്തിന്നു നേർ അത് മൽകിക്കും ഒക്കും ഇടചാമൻ 20 (ധ്രുവനക്ഷത്രം ചക്രവാളത്തിൽനിന്ന് 2 വിരൽ ഉയരത്തിൽ നിൽക്കുന്നുവെങ്കിൽ, കൊല്ലത്തിന്നും മിനിക്കോയി ദ്വീപിന്നും നേരെയായിരിക്കും. തമ്മിലുള്ള ദൂരം ഏകദേശം 240 നാഴിക) കൗ 2 1/4 കായം കളത്തിന്നുനേർ കൗ 2 3/3 കാട്ടൂർ കടവിന്നുനേർ. കൗ 2 1/2 അമ്പലാവല്യത്തിന്നുനേർ, കൗ 2 5/8 പുറക്കാട്ടിന്നുനേർ. കൗ 2 കൊച്ചി ആറ് മുകത്തിനു നേർ. കൗ 3 കൊടുങ്ങല്ലൂർക്ക് നേർ അത് കൽപേനി ദ്വീപിന്നും ഒക്കെ ഇടചാമൻ 12 അത് സുവയിലിപാറുക്കും ഒക്കും ഇടചാമൻ 8. കൗ 3 1/8 ബിളിയംകോട്ടിന്നുനേർ. കൗ 3 1/4 പൊന്നാണിവാശൽക്കുനേർ അത് കവരത്തിദ്വീപിന്നും ഒക്കും ഇടചാമൻ 17. കൗ 3 3/8 കാട്ടൂർ കടവിന്നുനേർ, കൗ 3 1/4 ചാലിയത്ത മുല്ലക്കുനേർ. അത് അന്ത്രോദ്വീപിന്നും ഒക്കും ഇടചാമൻ 10 അത് കവരത്തി പിട്ടിക്കും ഒക്കും ഇടചാമൻ 8 അത് ആക്കത്തിദ്വീപിനും ഒക്കും ഇടചാമൻ 2. (കൗ ചക്രവാളത്തിൽ 31/2 വിരൽ ഉയരത്തിലാണെങ്കിൽ ബേപ്പൂർ ചാലിയത്തിന്നും, അന്ത്രോത്ത് ദ്വീപിനും കവരത്തിപിട്ടിക്കും,

(ചിത്രം 9)
ചെറിയ തോണി (രണ്ടിന്റേയും കൊച്ചു ചുണ്ട് PRAW) തമ്മിലുള്ള സാദൃശ്യം ശ്രദ്ധിക്കുക



courtesy: photo K.P. Emory, Bishop Mosueem
പോളിനേഷ്യൻ

(ചിത്രം 10)

ആക്കത്തി ദ്വീപിന്നും നേരെയായിരിക്കും. ചാലിയത്ത്നിന്ന് അന്ത്രോത്തി ലേക്ക് 120 നാഴികയും അന്ത്രോത്തിൽനിന്ന് പിട്ടിയിലേക്ക് 96 നാഴികയും പിട്ടിയിൽനിന്ന് ആക്കത്തിയിലേക്ക് 24 നാഴികയും ദൂരമാണുള്ളത്) കൗ 3 5/8 കോരപ്പുഴക്കുനേർ അത് ബങ്ങാരദ്വീപിന്നും ഒക്കെ ഇടചാമൻ 19 കൗ 3 3/4 കുറിച്ചിക്കടവിന്നുനേർ അത് വെള്ളിമാൻ കല്ലിന്നും ഒക്കും ഇടചാമൻ 1 അത് ഏളിക്കൽപേനിക്കും ഒക്കും ഇടചാമൻ 5 അത് അമ്മേനിപള്ളിച്ചേരി മൂലക്കും ഒക്കും ഇടചാമൻ 8 അത് പെരമുളപാർക്കും ഒക്കും ഇടചാമൻ 5. കൗ 3 7/8 ധർമ്മപട്ടണ തുരുത്തിക്ക് നേർ അത് കടുങ്ങമംഗലം (കടമത്ത് ദ്വീപ്) അണ്ണക്കണ്ടത്തിന് ഒക്കും ഇടചാമൻ 14. കൗ 4 നായക്കമെടത്തിന്നു ബളവടം) നേർ അത് കിളുത്തൻ ദ്വീപിന്നും ഒക്കും ഇടചാമൻ 12. അത് ബിത്തിരപാർക്കും ഒക്കും ഇടചാമൻ 6. കൗ 4 1/8 ഏളിമാടായിക്കുനേർ അത് പേത്തിലാക്കത്തിന് ഒക്കും ഇടചാമൻ 14 അത് ചെറിയ പന്നിയം പാർക്കും ഒക്കും ഇടചാമൻ 6. കൗ 4 1/4 നീർ ചിൽത്തനിടിയമലക്കുനേർ. കൗ 4 5/8 കാഞ്ചിരോട്ടിന്നു (കാസർക്കോട്) നേർ. കെ. 4 1/2 മവുശരത്തിന്നു (മഞ്ചേശ്വരം) നേർ. കൗ 4 5/8 മംഗലാപുരത്തിന്നുനേർ. കൗ 4 3/5 അളമാൻപട്ടിയായിക്കു (മലപ്പ)നേർ കൗ 4 7/8 കട്ടിപ്പാടി അളിവിക്കുനേർ. കൗ 5 ബാക്കനൂർക്ക് നേർ അത് വലിയപന്നിയം പാർക്കും ഒക്കും ഇടചാമൻ 20. കൗ 5 1/5 ബയിന്തൂർക്ക് നേർ. കൗ 5 1/4 ബട്ടക്കുളത്തിന്നുനേർ. കൗ 5 3/8 ബയിരംപുരത്തിന്നുനേർ. കൗ 5 1/2 ബട്ടക്കുളത്തിന്നുനേർ. കൗ 5 3/8 ബയിരാംപുരത്തിന്നുനേർ. കൗ 5 1/2 കായക്കണ്ണിക്കുനേർ അത് വലിയ നിത്തിരിക്കും ഒക്കും ഇടചാമൻ 2 അത് കോരദ്വീപു കുശലുള്ള മഞ്ഞപ്പാർ വടതലക്കും ഒക്കും ഇടചാമൻ 18 അവിടേക്ക് അടയാളമാണത് ചൊല്ലുവേൻ മഞ്ഞനിറമാ യിരിക്കും 12 പാകമായിരിക്കും. 12 പാകത്തിലെ വെള്ളയും വെള്ളക്കി ളിഞ്ചിയും കോട്ടാറും ചുകുന്നേ ഞണ്ടും പക്ഷിയും ഒക്കെകൂടി വിളയാട ക്കണ്ടാൽ കോരദ്വീപു കുശലുള്ള മഞ്ഞപ്പാർ വടതല എന്നും അറികാ. അവിടെ നിന്നും എത്രയും വടക്കേപ്പെരുക്കി ഓടിക്കൊൾകാ തെക്കെ പെരുക്കി ഓടിയാൽ മരക്കലം പാറമേൽതട്ടും എന്നും അറികാ. കൗ 5 5/8 പൊന്നാപുരത്തെ പൊണ്ടിശായിക്കുനേർ കൗ 5 3/4 കു മുട്ടക്കുനേർ. കൗ 5 7/8 ഉപ്പളിവിക്കുനേർ. കൗ 6 അഞ്ചാം ദ്വീപിന്നുനേർ. കൗ 6 1/4 പാണ്ടിക്കടവു മുനമ്പിന്നുനേർ. കൗ 6 3/4 നെട്ടകല്ലിന്നു നേർകൗ 7 തെണ്ടബാശകല്ലിന്നുനേർ. കൗ 7 1/4 മല്ലുണ്ടിക്കുനേർ. കൗ 7 3/4 ശെയിത്താവൂർക്കുനേർ. കൗ 8 മീരിയായിക്കുനേർ. കൗ 8 1/4 തവുൽ അഴിക്കുനേർ. കൗ 8 3/4 കണ്ടേരിക്കുനേർ. കൗ 9 മായമ്പി (ബോംബെ) ക്കുനേർ. കൗ 9 1/4 ബശായിക്കുനേർ. കൗ 9 1/2 കുറിയായിക്കുനേർ. കൗ 9 3/4 ഉലക്ക മലക്കുനേർ. കൗ 10 ദപണിക്കുനേർ. കൗ 10 1/4

ബളശാടിക്കെണി ദ്വീപിന്നുനേർ. കൗ 10 1/2 സൂറത്തിക്കുനേർ. കൗ 10 3/4 പെരുമ്പേശിക്കു നേർ. കൗ 11 കമ്പായത്തിന്നുനേർ ദ്. കൗ 10 1/4 ദ്വീപുശായിക്കുനേർ. കൗ 10 1/2 മടുമാട്ടിക്കുനേർ. കൗ 10 3/4 ശൊറട്ടിമംഗലൂർക്ക് നേർ. കൗ 11 ജഹത്തിന്നുനേർ. കൗ 12 സിന്ധിന്നുനേർ. കൗ 12 1/2 കൗ!!ഷെർഷാക്കുന്നേർ. കൗ 13 മുബാറക്കിന്നുനേർ കൗ 14 ഉറുമീസിന്നു (ഹൊർമൂസ്)നേർ. അത് ഖതീബുൽ ബഹറൈനിക്കും ഒക്കും ഇത് രണ്ട് കരക്കും നടുവേ ചെറിയ ദ്വീപായിരിക്കും."

കഴിഞ്ഞ നൂറ്റാണ്ടിലും ലക്ഷദ്വീപുകാർ വ്യാപാരപരമായി ബന്ധപ്പെട്ടിരുന്ന വിദൂരസ്ഥ പ്രദേശങ്ങളുടെ അറ്ള് (Latitude) തൂൽ (Longitude) എന്നിവ ദ്വീപിലെ പഴയ തലമുറയിലെ നാവികർക്ക് ഹൃദിസ്ഥമാണ്.

അറ്ള് (Latitude)	തൂൽ (Longitude)
*1 ദർജ്ജ - ദഖീഖ്	ദർജ്ജ- ദഖീഖ്
മിസർ	29-58 32-30
ഖയിബർ	26-05 40-00
മദീന	25-00 39-00
എബൂള	24-06 38-07
ജിദ്ദാ	21-30 39-12
മക്കം	21-35 40-18
ഖമറാനി	15-31 42-40
മഖാബാറ്റിൽ	12-42 43-21
അദിൻ	12-49 45-02
സുർക്കസുറ	12-30 53-50
റഈസുൽ ഹദ്ദ്	22-27 59-49
എമൻകൊടി	26-28 56-25
മസ്കെത്തി	21-52 56-49
ബസറ	30-40 48-20
പാരിസിക്കര	27-40 53-00
ബന്തർഅബ്ബസ്	26-40 56-20
കറാച്ചി	25-15 72-18
പാമ്പന	9-20 79-12

1 ദർജ്ജ- 60 ദഖീഖ്

കുളമ്പ്	7-00	77-50
ആദംമല	6-12	80-35
തൃക്കിണാമല	8-10	81-15
മദിരാശി	13-10	80-18
തൂത്തുക്കുടി	8-48	78-12
കുമരി	8-05	77-32

ഇതിന്നും പുറമെ ഓരോ ദ്വീപിൽനിന്നും അറേബ്യൻ തീരത്തേക്കുള്ള ദൂരവും. ഓരോ തുറമുഖത്തിന്റെ സ്ഥാനവും പ്രത്യേകം പഠിച്ചിരുന്നു പഴയ തലമുറയിലുള്ളവർ. അന്ത്രോത്ത് ദ്വീപിൽനിന്നും അറേബ്യയിലെ പ്രധാന തുറമുഖങ്ങളിലേക്കുള്ള അറ്ള് (Latitude) തൂൽ (Longitude) മിസാജ് (നാഴിക) മുതലായവ താഴെ കൊടുക്കുന്നു.

ബന്തർനിന്ന്	അറ്ള് (ദഖീഖ്)	തൂൽ (ദഖീഖ്)	മിസാജ് (നാഴിക)	ബന്തർ
അന്ത്രോത്ത്	647	2002	2114	മക്കം
”	852	2030	2245	മദീനം
”	917	2020	2276	ഖയിബർ
”	1000	2370	2580	തൂരിസിനാമല
”	1062	2361	2620	മിസർ
”	1182	1520	1960	ബസറാ
”	940	1032	1430	എമൻകൊടി
”	784	831	1212	മസ്ക്കത്തി

പോളിനേഷ്യൻ പാരമ്പര്യവും അറബികളുമായുണ്ടായിരുന്ന ബന്ധവുംമൂലം സമ്പുഷ്ടമായ നാവിക പാരമ്പര്യമുള്ള ദ്വീപുകാർ പ്രാചീനകാലംതൊട്ടേ വിദൂരസ്ഥലങ്ങളിലേക്ക് വ്യാപാരാവശ്യാർത്ഥം പ്രയാണം ചെയ്തിരുന്നു. ദ്വീപുകാരുടെ നാവികപാരമ്പര്യത്തെപ്പറ്റി ഡബ്ല്യൂ റോബിൻസൺ 1848ൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. “ആദ്യശതകങ്ങളിൽ ദ്വീപുകാർ ഇന്ത്യൻ തീരവും വിദൂരസ്ഥലങ്ങളായ കച്ച്, അറേബ്യ എന്നിവിടങ്ങളുമായി സജീവമായ വ്യാപാരം നടത്തിയിരുന്നു. 18-ാം നൂറ്റാണ്ടിലും ദ്വീപുകാർ സൂറത്ത്, മസ്ക്കറ്റ് മുതലായ സ്ഥലങ്ങളിൽപോയി അഭംഗുരം വ്യാപാരം നടത്തിവന്നിരുന്നു. വിദഗ്ധ നാവികരായ ലക്ഷദ്വീപുകാർ പഴയകാലത്ത് അറബി

കപ്പലുകൾക്ക് വഴികാട്ടികളായി (Pilots) ജോലി ചെയ്തിരുന്നു. ഇന്നും ഇന്ത്യൻ തീരത്തുനിന്ന് വരുന്ന അറബികപ്പലുകൾക്ക് ലക്ഷദ്വീപുകൾ വിട്ടകലുന്നത് വരെ വഴികാട്ടികളായി സേവനമനുഷ്ഠിക്കുന്നതും ദ്വീപുകാരാണ്."

ദ്വീപോടങ്ങളിൽ വിദൂരസ്ഥലങ്ങളിലേക്ക്[9] യാത്ര ചെയ്തിരുന്ന ദ്വീപുകാർ അഞ്ചോ എട്ടോ ആളുകൾക്ക് മാത്രം കയറാവുന്ന തുഴയുന്ന തോണികളിൽപോലും പതിവായി 100ഉം 200ഉം കി. മീറ്റർ ദൂരെയുള്ള ദ്വീപുകളിലേക്കും അതിലേറെ ദൂരമുള്ള കേരളതീരത്തേക്കും യാത്ര ചെയ്തിരുന്നു. ഒരു ദശകത്തിന് മുൻപുപോലും തോണികൾ ഉപയോഗിച്ചുള്ള ഇത്തരം വിദൂരമായ കടൽയാത്രകൾ സാർവത്രികമായിരുന്നു ദ്വീപുകാർക്കിടയിൽ.

ലക്ഷദ്വീപുകാരുടെ കടൽയാത്രാപാരമ്പര്യംപോലെത്തന്നെ പോളിനേഷ്യക്കാരുടെ മറ്റൊരു മഹദ് സംഭാവനയാണ് ദ്വീപുകളിലെങ്ങും തലയുയർത്തിനിൽക്കുന്ന തെങ്ങുകൾ. കൂടുതൽ എണ്ണയും കാമ്പുമുള്ള തേങ്ങകളുത്പാദിപ്പിക്കുന്ന ലക്ഷദ്വീപിലെ തെങ്ങുകൾ രോഗപ്രതിരോധശക്തിയിലും ഫലം നൽകുന്നതിലും മികച്ചവയാണ്. ഈ ഇനം തെങ്ങുകൾ കേരളത്തിലില്ലാത്തതുകൊണ്ട് ലക്ഷക്കണക്കിന് വിത്തുതേങ്ങകൾ തൈയുത്പാദനത്തിനായി വർഷം തോറും ലക്ഷദ്വീപുകളിൽനിന്ന് കേരളത്തിലേക്ക് കയറ്റുമതി ചെയ്യുന്നു. ദക്ഷിണേന്ത്യയിലെങ്ങുമില്ലാത്ത ഇനം തെങ്ങുകളാണ് ദ്വീപുകളിലുള്ളതെന്നതും തെങ്ങിൽനിന്നും ദ്വീപുകാർ ഉത്പാദിപ്പിക്കുന്ന ചക്കരമുതലായവക്കും അവകൊണ്ടുണ്ടാക്കുന്ന വിഭവങ്ങൾക്കും വൻകരയിൽ സമാനങ്ങളായ ഉദാഹരണങ്ങളില്ലെന്നതും ദ്വീപുകളിലെ തെങ്ങിന്റേയും അതിൽനിന്നും നിർമ്മിക്കുന്ന വിഭവങ്ങളെപ്പറ്റിയുള്ള പരിജ്ഞാനത്തിന്റേയും ഉറവിടം ദക്ഷിണേന്ത്യയല്ലെന്ന് വ്യക്തമാക്കുന്നു. ലക്ഷദ്വീപുകാർ ഓലമെടയുന്നതുപോലും ദക്ഷിണേന്ത്യയിലെങ്ങും തുടർന്നുവരുന്ന സമ്പ്രദായത്തിൽനിന്നും വിഭിന്നമായ രീതിയിലാണ്. ലക്ഷദ്വീപുകാർ തെങ്ങോലകൊണ്ട് വ്യത്യസ്ത ആവശ്യങ്ങൾക്കുണ്ടാക്കുന്ന കൊട്ടകൾക്കും തൊപ്പികൾക്കും മറ്റുമുള്ള പോളിനേഷ്യൻ സാമ്യത ആ പഴയ പാരമ്പര്യത്തിന് വേറൊരു തെളിവാണ്.

പോളിനേഷ്യക്കാർ കുടിയേറ്റം നടത്തിയ സ്ഥലങ്ങളിലെല്ലാം കൊണ്ടുപോയിരുന്ന കൈത ലക്ഷദ്വീപുകളിലെങ്ങും അടുത്തകാലം വരേയും വ്യാപകമായി വളർത്തിയിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽപോലും കടമത്ത് ദ്വീപിന്റെ വടക്കെ പകുതി മുഴുവൻ കൈത

കൾ തിങ്ങി വളർന്നുനിൽക്കുന്ന സ്ഥലങ്ങളായിരുന്നുവെന്ന് ഡോ. ആൽകോക്ക് രേഖപ്പെടുത്തിയിരിക്കുന്നു.[11]

പോളിനേഷ്യക്കാരുടെ പ്രധാനവിഭവങ്ങളായിരുന്ന തെങ്ങ്, കൈത എന്നിവക്ക് പുറമെ അവർ പോയേടത്തെല്ലാം കൊണ്ടുപോയിരുന്ന ശീമച്ചക്ക (Bread fruit) ചേമ്പ്,[12] എന്നിവയും പ്രാചീനകാലംമുതൽ ലക്ഷദ്വീപുകളിൽ വളർന്നിരുന്ന കാർഷികോത്പന്നങ്ങളാണ്. പോളിനേഷ്യൻ സംഭാവനയായ ശീമച്ചക്ക പുഴുങ്ങിയും വിവിധതരം കറികളായും സൂപ്പ് രൂപത്തിലും പലഹാരമായും പോളിനേഷ്യൻ രീതിയിൽ,[13] ദ്വീപുകാർ ഇന്നും ഉപയോഗിക്കുന്നു. ശീമച്ചക്കയുടെ ഇലകൊണ്ട് ഭക്ഷണപദാർത്ഥങ്ങൾ പൊതിഞ്ഞിരുന്ന പോളിനേഷ്യൻ രീതി ദ്വീപുകളിൽ അടുത്തകാലംവരേയും പ്രചാരത്തിലുണ്ടായിരുന്നു. പ്രാചീനകാലത്ത് ഭക്ഷണപദാർത്ഥമായി ഉപയോഗിച്ചിരുന്ന പലതും ആധുനികതയുടെ ആവിർഭാവത്തോടെ ദ്വീപുകളിൽനിന്ന് അപ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു. അക്കാലത്തെ സ്വാദിഷ്ടവിഭവമായിരുന്ന 'ഇത്തല' (Dioscorea oppositifolia)യുടെ കിഴങ്ങ് കഴിഞ്ഞ തലമുറതൊട്ടേ കയ്പാണ്. ഇന്ന് ചേമ്പുകൾക്കും ചൊറിച്ചിൽ അനുഭവപ്പെട്ടുതുടങ്ങി. ഏതാനും വർഷങ്ങൾക്കകം ശീമച്ചക്ക, മധുരക്കിഴങ്ങ് മുതലായവയുടേയും ഭക്ഷണപദാർത്ഥമെന്ന പ്രസക്തി നഷ്ടപ്പെട്ടേക്കാം.

ലക്ഷദ്വീപുകളിലെ ആദിമനിവാസികളായ പോളിനേഷ്യക്കാർ സുഗമമായ ജീവിതത്തിന് തെങ്ങും ശീമച്ചക്കയും ചുറ്റുമുള്ള കടൽ സമ്പത്തും മാത്രം പോരെന്ന് മനസ്സിലാക്കി എല്ലാ കാലത്തും നനവ് ലഭിക്കാൻ പര്യാപ്തമായ കൃഷിസ്ഥലങ്ങളുണ്ടാക്കി മറ്റ് കൃഷികളും ചെയ്തിരുന്നു. (ചിത്രം 11) പോളിനേഷ്യക്കാർ അവരുടെ ആദിമതാവളങ്ങളിലെല്ലാം ഭൂനിരപ്പിൽനിന്ന് മണ്ണെടുത്ത് മാറ്റി വിശാലമായ കുഴികളുണ്ടാക്കി അതിൽ ചേമ്പ് മുതലായവ കൃഷിചെയ്തിരുന്ന രീതിയാണ് ലക്ഷദ്വീപുകളിൽ കുറേക്കൂടി വ്യാപകമായ നടപ്പിലാക്കിയത്. കല്ല് വെട്ടിയെടുത്ത കുഴികളിലെല്ലാം ചേമ്പ് കൃഷിചെയ്യുന്ന ആദിമരീതി യാന്ത്രികമായി തുടർന്നുവരുന്ന ദ്വീപുകളിൽ മറ്റ് കൃഷികൾ ചെയ്യുന്നതിനായി വിശാലമായ കൃഷിസ്ഥലങ്ങൾതന്നെയും ആദിമവാസികൾ ഉണ്ടാക്കിയെടുത്തിട്ടുണ്ട്. അന്ത്രോത്ത് ദ്വീപിൽ മാത്രം ഏകദേശം നാലിലൊരുഭാഗം കൃഷിസ്ഥലങ്ങൾ ഇങ്ങനെ മനുഷ്യപ്രയത്നം നിമിത്തം ഉണ്ടാക്കിയെടുത്തവയാണ്. ഭൂനിരപ്പിൽനിന്നും മണ്ണും കല്ലും വെട്ടി മാറ്റി സമുദ്രനിരപ്പ് വരേക്കും ആഴത്തിലുണ്ടാക്കിയ വിശാലമായ ഈ കൃഷിസ്ഥലങ്ങൾ ദ്വീപുകളിലെ ആദിമവാസികളുടെ

(ചിത്രം 11)



പോളിനേഷ്യക്കാർ ഉണ്ടാക്കിയ കൃഷിസ്ഥലവും, മധ്യഭാഗത്ത്കുന്നും

courtesy: photo K.P. Emory, Bishop Museum

കായികശേഷി പ്രകടമാക്കുന്നു. അവരുടെ കഠിനാദ്ധ്വാനശീലത്തിന്റേയും പരസഹായം കൂടാതെ ജീവിക്കണമെന്ന ദൃഢനിശ്ചയത്തിന്റേയും പരിണിതഫലം കൂടിയാണിത്. മനുഷ്യശക്തികൊണ്ട് മാത്രം നീക്കിയ മണ്ണുകളെല്ലാം കൂട്ടിയുണ്ടാക്കിയ കുന്നുകളിൽ ചിലതിന് 10–15 മീറ്റർവരെ പൊക്കം ഇന്നുമുണ്ട്.*(ചിത്രം 12)* ലക്ഷദ്വീപുകളിലെ സാഹസികരും അദ്ധ്വാനശീലരുമായ ആദിമനിവാസികൾ ഉണ്ടാക്കിയ ഈ കൃഷി സ്ഥലങ്ങളും കുന്നുകളും അമാനുഷികകൃത്യമായി പരിഗണിക്കാൻ മാത്രമേ ആധുനികദ്വീപ് നിവാസികൾക്ക് സാധിക്കുന്നുള്ളൂ[14]. തോട്ടം എന്ന പേരിലറിയപ്പെടുന്ന ഇത്തരം കൃഷിസ്ഥലങ്ങൾ ദ്വീപുകളുടെ ഉപരിതലത്തിൽ ഫലഭൂയിഷ്ഠമായ കറുത്തമണ്ണ് വെറും നാലഞ്ച് സെ.മീറ്റർ കട്ടിയിൽ ഉണ്ടായിരുന്ന കാലത്താണ് നിർമ്മിക്കപ്പെട്ടതെന്ന് ഇന്നും വ്യക്തമായി കാണാവുന്നതാണ്. (ഇന്നത്തെ ദ്വീപുകളുടെ ഉപരിതലത്തിൽ 4–5 അടി കട്ടിയിൽ കറുത്ത മണ്ണാണ്.) ആദിമവാസികൾ ഉണ്ടാക്കിയ ഈ കുന്നുകൾ കൊത്തി നോക്കിയാൽ 405 സെ.മീറ്റർ കട്ടിയിലുള്ള കറുത്ത മണൽ പടലത്തിന്റെ അടിയിൽ ഇളകാത്ത മണലും കറുത്ത പടലത്തിന്റെ ഉപരിഭാഗത്തായി കൊത്തി ഇളക്കി കൂട്ടിയിട്ട മണ്ണും വ്യക്തമായി വേർതിരിഞ്ഞു കാണാം.*(ചിത്രം 13)* കുന്നുകളുള്ള ഭാഗത്ത് ഇളകാത്ത മണ്ണിന്ന

ടിയിലുള്ള കല്ലുകളുടെ നിരയും തോട്ടമുണ്ടാക്കാൻവേണ്ടി കല്ലുകൾ പൊട്ടിച്ചെടുത്ത ഭാഗങ്ങളും കൂടി ദർശിക്കാം.

അന്ത്രോത്തിലേയും കല്പേനിയിലേയും ഈ ദൃശ്യങ്ങളായ കൃഷിസ്ഥലങ്ങൾ കാലാകാലങ്ങളിലുള്ള ഹൃസ്വകാല വിളവുകൾക്കായി ഇന്നും ഉപയോഗിക്കുന്നതുമൂലം അതിന്റെ ആദിമകാലരൂപം നഷ്ട പ്പെട്ടില്ലെങ്കിലും കവരത്തിയിലേയും അമ്മേനിയിലേയും ഇത്തരം കൃഷിസ്ഥലങ്ങളിൽ (തോട്ടം) തെങ്ങ് വച്ചുപിടിപ്പിച്ചത് കാരണം അതിന്റെ പഴയ രൂപത്തിനു സാരമായ കോട്ടംതട്ടിയിട്ടുണ്ട്. ആക്കത്തി ദ്വീപിലും ഇത്തരം കൃഷിസ്ഥലങ്ങളുണ്ടാക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും പിന്നീട് ആ ശ്രമം ഉപേക്ഷിച്ചതായാണ് കാണുന്നത്.

ഭക്ഷ്യവസ്തുക്കൾ തേടി വൻകരയിലേക്ക് പോകുന്നത് ശ്രമകര മായതുകൊണ്ടോ വൻകരയിലുള്ളവരുമായുള്ള സമ്പർക്കം സൗഹാർദ്ദ പരമല്ലാത്തതുകൊണ്ടോ ആയിരിക്കാം ലക്ഷദ്വീപുകളിലെ ആദിമനിവാ സികൾ ഇത്രയേറെ കഷ്ടപ്പെട്ട് ഇത്തരം കൃഷിസ്ഥലങ്ങളുണ്ടാക്കി സ്വയം പര്യാപ്തമായൊരു ജീവിതരീതിക്ക് രൂപംകൊടുത്തത്.

ഭൂഗർഭശാസ്ത്രപരമായ തെളിവുകളനുസരിച്ച് ആദ്യം രൂപംകൊ ണ്ടവയായി പരിഗണിച്ചുവരുന്ന അന്ത്രോത്ത്, അമ്മേനി എന്നീ ദ്വീപുക ളിലും കവരത്തി, കൽപേനി എന്നിവയിലും മാത്രമേ ഇത്തരം കൃഷിസ്ഥലങ്ങൾ കാണുന്നുള്ളൂ. ഇതിൽനിന്നും ഈ ദ്വീപുകളി

(ചിത്രം 12)

ലക്ഷദ്വീപുകാർ സമുദ്രനിരപ്പുവരേയും കുഴിച്ചുണ്ടാക്കിയ വിശാലമായ കൃഷിസ്ഥലവും മണ്ണ് കൂട്ടിയുണ്ടാക്കിയ കുന്നും

(ചിത്രം 13)



കുന്നിന്റെ ലംബഛേദചിത്രം ആദ്യകാലഭൂനിരപ്പ് വ്യക്തമാക്കുന്ന കറുത്ത പടലമാണ് ശരമടയാളമുപയോഗിച്ച് കാണിച്ചിരിക്കുന്നത്

ലായിരിക്കാം ആദ്യമായി ജനവാസവും തുടങ്ങിയതെന്നനുമാനിക്കാം. ദീർഘകാലത്തെ അർപ്പണബോധത്തോടുകൂടിയ മനുഷ്യപ്രയത്നം ആവശ്യമായ ഇത്തരം കൃഷിസ്ഥലങ്ങൾ ഉണ്ടാക്കി കൃഷിചെയ്യുന്നതിനേക്കാളും കടൽസഞ്ചാരം താരതമ്യേന അപകടരഹിതവും കൃഷിയുള്ള മറ്റ് ദ്വീപുകളിൽനിന്നോ വൻകരയിൽനിന്നോ ഭക്ഷണസാധനങ്ങൾ ലഭിച്ചുതുടങ്ങിയതോ ആയ കാലത്ത് കുടിയേറിയതുകൊണ്ടോ ആയിരിക്കാം കടമം, കിൽത്താൻ, ചേത്തിലാം എന്നീ ദ്വീപുകളിൽ ഇത്തരം കൃഷിസ്ഥലങ്ങൾ ഉണ്ടാക്കാതിരുന്നത്. അമ്മേനി, അന്ത്രോത്ത്, കവരത്തി, കൽപേനി, എന്നീ ദ്വീപുകളെ തുടർന്ന് ജനവാസമുണ്ടായത് ആക്കത്തി ദ്വീപിലായിരിക്കുമെന്ന് അവിടെയും ഇത്തരം കൃഷിസ്ഥലങ്ങൾ ഉണ്ടാക്കാനുള്ള ശ്രമം തുടങ്ങിവച്ചതിൽനിന്നു മനസ്സിലാക്കാം. ഇത്തരം കൃഷിസ്ഥലങ്ങൾ ഇല്ലാത്ത കടമത്ത് ദ്വീപിൽപോലും ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിനും മുൻപുതന്നെ ജനവാസമുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ അവിടെനിന്ന് കിട്ടിയ ഏ.ഡി. ഒന്നും രണ്ടും ശതാബ്ദങ്ങളിലെ റോമൻ സ്വർണ്ണനാണയങ്ങളും മറ്റു തെളിവുകളും സഹായിക്കുന്നു. ഏ.ഡി. ഒന്നാം നൂറ്റാണ്ടിന്നും ഏതാനും വർഷങ്ങൾക്കുമുൻപെങ്കിലും ജനവാസമുണ്ടായിരുന്നുവെന്ന് വ്യക്തമാവുന്ന കടമത്ത് ദ്വീപിലോ അതിനടുത്ത് കാലത്ത് കുടിയേറ്റമുണ്ടായ കിൽത്തൻ, ചേത്തിലാം എന്നീ ദ്വീപുകളിലോ ഇത്തരം കൃഷിസ്ഥലങ്ങൾ കാണുന്നില്ല. അക്കാരണംകൊണ്ടുതന്നെ ഇത്തരം കൃഷിസ്ഥസങ്ങളു

ണ്ടാക്കിയെടുക്കുന്ന രീതി ദ്വീപുകളിൽ പ്രചരിച്ചത് ക്രിസ്തുവിന്നും അനേകം നൂറ്റാണ്ടുകൾക്ക് മുൻപുള്ള കാലഘട്ടങ്ങളിലായിരുന്നുവെന്ന് വ്യക്തമാവുന്നു. ലക്ഷദ്വീപുകളെ സംബന്ധിച്ച ആദ്യത്തെ ആധികാരിക ഗ്രന്ഥമായ 'ഫുതുഹാത്തുൽ ജസായിര്' രചിച്ച 7-ാം നൂറ്റാണ്ട് കാലത്ത് അന്ത്രോത്ത് ദ്വീപിൽ തോട്ടം എന്നും സാധാരണ ഭൂമിയെന്നും അറിയപ്പെടുന്ന രണ്ടുതരം നിലങ്ങളുണ്ടായിരുന്നുവെന്ന് ആ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പോളിനേഷ്യക്കാരുടെ ദേശാന്തരഗമനത്തിലെ താവളങ്ങളായിരുന്ന മലയ, തഹിതി, ഫിലിപ്പൈൻസ് എന്നീ ദ്വീപുകളും ലക്ഷദ്വീപുകളും തമ്മിൽ കണ്ടുവരുന്ന കലാപരമായ സാമ്യതയും ആ പ്രാചീന പാരമ്പര്യത്തിന്റെ തെളിവുകളായി ഗണിക്കാവുന്നതാണ്. ഇന്ന് ലക്ഷദ്വീപുകളിൽനിന്ന് ഏതാണ്ട് അപ്രത്യക്ഷമായി തുടങ്ങിയിട്ടുണ്ടെങ്കിലും ആക്കത്തിയിലേയും, അന്ത്രോത്തിലേയും പഴയ തലമുറയിൽ ചിലർക്കെങ്കിലും പരചിതമായ ഉലക്കമുട്ട് (ഉലക്കകൾ ചേർത്തടിക്കുന്നതിനിടയിലൂടെ താളത്തിനനുസരിച്ച് ചുവടുകൾ വച്ച് നൃത്തം ചെയ്യുന്ന രീതി) പോളിനേഷ്യൻ ദ്വീപുകളായ ഫിലിപ്പൈൻസ്, ജാവാ എന്നിവിടങ്ങളിൽ അതേപടി നിലനിൽക്കുന്നു. ലക്ഷദ്വീപുകാരുടെ കായികവിനോദമായ പൊങ്ങുപലകയിൽ പിടിച്ച് വലിയ തിരമാലകളിലൂടെ തെന്നി നീങ്ങുന്ന രീതിയും (ചാട്ടിക്കൽ) മത്സരിച്ച് തോണിതുഴയലും പായവലിച്ച ഓടിയും തോണികളും മത്സരിച്ച് ഓടലുമെല്ലാം തന്നെ ഇന്നും പോളിനേഷ്യൻ ദ്വീപുകളായ ഹവായിയൻ ദ്വീപുനിവാസികൾക്കിടയിലും തലമുറ തലമുറയായി നിലനിൽക്കുന്നു.[15] ചേത്തിലാത്തിലേയും ആക്കത്തിയിലേയും നിറംപിടിപ്പിച്ച ഭംഗിയുള്ള ഓലത്തൊപ്പികൾക്ക് ഹവായിയൻ ദ്വീപുകളിലേയും തഹിത്തി ദ്വീപുകളിലേയും അത്തരം ഓലത്തൊപ്പികളുമായി നല്ല രൂപസാദൃശ്യമുണ്ട്. വിറകുകളും മറ്റും സൂക്ഷിക്കാനായി ദ്വീപുകളിലിന്നുമുണ്ടാക്കുന്ന ചെറ്റപ്പുരകളും പോളിനേഷ്യക്കാരുടെ ചെറ്റപ്പുരകളും തമ്മിലുള്ള വിസ്മയാവഹമായ രൂപസാദൃശ്യം തന്നെയും *(ചിത്രം 14,15)* ദ്വീപുകളുടെ പ്രാചീന ചരിത്രപാരമ്പര്യത്തിന്റെ മറ്റൊരു ദൃഷ്ടാന്തമാണ്.

പോളിനേഷ്യൻ ആദിമവാസികളുടെ സാമൂഹ്യരീതികൾപോലും സഹസ്രാബ്ദങ്ങൾക്കുശേഷവും മാറ്റം കൂടാതെ ലക്ഷദ്വീപുകളിൽ ഇന്നും തുടർന്നുവരുന്നു. മരുമക്കത്തായമാണ് ലക്ഷദ്വീപുകളിലെ ദായകസമ്പ്രദായം. പോളിനേഷ്യൻ രീതിയായിരുന്ന മരുമക്കത്തായം ലക്ഷദ്വീപുകാർ ഒന്നടങ്കം 7-ാം നൂറ്റാണ്ടിൽ ഇസ്ലാംമതം സ്വീകരിച്ചു കഴിഞ്ഞതിനുശേഷവും നിലനിർത്തിപ്പോരുന്നുവെന്നതത്രെ ദ്വീപുക

ളിലെ സാമൂഹികവ്യവസ്ഥയുടെ സവിശേഷത. ലക്ഷദ്വീപുകളിലെ ഇസ്ലാംമതപ്രചരണചരിത്രഗ്രന്ഥമായ ഫുതുഹാത്തുൽ ജസായിറിൽ ദ്വീപുകളിലന്നുണ്ടായിരുന്ന മരുമക്കത്തായത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്. ഹിജറ 41 ൽ (എ.ഡി. 662) ലക്ഷദ്വീപുകളിലെത്തി ഇസ്ലാംമത പ്രചരണം നടത്തിയ ഹ. ഉബൈദുള്ള (റ) അന്ത്രോത്തിലെ തന്റെ വീടും (പാട്ടകൽ) പറമ്പും ആ വീട്ടിൽ ജനിച്ചുണ്ടാകുന്നവർക്കുവേണ്ടി യാണ് വഖ്ഫ് ചെയ്തിരിക്കുന്നത്. 'വീട്ടിന്റെ തറയുടെ ആരംഭം മുതൽ എല്ലാഭാഗത്തിലും ഒൻപത് ആശാരിക്കോൽ വീതം വീട്ടിന്റെ അതിർ ത്തിയും അതിന്റെ പുറമെ ഇടത് ഭാഗം കടൽ വരേയും ബാക്കി എല്ലാ ഭാഗങ്ങളിലും തൊണ്ണൂറ്റി ഒൻപത് മുഴം വീതവും സ്ഥലങ്ങളും തോട്ട ങ്ങളും എന്റെ വീട്ടിൽ ജനിച്ചുണ്ടാകുന്നവർക്കുവേണ്ടി വഖ്ഫ് ചെയ്യപ്പെട്ടു'വെന്ന് ഫുതുഹാത്തുൽ ജസായിറിൽ രേഖപ്പെടുത്തിയിരി ക്കുന്നു. ഇതിൽനിന്നും 7-ാം നൂറ്റാണ്ടിലും ദ്വീപുകളിൽ തറക്കും തറവാട്ടിന്നും നൽകിയിരുന്ന പ്രാധാന്യം ഒരുവിധത്തിൽ അംഗീകരി ക്കുകയായിരുന്നുവെന്ന് മനസ്സിലാക്കാം.

പോളിനേഷ്യൻ

ചെറ്റപ്പുര



courtesy: photo USS Albatrossallyms National Archives

പോളിനേഷ്യൻ

(ചിത്രം 15)

ചെറ്റപ്പുര

ലക്ഷദ്വീപ്

അന്ത്രോത്തിലെ രണ്ടാമത്തെ ഖാസിയായിരുന്ന അബൂബക്കറിബ്നു ഉബൈദുല്ലാ അവർകൾക്കുശേഷം മക്കത്തായ രീതി തുടരുകയായിരുന്നുവെങ്കിൽ അബൂബക്കറിന്റെ മകനായ ബലിയളിക്കോത്ത് വീട്ടിൽ മുഹമ്മദ് എന്നിവരായിരുന്നു ഖാസിയാകേണ്ടത്. പക്ഷേ, അബൂബക്കറിന്റെ കാലശേഷം ഖാസിയായി അവരോധിക്കപ്പെട്ടത് അദ്ദേഹത്തിന്റെ ഒസ്യത്ത് അനുസരിച്ച് സഹോദരിപുത്രനായ പാട്ടകൽ അഹ്മദുബ്നു മുഹമ്മദ് ആണ്. പിതാവിന്റെ മരണാനന്തരം താനാണ് ഖാസിയാവേണ്ടത് എന്ന് മുഹമ്മദ് അവർകൾ വാദിച്ചുവെങ്കിലും ജനങ്ങൾ അതംഗീകരിച്ചില്ല. ദ്വീപിലെ ഈ മരുമക്കത്തായ രീതിയിൽ പ്രതിഷേധിച്ച് അദ്ദേഹം അന്ത്രോത്തിനോട് വിടപറഞ്ഞ് കോഴിക്കോട്ട് വന്ന് അവിടത്തെ ഖാസിയായി ശിഷ്ടകാലം കഴിച്ചു. ഈ വസ്തുത അന്ത്രോത്ത് ദ്വീപിലെ പ്രമുഖ പണ്ഡിതനും കവിസാമ്രാട്ടുമായിരുന്ന പുറാടം കുഞ്ഞിക്കോയാതങ്ങൾ ഹിജറ 1323ൽ എഴുതി 1324ൽ തലശ്ശേരിയിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള 'ഫുതൂഹാത്തുൽ ജസായിറ് ഫിൽഖസസിൽ ദുഖായിറ്' എന്ന സഫീന പാട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഉടനെ ജുമൈലത്ത്

"തന്നെ ഖളാവത്തിൽ ഏല്പിക്ക വേണമെന്ന്

താങ്കൾ മകനാർ ധരിത്തതിൽ കോപംകൊണ്ട്

പിന്നെ അവർകൾ ഉരത്തബുവാനോർസ്വത്ത്

പിള്ളെകൾക്കില്ലാത്ത ഊരിന്ന് ഞാനൊഴിത്ത്

അന്നേ അവിടന്നും കേറിലിൽ കാലിക്കോത്തി

അവിടം ഹസല ലഹുഖളാവത്തുൽ ബസ്തി"

ഹ: ഉബൈദുള്ളയുടെ കാലംതൊട്ട് മുരമക്കത്തായമനുസരിച്ച് നിലനിർത്തിപ്പോന്നിരുന്ന ഖാസി സ്ഥാനം ഇത:പര്യന്തം അതേനിലയിൽ തുടർന്നുവരുന്നു. ഹ: ഉബൈദുള്ളയുടെ ഭവനമായ 'പാട്ടകൽ' തറവാട്ടിൽ ജനിച്ചുവളർന്നവർക്കുമാത്രമായി നൽകിവരുന്ന ഈ സ്ഥാന ബഹുമതി ദ്വീപുകളിൽ അന്നുമുതൽ തുടർന്നുവരുന്ന മരുമക്കത്തായ സമ്പ്രദായ ത്തിന്റെ മങ്ങാത്ത ഒരു ദൃഷ്ടാന്തം കൂടിയാണ്.

ഓരോ വ്യക്തിയുടേയും സ്വന്തം സ്വത്ത് മക്കത്തായ വഴിക്ക് ലഭിക്കണമെന്ന ഇസ്ലാംമതവിധിപ്രകാരം ഹ: ഉബൈദുള്ളയുടെ സ്വത്ത് പാട്ടകൽ വീട്ടിലെ സ്വന്തം മക്കൾക്കാണ് നല്കിയതെങ്കിലും ദ്വീപുകളിലെ പ്രാചീന ആചാരമായ മരുമക്കത്തായവും തറക്കും തറവാട്ടിനുമുള്ള സ്ഥാനവും വീണ്ടും വേരുറച്ചുനിന്നുവെന്നാണ് ഇതിൽനിന്നു വ്യക്തമാവുന്നത്. തറവാട്ട് സ്വത്ത് എന്ന പേരിലറിയ പ്പെടുന്നവ ദ്വീപിൽ കുടിയേറ്റമുണ്ടായ കാലംമുതൽ ഓരോ തറവാ ട്ടിലും അടങ്ങി വന്ന സ്വത്തായതുകൊണ്ടും ആ സ്വത്തുക്കൾ ആ തറവാട്ടിൽ ജനിച്ചുവളർന്നവർക്ക് അനുഭവിക്കാൻവേണ്ടി മുൻഗാമികൾ ഒഴിച്ചിട്ടവയായതുകൊണ്ടും പിൽക്കാല അംഗങ്ങളുടെ സ്വയാർജ്ജിത സ്വത്തല്ലെന്ന് കാരണത്താലുമായിരിക്കണം ദ്വീപുകളിൽ ഇസ്ലാമിക നിയമപ്രകാരമുള്ള മക്കത്തായം ഈ സ്വത്തുക്കളെ ബാധിക്കാത്തത്.

മരുമക്കത്തായംപോലെത്തന്നെ പോളിനേഷ്യൻ പാരമ്പര്യം വ്യക്ത മാക്കുന്ന ഒന്നാണ് തൊഴിലിനോടുള്ള ദ്വീപുകാരുടെ സമീപനരീതിയും. തൊഴിലിന്നുവേണ്ടി തൊഴിൽ എന്നോ സമ്പാദിക്കാൻവേണ്ടി തൊഴിൽ എന്നോ ഉള്ള ആശയം ദ്വീപുകാരെ ഇന്നോളം സ്വാധീനിച്ചിട്ടില്ല. ജീവിക്കാൻവേണ്ടി തൊഴിൽ എന്ന പോളിനേഷ്യൻ ആശയമാണ് ഇന്നും ദ്വീപുകാരെ ഭരിക്കുന്നത്. സമ്പാദിക്കുക എന്നത് ദ്വീപുകാരുടെ ലക്ഷ്യമായിരുന്നെങ്കിൽ ഫലഭൂയിഷ്ഠമായ മണ്ണിലും വിഭവസമൃദ്ധമായ കടലിലും അദ്ധ്വാനിച്ച് ലക്ഷങ്ങൾ നേടാമായിരുന്നു. പക്ഷേ ദ്വീപുകാർ ഇന്നും പോളിനേഷ്യൻ രക്തത്തിന്റെ സ്വാധീനം നിമിത്തം ആവശ്യ

ത്തിനുവേണ്ടി മാത്രമേ അദ്ധ്വാനിക്കുകയുള്ളൂ. ദ്വീപിലെ ഭൂവുടമകൾ അവർക്ക് ആവശ്യത്തിനുള്ള കൊപ്പര ലഭിക്കാൻ മാത്രം തെങ്ങുകളുണ്ടെങ്കിൽ കൂടുതൽ സ്ഥലത്ത് അനാവശ്യമായി തെങ്ങുത്പാദിപ്പിക്കാൻ ഉത്സാഹിക്കാറില്ല. ഹ്രസ്വകാലവിളവുകളായ വാഴ, കിഴങ്ങുവർഗ്ഗങ്ങൾ മുതലായ കൃഷിചെയ്യുന്നതിൽനിന്നും ഭൂവുടമകൾ ഭൂമിയില്ലാത്തവരെ തടസ്സപ്പെടുത്താറില്ലെന്ന് മാത്രമല്ല, അവരിൽനിന്ന് യാതൊരു പ്രതിഫലവും ഈടാക്കാറുപോലുമില്ല എന്ന കാരണത്താൽ മറ്റുള്ളവരുടെ വിജനമായ ഭൂമിയിലെല്ലാം കൃഷിചെയ്ത് സമ്പാദിച്ച് കളയാമെന്ന് ഭൂരഹിതരും കരുതാറില്ല. മത്സ്യബന്ധനം മുതലായ തൊഴിലുകളേർപ്പെടുന്നവർപോലും ആവശ്യത്തിനുള്ളത് നേടിക്കഴിഞ്ഞാൽ കൂടുതൽ അദ്ധ്വാനിച്ച് സമ്പാദിച്ച് കളയാമെന്ന് ആഗ്രഹിക്കുന്നില്ല. ചുരുക്കത്തിൽ ആവശ്യത്തിന് അദ്ധ്വാനിക്കുക, അതുകഴിഞ്ഞാൽ വിശ്രമിക്കുക എന്നത് ദ്വീപുകാരുടെ പരമ്പരാഗതമായ സ്വഭാവമാണ്. സമ്പാദിക്കാൻവേണ്ടി അദ്ധ്വാനിക്കുക പണം കുന്നുകൂട്ടിവച്ച് സ്വയം അനുഭവിക്കുക പണത്തിന്റെ പേരിൽ അഹങ്കരിക്കുക, എന്നിവ ദ്വീപുകാർക്ക് അപരിചിതമത്രെ. തൊഴിലിലേർപ്പെട്ടവരേക്കാളും എവിടെ നോക്കിയാലും വിശ്രമിക്കുന്നവരെയായിരിക്കും ദ്വീപുകളിൽ സാധാരണയായി ഒരു സന്ദർശകൻ കാണുക. പോളിനേഷ്യക്കാരുടെ വിശ്രമസ്വഭാവം കണ്ട് അവർ അലസന്മാരാണെന്ന് മുദ്രയടിക്കരുതെന്ന് J.E. WECKLER പോളിനേഷ്യക്കാരെപ്പറ്റി പറഞ്ഞതുപോലെ ദ്വീപുകാരും അലസന്മാരാണെന്നോ ജോലി ചെയ്യാൻ കെൽപില്ലാത്തവരാണെന്നോ കരുതുന്നത് ഭീമാബദ്ധമായിരിക്കും. പ്രകൃതിക്ഷോഭങ്ങളെ വകവയ്ക്കാതെ അനേകായിരം നാഴികകൾ താണ്ടി ദ്വീപുകളിൽ കുടിയേറുകയും വിജനമായ മണൽതിട്ടകൾ മനുഷ്യാധിവാസത്തിനുപയുക്തമാക്കുകയും ചെയ്ത ആദിമനിവാസികളുടെ കായികശേഷിയും സാഹസികതയും കൈമുതലായുള്ള ദ്വീപുകാർ ഉദ്ദിഷ്ട ജോലി എത്രയും വേഗം ചെയ്ത് തീർക്കുകയും അതുകഴിഞ്ഞാൽ വിശ്രമിക്കുകയുമാണ് ചെയ്യുക. സമയം തികയ്ക്കാൻവേണ്ടി തൊട്ടും തൊടാതെയും ജോലി ചെയ്യുന്ന രീതി ദ്വീപുകാർക്കറിയില്ല.

ദ്വീപുകാരുടെ തൊഴിലിനോടുള്ള സമീപനംപോലെത്തന്നെ തൊഴിൽ ചെയ്യുന്ന രീതിയും കടപ്പെട്ടിരിക്കുന്നത് പോളിനേഷ്യക്കാരോടാണെന്ന് കാണാവുന്നതാണ്. കുറേയേറെ ജോലികൾ ചെയ്ത് തീർക്കാനുണ്ടെങ്കിൽ ദ്വീപുകാർ പോളിനേഷ്യക്കാരെപ്പോലെ ആ ജോലികൾ വിവിധ ഗ്രൂപ്പുകൾക്കായി ഭാഗിക്കുകയും അവരവരുടെ ജോലി ആര് ആദ്യം പൂർത്തീകരിക്കുമെന്ന വാശിയിൽ വിശ്രമമില്ലാതെ മത്സരിച്ച്

ചെയ്ത് തീർക്കുകയുമാണ് ചെയ്യുക. 'ഓടം കയറ്റൽ' മുതലായ പൊതുപരിപാടികളിൽ ഇത്തരം ചേരിതിരിഞ്ഞുള്ള മത്സരങ്ങൾ ഇന്നും സർവസാധാരണമാണ്.

ദ്വീപുകാരുടെ സമ്പത്തിനോടുള്ള സമീപനം പോളിനേഷ്യൻ പാരമ്പര്യത്തിന്റെ മറ്റൊരുദാഹരണമാണ്. രാപ്പകൽ വിശ്രമമില്ലാതെ സമ്പാദിച്ച്, സമ്പത്ത് കുന്നുകൂട്ടിവച്ച് സ്വയം അനുഭവിക്കുന്ന രീതിക്ക് ദ്വീപുകാർ ഇന്നോളം ഒരു മാന്യതയും കൽപിക്കാറില്ല. ദ്വീപുകാർ വിലമതിക്കുന്നത് ഓരോരുത്തരും അവരവരുടെ സ്വത്തുക്കൾ മറ്റുള്ളവർക്കുവേണ്ടി പ്രത്യേകാവസരങ്ങളിൽ ചെലവഴിക്കുന്നതിനെയാണ്. ഓരോ തറവാട്ടുകാരും മറ്റുള്ളവർക്കുവേണ്ടി എങ്ങിനെയെല്ലാം ചെലവാക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് മാനിക്കപ്പെടുന്നത്. സ്വന്തമായി എത്രമാത്രം സ്വത്ത് ഒരാൾ സമ്പാദിച്ചുവച്ചാലും സ്വയം അനുഭവിച്ചാലും ദ്വീപ് സാമൂഹ്യരീതിയിൽ അതിന് ഒരു സ്ഥാനവുമില്ല. പോളിനേഷ്യക്കാരെപ്പോലെ ദ്വീപുകാരും അവരവർക്ക് നാട്ടിൽ സ്വന്തമായുള്ള പൂർവികസ്വത്തുക്കൾ (ഭൂസ്വത്ത്, ഓടം എന്നിവ) മാത്രമാണ് - മാന്യതയുള്ള സമ്പത്തുകളായി ഗണിക്കുന്നത്. ദ്വീപുകളിലെ പ്രാചീന തറവാടുകളെല്ലാം ഈ സാമ്പത്തികപാരമ്പര്യം നിലനിർത്തിപ്പോരുന്നതിൽ നിഷ്കർഷത പാലിച്ചുവന്നവരുമാണ്. എങ്ങനെയെങ്കിലും പണമുണ്ടാക്കുന്നവർക്ക് അതിന്റെ പേരിൽ ദ്വീപുസമൂഹത്തിൽ മാന്യത നേടാൻ സാധ്യമല്ല. "നാണംകെട്ടും പണമുണ്ടാക്കിയാൽ നാണക്കേട് ആ പണം തീർക്കും" എന്ന തത്ത്വം ദ്വീപുസമൂഹത്തിൽ അപ്രായോഗികമാണ് ഇന്നും.

ഓരോ തറവാട്ടിലേയും തലമുതിർന്ന അംഗത്തിന് ദ്വീപുകാർ ഇന്നും നൽകിവരുന്ന പ്രാധാന്യമാണ് ലക്ഷദ്വീപു സാമൂഹ്യരീതിയിലെ പോളിനേഷ്യൻ പാരമ്പര്യം വ്യക്തമാക്കാനുതകുന്ന മറ്റൊരു വസ്തുത. പത്തും ഇരുപതും അതിലേറെയും വീടുകൾ അടങ്ങിയ തറവാടുകൾ അനേകം ശാഖോപശാഖകളായി വേർപിരിഞ്ഞ ശേഷവും ആ തറവാട്ടിലെ അംഗങ്ങൾ എല്ലാവരും പ്രസ്തുത ഗോത്രത്തിലെ തലമുതിർന്ന അംഗത്തെ അക്ഷരാർത്ഥത്തിൽത്തന്നെ അനുസരിച്ച് വരുന്നത് ദ്വീപുകാരുടെ കീഴ്വഴക്കമാണ്. കാരണവൻമാർക്ക് തറവാട്ടിലുള്ള സ്ഥാനം ചോദ്യം ചെയ്യപ്പെട്ടുകൂടാ എന്നതൊരലിഖിതനിയമമത്രെ. പോളിനേഷ്യക്കാരെപ്പോലെത്തന്നെ കുടുംബത്തിലെ ഒരംഗം മറ്റേതെങ്കിലും വ്യക്തിയോട് എന്തെങ്കിലും തെറ്റ് പ്രവർത്തിച്ചാൽ പരാതിപ്പെടുന്നത് കുടുംബകാരണവരോടായിരിക്കും. അതിന്ന് ന്യായമായ പരിഹാരം നിർദ്ദേശിച്ചു പ്രവൃത്തിപഥത്തിൽ വരുത്തേണ്ടതും കാരണ

വരത്രെ. നാട്ടിലുള്ള പൊതുകാര്യങ്ങളെല്ലാം തീരുമാനിക്കപ്പെട്ടിരുന്നത് ഇത്തരം കാരണവന്മാർ ഒന്നിച്ചുചേരുന്ന സമ്മേളനങ്ങളിൽ വച്ചായിരുന്നു. ഓരോ പ്രമുഖ തറവാടുകളേയും പ്രതിനിധീകരിച്ച സമ്മേളനങ്ങളിൽ പങ്കെടുക്കുന്ന കാരണവന്മാർ എടുക്കുന്ന തീരുമാനങ്ങൾ അതേപടി സ്വീകരിക്കാൻ എല്ലാവരും ബാധ്യസ്ഥരുമായിരുന്നു. ഇത്തരത്തിലുള്ള കാരണവന്മാരുടെ സഭയായിരുന്നു ആദ്യകാലങ്ങളിൽ അതതു ദ്വീപുകളുടെ ഭരണംതന്നെയും കൈയ്യാളിയിരുന്നത്. പിൽക്കാലത്ത് ദ്വീപുകളുടെ ഭരണാധികാരികളായി വന്ന അറയ്ക്കൽ രാജവംശവും അവരെ തുടർന്ന് ബ്രിട്ടീഷുകാരും പിന്നീട് സ്വാതന്ത്ര്യത്തിനുശേഷവും ഈ സഭകളുടെ പ്രാധാന്യം മനസ്സിലാക്കി ഇവരെ പാരമ്പര്യ കാരണവന്മാരായി ഔദ്യോഗികമായിത്തന്നെ അംഗീകരിച്ചുവന്നു. ദ്വീപുകളിലെ ക്രമസമാധാനം പാലിക്കുന്നതിനും കേസ്സുകൾ വിചാരണചെയ്യുന്നതിനും ഇവരെ അധികാരപ്പെടുത്തിയിരുന്നു. പാരമ്പര്യകാരണവന്മാരിൽ ആരെങ്കിലും മരണപ്പെട്ടാൽ ആ തറവാട്ടിലെ തന്നെ പ്രമുഖാംഗത്തെ തൽസ്ഥാനത്തേക്ക് ഗവൺമെന്റ് നിയമിച്ചിരുന്നു. എന്തുവിലകൊടുത്തും ആ തറവാടിന്റെ പാരമ്പര്യം പ്രാതിനിധ്യം അത്തരം സഭകളിൽ ഉറപ്പുവരുത്താൻ ആ തറവാട്ടുകാരും താല്പര്യം പ്രകടിപ്പിച്ചിരുന്നു. 1956ൽ കേന്ദ്ര ഭരണത്തിൻ കീഴിൽ ദ്വീപുകളിൽ ആധുനിക ഭരണസംവിധാനം നടപ്പിലാക്കുന്നതുവരേയും അതിപ്രാചീനമായ നാട്ടുമൂപ്പന്മാരുടെ ഭരണരീതി മങ്ങലേൽക്കാതെ നിലനിന്നിരുന്നു.

ഓരോ പ്രദേശത്തും പിൽക്കാലത്ത് എത്തിപ്പെട്ടവർക്ക് അംഗീകാരം കുറവായിരുന്നുവെന്ന പോളിനേഷ്യൻ രീതിപോലും ദ്വീപുകളിൽ ഇന്നും നിലനിൽക്കുന്നു. പോളിനേഷ്യൻ പാരമ്പര്യം വേരുറച്ച് കഴിഞ്ഞ് നൂറ്റാണ്ടുകൾ പിന്നിട്ടശേഷം കുടിയേറ്റം നടത്തിയ മലയാളികൾക്ക് ദ്വീപുകളിൽ സാമൂഹ്യമായി ആധിപത്യവും അംഗീകാരവും നേടാൻ സാധിച്ചില്ലെന്ന് മാത്രമല്ല, അവർക്ക് ലക്ഷദ്വീപുസമൂഹത്തിലെ നാലാംകിടക്കാരായി തുടരേണ്ടിവരികയും ചെയ്തുവെന്നത് ശ്രദ്ധാർഹമത്രെ. ദ്വീപുകളിൽ സംഭവിച്ചതിന് നേർവിപരീതമായി കേരളത്തിൽ അവിടത്തെ ആദിമനിവാസികൾ പിൻനിരയിലേക്ക് തള്ളപ്പെടുകയും പിൽക്കാലത്ത് കുടിയേറിയവർ പ്രബലസമൂഹമായി ഉയരുകയുമാണുണ്ടായത്. "വടക്കുനിന്നും കുടിയേറ്റക്കാരും അക്രമകാരികളുമായ വർഗ്ഗക്കാർ കേരളമണ്ണിന്റെ ആദി ഉടമകളും ആദിമനിവാസികളുമായിരുന്നവരെ ആക്രമിച്ചുകീഴടക്കി... വടക്കുനിന്നും വന്നവരായ ദ്രാവിഡരോ ആര്യന്മാരോ ആയ ചിലർ ഈ ആദിമനിവാസികളെ ആക്രമിക്കുകയും നാടു കൈവശപ്പെടുത്തുകയും ചെയ്തു. (History of Kerala II P. 272)

കേരളത്തിലെ ആദിമനിവാസികളായ കാടർ, കാണിക്കാർ, മലമ്പണ്ടാരങ്ങൾ, മുതുവർ, ഉള്ളാടന്മാർ, ഊരാളികൾ, പണിയന്മാർ, ഉരുളർ, കുറിച്ച്യർ, കരിമ്പാലന്മാർ, മല അരയന്മാർ, മലവേടന്മാർ മുതലായവർ പിൽക്കാലത്തെ ആര്യബ്രാഹ്മണന്മാരുടെ അധിനിവേശത്തോടെ സാമൂഹ്യമായി അവഗണിക്കപ്പെടുകയും പിൻനിരയിലേക്ക് തള്ളപ്പെടുകയും ചെയ്തു. ഒരുകാലത്ത് ദ്രാവിഡ വർഗ്ഗത്തിലെ ഉന്നതരായിരുന്ന ആദിമനിവാസികൾക്കുപോലും വേദബ്രാഹ്മണരുടെ ഈ കടന്നാക്രമണത്തിൽനിന്ന് രക്ഷനേടാനായില്ല. കേരളത്തിലെ ആദിമനിവാസികൾ പിൽക്കാലത്ത് കുടിയേറിയവരെയെല്ലാം സാമൂഹ്യമായി നാലാംകിടക്കാരായി മാറ്റിനിർത്തുകവഴി അവിടത്തെ ആദിമനിവാസികൾ അവരുടെ പ്രാമാണ്യം എക്കാലവും ഉയർത്തിപ്പിടിക്കുകയാണുണ്ടായത്. പിൽക്കാലത്ത് എത്തിപ്പെട്ടവർക്ക് പോളിനേഷ്യൻ സാമൂഹ്യവ്യവസ്ഥിതിയനുസരിച്ച് അംഗീകാരം കുറവായിരുന്നുവെന്ന വസ്തുതയാണ് കേരളത്തിലേതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ചരിത്രപാരമ്പര്യം തുടരാൻ ദ്വീപുകളെ പ്രേരിപ്പിച്ചത് എന്ന് കാണാവുന്നതാണ്. ലക്ഷദ്വീപുകളിൽ പോളിനേഷ്യൻ സംസ്കാരം ചെലുത്തിയ സ്വാധീനത്തിന് മറ്റൊരു നല്ല ദൃഷ്ടാന്തം കൂടിയാണിത്.

ലക്ഷദ്വീപുകളുടെ പോളിനേഷ്യൻ പാരമ്പര്യം വിളിച്ചോതുന്ന സാമൂഹികവും കാർഷികവും നാവികശാസ്ത്രപരവും മറ്റുമായ തെളിവുകൾക്ക് പുറമെ ദ്വീപുകളുടെ ശിലായുഗപാരമ്പര്യം വ്യക്തമാക്കുന്ന ചരിത്രസ്മാരകചിഹ്നങ്ങളും ഇവിടങ്ങളിൽ ഇന്നും അവശേഷിക്കുന്നു. (ചിത്രം 16) ലോഹങ്ങളുടെ ഉപയോഗം അജ്ഞാതമായിരുന്ന ആദിമനിവാസികൾ ഓടം നിർമ്മാണത്തിനും മറ്റും വിനിയോഗിച്ചിരുന്നത് ശിലായുധങ്ങളായിരുന്നു. ലോഹംകൊണ്ടുള്ള ആയുധങ്ങൾ പ്രചാരത്തിൽ വന്നതിനുശേഷവും പഴയ ശിലായുധങ്ങളിൽ ചിലത് ഉപയോഗിച്ചിരുന്നുവെന്നതിന് ഒരു തെളിവാണ് ഈ നൂറ്റാണ്ടന്റെ ആരംഭത്തിലും ദ്വീപുകളിൽ ഓടംപണിക്ക് ഉപയോഗിച്ചിരുന്ന 'ഔലിക്കല്ല്' എന്ന പേരിലറിയപ്പെടുന്ന ശിലായുധം. ചകിരി തല്ലുന്നതിനും തേങ്ങ പൊട്ടിക്കുന്നതിനും മറ്റും ശിലായുധങ്ങൾ ഉപയോഗിക്കുന്ന പഴയ രീതി ദ്വീപുകളിൽ ചിലരെങ്കിലും അടുത്ത കാലത്തും തുടർന്നുവന്നിരുന്നു. പോളിനേഷ്യക്കാർ ഉരക്കടലാസിനു പകരം സ്രാവിൻതോൽ ഉപയോഗിച്ചിരുന്നതുപോലെ ദ്വീപുകാരും സ്രാവിൻതോലും തിരണ്ടിവാലും അത്തരം ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവന്നിരുന്നു. ദ്വീപിലെ ശിലായുഗവാസികൾ തീയുത്പാദിപ്പിക്കാൻവേണ്ടി ഉപയോഗിച്ചിരുന്ന 'പാട്ടി' എന്ന പേരിലറിയപ്പെടുന്ന മരവും ആ മരത്തിന്റെ കാതൽ കടഞ്ഞ് തീയുത്പാദിപ്പിക്കാമെന്ന അറിവും ദ്വീപുകളിൽനിന്ന് ഇന്നും

(ചിത്രം 16) അന്ത്രോത്തിൽനിന്നും കിട്ടിയ ശിലായുധങ്ങൾ

നഷ്ടപ്പെട്ടിട്ടില്ല.

ദ്വീപുകാർ ഓടം നിർമ്മാണത്തിന്നുപയോഗിച്ചിരുന്ന 'ഔലിക്കല്ലിന്റെയോ ചകിരി തല്ലാനുപയോഗിച്ചിരുന്ന കല്ലിന്റെയോ വിഭാഗത്തിൽ പെടാത്തതും കരിങ്കല്ലുകൊണ്ടുള്ളവയുമായ ഏതാനും ശിലായുധങ്ങൾ അന്ത്രോത്ത് ദ്വീപിൽനിന്നും ലഭിക്കുകയുണ്ടായി. കരിങ്കല്ലുകൾ ഇല്ലാത്ത ലക്ഷദ്വീപുകളിൽപെട്ട ഈ ദ്വീപിൽനിന്നും കിട്ടിയ ചെറുതും വലുതുമായ ഈ നവീന ശിലായുധങ്ങൾ (Neolithictool) ആദിമകാലങ്ങളിൽ അനന്തമായ കടലുകൾതാണ്ടി ഈ ദ്വീപുകളിൽ കുടിയേറിത്താമസിച്ച സാഹസികർ ആരായിരുന്നുവെന്നും ചരിത്രത്തിന്റെ ഏത് ഘട്ടത്തിലാണ് ദ്വീപുകളിൽ കുടിയേറ്റമുണ്ടായതെന്നും, അവർ ഉപയോഗിച്ചിരുന്നു ആയുധങ്ങൾ ഏത് തരത്തിലുള്ളവയായിരുന്നുവെന്നും സംശയരഹിതമായി തെളിയിക്കുന്നു.

FEFERENCES

1. W. ROBINSON - Report on the Amindivi Islands (1846) Revenue Dept: Govt. of Madras.

CamScanner

2. ജവഹർലാൽ നെഹ്റു - വിശ്വചരിത്രാവലോകനം, വിവർത്തനം.: വി. രാമനുണ്ണിമേനോൻ. പേ. 139

കെ. എം. പണിക്കർ - ഇന്ത്യാ ചരിത്രാവലോകം വിവർത്തനം: നാലാങ്കൽ കൃഷ്ണപിള്ള. പേ: 104

3. J.E. WECKLER Jr. Explorers of the Pacific Washington 1943 Smith Sonian institution war background Series No. 6

4. Pritchard W.T. - Polynesian reminisceneces London 18

5. Turner G. Samoa a hundred years ago and long before, London 1884

6. Hendry Teuria - Ancient Tahiti Honolulu 1928

7. Wilson James - A missionary Voyage to the South pacific ocean london 19799

8. R. H. Ellis - A Shot account of the Laccadive Islands & Minicoy Madras 1924 P. 71

9. W. Robinson - Respect on the Laccadive Islands 1848

10. S. Dharmalingam "Plaiting of coconut leaves' Madras Agri: Journal 1916 P: 323- 325

11. D. A. Alcock - A Natuaralist in Indian Seas London 1902 . P: 174

12. R.S. Roosman - "Cocount Bread fruit & Taro in Pacific Oral literature journal Polynesian sci 1971 P. 74-þ 118

13. Coenan & Barrow (1961 OCt) The breadfruit tree in Micronesian, South Pacific Bulletin. P: 37þ 39

14. Encyclopedia Britannica USA 1969 Vol 13 P659

15. സി. ചന്ദ്രശേഖരൻ - മാതൃഭൂമി ആഴ്ചപ്പതിപ്പ്. 29 ആഗസ്ത് 1965

ചരിത്രരേഖകളിലൂടെ

ഏകദേശം ക്രിസ്തുവിന്നും 1500 വർഷങ്ങൾക്ക് മുൻപ് ജനവാസം തുടങ്ങിയതായി കരുതപ്പെടുന്ന ലക്ഷദ്വീപുകൾ ബി.സി. ശതകങ്ങളിൽതന്നെ ചരിത്രഗ്രന്ഥങ്ങളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരുന്നു. സോളമന്റെ (സുലൈമാൻ നബി ബി. സി. പത്താം നൂറ്റാണ്ട്) ദേവാലയം നശിപ്പിക്കപ്പെട്ടപ്പോൾ അവിടെനിന്നും രക്ഷപ്പെട്ട വിദേശീയർ കൊടുങ്ങല്ലൂർ സമുദ്രതീരത്തിനടുത്ത് ഒരു ദ്വീപിൽ താവളമടിച്ചിരുന്നതായി ബിഷപ്പ് മിഡിൽട്ടൻ തന്റെ ചരിത്രഗ്രന്ഥത്തിൽ പറയുന്നുണ്ട്. ''ഷിംഗ്ലി കടൽതീരമെന്ന് ജറുസലം ഇതിഹാസങ്ങളിൽ കാണുന്നത് കൊടുങ്ങല്ലൂർ തുറമുഖത്തെ സംബന്ധിച്ചാണ്. ലക്ഷദ്വീപുകളെ സംബന്ധിച്ചായിരിക്കും മിഡിൽട്ടൺ ഇങ്ങിനെ സൂചിപ്പിച്ചത്. അങ്ങനെയാണെങ്കിൽ പഴക്കമുള്ള ഒരു തലമുറയുടെ സാമീപ്യം ഈ ദ്വീപുകൾക്ക് ലഭിച്ചിരിക്കണം. ജൂതചരിത്രഗ്രന്ഥങ്ങളിൽ കാണുന്ന സുഫാലി റബ്ബിന്റെ കപ്പൽപ്പട ഷിംഗ്ലിയിലേക്ക് പുറപ്പെട്ടപ്പോൾ കൊടുങ്കാറ്റിലകപ്പെട്ടു ഒരു ദ്വീപിലെത്തി. സുഫാലി റബ്ബിൻ എത്തിപ്പെട്ടതും ലക്ഷദ്വീപുകളിൽ പെട്ട ഒരു ദ്വീപിലായിരിക്കാം.

ലക്ഷദ്വീപുകളുടെ വ്യാപാരപ്രാധാന്യം കണക്കിലെടുത്ത് ദ്വീപുകളെപ്പറ്റി ആദ്യമായി രേഖപ്പെടുത്തിക്കാണുന്നത് ഒരു അലക്സാൻഡ്രിയൻ ഗ്രീക്കുകാരനായ പെരിപ്ലൂസ്കാരനാണ്. ലക്ഷദ്വീപുകളെ 'Damirica യിലെ ദ്വീപുകൾ' എന്ന് രേഖപ്പെടുത്തിയ പെരിപ്ലൂസ്കാരൻ എ.ഡി. 60ൽ ഈ ദ്വീപുകളിൽനിന്നുള്ള ആമത്തോട് കയറ്റുമതിയെപ്പറ്റിയും പറയുന്നുണ്ട്.[2]

Damirica എന്ന് പെരിപ്ലൂസ്കാരൻ പറയുന്ന പ്രദേശം (സ്റ്റാബോയും ടോളമിയും ലിമുറികെ (Limurikie) എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പെരിപ്ലൂസ്കാരന്റെ സമകാലികനായിരുന്ന പ്ലിനി എ. ഡി. 77 ൽ

അതായത് അദ്ദേഹത്തിന്റെ മരണത്തിന് രണ്ടുകൊല്ലം മുൻപ് പ്രസിദ്ധീകരിച്ച പ്രകൃതിശാസ്ത്രത്തിൽ (Natural history) ലക്ഷദ്വീപുകളെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ആ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള പല സ്ഥലങ്ങളുടേയും അറബിക്കടൽ ദ്വീപുകളുടേയും പേരുകളും അവിടങ്ങളിൽനിന്ന് ലഭിക്കുന്ന വിഭവങ്ങളെപ്പറ്റിയും വിവരണങ്ങളും മറ്റും അദ്ദേഹം ഈ പ്രദേശത്തെപ്പറ്റിയറിയാവുന്ന സഞ്ചാരികളിൽനിന്ന് ശേഖരിച്ചവയായിരുന്നു. അതുകാരണം ആ ഗ്രന്ഥത്തിൽ പ്രതിപാദിച്ച പല സ്ഥലനാമങ്ങളും വിഭവങ്ങളും പരസ്പരം മാറിപ്പോയതുകാരണം തിരിച്ചറിയാൻ പ്രയാസമുണ്ട്. പഴയകാല ചരിത്രപ്രാധാന്യവും മറ്റും കണക്കിലെടുത്ത് പല സ്ഥലങ്ങളുടേയും പേരുകൾ ചരിത്രപണ്ഡിതന്മാർ രേഖപ്പെടുത്തിയവയാണ് ഇന്നംഗീകരിക്കപ്പെടുന്നത്. പ്ലിനിയുടെ പ്രകൃതിശാസ്ത്രത്തിൽ ARGYRE എന്ന പേരിൽ വിളിക്കുന്നത് ലക്ഷദ്വീപുകളെയാണെന്ന് ആ ഗ്രന്ഥത്തിന്റെ വിവർത്തകന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.[4]

ഏ.ഡി. ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ഇന്ത്യയുമായി വൻതോതിൽ വ്യാപാര ബന്ധത്തിലേർപ്പെട്ടിരുന്ന റോമക്കാരുടെ കയറ്റുമതി ഉത്പന്നങ്ങളിൽ ആമത്തോടിന് വളരെയധികം പ്രാധാന്യമുണ്ടായിരുന്നു. പെരിപ്ലൂസ്കാരൻ ഏറ്റവും പ്രാധാന്യം നൽകിയിരുന്ന ആ പ്രദേശത്തുനിന്നുള്ള കയറ്റുമതി വിഭവവും ഇതുതന്നെ. ലക്ഷദ്വീപുകളിൽനിന്നും മറ്റുമായി കയറ്റുമതി ചെയ്തിരുന്ന ആമത്തോട് അന്നത്തെ റോമക്കാർ ആഭരണങ്ങളുണ്ടാക്കാനും വീട്ടുസാമാനങ്ങൾ മോടിപിടിപ്പിക്കാനും മറ്റുമായിരുന്നു ഉപയോഗിച്ചിരുന്നത്. ആമത്തോട്, ആനക്കൊമ്പ്, മുതലായ വിലപിടിപ്പുള്ള വസ്തുക്കൾ വാങ്ങുന്നതിനായി അവരുടെ സ്വർണ്ണനാണയങ്ങൾ കണ്ടമാനം ചെലവഴിക്കപ്പെടുന്നത് റോമൻ ഭരണാധികാരികളെത്തന്നെയും വിഷമിപ്പിച്ച വസ്തുതയായിരുന്നു. പ്ലിനിയുടെ കണക്കിൻപ്രകാരം റോമിൽനിന്നും ഇന്ത്യയിലേക്ക് ആണ്ടുതോറും 550 കോടി 'സെസ്റ്റേഴ്സ്' നാണയമായിരുന്നു പ്രവഹിച്ചുകൊണ്ടിരുന്നത്. റോമൻ സ്വർണ്ണനാണയങ്ങൾ ഇങ്ങനെ നഷ്ടപ്പെടുന്നത് തടയാൻ ടൈബീരിയസ് ചക്രവർത്തി ശ്രമിച്ചിരുന്നുവെങ്കിലും പരാജയപ്പെടുകയാണുണ്ടായത്.[5] റോമക്കാരുടെ ഒരു പ്രധാന അലങ്കാരവസ്തുവായിരുന്നു ആമത്തോടുകൾ സുലഭമായിരുന്ന ലക്ഷദ്വീപുകളുമായി അവർ നടത്തിയിരുന്ന വ്യാപാരബന്ധത്തിന്റെ അനിഷേധ്യതെളിവുകളായി "1948 ൽ കടമത്ത് ദ്വീപിൽനിന്നും ഒന്നും രണ്ടും നൂറ്റാണ്ട് കാലത്തെ അനേകം റോമൻ സ്വർണ്ണനാണയങ്ങൾ കണ്ടുകിട്ടുകയുണ്ടായി.[6]" ലക്ഷദ്വീപുകളിൽ

പെട്ട അന്ത്രോത്ത്, അമ്മേനി, കവരത്തി മുതലായ മറ്റുപല ദ്വീപുകളിൽനിന്നും പലർക്കുമായി അനേകം പ്രാചീന സ്വർണ്ണനാണയ ങ്ങൾ കിട്ടിയിരുന്നു. അവയെല്ലാംതന്നെ ആഭരണങ്ങളാക്കി മാറ്റു കയോ, സ്വർണ്ണവിലയ്ക്ക് വിൽക്കുകയോ ചെയ്തത് കാരണം കടമ ത്തിലേത് പോലെ ചരിത്രപ്രാധാന്യം നേടാൻ സാധിക്കാതെ പോയി. കടമത്തിൽനിന്ന് പലപ്പോഴായി സ്വർണ്ണനാണയങ്ങൾ കിട്ടിയവരിൽ പലരും മറ്റുവല്ലവരും അറിഞ്ഞാൽ തങ്ങൾക്ക് അത് നഷ്ടപ്പെട്ടു പോകുമെന്ന ഭീതികാരണം വിൽക്കുകയോ ആഭരണങ്ങളാക്കി മാറ്റു കയോ ആണുണ്ടായത്. പക്ഷേ 1948ൽ കടമത്ത് ദ്വീപിന്റെ ഏകദേശം മദ്ധ്യഭാഗത്തുള്ള 'ചാളാക്കട' എന്ന വീട്ടിന്റെ പുറക് വശത്ത് കല്ല് വെട്ടാൻ കുഴിച്ചിടത്തുനിന്ന് പലർക്കുമായി അനേകം സ്വർണ്ണനാണയ ങ്ങൾ കിട്ടിയപ്പോൾ ആ വിവരം പരസ്യമാകുകയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുകയും ചെയ്തു. അങ്ങനെ അമ്മേനി ഗ്രൂപ്പ് ദ്വീപുക ളുടെ അന്നത്തെ ഭരണാധികാരിയായിരുന്ന മനേഗാർ അബ്ദുൽ ശുക്കൂർ 1948 ആഗസ്ത് 17- നു താഴെ പറയുന്ന കൽപന (Rec No. 310. 48) പുറപ്പെടുവിച്ചു. "അമ്മേനി മുതലായ ദ്വീപുകളുടെ മനേഗാർ സായ്പ് അവർകൾ കടമത്ത് കറാണിക്ക് കല്പന. കടമത്ത് ദ്വീപിൽ പലേ ആളുകൾക്കും ഭൂമിയിൽനിന്ന് പുരാതനകാലത്ത് വച്ച സ്വർണ്ണനാണയങ്ങളും മറ്റും നിധിയായിട്ട് കിട്ടിയിട്ടുണ്ടെന്ന് നാം അറിയുന്നു. അപ്രകാരം ആരും അവകാശികളില്ലാത്ത നിധി കിട്ടിയാൽ കിട്ടിയവർ അതിനെ അവർതന്നെ ഉപയോഗിക്കാതെ ഉടനെ സർക്കാ റിലേക്ക് അറിച്ചു അത് സർക്കാറിലേക്ക് കൊണ്ടുവന്നു കൊടുക്ക ലാണ് അവരുടെ മുറ. സർക്കാർ അത് അമാനത്തിൽവച്ച് അതിന് ആരും അവകാശികൾ ഉണ്ടോ എന്നറിവാൻ നോട്ടീസ് പരസ്യമാ ക്കിയതിൽശേഷം അതിന് ആരും അവകാശക്കാർ വാദിക്കാത്തപക്ഷം നിധികിട്ടിയവർക്ക് സർക്കാർതന്നെ വിഭാഗിക്കുന്നതാണ്. മാത്രമല്ല ഇപ്രകാരം നിധികിട്ടിയവർ സർക്കാറിലേക്ക് അറിവ് കൊടുക്കാതെ അവർതന്നെ അത് വച്ച് ഉപയോഗിച്ചുവന്നു. സർക്കാർ അതിനെപ്പറ്റി അറിവ് കിട്ടിയാൽ ആ നിധി സർക്കാർതന്നെ അവരിൽനിന്ന് മടക്കി എടുക്കുന്നത് മാത്രമല്ല അതിന് അറിവിക്കാത്തവർക്ക് ശിക്ഷയും കൊടുക്കുന്നതാണ്. അല്ലാതെ ഇപ്രകാരം നിധികിട്ടിയവർ ആ സ്വർണ്ണം തട്ടാന്മാരെക്കൊണ്ട് ഉരുക്കിച്ചു ആഭരണങ്ങളും മറ്റും ഉണ്ടാ ക്കിക്കുന്നു എന്നു നാം അറിയുന്നു. അങ്ങനെ ചെയ്യാനും തീരെ പാടില്ലാത്തതാകുന്നു. അതുകൊണ്ട് മേപ്പടി നിധി കിട്ടിയവർ എല്ലാവരേയും സ്വർണ്ണം ഉരുക്കിയ തട്ടാന്മാരേയും സ്വർണ്ണം വിറ്റുവില

കൊടുത്ത ആളുകളേയും ആഭരണങ്ങൾ ഉണ്ടാക്കിവച്ച ആളുകളേയും ഉണ്ടാക്കിവച്ച ആഭരണങ്ങളും കിട്ടിയ പൂർണ്ണനിധിയോടുകൂടി വീഴ്ചകൂടാതെ നാളെത്തന്നെ മനേഗാർ സായ്പിന്റെ മുമ്പാകെ കാറാണിതന്നെ ഹാജറാക്കണമെന്ന് കറാണിക്ക് കല്പിക്കുന്നു" ഗവൺമെന്റിന്റെ ഈ കല്പനക്ക് വലിയ പ്രയോജനമുണ്ടായില്ലെങ്കിലും നാൽപതോളം സ്വർണ്ണനാണയങ്ങൾ യാതൊരു കേടുംകൂടാതെ ജനങ്ങളിൽനിന്നും കിട്ടി. ഇവയായിരുന്നു എ.ഡി. ഒന്നും രണ്ടും നൂറ്റാണ്ടുകാലത്തെ റോമൻനാണയങ്ങളായിരുന്നുവെന്ന് പിന്നീട് തിരിച്ചറിഞ്ഞത്. ലക്ഷദ്വീപുകളിൽനിന്നുള്ള ആമത്തോട് കയറ്റുമതിയെപ്പറ്റി എ.ഡി. 60ൽ പെരിപ്ലൂസ്കാരൻ രേഖപ്പെടുത്തിയത് ചരിത്രസത്യമായിരുന്നുവെന്ന് തെളിയിക്കുകയും ദ്വീപുകളും റോമുമായി ആ കാലത്തുണ്ടായിരുന്ന വ്യാപാരബന്ധത്തിന്റെ വ്യാപ്തി വ്യക്തമാക്കുകയും ചെയ്യുന്നവയായിരുന്നു കടമത്ത് ദ്വീപിൽനിന്നും കിട്ടിയ ഈ റോമൻ സ്വർണ്ണനാണയങ്ങൾ.

തമിഴിലെ സംഘകാല കൃതികളിൽപെട്ട പതിറ്റുപ്പത്ത് രണ്ടാംപത്തിൽ വർണ്ണിക്കുന്ന നെടും ചേരലാതൻ (ഇമയരമ്പൻ) ആയിരുന്നു എ.ഡി. രണ്ടാം നൂറ്റാണ്ടിൽ ലക്ഷദ്വീപുകളെ ആദ്യമായി കീഴടക്കിയ ദക്ഷിണേന്ത്യൻ രാജാവ് എന്ന് ചരിത്രപണ്ഡിതനായ കെ. വി. കൃഷ്ണയ്യർ സമർത്ഥിക്കുന്നു.[7]

എ.ഡി. നാലം നൂറ്റാണ്ട് മദ്ധ്യത്തോടടുപ്പിച്ച് ഭരണം നടത്തിയിരുന്ന പല്ലവരാജാവായ നരസിംഹവർമ്മൻ രണ്ടാമൻ ഈ ദ്വീപുകളുടെ പ്രാധാന്യം കണക്കിലെടുത്ത് തന്റെ ഭരണത്തിൻകീഴിൽ ഉൾപ്പെടുത്താനാഗ്രഹിച്ചിരുന്നുവെന്ന് വയലൂർ ശിലാരേഖയിൽനിന്ന് പരിഗ്രഹിക്കാവുന്നതാണ്.[8] തമിൾനാട്ടിലെ ചിങ്കൽപേട്ടയിൽനിന്നും 22 നാഴിക തെക്ക് കിഴക്കായി സ്ഥിതിചെയ്യുന്ന വയലൂർ എന്ന ഗ്രാമത്തിലാണ് ഈ ശിലാശാസനമുള്ളത്. ഇതിന്റെ വ്യാഖ്യാനത്തിൽ "പല്ലവരാജാക്കന്മാർ വിദൂരപ്രദേശങ്ങളായ ലക്ഷദ്വീപുകൾ കീഴടക്കിയാലും ഇല്ലെങ്കിലും ആ പ്രദേശത്തേക്കുകൂടി അവരുടെ ഭരണം വ്യാപിപ്പിക്കുന്നതിൽ ഉത്സുകരായിരുന്നുവെന്നതിന് ഈ ശിലാരേഖ തെളിവായി ഇതിന്റെ വ്യാഖ്യാതാക്കളായ എച്ച്. കൃഷ്ണ ശാസ്ത്രിയും, ഹിരാനന്ദ ശാസ്ത്രിയും ഉദ്ധരിക്കുന്നു.[9]

എ.ഡി. 404 ൽ ക്രിസ്ത്യാനികൾ മതപ്രചാരണാർത്ഥം ലക്ഷദ്വീപുകളിൽ എത്തിയിരുന്നതായി ഇന്ത്യയിൽ ക്രിസ്ത്യൻ പ്രചരണമാരംഭകാലം" എന്ന പുസ്തകത്തിന്റെ കർത്താവ് പ്രസ്താവിക്കുന്നുണ്ട്. ഇതിന്ന് അവലംബം നൽകുന്ന തെളിവുകൾ കാണുന്നില്ല.[10] ലക്ഷദ്വീ

പുകളിൽ മതപ്രചാരണാർത്ഥം ക്രിസ്തീയ മിഷനറിമാർ വന്നിരുന്നുവെന്ന് ആ പുസ്തകത്തിൽ പരാമർശിച്ചതല്ലാതെ ദ്വീപുകളിൽ ക്രിസ്തുമതത്തിന് എന്തെങ്കിലും പ്രചാരമോ സ്വാധീനമോ നേടിയതായി പറഞ്ഞിട്ടില്ലാത്തതിനാലും, ദ്വീപുകളിൽ അത്തരം ഒരു സൂചനയും അവശേഷിച്ചിട്ടില്ലാത്തതിനാലും ആ മതപ്രചാരണദൗത്യം ഒരു പരാജയമായിരുന്നുവെന്ന് മനസ്സിലാക്കാം.

ഏ.ഡി. 547ൽ കോസ്മസ് എന്ന ഗ്രീക്കുപാതിരി എഴുതിയ The Christian Topography of Cosmas Indicopleustes എന്ന ഗ്രന്ഥത്തിൽ ദ്വീപുകളിൽ ധാരാളം തെങ്ങുകളും ശുദ്ധജലവും ലഭ്യമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.[11] കോസ്മസ് പേരെടുത്ത് പറയാതിരുന്ന ഈ ദ്വീപുകൾ ലക്ഷദ്വീപുകളാണെന്നും ഗ്രീക്കുകാർക്ക് മലബാറിലേക്കുള്ള യാത്രാമാർഗ്ഗത്തിൽ കിടക്കുന്ന ലക്ഷദ്വീപുകൾ സുപരിചിതമായിരുന്നുവെന്നും ചരിത്രപണ്ഡിതന്മാരായ J.W. Mccrindle [12], B.^. Warmingotn [13], Baijnethpuri [14] എന്നിവർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഏ.ഡി. 662ൽ ലക്ഷദ്വീപുകളിലെത്തിയ ഹ: ഉബൈദുള്ള (റ) തന്റെ ജീവിതകാലത്തുതന്നെ സ്വപുത്രനെക്കൊണ്ട് എഴുതിപ്പിച്ച "ഫുതുഹാത്തുൽ ജസായിറ" (ദ്വീപുവിജയം) എന്ന അറബിഗ്രന്ഥത്തിൽ ലക്ഷദ്വീപുകളിലെ ഇസ്ലാംമത പ്രചരണചരിത്രം വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ഇസ്ലാമിന്റെ ആവിർഭാവകാലത്തും അതിനുമുൻപും ദ്വീപുകാരും അറബികളുമായുണ്ടായിരുന്ന ബന്ധത്തെക്കുറിച്ചും അന്നത്തെ ദ്വീപുകളിലെ ആചാരരീതികളെക്കുറിച്ചും പ്രസ്തുത ഗ്രന്ഥത്തിൽ സൂചനയുണ്ട്. (ഫുതുഹാത്തുൽ ജസായിറിലെ പരാമർശങ്ങളെ സാധൂകരിക്കുന്ന മറ്റു ചരിത്രരേഖകളും, അറബികളുമായുണ്ടായിരുന്ന വ്യാപാരബന്ധത്തെക്കുറിച്ചും, മറ്റും സുലൈമാൻ (ഏ.ഡി. 851) ഇബ്നുൽ ഫക്കീഹ് (ഏ.ഡി. 902) മസ്ഊദി (ഏ.ഡി. 943) അഹ്മദ് അൽബീറൂണി (ഏ.ഡി. 1043) എന്നിവർ രേഖപ്പെടുത്തിയ വസ്തുതകളും ഈ ഗ്രന്ഥത്തിലെ ഇസ്ലാംമതപ്രചരണചരിത്രവും ഫുതുഹാത്തുൽ ജസായിറും എന്ന അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു)

ഭൂമിശാസ്ത്രജ്ഞനും പക്ഷിശാസ്ത്രജ്ഞനുമായ ഇബ്നുഹവ്കാൽ (ഏ.ഡി. 976) എന്ന സ്പെയിൻ ചരിത്രകാരൻ അറബിക്കടലിൽ പിറ്റിയ (Pittiah) എന്ന പവിഴപ്പുറ്റുകൾ നിറഞ്ഞ ഒരു ദ്വീപുണ്ടെന്നും ആ ദ്വീപിൽ പലതരം പക്ഷികൾ കൂട്ടമായി വളരുന്നുണ്ടെന്നും പ്രസ്താവിച്ചിട്ടുണ്ട്. സ്പെയിൻ ചരിത്രഗ്രന്ഥങ്ങളിൽ വിലപ്പെട്ട സൃഷ്ടികൾ ഇബ്നുഹവ്കലിന്റേതാണ്. ഭൂമിശാസ്ത്ര

CamScanner

സംബന്ധമായി ഹവ്കാൽ എഴുതിയ 'കിത്താബുൽ മുമാലികൽമ സാലിക്' ഗ്രന്ഥപരമ്പരയിൽ പിറ്റിയ ദ്വീപിനെപ്പറ്റി ഇങ്ങനെ പറയുന്നു. "ഏഷ്യാ മൈനറിൽനിന്ന് പോകുന്ന വ്യാപാരികളായ യാത്രക്കാർക്ക് അറബിക്കടലിൽ വഴി തിരിച്ചുകൊടുക്കുന്ന ഒരു ചെറിയ ദ്വീപാണ് പിറ്റിയ. പവിഴപ്പുറ്റുകൾ കൊണ്ടുനിറഞ്ഞ ഈ ദ്വീപീൽ കറുത്ത മരങ്ങൾ ഇടതിങ്ങി വളരുന്നു. വളരെയധികം പക്ഷികൾ ഈ ദ്വീപിലാണ് വളരുന്നത്. ദൂരെ സഞ്ചരിക്കുന്ന കപ്പൽക്കാർക്ക് പക്ഷികളുടെ കൂട്ടുശബ്ദംകേൾക്കാം." ഹവ്കാൽ പറയുന്ന പിറ്റിയ ദ്വീപായിരിക്കാം. ഇന്നത്തെ ചെറിയ പിട്ടിദ്വീപ്.[15]

ലക്ഷദ്വീപുകളിൽപെട്ട കവരത്തി ദ്വീപിന്നടുത്തുള്ളതും പക്ഷികൾ മാത്രം താമസിക്കുന്നതും ഇന്നും 'പിട്ടി' എന്നറിയപ്പെടുകയും ചെയ്യുന്ന ഈ കൊച്ചുദ്വീപിന്റെ പേര് ഇബ്നുഹവ്കലിന്ന് ലഭിച്ചത് സമീപസ്ത ദ്വീപുകാരിൽനിന്നായിരിക്കാനേ തരമുള്ളൂ. ദ്വീപുകാരും ഏഷ്യാമൈനറിൽനിന്നുമുള്ള വ്യാപാരികളുമായുണ്ടായിരുന്ന പ്രാചീന ബന്ധത്തിന് നല്ലൊരു ദൃഷ്ടാന്തമാണ് സ്പെയിൻ ചരിത്രഗ്രന്ഥത്തിലെ ഈ പരാമർശം.

കേരളചരിത്രത്തെ പ്രതിപാദിക്കുന്ന ഏറ്റവും പ്രമുഖവും ഇന്നോളം കണ്ടുകിട്ടിയതിൽ ഏറ്റവും പഴക്കമേറിയതുമെന്ന് കേരളചരിത്രകാരന്മാർ സമ്മതിക്കുന്ന 'മൂഷകവംശം' മഹാകാവ്യത്തിലും ലക്ഷദ്വീപുകളെക്കുറിച്ച് പരാമർശമുണ്ട്. സംഘകാലത്ത് ഏഴിമല കേന്ദ്രമാക്കി നാടുവാണിരുന്ന നന്നന്റെ പിൻതുടർച്ചക്കാരായി കോലത്തുനാടുവാണിരുന്ന മൂഷകവംശം രാജാക്കന്മാരുടെ പതിനൊന്നാം നൂറ്റാണ്ട് അവസാനംവരെയുള്ള ചരിത്രം വ്യക്തമാക്കുന്നതാണല്ലോ മൂഷകവംശം എന്ന സംസ്കൃതകാവ്യം. പതിനൊന്നാം ശതകം ഒടുവിൽ നാടുവാണിരുന്ന ശ്രീകണ്ഠൻ എന്ന മൂഷകരാജാവിന്റെ ആസ്ഥാന കവിയായിരുന്ന അതുലൻ രചിച്ച ഈ കാവ്യത്തിൽ ശ്രീകണ്ഠന്റെ ജ്യേഷ്ഠനായ വല്ലഭൻ ലക്ഷദ്വീപുകളെ കീഴടക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

14th Sarea 69th quardruple
"Uttirna Sagara Jalena Kulam Ripunam
Hathva Balena Hari Kunjara Bhishanena
Lankagayam Raghupathim Parama Kameva
Dwipam Bhabunabruta Ramagateshwarasthu"

CamScanner

(ആനകളുടേയും കാലാൾപ്പടയുടേയും സഹായത്തോടെയുള്ള വമ്പിച്ച ഒരു യുദ്ധത്തിലൂടെ ശ്രീരാമൻ ഒരു ദ്വീപുമാത്രം (ലങ്ക) കീഴടക്കി. പക്ഷെ, രാമഘടേശ്വരൻ (കോലത്തിരി) അനേകം ദ്വീപുകൾ കീഴടക്കി.)[17]

ക്രിസ്തു പതിനൊന്നാം ശതകത്തിന്റെ ആരംഭത്തിൽ നാടുവാണിരുന്ന വല്ലഭൻ എന്ന കോലത്തിരി (മൂഷക)രാജാവിന്റെ കാലത്തു തന്നെ ദ്വീപാന്തരങ്ങളുടെ വിഭവങ്ങൾ മാടായി പട്ടണത്തിൽ എത്തിക്കൊണ്ടിരുന്നു.[18]

പത്താംനൂറ്റാണ്ടിൽ ചോളരാജാവായിരുന്ന രാജരാജേന്ദ്രൻ (985 - 1012) ചേരരാജ്യവും പാണ്ഡ്യരാജ്യവും കീഴടക്കിയശേഷം സിലോണും ലക്ഷദ്വീപുകളും മാലദ്വീപുകളും കൂടി ജയിച്ചടക്കിയിരുന്നു.[19] തഞ്ചാവൂരിലെ രാജരാജേശ്വരക്ഷേത്രത്തിലെ ശിലാരേഖകൾ ഇതിന് തെളിവാണ്.[20]

പതിമൂന്നാം നൂറ്റാണ്ടിലെ സഞ്ചാരിയായ മാർക്കോപോളോയുടെ സഞ്ചാരകഥകളിൽ മിനിക്കോയി ദ്വീപിനെ സ്ത്രീകളുടെ നാട് എന്ന് വിശേഷിപ്പിക്കുകയും, അവിടുത്തെ ആചാരരീതികൾ മാർക്കോപോളോ കഥകളിൽ പൊതുവെ കാണാറുള്ള അതിശയോക്തിപരമായ ഭാഷയിൽതന്നെ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു.[21]

പതിനാലാം നൂറ്റാണ്ടിലെ സഞ്ചാരിയായ ഇബ്നുബത്തൂത്തയും മിനിക്കോയി സന്ദർശിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുഹമ്മദ്ബിൻ തുഗ്ലക്ക് ചൈനയിലേക്കയച്ച പ്രതിനിധി സംഘത്തിന്റെ നേതാവെന്ന നിലക്ക് 1342ൽ കോഴിക്കോട്ടെത്തിയ ഇബ്നു ബത്തൂത്ത യാദൃച്ഛികമായി മഹൽദ്വീപുകൾ സന്ദർശിച്ച കൂട്ടത്തിലായിരുന്നു മിനിക്കോയിയും സന്ദർശിച്ചത്. മഹൽ ദ്വീപുകളിൽ വച്ചേറ്റവും മനോഹരവും പ്രകൃതിസുന്ദരവുമാണ് മുലൂക്ക് (മിനിക്കോയി) എന്നും നാളികേരം, വെറ്റില, അടയ്ക്ക, കവിടി മുതലായവ അവിടെ സുലഭമാണെന്നും അവിടത്തെ 70 ദിവസത്തെ താമസത്തിനിടയിൽ രണ്ടു സ്ത്രീകളെ വിവാഹം ചെയ്തിരുന്നുവെന്നും മറ്റും ഇബ്നുബത്തൂത്ത രേഖപ്പെടുത്തിയിരിക്കുന്നു.[22]

1498ൽ വാസ്കോഡിഗാമ കേരളത്തിലെത്തുന്നതിനും വളരെ മുൻപുതന്നെ ലക്ഷദ്വീപുകളെക്കുറിച്ചു പോർട്ടുഗീസുകാർ മനസ്സിലാക്കിയിരുന്നു. 1460ൽ ഡോഹെന്റി (Don Henry) യെത്തുടർന്ന് പോർട്ടുഗീസു രാജ്യഭരണമേറ്റ അൽഫോൺസോ (Alfonso) അക്കാലത്തെ അനേകം യാത്രക്കാരിൽനിന്നും ശേഖരിച്ച തെളിവുകൾ വച്ച്

ഇന്ത്യൻ സമുദ്രത്തിന്റേയും അതിലെ പ്രധാനപ്പെട്ട ചില ദ്വീപുകളുടേയും ഭൂപടം നാലുകൊല്ലത്തെ ശ്രമഫലമായി 1464ൽ തയ്യാറാക്കിയിരുന്നു. അൽഫോൺസായുടെ മരണത്തെത്തുടർന്ന് അധികാരമേറ്റ ജോ (Joe) രണ്ടാമന്റെ നിർദ്ദേശാനുസരണം കോവിൽ ഹോ (Covilhoe) എന്ന നാവികൻ ഒരു അറബിക്കപ്പലിൽ സഞ്ചാരിയായിക്കൂടി കോഴിക്കോട് സന്ദർശിച്ച് തിരിച്ചുപോയി. കടൽമാർഗ്ഗങ്ങളെപ്പറ്റിയും ഇന്ത്യൻ തീരത്തെ പ്രധാനപ്പെട്ട ദ്വീപുകളെപ്പറ്റിയുമുള്ള വിശദവിവരങ്ങൾ രാജാവിനെ ധരിപ്പിച്ചു.[23]

ലക്ഷദ്വീപുകളെക്കുറിച്ച് വർഷങ്ങൾക്ക് മുൻപ് ഗ്രഹിച്ചിരുന്ന പോർട്ടുഗീസുകാർ ഇബ്നു മാജിദ് എന്ന അറബിയുടെ സഹായത്തോടെ കോഴിക്കോട് ലക്ഷ്യമാക്കി നടത്തിയ യാത്രാമദ്ധ്യേ "ലക്ഷദ്വീപുകൾ ദൃഷ്ടിയിൽപെട്ടപ്പോൾ വാസ്കോഡിഗാമ ഒരു പീരങ്കി വെടികൊണ്ട് തന്റെ സന്തോഷം വെളിപ്പെടുത്തി."[24]

എ.ഡി. 1515ൽ ബർബോസ ലക്ഷദ്വീപുകളിൽ പ്രമുഖമായ നാലു ദ്വീപുകളെപ്പറ്റി മാത്രം പരാമർശിച്ചു. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ലക്ഷദ്വീപുകളെ 'മലന്തീവ്' എന്ന പേരിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.[25] പോർട്ടുഗീസുകാർ ലക്ഷദ്വീപുകളെ പൊതുവിൽ 'മമ്മാലി ദ്വീപുകൾ' എന്നാണ് വിളിച്ചിരുന്നത്. ലങ്കാസ്റ്ററുടെ യാത്രാവിവരണത്തിലും (Voyages -Hak Society P. 10) ഇതേപേരിലാണ് ലക്ഷദ്വീപുകൾ അറിയപ്പെടുന്നത്.

സ്പെയിനിൽ മുസ്‌ലിംകളുമായുണ്ടായ യുദ്ധത്തിൽ ഏറ്റ പരാജയത്തിന്റെ പ്രതികാരമെന്നോണം കേരളത്തിലെ മുസ്‌ലിംകൾക്കെതിരിൽ ചരിത്രത്തിലില്ലാത്തവിധം ക്രൂരതകളും ഹീനകൃത്യങ്ങളും നടത്തിയ പറങ്കികൾ ലക്ഷദ്വീപുകൾക്കെതിരെയും അക്രമങ്ങൾ അഴിച്ചുവിട്ടു. പറങ്കികളുടെ ആക്രമണകാലത്ത് ലക്ഷദ്വീപുകൾ കോലത്തിരിയുടെ അധികാരപരിധിയിലായിരുന്നുവെങ്കിലും ദ്വീപുകളെ രക്ഷിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. തുടരെത്തുടരെയുള്ള ദ്വീപാക്രമണങ്ങളുടെ കഥകേട്ട് മനംനൊന്ത അന്നത്തെ കോലത്തിരിയുടെ മന്ത്രിയായ ചേണിച്ചേരി കുറുപ്പ് പോർട്ടുഗീസ് രാജാവിനോട് "അറബി ഭാഷയിൽ ഹർജ്ജി എഴുതി അപേക്ഷിച്ചു. ഹജ്ജൂത്ത 909 മുഹറം 6-നു നിങ്ങളുടെ കപ്പിത്താന്മാർ നമ്മുടെ ചെറിയ ദ്വീപുകളുടെ നേരെ ഉപദ്രവം ചെയ്യരുതെ. പിന്നെ കാലത്താലെ നാട്ടുപടക്കു 10 എങ്കിലും കണ്ണൂരിൽനിന്ന ഹോർമൂസിലെ കുതിരകളെ വാങ്ങുവാനായി ആ ദ്വീപിലോ ഗുജറാത്തിലേക്കോ ചെല്ലേണ്ടതിന്നു കല്പനയാകണം[26]. രാജാവ് അനുമതി നൽകിയിരുന്നുവെങ്കിലും പറങ്കികൾ

ഓരോ കാരണം പറഞ്ഞ് ദ്വീപുകൾ കൊള്ളയടിക്കുന്നതിൽനിന്നും പിൻതിരിഞ്ഞിരുന്നില്ല. ഫലത്തിൽ കൊള്ളക്കാരും ആക്രമികളും യാതൊരു തത്ത്വദീക്ഷയില്ലാത്തവരുമായ പറങ്കികളുടെ ആക്രമണ വലയത്തിലും നിയന്ത്രണത്തിലുമായിരുന്ന ദ്വീപുകൾക്ക് ഒരു സഹാ യവും നൽകാൻ കോലത്തിരിക്ക് സാധിച്ചില്ല. ദ്വീപുത്പന്നങ്ങൾ ചൂഷണം ചെയ്ത് അമിതലാഭമെടുത്തിരുന്ന കോലത്തിരിക്ക് ദ്വീപുകൾ വിട്ടൊഴിയുന്നതിനും വൈമുഖ്യമുണ്ടായിരുന്നു. കൊല്ലം തോറും ആയിരം ഭാരം (1 ഭാരം = 4 1/2 കിന്റൽ) കയറ് സഹായ വിലയ്ക്ക് നൽകാൻ കോലത്തിരി സന്നദ്ധനാണെങ്കിൽ ദ്വീപുകളുടെ ഭരണം തുടർന്നും നടത്തുന്നതിൽ തങ്ങൾക്ക് എതിർപ്പില്ലെന്ന് പോർട്ടുഗീസുകാർ പറഞ്ഞപ്പോൾ 1000 ഭാരം കയറ് കൊല്ലത്താൽ കൊടുക്കാമെന്ന ഉത്തരവാദിത്തം ഏൽക്കാൻ കോലത്തിരി തയ്യാ റായില്ല. 'കേരളപഴമ'യിൽ ഡോ. ഗുണ്ടർട്ട് ഈ വസ്തുത ഇങ്ങിനെ വിവരിക്കുന്നു. 'ഹൈന്ദ്രിമെനെസസ്സ് പിശൊറൊയി (വൈസ്രോയി) 1525 മാർച്ചിൽ കണ്ണനൂരിൽ എത്തി കോട്ടയിലേക്ക് എഴുന്നള്ളിയപ്പോൾ പോർത്തുഗലിൽനിന്ന് വന്ന പത്രികയെ കാട്ടി. അതിൽ ചൊല്ലിയതു എന്തെന്നാൽ ആണ്ടുതോറും ഇങ്ങുവേണ്ടുന്ന കയറ എല്ലാം സഹായവിലക്കു എത്തിപ്പാൻ കയ്യെറ്റാൽ 18 ദ്വീപുകളെ അവരിൽ കൽപിച്ചുകൊടുത്തിരിക്കുന്നു എന്നതിൽപിന്നെ കാലത്താലെ 1000 ഭാരം കയറ വേണ്ടിവരും എന്നു കേട്ടപ്പോൾ അങ്ങിനെയായാൽ ദ്വീപുകൾ എനിക്ക് വേണ്ട എന്നും കോലത്തിരി തീർത്തുപറഞ്ഞു. പിസൊറെയി ഉള്ളുകൊണ്ടു സന്തോഷിച്ചു. ദ്വീപുകളിൽ അരി ചുങ്കം കൽപിച്ചു. 40 പോരാളികളേയും പാർപ്പിച്ചു. ചുങ്കപ്പിരിവുതന്നെ സകല ചെലവിന്നും 1000 ഭാരം കയറ മേടിക്കുന്നതിനും മതി എന്നു കാണു കയും ചെയ്തു.[27]

കോലത്തിരിയുടെ ദൗർബല്യം അറിയാമായിരുന്ന പറങ്കികൾ ദ്വീപുകളിലെത്തി. അവരുടെ നിയമം അടിച്ചേൽപിക്കാനും നിർബന്ധ പൂർവ്വമായ കരംപിരിവ് നടപ്പിലാക്കാനും തുടങ്ങി. അമ്മേനി ദ്വീപിലെ പറങ്കികളുടെ അക്രമം ദു:സഹമായപ്പോൾ ആ ദ്വീപിലെ ജനങ്ങൾ ശക്തിയായി തിരിച്ചടിച്ചു. അന്ന് അമ്മേനിയിലുണ്ടായിരുന്ന എല്ലാ പറങ്കികളേയും പാമ്പുപള്ളി എന്ന സ്ഥലത്തുവച്ചു വിഷം കൊടുത്തു കൊന്നു.

തുടർന്ന് അറയ്ക്കൽ രാജകുടുംബം ലക്ഷദ്വീപുകളിൽ മേൽക്കോ യ്മാവകാശം സ്ഥാപിച്ചു. അറയ്ക്കൽ ഭരണത്തിലായിരുന്ന കാലത്ത് പറങ്കികൾ വീണ്ടും ദ്വീപുകൾ ആക്രമിച്ചു. അക്കാലത്തെ അവരുടെ

CamScanner

ആക്രമണങ്ങളുടെ കഥ 1555ൽ ഷൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ 1526-1580)എഴുതിയ 'തുഹ്ഫത്തുൽ മുജാഹിദീൻ ഫീ അഖ്ബാരി പോർത്തുഗലിയ്യീൻ' എന്ന പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. ഷൈഖ് സൈനുദ്ദീൻ എഴുതുന്നു. "ആലി ആദി രാജാവിനോടുള്ള വൈരാഗ്യം തീർക്കാനും ദ്വീപുകളുടെ നിയന്ത്രണം ആദിരാജാവിൽനിന്നും വേർപെടുത്താനുമായി ലക്ഷദ്വീപുകളെ ആക്രമിക്കാൻ പുറപ്പെട്ട പോർട്ടുഗീസു കപ്പലുകൾ ആദ്യമായി അമ്മേനിയെ ആക്രമിച്ചു. അമ്മേനിയിലെത്തിയ പറങ്കികൾ കണ്ണിൽകണ്ടവരെയെല്ലാം വധിച്ചു. 400ലധികം ആളുകളെ തടവുകാരാക്കി കണ്ണിൽ കണ്ടതെല്ലാം കൊള്ളയടിച്ചു. അനേകം വീടുകളും പള്ളികളും ചുട്ടെരിച്ചു. അമ്മേനിയിൽനിന്നും ശേത്തലാക്കത്തിൽ (ചേത്തലാം) പോയി. കുറേപേരെ വധിക്കുകയും കുറെപേരെ തടവുകാരാക്കുകയും ചെയ്തു. ഈ ദ്വീപുകളിലെങ്ങും ആയുധപരിശീലനം നേടിയവരോ യുദ്ധപരിചയമുള്ളവരോ ഉണ്ടായിരുന്നില്ല. പക്ഷേ ഈ ദ്വീപുകളിലെ ജനങ്ങൾ ശത്രുവിനെതിരെ പോരാടി വീരമൃത്യു വരിക്കയാണ് ചെയ്തത്. പ്രകീർത്തിക്കപ്പെടേണ്ട ധീരത കാട്ടിയവരുടെ കൂട്ടത്തിൽ സ്ഥലത്തെ വന്ദ്യവയോധികനും ഭക്തനുമായ ഖാസിയും സാത്വികയായ ഒരു വനിതയും പ്രത്യേകം പ്രശംസയർഹിക്കുന്നു. പോർട്ടുഗീസുകാരെ നേരിടാനുള്ള യാതൊരു ആയുധവും ദ്വീപുകാർക്കില്ലായിരുന്നുവെങ്കിലും അവരുടെ മതത്തിലുള്ള അടിയുറച്ച വിശ്വാസം തെളിയിച്ചുകൊണ്ട് പറങ്കികളോട് പോരാടി ജീവൻ ത്യജിക്കാൻ സന്നദ്ധരായിരുന്നു ദ്വീപുകാർ. ആയുധധാരികളായ പറങ്കികൾക്ക് നേരെ കല്ലും മണ്ണും വാരിയെറിയുകയും വടികൊണ്ട് മാരകമായ പ്രഹരങ്ങളേൽപ്പിക്കുകയും ചെയ്തുകൊണ്ട് മരിച്ചുവീഴുന്നത് വരെ ദ്വീപുകാർ പോരാടി."[28]

"Amini (അമ്മേനി) Kardib (കവരത്തി) Andur (അന്ത്രോത്ത്) Kalfini (കൽപേനി) Malki (മിനിക്കോയി) എന്നീ വലിയ ദ്വീപുകളും Akti(ആക്കത്തി) kadamam (കടമം) kaltran (കിളുത്തൻ) Shaytlakam (ചേത്തലാം) മുതലായ ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ചെറിയ ദ്വീപുകളുമടങ്ങിയതാണ് അന്നത്തെ ലക്ഷദ്വീപുകൾ" എന്നുകൂടി 1555 ൽ ഷൈഖ് സൈനുദ്ദീൻ രേഖപ്പെടുത്തുന്നു.[29] പോർട്ടുഗീസുകാർക്കെതിരിൽ പൊരുതിയ അമ്മേനിയിലെ ഖാസി അബൂബക്കർ വീരമൃത്യു വരിച്ചത് ഹിജറ 966 എ.ഡി. 1549-50) ലായിരുന്നുവത്രെ.

മലബാർ പ്രദേശത്ത് പോർട്ടുഗീസുകാർ നടത്തിയ നിഷ്ഠൂരകൃത്യ

CamScanner

ങ്ങളെപ്പറ്റി തുഹ്ഫത്തുൽ മുജാഹിദീനിൽ വിശദമായി വിവരിച്ചിരിക്കുന്നു. മുസ്ലിംകളുടെ ധനം കൊള്ളയടിക്കുക, ഖുർആൻ കാലിന്നടിയിലിട്ട് ചവിട്ടിയരയ്ക്കുകയും കത്തിക്കുകയും ചെയ്യുക. പള്ളികളും ഭവനങ്ങളും ചുട്ടെരിക്കുക, മുസ്ലിംകളെക്കൊണ്ട് നികൃഷ്ടജോലികൾ ചെയ്യിക്കുക, മുഖത്ത് തുപ്പുക, അള്ളാഹുവിനേയും പ്രവാചകനേയും പരസ്യമായി അധിക്ഷേപിക്കുക, മുസ്ലിം സ്ത്രീകളെ ബലമായി പിടിച്ചുകൊണ്ടുപോയി ചാരിത്ര്യം കവരുകയും ഈ സ്ത്രീകളിലൂടെ ക്രിസ്ത്യൻ സന്താനങ്ങളെ ജനിപ്പിക്കുകയും ചെയ്യുക മുതലായവ അവരുടെ രീതിയായിരുന്നുവെന്നും മലബാർ തീരത്തെ അനേകം മുസ്ലിംകളെ പീഡിപ്പിച്ച് ക്രിസ്ത്യാനികളാക്കി എന്നും ഷൈഖ് സൈനുദ്ദീൻ രേഖപ്പെടുത്തുന്നു.[31]

ഇത്തരം ആക്രമങ്ങൾ നടത്തിയും പീഡിപ്പിച്ചും ബലംപ്രയോഗിച്ചും ഒട്ടേറെ മലബാർ മുസ്ലിംകളെ മതപരിവർത്തനം ചെയ്യിച്ച പറങ്കികൾ ഇക്കാര്യത്തിൽ ദ്വീപുകളിൽ ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്. അന്നത്തെ ദ്വീപുകാർ അവരുടെ മതത്തിലുള്ള വിശ്വാസം മാത്രം കൈമുതലാക്കിക്കൊണ്ട് ആയുധാഭ്യാസമില്ലാതിരുന്നിട്ടുകൂടി പറങ്കികളുടെ ആക്രമണങ്ങളെ ഏതാണ്ട് രണ്ട് നൂറ്റാണ്ടുകാലം എതിർത്തുകൊണ്ടേയിരുന്നു. ആ വസ്തുതകൾ രേഖപ്പെടുത്തിവയ്ക്കാൻ അക്കാലത്ത് ദ്വീപുകളിലാരെങ്കിലുമുണ്ടായിരുന്നുവെങ്കിൽ ആയിരം കുഞ്ഞാലിമരയ്ക്കാർമാരെ അതിശയിക്കുന്ന ധീരന്മാരുടെ ചരിത്രം നമുക്ക് ലഭിച്ചേനെ. "പോർട്ടുഗീസുഭരണത്തിന് ഒറ്റ ക്രിസ്ത്യാനിയേയും സൃഷ്ടിക്കാൻ സാധിച്ചില്ലെ"ന്ന സവിശേഷത ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ അത്ഭുതപൂർവ്വം രേഖപ്പെടുത്തുന്നു.[32]

പൊതുവെ ശാന്തരും സമാധാനചിത്തരുമായ ദ്വീപുകാർ പോർട്ടുഗീസുകാരുടെ തുടരെത്തുടരെയുള്ള ആക്രമണങ്ങളാലും ഹീനപ്രവൃത്തികളാലും പൊറുതിമുട്ടിയപ്പോൾ അവർക്കെതിരെ ആഞ്ഞടിച്ചു. അമ്മേനിയിലുള്ള പറങ്കികളെ വിഷംകൊടുത്ത് കൊന്നതുപോലെ അന്ത്രോത്തിലന്നുണ്ടായിരുന്ന പറങ്കികളെ ഒന്നടങ്കം ആ ദ്വീപുകാർ അറുത്തുകൊല്ലുകയും ചെയ്തു. ചൂഷണവും ആക്രമവും മതധ്വംസനവും തൊഴിലാക്കിയ പറങ്കികളുടെ കിരാതവാഴ്ചയ്ക്ക് അവസാനം കുറിച്ച സ്മാരകമായി അന്ത്രോത്ത് ദ്വീപിലെ 'പറങ്കിയ അറുത്ത കുന്നു' ഇന്നും തലയുയർത്തി നിൽക്കുന്നു.

ലക്ഷദ്വീപുകളുടെ ഇന്നോളമുള്ള ചരിത്രത്തിൽ ദ്വീപുകാർ ഏറ്റവും വെറുക്കുന്ന ജനവിഭാഗം പറങ്കികളായിരുന്നുവെന്ന് മനസ്സിലാക്കാൻ

CS CamScanner

സഹായിക്കുന്ന ചില പദപ്രയോഗങ്ങൾവരെ ദ്വീപുഭാഷയിലുണ്ട്. ആരെങ്കിലും 'പറങ്കിയ മോനെ' എന്ന് വിളിച്ചാൽ അതായിരിക്കും ദ്വീപുകാരെ സംബന്ധിച്ചിടത്തോളം ഏറ്റവും നികൃഷ്ടമായ വാക്ക്. ഇത്രയും വെറുക്കപ്പെട്ട ഒരു കിരാതവർഗ്ഗത്തെ അതിജീവിച്ച് തങ്ങളുടെ വിശ്വാസവും സംസ്കാരവും സംരക്ഷിച്ച അന്നത്തെ ദ്വീപുകാർ അതിന് നൽകിയ വില വളരെ കനത്തതായിരിക്കണം. ആയുധ പരിശീലനവും സംഘടിതശക്തിയുമുണ്ടായിരുന്ന കേരളീയർ പരാജയപ്പെട്ടിടത്ത് വിജയക്കൊടി നാട്ടിയ ദ്വീപുകളിലെ അന്നത്തെ തലമുറയുടെ ധീരചരിത്രം ഇന്നും ചരിത്രലോകത്തിന്നജ്ഞാതമാണ്.

പോർട്ടുഗീസുകാരുടെ തിരോധാനത്തിന് ശേഷം ലക്ഷദ്വീപുകൾ വീണ്ടും അറയ്ക്കൽ ഭരണത്തിൻ കീഴിലായി. ചൂഷണമായിരുന്നു അക്കാലത്തും ദ്വീപുകാർ അനുഭവിച്ചിരുന്നത്. ദ്വീപുത്പന്നങ്ങളായ തേക്ക്, കയറ്, ചക്കര, കവിടി, അമ്പർ, ആമത്തോട് എന്നിവയ്ക്ക് കുത്തക ഏർപ്പെടുത്തി. അറയ്ക്കൽ ഭരണകൂടം നിശ്ചയിക്കുന്നതായിരുന്നു ദ്വീപുത്പന്നങ്ങളുടെ വില. ദ്വീപുകാർക്ക് ആവശ്യമുള്ള സാധനങ്ങൾ വലിയ വിലയ്ക്ക് നൽകി അതിലും അമിതലാഭമെടുത്തിരുന്നു അറയ്ക്കൽ ഭരണാധികാരികൾ. പ്രാചീനകാലത്ത് സൂറത്ത്, മസ്കറ്റ് മുതലായ തുറമുഖങ്ങളിലും അറേബ്യയിലും കച്ച്, ബങ്കാൾ, സിലോൺ എന്നിവിടങ്ങളിലും പോയി വ്യാപാരം ചെയ്തിരുന്ന ദ്വീപുകാരെ അറയ്ക്കൽ ഭരണം കടിഞ്ഞാണിട്ടു. അവരുടെ അറിവോടെ കണ്ണൂരിൽനിന്ന് മാത്രമായിരിക്കണം ദ്വീപുകാരുടെ ക്രയവിക്രയ നടപടികളെന്നുള്ള നിബന്ധന നടപ്പിലാക്കി. ദ്വീപുകളുടെ ഭരണം നേരിട്ട് നിയന്ത്രിക്കുന്നതിന് പ്രധാന ദ്വീപുകളിലെല്ലാം 'കാര്യക്കാർ' എന്ന പേരിൽ ഒരുദ്യോഗസ്ഥനേയും അദ്ദേഹത്തിന്റെ സഹായികളായി ഓരോ ഗുമസ്ഥനേയും മൂന്നോ നാലോ നടപ്പാൾ (Peon) മാരേയും നിയോഗിച്ചു. ഇങ്ങനെ നിയമിക്കപ്പെടുന്ന കാര്യക്കാർക്ക് വർഷംപ്രതി നൽകിയിരുന്ന വേതനം 24 മൂട *അരിയായിരുന്നു. (അന്നത്തെ വിലയനുസരിച്ച് ഒരു വർഷത്തേക്ക് 36ക). ഒരു വർഷത്തെ ശമ്പളത്തിന് ഏതാണ്ട് തുല്യമായ 30 ഉറുപ്പിക കാര്യക്കാരായി നിയമിക്കപ്പെടുമ്പോൾതന്നെ അറയ്ക്കൽ രാജാവിന്ന് കാണിക്കയായി അവർ നൽകേണ്ടിവന്നു. ദ്വീപുകളിൽനിന്ന് എന്തെങ്കിലും കാരണവശാൽ തിരിച്ചുവന്നതിനുശേഷം വീണ്ടും കാര്യക്കാരായി നിയമിക്കപ്പെടണമെങ്കിലും അത്രയും തുക പിഴയായി നൽകണമായി

** 1 മൂട ഏകദേശം 42 സേർ*

രുന്നു. പിഴയായിട്ടും കാണിക്കയായിട്ടും ശമ്പളത്തിലുമധികം അറയ്ക്കൽ കൊട്ടാരത്തിലേക്കുതന്നെ തിരിച്ചുനൽകേണ്ടിവന്ന കാര്യക്കാർ സ്വന്തം നിലനിൽപിനായി ദ്വീപുകാരെ കഴിയാവുന്ന വിധത്തിലെല്ലാം ഞെക്കിപ്പിഴിഞ്ഞു. നാട്ടുകാർ പിടിക്കുന്ന മത്സ്യത്തിൽ നിന്നുമുള്ള ഒരു വിഹിതവും ദ്വീപുകളിൽ അറക്കപ്പെടുന്ന ഓരോ പശുവിന്റേയും നാലിലൊന്നുപോലും കാര്യക്കാർക്ക് അവകാശപ്പെട്ട തായിരുന്നു. പുതുതായി ഒരു ഓടം ഇറക്കിയാൽ കൂടി ഒരു നിശ്ചിത സംഖ്യ കാര്യക്കാർക്ക് നൽകണമായിരുന്നു. കാര്യക്കാരെ അനുകരിച്ച് 'നടപ്പാൾ'മാരും നാട്ടുകാരിൽനിന്നും ഓരോ ഇനത്തിലും നിശ്ചിത വിഹിതം പറ്റിക്കൊണ്ടിരുന്നു.[33]

അറയ്ക്കൽ രാജാക്കന്മാരുടെ പ്രതിനിധികളായിരുന്ന കാര്യക്കാർ മാരെ പലപ്പോഴും കണ്ണൂരിൽനിന്നും നിയമിച്ച് അയച്ചിരുന്നുവെങ്കിലും ചിലപ്പോൾ ദ്വീപുകാരേയും തൽസ്ഥാനത്ത് നിയമിച്ചിരുന്നു. അന്ത്രോത്ത് ദ്വീപിലെ പടന്നാത ആലിപ്പുവായിരുന്നു അറിയപ്പെടുന്ന ആദ്യത്തെ ദ്വീപുകാരനായ കാര്യക്കാർ[34]. 1862ൽ അന്ത്രോത്ത് ദ്വീപിലെത്തന്നെ പുതിയ ഇല്ലത്ത് അപ്പുരയിൽ ഹൈദ്രോസ് ഹാജി യേയും കാര്യക്കാർ ആയി നിയമിച്ചു. (Appendix1). കാര്യക്കാരെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനും പൊതുകാര്യങ്ങളിൽ ഉപദേശി ക്കുന്നതിനുമായി അതത് ദ്വീപുകളിലെ പ്രാചീനതറവാടുകളിൽ നിന്നുമുള്ള കാരണവന്മാരും മുഖ്യസ്ഥന്മാരുമടങ്ങിയ സഭയമുണ്ടാ യിരുന്നു. ലക്ഷദ്വീപുകളിൽ പ്രാചീനമായി തുടർന്നുവന്നിരുന്നതും കാര്യക്കാരെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനും പൊതുകാര്യ ങ്ങളിൽ ഉപദേശിക്കുന്നതിനുമായി അതത് ദ്വീപുകളിലെ പ്രാചീന തറവാടുകളിൽനിന്നുമുള്ള കാരണവന്മാരും മുഖ്യസ്ഥന്മാരുമടങ്ങിയ സഭയമുണ്ടായിരുന്നു. ലക്ഷദ്വീപുകളിൽ പ്രാചീനമായി തുടർന്നുവ ന്നിരുന്നതും കാരണവന്മാരെ ഭരണകാര്യങ്ങളിൽ പങ്കെടുപ്പിക്കു ന്നതുമായ സമ്പ്രദായം അറയ്ക്കൽ ഭരണാധികാരികളും നിർത്തൽ ചെയ്യാതെ തുടർന്നുവന്നിരുന്നു.[35] (Appendix II)

അതത് ദ്വീപുകളിലെ നീതിന്യായ പരിപാലനം നടപ്പിലാക്കുക. ദ്വീപുത്പന്നങ്ങൾ നിയന്ത്രിതവിലക്ക് കണ്ണൂരിലേക്കെത്തിക്കുക. ദ്വീപുകാർ അവർക്കാവശ്യമുള്ള സാധനങ്ങൾ കണ്ണൂരിൽനിന്നുതന്നെ വാങ്ങുന്നുണ്ടോ എന്നുറപ്പ് വരുത്തുക, അറയ്ക്കൽ ഭരണകൂട ത്തിലേയ്ക്ക് ദ്വീപുകളിൽനിന്ന് കിട്ടേണ്ട നികുതികൾ പിരിച്ചെടുക്കുക എന്നിവയായിരുന്നു കാര്യക്കാരുടേയും ഗുമസ്ഥന്റേയും പ്രധാന ജോലി. അറയ്ക്കൽ ഭരണാധികാരികളും അവരുടെ പ്രതിനിധികളായ

ദ്വീപുകളിലെത്തിയവരും ദ്വീപുകാരെ പരമാവധി ചൂഷണം ചെയ്തു. പണ്ടാരം ഭൂമിയിലുള്ള തെങ്ങിന് കൊല്ലത്താൽ 7 1/2 റാത്തൽ കയറ് വീതം നികുതി ചുമത്തി. ആ ഭൂമിയിൽ സ്വന്തമായി തെങ്ങ് വച്ചു പിടിപ്പിച്ചാലും 3 3/2 റാത്തൽ കയറ് പാട്ടം കൊടുക്കണമായിരുന്നു. ഓടിട്ട വീടുകൾക്ക് വർഷം പ്രതി 3 1/2 ഉറുപ്പിക നികുതി ചുമത്തി. ദ്വീപോടങ്ങൾക്കും, മീൻ പിടിക്കാനുപയോഗിക്കുന്ന ചെറിയ തോണികൾക്കും വരെ നികുതി കൊടുക്കണമായിരുന്നു. കയറ് പിരിക്കൽ തൊഴിലാക്കിയവരിൽനിന്നും ഒരുറുപ്പിക വീതം നികുതി പിരിച്ചു. പശുവോ ആടോ ആരുടെയെങ്കിലും തൈ നശിപ്പിച്ചെങ്കിൽ അവയെ പിടിച്ച് ലേലത്തിൽ വിറ്റുകിട്ടിയ തുകയിൽനിന്ന് തൈയുടെ ഉടമസ്ഥന് നഷ്ടപരിഹാരം നൽകിയതിനുശേഷം ബാക്കിയുള്ള തുക പശുവിന്റെയോ ആടിന്റെയോ ഉടമസ്ഥനും ഗവൺമെന്റിന്നും പകുതിയും പകുതിയുമായി ഭാഗിക്കുകയായിരുന്നു. ആരെങ്കിലും വേറൊരാളുടെ ഒരു തൈ കരുതിക്കൂട്ടി നശിപ്പിച്ചെങ്കിൽ 41 വരാഹൻ അറയ്ക്കൽ ഭരണത്തിലേക്ക് പിഴയടക്കണമായിരുന്നു. ഒരു തേങ്ങ കട്ടാൽ പത്തുറുപ്പികയായിരുന്നു പിഴ (അറയ്ക്കൽ ഭരണകാലത്ത് 1000 തേങ്ങക്ക് 1859 -1863ൽ 6 ഉറുപ്പികയായിരുന്നു വില) ഇങ്ങനെ ഓരോ കാരണം പറഞ്ഞ് ദ്വീപുകളിൽനിന്ന് പിരിച്ചുണ്ടാക്കിയതിന് പുറമെ ദ്വീപുകാർ വിൽക്കാൻ കൊണ്ടുവരുന്ന ഉത്പന്നങ്ങളുടെ വിലയും അറയ്ക്കൽ ഭരണാധികാരികൾതന്നെ തീരുമാനിക്കുക വഴി തുടർന്നും ചൂഷണവിധേയരായിരുന്നു ദ്വീപുകാർ. ഇതിലും രസകരമായിരുന്നു ദ്വീപുകാർ കണ്ണൂരിൽ വിൽക്കാൻ കൊണ്ടുവരുന്ന കയറിന്റെ വിലയിൽനിന്ന് 10-15 ശതമാനം മുൻകടം എന്ന പേരിൽ പിടിച്ചുപറിച്ചിരുന്നത്. ഈ മുൻകടം എന്താണെന്ന് ദ്വീപുകാർ ഒരിക്കലും അറിഞ്ഞിരുന്നില്ല. ഒരു കടവും ബാക്കിനിർത്താത്ത ദ്വീപുകാർക്ക് എല്ലാകൊല്ലവും അറയ്ക്കൽക്കാരുടെ കണക്കനുസരിച്ച് 10-15 ശതമാനം മുൻകടം എന്ന പേരിൽ കൊടുക്കേണ്ടിവന്നിരുന്നു. ഈ സമ്പ്രദായത്തെപ്പറ്റി അന്വേഷിച്ച ലോഗന് മുഖ്യകാര്യസ്ഥനിൽനിന്നു കിട്ടിയ മറുപടി "ഇതായിരുന്നു പണ്ടുമുതലെയുള്ള സമ്പ്രദായം എന്നായിരുന്നുവത്രെ."

ലക്ഷദ്വീപുകളിൽനിന്നുള്ള കയറ്റുമതി ഉത്പന്നങ്ങളിൽനിന്നു അറയ്ക്കൽ ഭരണാധികാരികൾ കൈപ്പറ്റിയിരുന്ന അമിതലാഭത്തെക്കുറിച്ച് ഇംഗ്ലീഷുദ്യോഗസ്ഥന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ലക്ഷദ്വീപിൽനിന്നും കൊണ്ടുവരുന്ന കവിടിയിൽനിന്ന് മാത്രം അവർ 400 ശതമാനം ലാഭമെടുത്തിരുന്നുവത്രെ. 36 അവരുടെ ലാഭം കുറയാതിരിക്കാൻ വേണ്ടി ദ്വീപുകാർ 10-12 കണ്ടി* കവിടി വർഷം പ്രതി കണ്ണൂരിലെത്തി

ക്കണമെന്നുകൂടി അറയ്ക്കൽ ഭരണകൂടം നിഷ്കർഷിച്ചിരിക്കുന്നു.[37]

ദ്വീപുത്പന്നങ്ങൾ മറ്റു തുറമുഖങ്ങളിൽ കൊണ്ടുപോയി സ്വതന്ത്രമായി വിൽക്കാൻ പാടില്ലായിരുന്നു. അറയ്ക്കൽ ഉദ്യോഗസ്ഥന്മാരുടെ അറിവോടും മേൽനോട്ടത്തിലും മാത്രമേ ദ്വീപുത്പന്നങ്ങൾ വിറ്റഴിക്കാവൂ എന്നായിരുന്നു നിയമം. സ്വന്തം ഉത്പന്നങ്ങളുടെ ശരിയായ മാർക്കറ്റ് വില ദ്വീപുകാർക്ക് ഒരിക്കലും ലഭിച്ചിരുന്നില്ല. അറയ്ക്കൽ ഭരണാധികാരികൾ നിശ്ചയിക്കുന്നതായിരുന്നു ദ്വീപുത്പന്നങ്ങളുടെ വില. ദ്വീപുകാർക്ക് പകരമായി നല്കുന്ന ആവശ്യവസ്തുക്കളുടെ വില നിശ്ചയിക്കുന്നതും അവർ തന്നെയായിരുന്നു. അങ്ങനെ രണ്ടുവിധത്തിലും ദ്വീപുകാർ പരമാവധി ചൂഷണത്തിന് വിധേയരായിരുന്നു.

ചൂഷണം സഹിക്കവയ്യാതായപ്പോൾ 1786 ൽ അമ്മേനി, കിൽത്തൻ, ചേത്തിലാം കടമം എന്നീ ദ്വീപുകളിലെ ജനങ്ങൾ അറയ്ക്കൽ ഭരണാധികാരികൾക്കെതിരെ ഒരേറ്റുമുട്ടലിന് സന്നദ്ധരായി. അറയ്ക്കൽ ശാസന വകവയ്ക്കാതെ അവരുടെ ഉത്പന്നങ്ങൾ സ്വതന്ത്രമായി വിൽക്കാൻതന്നെ തീരുമാനിച്ചു. അമ്മേനി ദ്വീപുകളിലെ പുറക്കാട്, കുളാപ്പ് എന്നീ തറവാട്ടിലെ ഓടക്കാർ കയറുത്പന്നങ്ങൾ കണ്ണൂരിൽ കൊണ്ടുപോയില്ല. പകരം മംഗലാപുരത്ത് കൊണ്ടുപോയി. അപ്പോൾ, അവിടെയുണ്ടായിരുന്ന ടിപ്പുസുൽത്താന് അവരുടെ കയറുത്പന്നങ്ങൾ വിറ്റു. ഈ സംഭവം അറയ്ക്കൽ ബീവിയെ അങ്ങേയറ്റം ക്ഷോഭിപ്പിച്ചു. ദ്വീപുകാരെ അവരുടെ ഉത്പന്നങ്ങൾ സ്വതന്ത്രമായി വിറ്റഴിക്കാൻ അനുവദിച്ചാൽ തന്റെ ഗണ്യമായ വരുമാനമാർഗ്ഗം നഷ്ടപ്പെടുമെന്ന് മനസ്സിലാക്കിയ അറയ്ക്കൽ ബീബി മറ്റ് ദ്വീപുകാർക്ക് ഒരു താക്കീത് എന്ന നിലയ്ക്കും അമ്മേനി ദ്വീപുകാരെ ഒരു പാഠം പഠിപ്പിക്കുന്നതിനുമായി അബ്ദുൾഖാദർ എന്ന ഒരു കാര്യക്കാരനെ പടയാളികളോടുകൂടി അമ്മേനിയിലേക്കയച്ചു. സമാധാനപ്രിയരും ആയുധപരിശീലനം നേടിയിട്ടില്ലാത്തവരുമായ ദ്വീപുകാർ എല്ലാം സഹിച്ചുകൊള്ളുമെന്ന ധാരണയിൽ കാര്യക്കാരും പടയാളികളും അവരുടെ ആയുധബലത്താൽ അമ്മേനിയിൽ കൊള്ളയും കവർച്ചയും നടത്തുകയും നിഷ്ഠൂരമായ അക്രമങ്ങൾ അഴിച്ചുവിടുകയും ചെയ്തു. ഇവരുടെ ചെയ്തികൾമൂലം സഹികെട്ട ദ്വീപുകാർ തിരിച്ചാക്രമിച്ചു. വീരവാദം മുഴക്കിയ കാര്യക്കാരേയും പടയാളികളേയും നിരായുധരാക്കി ചങ്ങലയിൽ ബന്ധിച്ച് ഓടത്തിലിട്ട് മംഗലാപുരത്ത് കൊണ്ടുപോയി ടിപ്പുസുൽത്താനോട് സംഭവിച്ച കാര്യങ്ങൾ ബോധിപ്പിച്ചു. അക്കാലത്ത് അറയ്ക്കൽ ബീബിയും ടിപ്പുസുൽത്താനും സഖ്യത്തിലായിരുന്ന

** 1 കണ്ടി = 560 റാത്തൽ*

തിനാൽ ബീബിയെ അനുസരിച്ച് നടക്കണമെന്ന് ടിപ്പുസുൽത്താൻ ദ്വീപുകാരെ ഉപദേശിച്ചുനോക്കി. കണ്ണൂർ ഭരണം വെറുത്ത് കഴിഞ്ഞിരുന്ന ദ്വീപുകാർ അതിന് തയ്യാറായിരുന്നില്ല. ദ്വീപുകാരുടെ വികാരം മനസ്സിലാക്കിയ ടിപ്പു 1787ൽ അമ്മേനി മുതലായ ദ്വീപുകൾക്ക് പകരമായി ടിപ്പുവിന്റെ കൈവശത്തിലായിരുന്ന ചിറയ്ക്കൽ ദേശത്തിന്റെ ചില ഭാഗങ്ങളായ കണ്ണോത്ത്ചാൽ, രണ്ടുതറ മുതലായവ അറയ്ക്കൽബീബിക്ക് നൽകി ഈ ദ്വീപുകളുടെ ഭരണം ഏറ്റെടുത്തു.

1792ൽ ശ്രീരംഗപട്ടണത്തിൽ വച്ചുണ്ടായ കരാർമൂലം മലയാളരാജ്യം ഇംഗ്ലീഷുകാർക്ക് അധീനമായതോടുകൂടി അന്ത്രോത്ത്, കൽപേനി, കവരത്തി, ആക്കത്തി, എന്നീ ദ്വീപുകൾ ഈസ്റ്റിൻഡ്യാ കമ്പനിക്ക് അധീനമായി. 1799ൽ ശ്രീരംഗപട്ടണം ഇംഗ്ലീഷുകാർ പിടിച്ചടക്കി ടിപ്പുസുൽത്താന്റെ വാഴ്ച അവസാനിപ്പിക്കുന്നതുവരേയ്ക്കും അമ്മേനി, കടമം, കിൽത്തൻ, ചേത്തലാം എന്നീ ദ്വീപുകൾ ടിപ്പുസുൽത്താന്റെ അധീനതയിലായിരുന്നു. ടിപ്പുവിന്റെ പതനത്തോടുകൂടി തെക്കൻ കർണ്ണാടകത്തോടൊപ്പം അമ്മേനി മുതലായ ദ്വീപുകളും കമ്പനിക്ക് അധീനമായി. ടിപ്പുസുൽത്താന് സ്വമേധയാ ഒഴിഞ്ഞുകൊടുത്തിട്ടില്ലാത്ത ഈ ദ്വീപുകൾ തനിക്കുതന്നെ ലഭിക്കണമെന്നതായിരുന്നു അറയ്ക്കൽ ബീബിയുടെ നിലപാട്. ദ്വീപുകളിലെ ഉത്പന്നങ്ങളിലും കുത്തകകച്ചവട സമ്പ്രദായത്തിലൂടെ ലഭിച്ചിരുന്ന അമിതലാഭത്തിലും മാത്രം താൽപര്യമുണ്ടായിരുന്ന ഈസ്റ്റിൻഡ്യാ കമ്പനിക്കാരും തുടക്കത്തിൽ ചിലവേറിയ ഒരു ഭരണസമ്പ്രദായം ദ്വീപുകളിൽ നടപ്പാക്കി ഭാരിച്ച സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നതിൽ വിമുഖരായിരുന്നു. യുക്തമെന്ന് തോന്നുന്ന സാഹചര്യത്തിൽ അറയ്ക്കൽ ഭരണത്തിൽനിന്ന് ദ്വീപുകളെ വേർപെടുത്താമെന്ന നിഗമനത്തിൽ ദ്വീപുകളുമായുള്ള കച്ചവടബന്ധം തുടർന്നും നടത്താൻ ഇംഗ്ലീഷുകാർ അറയ്ക്കൽ ഭരണാധികാരികളെ അനുവദിച്ചു. അങ്ങിനെ അന്നത്തെ അറയ്ക്കൽ ഭരണത്തിൽനിന്ന് ദ്വീപുകളെ വേർപെടുത്താമെന്ന നിഗമനത്തിൽ ദ്വീപുകളുമായുള്ള കച്ചവടബന്ധം തുടർന്നും നടത്താൻ ഇംഗ്ലീഷുകാർ അറയ്ക്കൽ ഭരണാധികാരികളെ അനുവദിച്ചു. അങ്ങനെ അന്നത്തെ അറയ്ക്കൽ ബീബി ബുലിയാ ഇംഗ്ലീഷുകാർക്ക് വർഷംപ്രതി ദ്വീപുകാരുമായുള്ള കച്ചവടത്തിൽ ലഭിച്ചിരുന്ന ലാഭത്തിന്റെ പകുതി തുകയായ പതിനായിരം ഉറുപ്പികയും അതോടുകൂടി പിന്നീട് കണ്ടെത്തുന്ന മറ്റുലാഭങ്ങളുടെ പകുതിയും ഇംഗ്ലീഷുകാർക്ക് നൽകാനും സമ്മതിച്ചു. (Appendix III) ഇതിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷുകാർക്ക് 15,000 ഉറുപ്പികയോളം

വർഷംപ്രതി അറയ്ക്കൽ ഭരണാധികാരികളിൽനിന്നും ലഭിച്ചുകൊണ്ടിരുന്നു. ദ്വീപുകളിൽനിന്നുമുള്ള ലാഭം ഇംഗ്ലീഷുകാർക്കുകൂടി വീതിക്കേണ്ടിവന്നപ്പോൾ ദ്വീപുകൾ കുറേക്കൂടി ചൂഷണത്തിന് വിധേയമായി.

ദ്വീപുകാർ അവരുടെ എല്ലാ കയറുത്പന്നങ്ങളും അവരുടെ ചെലവിൽതന്നെ കൊണ്ടുവന്നു ഒരു കണ്ടിക്ക് (560)റാത്തൽ 25 ഉറുപ്പിക പ്രകാരം ഗവൺമെന്റിന്ന് വിൽക്കാൻ ബാധ്യസ്ഥരായിരുന്നു. ദ്വീപുകാർ കൊണ്ടുവരുന്ന കയറിന്റെ വിലയുടെ മുക്കാൽഭാഗം അരിയായിട്ടും ബാക്കി 1/4 പണമായിട്ടുണ്ടായിരുന്ന നൽകിയിരുന്നത്[39]. യഥാർത്ഥത്തിൽ ദ്വീപുകാർക്ക് കയറിന്റെ വിലയായി നൽകിയിരുന്ന തുക കയറിന്റെ കടത്തുകൂലിയിലും കുറവായിരുന്നു. ഒരു കണ്ടി കയറിന്ന് 100 ഉറുപ്പികയിൽ കൂടുതൽ വിലയുണ്ടായിട്ടും ദ്വീപുകാർക്ക് എത്രയും തുച്ഛമായ സംഖ്യ വിലയായി നൽകിയിരുന്ന അറയ്ക്കൽ ബീബി 26-10-1804 ൽ ഇംഗ്ലീഷുകാർക്ക് കുറഞ്ഞ വിലക്ക് 500 കണ്ടി കയറ് വിറ്റുകൊള്ളാമെന്ന് കരാറുണ്ടാക്കി. ഫലത്തിൽ ഇംഗ്ലീഷുകാരുടേയും അറയ്ക്കൽ ഭരണാധികാരികളുടേയും ലാഭേച്ഛക്ക് മുമ്പിൽ ബലിയാടുകളായിരുന്നത് ദ്വീപുകാരായിരുന്നു.

ദ്വീപുകളുമായുള്ള വ്യാപാരത്തിൽനിന്ന് ഇടനിലക്കാരായ അറയ്ക്കൽ ഭരണത്തെ ഒഴിവാക്കണമെന്ന ലക്ഷ്യപ്രാപ്തി സുഖമമാക്കുന്നതിന് ദ്വീപുകാരുടെ പിന്തുണ നേടാനുള്ള ഒരവസരവും കാത്തുകഴിയുകയായിരുന്നു ഇംഗ്ലീഷുകാർ. ഈ സമയത്ത് ദ്വീപുകളിൽ വമ്പിച്ച ഒരു ചുഴലിക്കെടുതിയുണ്ടായി. 1848 ഏപ്രിൽ 16, 17, 18 എന്നീ തിയതികളിൽ ഉണ്ടായ ഈ കൊടുങ്കാറ്റ് ഏതാനും ദ്വീപുകളിൽ വൻനാശം വരുത്തിവച്ചു. കൽപേനി, അന്ത്രോത്ത്, എന്നീ ദ്വീപുകൾ ഏതാണ്ട് പൂർണ്ണമായും തകർന്നുപോയി. ഈ രണ്ടുദ്വീപുകളിലുംകൂടി 90,000 തെങ്ങുകൾ ഉണ്ടായിരുന്നതിൽ കൽപേനിയിൽ 700ഉം, അന്ത്രോത്തിൽ 1000 ഉം ഒഴിച്ച് ബാക്കി തെങ്ങുകളെല്ലാം ചുഴലിക്കാറ്റിൽ തകർന്നുപോയി. കൽപേനി ദ്വീപിന്റെ ഏതാനും ഭാഗം വെള്ളത്തിൽ ഒലിച്ചുപോയി. കൽപേനിയിലെ 1600ജനങ്ങളിൽ 450 ആളുകൾ മാത്രമേ ബാക്കിയായുള്ളൂ. അന്ത്രോത്തിൽ 2500 പേരുണ്ടായിരുന്നവരിൽ മരിച്ചവരും, മറ്റുദ്വീപുകളിൽ അഭയം തേടിയവരും കഴിച്ച് ബാക്കിയുണ്ടായിരുന്നത് 900 പേർ മാത്രമായിരുന്നു.[40]

ഈ വിഷമഘട്ടത്തിൽ ദ്വീപുകളെ സഹായിക്കാൻ ബാധ്യസ്ഥയായിരുന്ന അറയ്ക്കൽ ബീബി അന്ത്രോത്തിലേക്ക് 700 മൂട അരി എത്തിക്കാൻ ശ്രമിച്ചു. ശക്തിയായ കാറ്റിലും കോളിലും ഓടംവഴി അരി എത്തിക്കാൻ സാധ്യമല്ലെന്ന് ബോധ്യപ്പെട്ട അറയ്ക്കൽബീബി അതിനായി ഒരു കപ്പൽ

ഏർപ്പെടുത്തിത്തരണമെന്ന് ഇംഗ്ലീഷുകാരോട് ആവശ്യപ്പെട്ടു. യാദൃച്ഛികമായി കൈവന്ന ഈ അവസരം ഇംഗ്ലീഷുകാർ അവരുടെ ലക്ഷ്യം നേടുന്നതിന് സമർത്ഥമായി ഉപയോഗിച്ചു. അറയ്ക്കൽ ബീബി വെറും 700 മൂട അരി മാത്രം അന്ത്രോത്തിലേക്ക് എത്തിക്കാനാണ് ആവശ്യപ്പെട്ടത്. എന്നാൽ ഇംഗ്ലീഷുകാർ അന്ത്രോത്തിന് പുറമെ മറ്റുരണ്ട് ദ്വീപുകളിൽകൂടി അരി, പഞ്ചസാര, ഉപ്പ്, നെയ്യ്, മത്സ്യം, പയർ എന്നിവയെല്ലാം വിതരണം ചെയ്തു. സാമ്പത്തികമായി തകർന്ന ഈ ദ്വീപുകളിൽനിന്ന് അടുത്ത കാലത്തൊന്നും ബീബിക്ക് ലാഭമുണ്ടാക്കാൻ പറ്റില്ലെന്ന് ഇംഗ്ലീഷുകാർക്ക് നല്ലപോലെ അറിയാമായിരുന്നു. എന്നിട്ടും ബീബിയുടെ കണക്കിൽ നല്ല ഒരു തുക ഇംഗ്ലീഷുകാർ ദ്വീപുകളിൽ ചെലവാക്കിയത് സ്വന്തമായി ഒന്നും നഷ്ടപ്പെടാതെത്തന്നെ ദ്വീപുകാരുടെ സ്നേഹം നേടുകയും ബീബിയെ സാമ്പത്തികമായി തകർക്കുകയും ചെയ്യുക എന്ന ലക്ഷ്യംവച്ചായിരുന്നു.

താൻ ആവശ്യപ്പെട്ടതിലും കൂടുതൽ തുക ഇംഗ്ലീഷുകാർ സ്വന്തം തീരുമാനപ്രകാരം ദ്വീപുകളിൽ ചെലവാക്കിയത് ബീബിക്ക് ഇഷ്ടപ്പെട്ടില്ല. ദ്വീപുകളിൽനിന്നുള്ള വരുമാനം കൊടുങ്കാറ്റിനെ തുടർന്ന് ഗണ്യമായി കുറഞ്ഞത് കാരണം കരാർപ്രകാരം ഇംഗ്ലീഷുകാർക്ക് വർഷംപ്രതി അടക്കാനുണ്ടായിരുന്ന തുകയിൽ 15 കൊല്ലക്കാലത്തേക്ക് കിഴിവ് അനുവദിക്കണമെന്ന ബീബിയുടെ ആവശ്യവും നിരാകരിക്കപ്പെട്ടു. ദ്വീപുകളിലെ ദുരിതാശ്വാസനടപടികൾക്കായി ഇംഗ്ലീഷുകാർ ചെലവാക്കിയ 9300 ഉറുപ്പിക മുൻകരാറനുസരിച്ച് അടക്കേണ്ടിയിരുന്ന തുകയുടെ കൂടെ കൂട്ടുകവഴി ബീബിയുടെ ഋണബാദ്ധ്യത വീണ്ടും വർദ്ധിച്ചു.

കൊടുങ്കാറ്റ് ദുരിതത്തെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഈസ്റ്റിൻഡ്യാ കമ്പനി അസിസ്റ്റന്റ് കലക്ടറായിരുന്ന ഡബ്യൂ. റോബിൻസണെ ദ്വീപുകളിലേക്കയച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ടനുസരിച്ച് ഏകദേശം 780 ഓളം അന്ത്രോത്ത്കാരും, കൽപേനിക്കാരും അന്ന് ആക്കത്തിയിൽ അഭയം തേടിയിരുന്നു. അവരുടെ പുനരധിവാസത്തിനായി 10,000 ഉറുപ്പിക കടമായിട്ട് നൽകണമെന്ന് ഈ ദ്വീപുകാർ ആവശ്യപ്പെട്ടുവെങ്കിലും ഒരു സഹായവും ആരിൽനിന്നും അവർക്ക് കിട്ടിയില്ല.

ദ്വീപുകളിൽനിന്നുമുള്ള ലാഭവിഹിതമായി 15,000 ഉറുപ്പികയോളം വർഷംപ്രതി 1769 മുതൽ പറ്റിക്കൊണ്ടിരുന്ന ഇംഗ്ലീഷുകാർ ദ്വീപുകളിലെ വൻനാശം നേരിട്ടപ്പോഴും അവരുടെ വകയായി ഒന്നും നൽകാൻ തയ്യാറായിരുന്നില്ല. ദ്വീപുകാരുടെയിടയിൽ നല്ലപിള്ള ചമയുകയും

അറയ്ക്കൽ ബീബിയെ സാമ്പത്തികമായി ഞെരുക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം, 1804ലെ കരാറനുസരിച്ച് ബീബിയിൽനിന്നും ഇംഗ്ലീഷുകാർ വാങ്ങേണ്ടിയിരുന്ന 500 കണ്ടി ദ്വീപുകയറ് വാങ്ങേണ്ടതില്ലെന്നും അവർ തീരുമാനിച്ചു. തൽഫലമായി കയറ്റുമതി കണ്ണൂരിലെത്തിയ ദ്വീപുകാർക്ക് ഉത്പന്നം വിറ്റഴിക്കാൻ സാധിക്കാതെ വന്നു. ഇത്രയും കൂടുതൽ കയറ് വാങ്ങാൻ മറ്റാരും മുമ്പോട്ട് വരാത്തത് കാരണം കയറിന്റെ വില കണ്ടിക്ക് 12 ഉറുപ്പികയായി കുറഞ്ഞു. കണ്ണൂരിൽ വിലയില്ലെന്ന കാരണത്താൽ മറ്റെവിടെയെങ്കിലും കൊണ്ടുപോയി വിൽക്കാൻ അറയ്ക്കൽ കുത്തകാവകാശം ദ്വീപുകാരെ അനുവദിച്ചതുമില്ല. ഇതിൽ കുപിതരായ ദ്വീപുകാർ അറയ്ക്കൽ ശാസനയെ ധിക്കരിച്ച് കയറുത്പന്നങ്ങൾ മംഗലാപുരത്തും, കോഴിക്കോട്ടും കൊണ്ടുപോകുകയും ഇംഗ്ലീഷുകാർ ദ്വീപുകാരിൽനിന്നും ഈ ഉത്പന്നങ്ങൾ വാങ്ങിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ഇംഗ്ലീഷുകാരും അറയ്ക്കൽ ബീബിയുമായി 1796ൽ ഉണ്ടാക്കിയ ലക്ഷദ്വീപു കച്ചവടകുത്തകകരാറിനു വിപരീതമായിരുന്നു ഇംഗ്ലീഷുകാരുടെ ഈ നടപടി. ദ്വീപു വ്യാപാരത്തിൽനിന്നുള്ള ലാഭവും ദ്വീപുകാരുടെ മതിപ്പും നഷ്ടപ്പെടുത്തുക എന്നതായിരുന്നു ഇംഗ്ലീഷുകാരുടെ ഈ പ്രവർത്തനത്തിന്റേയും ലക്ഷ്യം.

വർഷങ്ങൾ കഴിയുംതോറും ലക്ഷദ്വീപുകളുടെ സാമ്പത്തിക പ്രാധാന്യത്തേക്കാളേറെ ദ്വീപുകളുടെ രാജ്യതന്ത്ര പ്രാധാന്യത്തെക്കുറിച്ചും ഇംഗ്ലീഷുകാർ മനസ്സിലാക്കി. പേർഷ്യയും ഇംഗ്ലണ്ടുമായി വർദ്ധിച്ചുവന്ന വൈരാഗ്യം ദ്വീപുകളുടെ ഈ പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കാൻ അവരെ പ്രേരിപ്പിച്ചു. 1856ൽ അന്നത്തെ ഗവർണ്ണർ ജനറൽ യുദ്ധത്തിന്റെ ഭാഗമായി ഇന്ത്യൻ തുറമുഖങ്ങളിൽ നിന്നെല്ലാം പേർഷ്യൻ കച്ചവടക്കപ്പലുകൾ ഒരു മാസത്തിനകം ഒഴിച്ചുപോകണമെന്ന് കൽപന പുറപ്പെടുവിച്ചു. ഇന്ത്യാവൻകരയുടെ പടിഞ്ഞാറ് തീരത്തുനിന്നും വളരെ അകന്നുനിൽക്കുന്ന ഈ ദ്വീപുകൾ സൗകര്യപ്രദമായ ഒരു നാവിക താവളമായി ഉപയോഗിക്കാൻ പറ്റിയ സ്ഥലമാണെന്നും ഇംഗ്ലീഷുകാർ മനസ്സിലാക്കിയിരുന്നു. കൂടാതെ മലബാറിലെങ്ങും വ്യാപിച്ച മാപ്പിളലഹളകൾ ഇംഗ്ലീഷുകാർക്ക് ഒരു ഭീഷണിയായിരുന്നതിനാൽ കഴിയാവുന്നത്രയും മുസ്ലിംകേന്ദ്രങ്ങൾ തകർക്കുക എന്നതിന്റേയുംകൂടി ഭാഗമായിരുന്നു എത്രയും വേഗം ദ്വീപുകളെ അറയ്ക്കൽ ഭരണത്തിൽനിന്നും വേർപെടുത്തുക എന്നത്. ഈ ലക്ഷ്യത്തോടുകൂടി അറയ്ക്കൽ ബീബിയുടെ ദ്വീപുഭരണം തൃപ്തികരമല്ലെന്നും ഇംഗ്ലീഷുകാർക്ക് നൽകാനുണ്ടായിരുന്ന കടബാ

CamScanner

ദ്ധൃത നിറവേറ്റിയില്ലെന്നും പറഞ്ഞ് 1875ൽ ഇംഗ്ലീഷുകാർ ദ്വീപുഭരണം ഏറ്റെടുത്തു. ഔദ്യോഗികമായി ദ്വീപുകളുടെ കൈമാറ്റം നടന്നത് പിന്നേയും കുറേ വർഷങ്ങൾക്ക് ശേഷമായിരുന്നു. അറയ്ക്കൽ ഭരണാധികാരികൾ ഇംഗ്ലീഷുകാർക്ക് കൊടുക്കാൻ ബാക്കിയുണ്ടായിരുന്ന 1, 03, 639 ഉറുപ്പികക്ക് പകരമായി ഈ ദ്വീപുകളിന്മേലുള്ള പരമാധികാരം പരിപൂർണ്ണമായും വിട്ടുകൊടുക്കാൻ ഇംഗ്ലീഷുകാർ അന്നത്തെ അറയ്ക്കൽ ആലി രാജയോട് ആവശ്യപ്പെട്ടു. (I.A. 2956, 11th May 1900 Foreign Dept)അദ്ദേഹത്തെ തുടർന്ന് അധികാരമേറ്റ ഇമ്പിച്ചി ബീബി ഗത്യന്തരമില്ലാതെ ദ്വീപുകളുടെ കൈമാറ്റക്കരാറിൽ 1908 നവംബർ 15നു ഒപ്പിട്ടു. (Appendix IV)

ലക്ഷദ്വീപുകളിൽ പ്രകടമായ ഭരണപരിഷ്കാരങ്ങളൊന്നും ഇംഗ്ലീഷുകാർ വരുത്തിയില്ല. തെക്കൻ ദ്വീപുകളായ അന്ത്രോത്ത്, കൽപേനി, കവരത്തി, ആക്കത്തി, മിനിക്കോയി എന്നിവ മലബാർ കലക്ടറുടെ ഭരണത്തിലും, 1799ൽ ടിപ്പുവിന്റെ അന്ത്യത്തോടുകൂടി തെക്കൻ കർണ്ണാടകയോടൊപ്പം ഇംഗ്ലീഷുകാർക്ക് അധീനമായ വടക്കൻ ദ്വീപുകളായ അമ്മേനി, കടമം, കിൽത്തൻ, ചേത്തിലാം എന്നീ ദ്വീപുകൾ മംഗലാപുരം കലക്ടറുടെ ഭരണത്തിൻകീഴിലുമായിരുന്നു. രണ്ടുകൊല്ലത്തിലൊരിക്കൽ ദ്വീപുപരിശോധനാർത്ഥം കല്ക്ടറോ, അസിസ്റ്റന്റോ, ദ്വീപുകളിൽ പോകാറുണ്ടായിരുന്നുവെന്നതൊഴിച്ചാൽ ദ്വീപുകളിൽ നടന്നിരുന്നത് പ്രാചീന ഭരണരീതി മാത്രമായിരുന്നു. നാട്ടിലെ കഴിവും പ്രാപ്തിയുമുള്ള ഒരു വ്യക്തിയെ ആമീൻ ആയി നിയമിക്കുകയും അദ്ദേഹത്തെ ഭരണകാര്യത്തിൽ സഹായിക്കാനും കേസുകൾ വിചാരണ നടത്തുന്നതിനും മറ്റുമായി നാട്ടിലെ പ്രമുഖ കുടുംബാംഗങ്ങളെ കാരണവന്മാരായി നിയമിക്കുകയും ചെയ്യുന്ന രീതിയായിരുന്നു ഇംഗ്ലീഷുകാരും തുടർന്നുവന്നത്. ആമീനും, ഗുമസ്ഥനും, മാത്രമായിരുന്നു ആദ്യകാലത്ത് ദ്വീപുകളിൽ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാർ.

ആധുനികവിദ്യാഭ്യാസരീതിയും ചികിത്സാരീതിയും ദ്വീപുകളിൽ തുടങ്ങിവച്ചത് ഇംഗ്ലീഷുകാരായിരുന്നു. 1878ൽ വിന്റ് ബോത്തം സായ്പ് അന്ത്രോത്തിൽ 36 കുട്ടികളോട് കൂടി ഒരു സ്കൂൾ തുടങ്ങി. 1880 ആയപ്പോഴേക്കും വിദ്യാർത്ഥികളുടെ എണ്ണം 14 ആയി ചുരുങ്ങി.[11] 1884 ൽ കവരത്തിയിലും കുറേക്കഴിഞ്ഞ് ആക്കത്തിയിലും സ്കൂൾ സ്ഥാപിച്ചു. 1885ൽ അമ്മേനിയിൽ മലയാളവും ഖുർആനും പഠിപ്പിക്കാൻ ഒരാളെ നിയമിച്ചു. 1897ൽ ആ സ്കൂളും നിർത്തേണ്ടിവന്നു. 1905ൽ കാസർകോഡ് ലോക്കൽ ബോർഡ് പഞ്ചമസ്കൂളിലെ ഒരദ്ധ്യാപകനെ അമ്മേനി

സ്കൂൾമാസ്റ്ററായി നിയമിച്ചു. 1914ൽ സ്കൂൾ കടമത്തിലേക്ക് മാറ്റി. ഒരു വർഷത്തിനുശേഷം അതേ സ്കൂൾ വീണ്ടും അമ്മേനിയിൽ പ്രവർത്തനം തുടങ്ങി. ചുരുക്കത്തിൽ ആധുനിക വിദ്യാഭ്യാസരംഗത്ത് ആശാവഹമായ നേട്ടങ്ങളൊന്നും കൈവരിക്കാൻ ഇംഗ്ലീഷുകാരുടെ ഭരണകാലത്ത് സാധിച്ചിരുന്നില്ല. ഏതാണ്ടിതേ അനുഭവമായിരുന്നു ആരംഭകാലത്ത് ആധുനികചികിത്സാരീതിക്കുമുണ്ടായിരുന്നത്.

ലക്ഷദ്വീപുകളിലെ ആദ്യത്തെ ഡിസ്പെൻസറി 1874ൽ ഒരു ഹോസ്പിറ്റൽ അസിസ്റ്റന്റിന്റെ നിയന്ത്രണത്തിൽ അമ്മേനിയിൽ സ്ഥാപിച്ചു. അമ്മേനി, കടമം, കിൽത്തൻ, ചേത്തിലാം എന്നി നാലുദ്വീപുകൾക്കുവേണ്ടിയാണ് ഇത് സ്ഥാപിച്ചിരുന്നത്. 1890ൽ മിനിക്കോയിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ചെങ്കിലും അടച്ചുപൂട്ടേണ്ടിവന്നു. അന്ത്രോത്ത് ആമീൻ കച്ചേരിയിലെ ഒരു മുറിയിൽ 1900 ഡിസംബറിൽ ഒരു മെഡിക്കൽ അറ്റൻഡന്റിന്റെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ആരോഗ്യകേന്ദ്രത്തിന്റേയും ഗതി മറിച്ചായിരുന്നില്ല. ആധുനികവൈദ്യശാസ്ത്രത്തിൽ വിശ്വാസമില്ലാതിരുന്ന അന്നത്തെ ജനങ്ങളുടെ എതിർപ്പും നിസ്സഹകരണവും കാരണം നാമമാത്രമായ ഇതിന്റെ പ്രവർത്തനം കൂടി 1905ൽ അവസാനിച്ചു. എങ്കിലും ബ്രിട്ടീഷുകാർ ഓരോ ദ്വീപിലേയും രോഗികളെ ഉദ്ദേശ്യിച്ച് ആമീൻ കച്ചേരികളിൽ 110 ഉറുപ്പിക 10 അണയുടെ മരുന്നുകൾ സൂക്ഷിച്ചു. അന്ത്രോത്തിൽനിന്ന് ആരോ വെറും 10 ഉറുപ്പികയുടെ മരുന്ന് ഒരു കൊല്ലക്കാലത്തിനിടക്ക് വാങ്ങി എന്നതൊഴിച്ചാൽ മറ്റൊരു ദ്വീപിൽനിന്നും ഒരുറുപ്പികയുടെ മരുന്നുപോലും വിൽപനയായില്ല.

വർഷങ്ങൾക്കുശേഷം 1925ൽ അന്ത്രോത്തിലും 1926ൽ മിനിക്കോയിയിലും ഓരോ ഡിസ്പെൻസറി വീണ്ടും പ്രവർത്തിച്ചു തുടങ്ങി. ഒരു ഡോക്ടറും ഒരു കമ്പൗണ്ടറും ഒരു MNO യും അടങ്ങുന്ന മെഡിക്കൽ സംഘത്തോടുകൂടി 1925ൽ അന്ത്രോത്തിൽ പ്രവർത്തിച്ചു തുടങ്ങിയ ഡിസ്പെൻസറിയുടെ അധികാരപരിധിയിലായിരുന്നു ആക്കത്തിയും കവരത്തിയും കൽപേനിയും. അന്ത്രോത്തിൽനിന്നുള്ള ഈ മെഡിക്കൽ സംഘം ഓടങ്ങളിലും തോണികളിലുമായി 87 മുതൽ 157 കി. മീറ്റർ വരെ ദൂരെ കിടക്കുന്ന ഈ ദ്വീപുകളിൽ പോയി 10 ദിവസം വീതം ക്യാമ്പ് ചെയ്ത് ആതുരസേവനം നടത്തിവന്നിരുന്നു. 1936 മെയ് മാസം കവരത്തിയിൽ 65- 170 രൂപ ശമ്പളത്തിൽ ഒരു ഡോക്ടറേയും 28- 140 രൂപ ശമ്പളത്തിൽ ഒരു കമ്പൗണ്ടറേയും 12-17 രൂപശമ്പളത്തിൽ ഒരു MNO യേയും നിയമിച്ച് ഒരു ഡിസ്പെൻസറി പ്രവർത്തിച്ചു തുടങ്ങിയതോടെ കവരത്തിയും ആക്കത്തിയും ആ ഡിസ്പെൻസറിയുടെ

സേവനപരിധിയിലായി. അന്നുമുതൽ കവരത്തിയിലെ മെഡിക്കൽ സംഘം ആക്കത്തിയിലും അന്ത്രോത്തിലെ മെഡിക്കൽസംഘം 1943ൽ കൽപേനിയിൽ ഡിസ്പെൻസറി സ്ഥാപിക്കുന്നതുവരെ ആ ദ്വീപിലും പോയി 4 മാസം വീതം ക്യാമ്പ് ചെയ്ത് സേവനം നൽകിവന്നിരുന്നു."

ദ്വീപുകളെ സംബന്ധിച്ചിടത്തോളം ബ്രിട്ടീഷ് ഭരണംകൊണ്ടുണ്ടായ മറ്റൊരു നേട്ടം ദ്വീപുത്പന്നങ്ങളായ തേങ്ങ, ആമത്തോട്, അമ്പർ, കവിടി മുതലായവക്ക് ഏർപ്പെടുത്തിയിരുന്ന കുത്തകാവകാശങ്ങൾ പടിപടിയായി നിർത്തിയെന്നുള്ളതാണ്. (G,O.No 96 pol 20th February 1909 & G.O.No. 2855 Rev 30th August 1910) ഇത്തരം ചില പരിഷ്കാരങ്ങളൊക്കെ വരുത്തിയിരുന്നുവെങ്കിലും ദ്വീപുകളെ ആധുനീകരിക്കുന്നതിൽ വലിയ താൽപര്യമൊന്നും ഇംഗ്ലീഷുകാർ കാണിച്ചിരുന്നില്ല.

ലക്ഷദ്വീപും വൻകരയുമായുള്ള വാർത്താവിനിമയബന്ധങ്ങളും യാത്രാസൗകര്യങ്ങളും പ്രാചീനകാലം മുതൽ തുടർന്നുവന്നിരുന്ന അതേ രീതിയിലായിരുന്നു അന്നും. ദ്വീപോടങ്ങളിൽ ഒക്ടോബർ തൊട്ട് ഏപ്രിൽ വരെയുള്ള കാലത്ത് വ്യാപാരാവശ്യാർത്ഥം വൻകരയുമായി ബന്ധപ്പെട്ടിരുന്ന ആറുമാസക്കാലം മാത്രമായിരുന്നു ദ്വീപുകളിലെ വിവരങ്ങൾ കരയിലും കരയിലുള്ള സംഭവങ്ങൾ ദ്വീപുകളിലും അറിഞ്ഞിരുന്നത്. മേയ് മുതൽ ഒക്ടോബർ വരെയുള്ള ആറുമാസക്കാലം പരസ്പരം ബന്ധപ്പെടാൻ ഒരു മാർഗ്ഗവുമില്ലായിരുന്നു. 1947 ആഗസ്റ്റ് 15-നു ഇന്ത്യാമഹാരാജ്യത്തോടൊപ്പം ദ്വീപുകൾ സ്വതന്ത്രമായതും ബ്രിട്ടീഷുഭരണം അവസാനിച്ചതുമെല്ലാം ദ്വീപുകളിലറിഞ്ഞത് മൂന്നുമാസങ്ങൾക്കുശേഷം നവംബർ മാസത്തിൽ കരയിൽ നിന്ന് സാധനങ്ങളുമായി തിരിച്ചെത്തിയ ഓടക്കാർ വഴിയായിരുന്നു.

സ്വാതന്ത്ര്യത്തിനുശേഷവും ലക്ഷദ്വീപുകളുടെ ചിത്രം പഴയതു തന്നെയായിരുന്നു. ദ്വീപുകൾ പഴയപോലെ ആമീനും കാരണവന്മാരും ഭരിച്ചു. ഒന്നോ രണ്ടോ കൊല്ലം കഴിയുമ്പോൾ കലക്ടറോ അസിസ്റ്റന്റോ, ദ്വീപുകൾ സന്ദർശിച്ച് ആമീൻ കാരണവന്മാരുടെ ഭരണം വിലയിരുത്തി ഏതാനും നിർദ്ദേശങ്ങളും നൽകി തിരിച്ചു പോന്നു. ആമീൻ കാരണവന്മാരുടെ കോടതികൾക്കപ്പുറമുള്ള ഒരു നീതിന്യായ പരിപാലന സംവിധാനം ദ്വീപുകളിലുമുണ്ടായിരുന്നില്ല. 1959 വരേയ്ക്കും ദ്വീപുകളിൽ പോലീസ് സ്റ്റേഷനോ, ഒറ്റ പോലീസുകാരൻപോലുമോ ഇല്ലായിരുന്നു. കപ്പലും കമ്പിത്തപാലും ദ്വീപുകളിൽ ഏർപ്പെടുത്തിയിരുന്നില്ല.

സ്വാതന്ത്ര്യത്തിനുശേഷവും വളരെക്കാലം ദ്വീപുകൾ അവഗണനയിൽതന്നെ കഴിഞ്ഞുകൂടേണ്ടിവന്നു. മംഗലാപുരം കലക്ടറുടെ അധീനത്തിലായിരുന്ന അമ്മേനി, കടമം, കിൽത്താൻ, ചേത്തിലാം എന്നീ ദ്വീപുകളും മലബാർ കലക്ടറുടെ അധികാരപരിധിയിലായിരുന്ന അന്ത്രോത്ത്, കൽപേനി, കവരത്തി, ആക്കത്തി, മിനിക്കോയി എന്നീ ദ്വീപുകളും തമ്മിൽ യഥേഷ്ടം ബന്ധപ്പെടുന്നതിനുപോലും തടസ്സം നിന്നിരുന്നു ഭരണാധികാരികൾ. 1943 മാർച്ച് 5-ാനു സൗത്ത് കനറാ കലക്ടർ അയച്ച കൽപനയിൽ (Ref 5 57-48-B2) ഇങ്ങനെ പറയുന്നു. "അമ്മേനി ഗ്രൂപ്പിൽ പെട്ട ദ്വീപുകളിൽ മംഗലാപുരം റവന്യൂ ഡിവിഷനിൽപ്പെടാത്ത മറ്റു ദ്വീപുകാർക്ക് റവന്യൂ ഡിവിഷണൽ ഓഫീസറുടെ പെർമിറ്റ് കൂടാതെ പ്രവേശിക്കുവാൻ പാടുള്ളതല്ല. മറ്റു ദ്വീപുകളിൽനിന്ന് വരുന്നത് തടയുന്നതിൽ പരാജയപ്പെട്ടാൽ മനേഗാരെയും കാരാണിയേയും ഉടൻ സസ്പെൻഡ് ചെയ്യുന്നതാണ്." ഈ കൽപന വീഴ്ചകൂടാതെ നടപ്പിലാക്കാൻ അമ്മേനി തഹസിൽദാർ കടമം കാരാണിക്ക് 10-11-51 (C No. 404 5) ലും 10-12-51 ലും 11-11-53 ലും വീണ്ടും വീണ്ടും കൽപനകൾ അയച്ചു. 1953ലും തുടർന്നുവന്ന ഈ സമ്പ്രദായം ലക്ഷദ്വീപുകളുടെ അന്നത്തെ നിജസ്ഥിതികൾക്ക് ഉത്തമദൃഷ്ടാന്തമാണ്.

സ്വാതന്ത്ര്യത്തിനുശേഷവും കടുത്ത അവഗണന മാത്രം അനുഭവിച്ചിരുന്ന ദ്വീപുകളെ പുരോഗതിയുടെ പാതയിലേക്കാനയിക്കണമെന്ന ഉദ്ദേശ്യത്തോടെ വിരലിലെണ്ണാവുന്ന ഏതാനും ദ്വീപുകാർ പ്രവർത്തിച്ചിരുന്നു. ഇതിന്റെ ഭാഗമായി 1948ൽ അന്ത്രോത്തിൽ സ്ഥാപിച്ച കോൺഗ്രസ് സംഘടനയും 1949ൽ കോഴിക്കോട്ട് സ്ഥാപിച്ച ജമാഅത്തേ ജസീറ എന്ന സംഘടനയും ദ്വീപുകളുടെ ശോചനീയാവസ്ഥ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തിക്കൊണ്ടിരുന്നു. മദ്രാസ് ഗവൺമെന്റിനും, ഇന്ത്യൻ പ്രസിഡണ്ടിനുമെല്ലാം അവർ ഒട്ടേറെ നിവേദനങ്ങൾ സമർപ്പിച്ചു. കോഴിക്കോടുമായി വ്യാപാരപരമായും മറ്റും നിരന്തരബന്ധമുണ്ടായിരുന്ന ദ്വീപുകാരുടെ സ്ഥിതിയിൽ അനുതാപമുണ്ടായിരുന്ന ചില നല്ല ആളുകളും ദ്വീപുകളെ ഇക്കാര്യത്തിൽ ആത്മാർത്ഥമായി സഹായിച്ചു. ആ ലക്ഷ്യംവച്ച് 1954ൽ കോഴിക്കോട്ട് രൂപംകൊണ്ടതായിരുന്നു 'ലക്ഷദ്വീപ് വെൽഫെയർ അസോസിയേഷൻ.'

സംസ്ഥാന പുനസംഘടനാ പ്രശ്നം വന്നപ്പോൾ ലക്ഷദ്വീപുകളെ കേരളസംസ്ഥാനത്തോട് ചേർക്കണമെന്ന് കേരളത്തിലെ ചില പ്രമുഖവ്യക്തികളും ലക്ഷദ്വീപുകാരുടെ സംഘടനയായിരുന്ന

ജമാഅത്തെ ജസീറയും ആവശ്യപ്പെട്ടു. കേരളവുമായി ദ്വീപുകാർക്കുണ്ടായിരുന്ന നീണ്ടകാല വ്യാപാരബന്ധമായിരിക്കാം ഇങ്ങനെ ഒരാവശ്യം ഉന്നയിക്കാൻ അന്നവരെ പ്രേരിപ്പിച്ചത്. ഇതിന്റെ പിന്നിലെ പ്രേരണ എന്തുതന്നെയായിരുന്നാലും ലക്ഷദ്വീപുകളുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും രാജ്യരക്ഷാപരമായ പ്രാധാന്യവും മറ്റും കണക്കിലെടുത്ത് ദ്വീപുകളെ കേരളത്തോടോ മറ്റേതെങ്കിലും സ്റ്റേറ്റിനോടോ ചേർക്കാതെ ലക്ഷദ്വീപുകളെ കേന്ദ്രഭരണപ്രദേശമായി പ്രഖ്യാപിക്കുകയാണുണ്ടായത്. ദ്വീപുകളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ നേട്ടമായിരുന്നു ഈ തീരുമാനം. കേന്ദ്ര ഗവൺമെന്റ് നേരിട്ട ഭരിക്കുന്നതിന് പകരം വേറെ ഏതെങ്കിലും സ്റ്റേറ്റിനോട് ദ്വീപുകളെ ചേർത്തിയിരുന്നുവെങ്കിൽ ചരിത്രാതീതകാലം മുതൽ വ്യത്യസ്ത സംസ്കാരവും ചരിത്രപാരമ്പര്യവും നിലനിർത്തിയിരുന്ന ദ്വീപുകളിലെ പല സവിശേഷതകളും അനിയന്ത്രിതമായ സങ്കലനം മൂലം ഇന്ന് അപ്രത്യക്ഷമായേനെ. അതോടൊപ്പം ദ്വീപുകളിൽ ഇത്രയുംകാലം സംരക്ഷിക്കപ്പെട്ടുവന്ന പല മൂല്യങ്ങളും ചരിത്ര പൈതൃകങ്ങളും എന്നേക്കുമായി നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു. ലക്ഷദ്വീപുകളെ സംബന്ധിച്ചിടത്തോളം അവയുടെ സാംസ്കാരിക പാരമ്പര്യങ്ങൾ നഷ്ടപ്പെടാതെ നവയുഗത്തിലേക്ക് വർദ്ധിച്ച വേഗതയോടെയും, ഗണ്യമായ മൂലധനത്തോടെയും വലിയ ഒരു കുതിച്ചുചാട്ടം നടത്താൻ അവസരം കിട്ടിയത് 1956- നവംബർ 1-ന് കേന്ദ്ര ഗവൺമെന്റ് നേരിട്ട് ഭരിക്കാൻ തുടങ്ങിയത് മുതൽക്കാണ്.

REFERENCES

1. പി.എ. സെയ്തുമുഹമ്മദ് - കേരള മുസ്ലിം ഡയറക്ടറി 1960 പേ: 540
2. The periplus of the Erythraen sea IInd Edit 1974. Tr. Wilfred H. Schoff P: 41
3. Alexander Cunningham - The Ancient Geographyof India vol I1871 P: 465
4. Plinys Natural history vol II Tr. By John Bostock and H T. Riley P: 51
5. E.H. Warmington The Commerce between the Roman empire and India 1928 P: 40
6. (1) M Ramunni - laccadive, Minicoy and Amindivi Islands Publication Division Govt: of India 1972 P:4

(2) Lakshadweep Gazatteer 1977 P: 343

CamScanner

7. കെ.വി. കൃഷ്ണയ്യർ. ലക്ഷദ്വീപ് വാർഷികപ്പതിപ്പ് 1970

8. Epigraphia Indica and the Record of archaeologilal Survey of India vol: XVIII P: 149

Edited by: Rao Bahadur H. Kfishnan Shastry & Hirananda Shastry 1825 Inscription 11 11-14

9. Ibid P: 152

10. കേരള മുസ്ലിം ഡയറക്ടറി. 1960 പേജ്. 543

11. The Christian Topographyof Cosmas Indicopleustes Translated from Greek and edited by: J.W. Mccrindle London 897. P: 364

12. Ibid foot note P: 364

13. E.H. Warminton - The Commerce between the Roman empire and India Combridge 1928 P: 125

14. Baijnathpuri - India in classical greek writings Ahmedabad 1963 P: 192

15. പി.ഏ സെയ്തുമുഹമ്മദ് - കേരള മുസ്ലിം ഡയറക്ടറി പേ: 512

16. T.A. Gopinatha Roa Travancore Archaelogical Series Vol II 1920 P: 113

17. Travancore Archaeological series 19 6 Vol II part I

18. ഡോ. എം.ജി.എസ് നാരായണൻ മാതൃഭൂമി ദിനപത്രം. 1979 ആഗസ്ത് 17

19. (1) V.A. Janaki-Some Aspects of the Political Geography of India Geographical Series No 8 Maharaja Sayaji Roa University, - Baroda 1977 P: 59

(2) പാലാ എസ്.കെ. നായർ - ഇൻഡ്യാ ചരിത്രം ഒന്നാംഭാഗം 1980 പേ: 202

20 Gazetteer of India - Lakshadweep 1977 P: 40

21. (1) Blackwood Magazine for February & March 1889 Marcopolos female island

(2) Yules Marcolplo

(3) Manuel Komroff- Travels of Marcopolo

22.(1) Gibb H.A.R. The Travels of Ibnu - Batuta

(2) G. Defremery -voyager of Ibnu - Batuta

23. O.K. Nambiar Portuguese Pirates and Indian Seamen Mysore 1955 P: 12.4

24. എൻ.എസ്. മന്നാഡിയാർ. ലക്ഷദ്വീപ് വാർഷികപ്പതിപ്പ് 1978

25. Barbosa Haklyut Society P: 164

26. ഡോ. ഗുണ്ടർട്ട് കേരള പഴമ വിദ്യാർത്ഥിമിത്രം പുനപ്രസിദ്ധീകരണം 1959 പേ: 80

27. അതേ പുസ്തകം പേ: 164 165

28. Shayk Zainuddeen Tuhfat al Mujahideen Tr. S. Mohd Husayn Nainar 1942 Madras University P: 80

Ibid P;80

30. W. Robinson -Report on the Amindive islands 1946 Revenu Dept Govt of Madras

31. Tuhfat Al Mujahideen Tr. S.M.H. Nainar 1942 P: 60-61

32. വി.ആർ.കൃഷ്ണയ്യർ. മാതൃഭൂമി ആഴ്ചപ്പതിപ്പ് 1973 ആഗസ്റ്റ് 19

33. R.H. Ellis A Short account of the Laccadive islands & Minicoy 1924, Madras

34. K.P. Ittaman Amini islanders

35. K.K.N. Kurup The Ali Rajas of Cannanore

36. R.H. Ellis P:24

37. Ibd P: 62

38. K..K. N. Kurup The Ali Rajas Of Cannore Trivandrum 1975 P:47

39. Letter from Principal Collector of Canara to the Principal Collector of malabar dt. 17 January 1807

40 മലബാർ ഗസറ്റിയർ ഭാഗം 4 പേജ് 189

41. Logan-Malabar Vol II 1887

42. Old Records of Primary health centre - Dndroth

ബുദ്ധമതം

ലക്ഷദ്വീപുകളിലെ ആദിമനിവാസികൾ ഏത് മതക്കാരായിരുന്നുവെന്നോ, അവരുടെ വിശ്വാസാചാരങ്ങൾ എന്തെല്ലാമായിരുന്നുവെന്നോ ഗ്രഹിക്കാൻ പ്രയാസമാണ്. പക്ഷേ ലഭ്യമായ തെളിവുകളുടെ വെളിച്ചത്തിൽ ക്രിസ്തുവിന്ന് മുൻപ് ഏകദേശം 3-ാം നൂറ്റാണ്ട് മുതൽ ലക്ഷദ്വീപുകളിൽ ബുദ്ധമതം പ്രചരിച്ചിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്. ഒരുപക്ഷെ 7-ാം നൂറ്റാണ്ടിൽ ഇസ്ലാംമതം പ്രചരിക്കുന്നതിന് മുമ്പ് ദ്വീപുകളിൽ സ്വാധീനം നേടിയിരുന്ന ഏക മതവും ബുദ്ധമതം തന്നെയായിരിക്കണം.

അശോകചക്രവർത്തിയുടെ ഭരണകാലമായ ബിസി 3-ാം ശതകത്തിൽതന്നെ അശോകരാജ്യത്തിന്നും ലങ്കാദ്വീപിന്നും ഇടയിൽ കിടക്കുന്ന പ്രദേശങ്ങളിലെല്ലാം ബുദ്ധമതം സാർവ്വത്രികമായും പ്രചരിച്ചിരുന്നു. ആ ചരിത്രയാഥാർത്ഥ്യം പ്രതിഭാശാലിയായ അശോകചക്രവർത്തിയുടെ ഗിർനാറിലെ രണ്ടാംനമ്പർ ശിലാശാസനം വിളിച്ചോതുന്നു.

മൂന്നാംശതകം മുതൽ ദക്ഷിണേന്ത്യയിൽ ത്വരിതഗതിയിൽ പ്രചരിച്ച ബുദ്ധമതത്തിന്റെ പതനവും ഏതാണ്ട് അതേവേഗതയിൽ തന്നെയായിരുന്നുവെന്നുതന്നെയാണ് പണ്ഡിതമതം. ക്രിസ്തുവിനു ശേഷം എട്ടാം നൂറ്റാണ്ട് വരെ ബുദ്ധമതവും ജൈനമതവും കേരളത്തിൽ പ്രാബല്യത്തിലിരുന്നു. എന്നാൽ അതിനുശേഷം ഈ രണ്ടുമതങ്ങളും ക്രമമായി ക്ഷയിച്ചുപോകുകയാണുണ്ടായത്. എട്ടും ഒൻപതും നൂറ്റാണ്ടുകളിൽ വൈദികമതസ്ഥരായ ബ്രാഹ്മണർ കൂട്ടമായി കേരളത്തിൽ പ്രവേശിക്കുകയും അങ്ങനെ ഇവിടം ആര്യനധിവേശത്തിന് വിധേയമാകുകയും ചെയ്തതാണ് അതിന്റെ മുഖ്യകാരണം. കീർത്തികേട്ട മീമാംസകനായ പ്രഭാകരൻ, അദ്വൈത വേദാന്തത്തിന്റെ

ഉപജ്ഞാതാവയ ശങ്കരാചാര്യർ (എ.ഡി. 788 -820) ഭക്തിപ്രസ്ഥാനത്തിന്റെ ആചാര്യനായ കുലശേഖര അൽവാർ എന്നീ പ്രഗത്ഭ പണ്ഡിത്മാരുടെ ആഗമനത്തോടുകൂടി ബുദ്ധമതവും, ജൈനമതവും, വൈദിക ഹിന്ദുമതത്തിനു വഴിമാറിക്കൊടുക്കുകയുണ്ടായി."[1] ബുദ്ധ ജൈനമതങ്ങളെ പരാജയപ്പെടുത്തി ഹിന്ദുമതം കേരളത്തിൽ ഒരു ജീവൽമതമെന്ന നിലയിൽ 8-ാം നൂറ്റാണ്ടിൽ ആദ്യപ്രതിഷ്ഠ നേടുന്നതിനും വളരെമുമ്പുതന്നെ ലക്ഷദ്വീപുകളിൽനിന്ന് ബുദ്ധമതം പൂർണ്ണമായും ഇസ്‌ലാമിന്ന് വഴിമാറിക്കൊടുത്ത് കഴിഞ്ഞിരുന്നു. ലക്ഷദ്വീപുകാർ ഇസ്‌ലാംമതവിശ്വാസികളായി മാറിയ 7-ാ നൂറ്റാണ്ടിലും ഹൈന്ദവമതത്തിന് കേരളത്തിൽ പറയത്തക്ക പ്രസക്തിയൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടായിരിക്കണം ഇസ്‌ലാമികോദയത്തിന് മുൻപ് ലക്ഷദ്വീപുകളിൽ ഹിന്ദുമതം നാമമാത്രമായ നിലയിൽപോലും പ്രചരിച്ചിരുന്നുവെന്നതിന്റെ സൂചനകളൊന്നും ദ്വീപുകളിൽ ലഭ്യമല്ലാത്തത്.

എ.ഡി. ആദ്യശതകങ്ങളിലെ ഹിന്ദുമതത്തെപ്പറ്റി Z.M. പാറേട്ട് ഇങ്ങനെ എഴുതുന്നു. "ക്രിസ്താബ്ദാരംഭകാലത്ത് ഹിന്ദുമതം കേരളത്തിൽ ഉന്നതമായ നിലയിൽ എത്തിയിരുന്നില്ല. ജൈനബുദ്ധമതങ്ങൾ ഉച്ചസ്ഥാനത്തുനിന്നും അവരോഹണം ചെയ്ത് തുടങ്ങിയിരുന്നു. എങ്കിലും അവയ്ക്കായിരുന്നു അന്നും ഹിന്ദുമതത്തേക്കാൾ പ്രാധാന്യം."[2] 7-ാം നൂറ്റാണ്ടിലും കേരളത്തിൽ ഹിന്ദുമതത്തിന്റെ സ്ഥാനം. "പല മതങ്ങളിൽ ഒന്ന് എന്ന നിലയിലും താണപടിയിലായിരുന്നു. ആ വസ്തുത ശ്രീ. എ. ശ്രീധരമേനോൻ രേഖപ്പെടുത്തിയതിങ്ങനെയാണ്. കുലശേഖരന്മാരുടെ ഭരണകാലത്ത് ജൈനബുദ്ധമതങ്ങൾ ക്ഷയിക്കുകയും ഹിന്ദുമതം സുപ്രതിഷ്ഠ നേടുകയും ചെയ്തു. അക്കാലത്ത് തെക്കേ ഇന്ത്യയിൽ പ്രചരിച്ച ഹിന്ദുമതചൈതന്യത്തെ പുനസ്ഥാപനമെന്നോ, നവോത്ഥാനമെന്നോ വിളിക്കുവാനുള്ള പ്രവണതയാണ് പണ്ഡിതന്മാർ പൊതുവെ പുലർത്തിക്കാണുന്നത്. ഏതെങ്കിലും ഒന്ന് ഏറെക്കാലത്തേക്ക് നിശ്ചലമോ, നിഷ്പ്രഭമോ ആയിരുന്നശേഷം വീണ്ടും ശക്തിപ്രാപിച്ച് ഉയർന്നുവരുന്നതിനെയാണല്ലോ പുനരുജ്ജീവനമെന്നോ നവോത്ഥാനമെന്നോ പറയുക. യഥാർത്ഥത്തിൽ കേരളത്തിൽ കുലശേഖരന്മാരുടെ കാലഘട്ടത്തിന് മുൻപ് ആര്യധർമ്മത്തിന് പറയത്തക്ക പ്രാധാന്യം ഒന്നും ഉണ്ടായിരുന്നില്ല. പല മതങ്ങളിൽ ഒന്ന് എന്ന നിലയിലും താണപടിയിലായിരുന്നു അതിന്റെ സ്ഥാനം. ആകയാൽ കുലശേഖരന്മാരുടെ ഭരണകാലത്ത് ഹിന്ദുമതം പുനസ്ഥാപിതമാകുകയല്ല ചെയ്തത് നേരെമറിച്ച് വിഘാതമായി നിന്ന ജൈന ബുദ്ധമതങ്ങളേയും ദ്രാവിഡ ആരാധനാസമ്പ്രദായങ്ങളേയും

കീഴ്പെടുത്തിക്കൊണ്ട് ഹിന്ദുമതമായി അത് കേരളത്തിലെ പ്രമുഖ മതമെന്ന നിലയിൽ ആദ്യപ്രതിഷ്ഠ നേടുകയാണുണ്ടായത്. എ.ഡി. 8-ാം ശതകത്തിൽ ബ്രാഹ്മണരുടെ ഒരുപുതിയ സംഘം വെളിയിൽനിന്ന് വന്നതോടെ മൂർദ്ധന്യത്തിലെത്തിയ തീവ്രമായ ആര്യവത്ക്കരണത്തിന്റെ സ്വാഭാവിക പരിണാമം മാത്രമായിരുന്നു അന്ന് കേരളത്തിൽ ഹിന്ദുമതത്തിന്നുണ്ടായ വിജയം.[3]" ജൈനമതത്തേയും ബുദ്ധമതത്തേയും ചേതനപൂജയും പൈതൃകാരാധനയുമടങ്ങിയ ദ്രാവിഡമതത്തേയും പരാജയപ്പെടുത്തി ഹിന്ദുമതം കേരളത്തിൽ ആദ്യപ്രതിഷ്ഠ നേടുന്നതിനു മുൻപുതന്നെ ലക്ഷദ്വീപുകാർ പൂർണ്ണമായും ഇസ്ലാംമത വിശ്വാസികളായി മാറിക്കഴിഞ്ഞിരുന്നു. 7-ാം നൂറ്റാണ്ടിൽ ഇസ്ലാംമതം പ്രചരിക്കുന്നതിന് മുൻപ് ദ്വീപുകളിൽ നന്നായി പ്രചരിച്ചിരുന്നത് ബുദ്ധമതമായിരുന്നുവെന്നതിന്റെ അനേകം തെളിവുകൾ ദ്വീപിൽ ഇന്നും ലഭ്യമാണ്. ലക്ഷദ്വീപുകളിൽപെട്ട പല ദ്വീപുകളിൽനിന്നും കണ്ടുകിട്ടിയ ബുദ്ധപ്രതിമകളും വിഹാരങ്ങളുടെ അവശിഷ്ടങ്ങളും മറ്റും ദ്വീപുകളിൽ അക്കാലത്ത് ബുദ്ധമതം നേടിയ പ്രചാരത്തിന്റെ വ്യാപ്തി വ്യക്തമാക്കാൻ പര്യാപ്തമായവയാണ്. കൂടാതെ ഇന്നും ദ്വീപുഭാഷയിലും വേഷത്തിലും സംസ്കാരത്തിലും, വീട്ടുപേരുകളിൽപോലും ആ പ്രാചീനമതത്തിന്റെ മായാത്ത ചിഹ്നങ്ങൾ ഉയർന്നുകാണാവുന്നതാണ്.

ലക്ഷദ്വീപുകളിലെ പലഭാഗങ്ങളിൽനിന്നും ബുദ്ധപ്രതിമകളും, വിഹാരങ്ങളുടെ അവശിഷ്ടങ്ങളെന്ന് കരുതപ്പെടുന്നവയുമായ പലതും കല്ലുവെട്ട് തൊഴിലാളികൾക്കും മറ്റും കണ്ടുകിട്ടിയിരുന്നു. പക്ഷെ ഇത്തരം പുരാവസ്തുക്കൾ, സംരക്ഷിക്കുന്നതിൽ താൽപര്യമില്ലാതിരുന്നവർ വിഹാരങ്ങളുടെ അവശിഷ്ടങ്ങളായി കണ്ടുകിട്ടിയവ ഒന്നടങ്കം പൊളിച്ചു മാറ്റി കല്ലുകൾ മാത്രമെടുക്കുകയും, വിഗ്രഹങ്ങളും മറ്റും ചെത്തിമിനുക്കി കല്ലിന്റെ ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്തതു നിമിത്തം അവ ചരിത്രലോകത്തിന് നഷ്ടമായി. അത്തരം വിഗ്രഹങ്ങളും വിഹാരാവശിഷ്ടങ്ങളും കണ്ടുകിട്ടിയവരുടെ വിവരണങ്ങളിൽ തൃപ്തിപ്പെടാൻ മാത്രമേ തല്ക്കാലം നിർവ്വാഹമുള്ളൂ.

വളരെയധികം ബുദ്ധവിഗ്രഹങ്ങളും വിഹാരങ്ങളുടെ അവശിഷ്ടങ്ങളും മറ്റും കണ്ടുകിട്ടിയ അന്ത്രോത്ത് ദ്വീപിൽനിന്നുതന്നെയും പലതും നഷ്ടപ്പെട്ട് പോയെങ്കിലും ഭാഗ്യവശാൽ ഇന്നും രണ്ട് ബുദ്ധവിഗ്രഹങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. 1960ൽ അന്ത്രോത്ത് ദ്വീപിലെ പെരുമ്പള്ളി എന്ന വീട്ടിന്റെ മുൻവശത്തുനിന്ന് കല്ല് വെട്ടാൻ കുഴിച്ചപ്പോൾ കിട്ടിയ ബുദ്ധവിഗ്രഹത്തിന്റെ ശിരസ്സാണ് ദ്വീപുകളിൽനിന്ന് ഇന്നോളം കണ്ടുകിട്ടിയതിൽവച്ച് ഏറ്റവും വലുത്. ഒരു മീറ്ററിലധികം

CamScanner

(ചിത്രം 1)



ആന്ത്രോത്തിൽനിന്നും കിട്ടിയ ചെറിയ ബുദ്ധപ്രതിമ

ഉയരവും, ഏകദേശം 350 കിലോഗ്രാം തൂക്കവുമുണ്ട് ഈ ശിരസ്സിന്. ഈ പ്രതിമ കുറേക്കാലം അനാഥമായി ആ കല്ലുവെട്ടുകുഴിയിൽതന്നെ കിടന്നു. മണ്ണിന്നടിയിൽ അനേകം നൂറ്റാണ്ടുകാലം പ്രായേണ സുരക്ഷിതമായിരുന്ന ഈ വിഗ്രഹം വെളിച്ചത്ത് വന്നശേഷം കുറെക്കൂടി വികൃതമായി. ഇത് സംരക്ഷിച്ച് ഭദ്രമായ ഒരു സ്ഥലത്ത് സൂക്ഷിക്കാൻ ചരിത്രപാണ്ഡിത്യമുള്ളവരോ അല്ലാത്തവരോ ആയ ആരും കുറേക്കാലത്തേക്ക് ശ്രമിച്ചില്ല. ഏറെ വർഷങ്ങൾക്കുശേഷം ശ്രീ യു. നടരാജൻ മാസ്റ്ററുടെ നേതൃത്വത്തിൽ അന്ത്രോത്ത് ഹൈസ്കൂളിലെ ഏതാനും വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി ഈ വിഗ്രഹം ഹൈസ്കൂളിലെത്തിച്ചു. അതുപോലെത്തന്നെ കല്ല് വെട്ടാൻ കുഴിച്ചപ്പോൾ കിട്ടിയ മറ്റൊരു ബുദ്ധപ്രതിമയുടെ ശിരസ്സും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. *(ചിത്രം 1)* ഏകദേശം അരമീറ്റർ ഉയരവും 75കിലോഗ്രാം തൂക്കവും വരുന്ന ഈ ശിരസ്സും കുറേക്കാലം അന്ത്രോത്ത് പോലീസ് സ്റ്റേഷനുമുമ്പിൽ അനാഥമായിക്കിടന്നു. 1976ൽ ഈ വിഗ്രഹവും അന്നത്തെ ഹെഡ്മാസ്റ്റർ ശ്രീ. കെ. ടി. വേലായുധന്റെ നേതൃത്വത്തിൽ അന്ത്രോത്ത് ഹൈസ്കൂളിലെത്തിച്ചു. ഭാഗ്യവശാൽ ഈ രണ്ടുവിഗ്രഹങ്ങളും ഇന്നും നഷ്ടപ്പെടാതെ ആർക്കൈവ്സിന്റെ അഭാവത്തിൽ അന്ത്രോത്ത് ഹൈസ്കൂളിലെ ഒരു മുറിയിൽ പ്രായേണ സുരക്ഷിതയാണ്. ഈ രണ്ട് പ്രതിമകളുടേയും ഉടൽ കണ്ടുകിട്ടിയില്ല. ചെറുതും

വലുതുമായ ഈ രണ്ടു പ്രതിമകളും നിർമ്മിച്ചിരിക്കുന്നത് ദ്വീപിൽനിന്നുതന്നെ ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചാണ്. ദ്വീപുരീതിയിൽ കുമ്മായക്കല്ല് ചുട്ടുണ്ടാക്കുന്ന ചുണ്ണാമ്പും മണലും ചേർത്തുണ്ടാക്കുന്ന മിശ്രിതമുപയോഗിച്ചാണ് ഈ പ്രതിമകൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. സഹസ്രാബ്ദങ്ങൾ അതിജീവിക്കാനുള്ള ഈ കുമ്മായകൂട്ടിന്റെ കഴിവിനെക്കുറിച്ച് അന്നത്തെ പ്രതിമാശിൽപികൾ ബോധവാന്മാരായിരുന്നിരിക്കണം. ബുദ്ധന്റെ എല്ലാ ലക്ഷണങ്ങളുമൊത്ത വിഗ്രഹങ്ങളാണ് ഇവരണ്ടും. ധ്യാനനിരതമായ മുഖം, ചുരുണ്ട മുടി, നീണ്ട ചെവി അർദ്ധനിമീലിതങ്ങളായ കണ്ണുകൾ എന്നിവയെല്ലാം ഒത്തിണങ്ങിയ ഈ ബുദ്ധപ്രതിമകൾക്ക് ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽനിന്ന് ലഭിച്ച പ്രാചീനബുദ്ധവിഗ്രഹങ്ങളുമായി നല്ല സാമ്യമുണ്ട്. ഇന്ത്യൻ ആർക്കിയോളജിക്കൽ സർവേയിലെ സൂപ്രണ്ടിംഗ് ആർക്കിയോളജിസ്റ്റായ ശ്രീ. കെ. എം. ശ്രീവാസ്തവ 1971ൽ നടത്തിയ ഗവേഷണഫലമായി പ്രാചീനകപിലവസ്തുവെന്ന് സംശയാതീതമായി സമർത്ഥിക്കുന്ന ഉത്തരപ്രദേശിലെ ബസ്തി ഡിസ്ട്രിക്ടിലെ Piprahwa എന്ന സ്ഥലത്തുനിന്ന് കണ്ടെടുത്ത ബുദ്ധപ്രതിമയമായി അന്ത്രോത്ത് ദ്വീപിൽ നിന്ന് കണ്ടെടുത്ത ഈ പ്രതിമക്കുള്ള ബന്ധം പ്രത്യേകം എടുത്തോത്തക്കതാണ്. (ചിത്രം 2,3) ബി.സി. നാലും അഞ്ചും നൂറ്റാണ്ടിലേതെന്ന് വ്യക്തമാക്കപ്പെട്ട ഒട്ടേറെ കളിമൺ പാത്രങ്ങളും കുതിരയുടെ പ്രതിമയും മറ്റും ബുദ്ധപ്രതിമക്ക് പുറമേ അദ്ദേഹം കണ്ടെടുക്കുകയുണ്ടായി. ഈ പുരാവസ്തുക്കളുടെ കാലനിർണ്ണയത്തിലൂടെയാണ് ആ പ്രദേശത്തെ ജനവാസം ബി.സി. എട്ടാം നൂറ്റാണ്ടിന്നടുത്തായിരുന്നുവെന്ന് ശ്രീവാസ്തവ സമർത്ഥിച്ചത്.[4] അന്ത്രോത്തിൽ നിന്നും വലിയ ബുദ്ധപ്രതിമ കിട്ടിയ പെരുമ്പള്ളി വീട്ടിന്റെ മുൻവശത്ത് നിന്ന് തന്നെ വിഹാരത്തിന്റെ അവശിഷ്ടങ്ങളും കണ്ടുകിട്ടിയിരുന്നു. അവയിൽ ചിലത് ഇപ്പോഴും അങ്ങിങ്ങായി ചിതറിക്കിടക്കുന്നത് കാണാം. ഒരുകലശത്തിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന ഒരു പല്ലും അവിടെനിന്ന് ലഭിച്ചിരുന്നുവത്രെ. അക്കാലത്ത് ബുദ്ധപുരോഹിതരുടെ ഭൗതികാവശിഷ്ഠങ്ങളായ എല്ലുകളും പല്ലുകളും മറ്റും ഇത്തരം കലശങ്ങളിൽ അടച്ച് സൂക്ഷിക്കാറുണ്ടായിരുന്ന രീതിയെക്കുറിച്ച് ബോധവാന്മാരല്ലാതിരുന്നവർ കലശവും പല്ലും നഷ്ടപ്പെടുത്തി. പക്ഷേ അതേ സ്ഥലത്തുനിന്നുതന്നെ കിട്ടിയ ഗർജ്ജിക്കുന്ന സിംഹത്തിന്റെ ഒരു പ്രതിമയും ഉണ്ടാക്കിയിരിക്കുന്നത് ഇതേ സ്ഥലത്തുനിന്ന് കണ്ടെടുത്ത വലിയ ബുദ്ധപ്രതിമ ഉണ്ടാക്കിയതുപോലെ ദ്വീപിലെ മണലും ചുണ്ണാമ്പും ചേർത്ത മിശ്രിതമുപയോഗിച്ചാണ്. ചുമരിൽ പതിക്കുന്ന

(ചിത്രം 2)

ആന്ത്രോത്തിൽനിന്നും കിട്ടിയ ചെറിയ ബുദ്ധപ്രതിമ

(ചിത്രം 3)

ശ്രീ വാസ്തവ കണ്ടെത്തിയ പ്രതിമ

courtsy photo Sri. K.M. Srivastava

രൂപത്തിലുള്ള ഈ പ്രതിമയുടെ നിരപ്പായ ഭാഗത്ത് ആണി ഉറപ്പിക്കാൻ പറ്റിയ രണ്ട് ദ്വാരങ്ങൾ കാണുന്നതിൽനിന്നും ആ കാലത്തെ ബുദ്ധവിഹാരങ്ങൾ ഇത്തരം ജന്തുക്കളുടെ പ്രതിമകൾകൊണ്ട് അലങ്കരിക്കുന്ന സമ്പ്രദായമനുസരിച്ച് ഇവിടെത്തന്നെയുണ്ടായിരുന്ന വിഹാരത്തിന്റെ ചുമരുകളെ അലങ്കരിച്ചിരുന്നവയിൽ ഒന്നായിരിക്കാം ഈ സിംഹപ്രതിമയും എന്ന് കരുതാവുന്നതാണ്.

ബുദ്ധമത പുരോഹിതരുടേയും മറ്റും ഭൗതികാവശിഷ്ടങ്ങളായ പല്ല് മുതലായവ സൂക്ഷിക്കാറുണ്ടായിരുന്ന കലശവും അത് നിർത്താൻ ഉപയോഗിക്കാറുണ്ടായിരുന്ന പീഠവും പൂർണ്ണരൂപത്തിൽ കണ്ടെടുക്കാൻ സാധിച്ചില്ലെങ്കിലും, അന്ത്രോത്ത് ദ്വീപിലെ പുതിയന്നാൽ കുന്നിൽനിന്നും അത്തരം കലശം നിർത്താൻ ഉപയോഗിക്കാറുണ്ടായിരുന്ന തരത്തിലുള്ള വലിയ ഒരു പീഠം കണ്ടെത്താൻ സാധിച്ചു. ശ്രീ വാസ്തവയുടെ ഗവേഷണഫലമായി പ്രാചീനകപിലവസ്തുവിൽനിന്ന് കണ്ടെടുത്ത ബുദ്ധന്റെ ദന്തം അടങ്ങിയ കലശം നിർത്തി

(ചിത്രം 4)



ശ്രീ വാസ്തവ കണ്ടെത്തിയ കുതിരയുടെ പ്രതിമ

courtsy photo Sri. K.M. Srivastava

(ചിത്രം 5)

അന്ത്രോത്തിൽനിന്നും കണ്ടെത്തിയ സിംഹപ്രതിമ

യിരിക്കുന്ന പീഠത്തിന്റെ5 അതേ മാതൃകയിലുള്ളതാണ് അന്ത്രോത്തിൽനിന്ന് കിട്ടിയ അർദ്ധവൃത്താകൃതിയിലുള്ള ഈ പീഠവും. ഈ ദ്വീപിൽനിന്നും കണ്ടെടുത്ത ബുദ്ധപ്രതിമകൾ നിർമ്മിക്കാനുപയോഗിച്ച തരത്തിലുള്ള ചുണ്ണാമ്പും മണലും ചേർത്ത മിശ്രിതമുപയോഗിച്ചാണ് ഈ പീഠവും നിർമ്മിക്കപ്പെട്ടിട്ടുള്ളത്. പീഠത്തിന്റെ മുകൾഭാഗത്തായി കലശം ഉറപ്പിക്കാറുള്ള ഭാഗം പൊളിഞ്ഞുകിടക്കുന്നു. ഇതിന്റെ മുകൾഭാഗത്തുണ്ടായിരുന്ന കലശം എന്തെങ്കിലും ആവശ്യത്തിന് ആരെങ്കിലും വല്ലപ്പോഴും അടർത്തിയെടുത്തതോ, മറ്റെന്തെങ്കിലും കാരണവശാൽ വേർപെട്ടുപോയതോ ആയിരിക്കാം. ഈ പീഠത്തോടൊപ്പമുണ്ടാവേണ്ട കലശം ഈ സ്ഥലത്തുനിന്നും ഇതുവരെ കണ്ടുകിട്ടിയില്ല. പ്രാചീന നിർമ്മാണ രീതിയനുസരിച്ചുള്ളവയും വിഹാരങ്ങളുടെ അവശിഷ്ടങ്ങളെന്ന് തോന്നിക്കുന്നതുമായ പലതും അവിടവിടെയായി പൊടിഞ്ഞുകിടക്കുന്നത് കാണാം.

ബുദ്ധമതപാരമ്പര്യം തെളിയിക്കാനുതകുന്ന വസ്തുതകളായി ലഭിച്ച ബുദ്ധപ്രതിമകൾക്കും വിഹാരങ്ങളുടെ അവശിഷ്ടങ്ങൾക്കും മറ്റും പുറമെ ദ്വീപിലെ ഭാഷയിലും ബുദ്ധമതപ്രചരണത്തിന്റെ സ്വാധീനം വ്യക്തമാക്കുന്ന ചില ശൈലികൾ കാണാവുന്നതാണ്. അവയിലൊന്നാണ് പള്ളി എന്ന പദം. ദ്വീപുകളിലെ എല്ലാ മുസ്ലിം പ്രാർത്ഥ

(ചിത്രം 6)

ശ്രീ വാസ്തവ കണ്ടെടുത്ത ദന്തമടങ്ങിയ കലശവും പീഠവും

courtsy photo Sri. K.M. Srivastava

നാലയങ്ങളും പള്ളി എന്ന പേരിലാണറിയപ്പെടുന്നത്. പള്ളി എന്ന പദത്തിന് തമിഴിലോ, മലയാളത്തിലോ, വേറെ ഏതെങ്കിലും മൂല ദ്രാവിഡഭാഷയിലോ പ്രാർത്ഥനാലയം എന്ന അർത്ഥമില്ല. "പള്ളി എന്നാൽ പാലി ഭാഷയിൽ സംഘം ചേരുകയെന്നർത്ഥമുണ്ട്."[6] ബുദ്ധ മതക്കാർ സംഘം കൂടിയിരുന്ന സ്ഥലത്തെയായിരുന്നു അവരുടെ തായ പാലിഭാഷയിൽ പള്ളി എന്ന് വിളിച്ചിരുന്നത്. ബുദ്ധമതത്തെ ത്തുടർന്ന് ദ്വീപുകളിൽ ഇസ്ലാംമതം പ്രചരിച്ചപ്പോൾ മതപരമായ കാര്യങ്ങൾക്ക് സമ്മേളിച്ചിരുന്ന പ്രാർത്ഥനാലയങ്ങൾ തുടർന്നും പള്ളി എന്ന പേരിൽത്തന്നെ പ്രസിദ്ധിയിലേക്കുയർന്നു. പ്രാർത്ഥനാല യങ്ങൾ മാത്രമല്ല ബുദ്ധഭിക്ഷുവിന്റെ പാർപ്പിടവും പള്ളി എന്നായി രുന്നു അന്ന് അറിയപ്പെട്ടിരുന്നത്[7] ലക്ഷദ്വീപുകളിലെ പല പുരാതന വീട്ടുനാമങ്ങളിലും പള്ളിയെന്ന പദം കൂടിച്ചേർന്നിരിക്കുന്നതായി കാണാം. പെരുംപള്ളി, മോന്തംപള്ളി, അന്താംപള്ളി, താരംപള്ളി, പള്ളിപ്പുര, തേപ്പള്ളി മുതലായവ ഇതിന്നുദാഹരണങ്ങളാണ്. ഈ വീട്ടുനാമങ്ങളിലെ പള്ളി എന്ന ശബ്ദം ബുദ്ധമതക്കാലത്തെ വീടുകളെയാണ് സൂചിപ്പിക്കുന്നതെന്ന് വ്യക്തമാക്കാനുപയുക്ത മായൊരു തെളിവാണ് അന്ത്രോത്ത് ദ്വീപിലെ പെരുംപള്ളി എന്ന

വീട്ടിന്റെ പല ഭാഗത്തുനിന്നുമായി ബുദ്ധവിഗ്രഹവും വിഹാരാവശിഷ്ട ങ്ങളും മറ്റും കണ്ടുകിട്ടിയത്. ഈ ദ്വീപിലെതന്നെ 'താരംപള്ളി' എന്ന വീട്ടിന്റെ മുൻഭാഗത്തുള്ള 'തറുവക്കുന്നും' (ധർമ്മക്കുന്ന്) വീട്ടുപേരി നോടൊപ്പമുള്ള പള്ളിയെന്ന പദം ബുദ്ധമതത്തിന്റെ സംഭാവനയാണെ ന്നതിന് മറ്റൊരുദാഹരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. ഒരുകാലത്ത് ബുദ്ധധർമ്മവുമായി ബന്ധപ്പെട്ടിരുന്ന ഈ കുന്ന് പിൽ ക്കാലത്ത് ഭാഷാപരമായ രൂപഭേദം പ്രാപിച്ചതായിരിക്കണം ഇന്നത്തെ തറുവക്കുന്നായി മാറിയത്. അന്ത്രോത്ത് ദ്വീപിന്റെ ഏകദേശം മദ്ധ്യഭാഗത്തുള്ളതും ഏറ്റവും പൊക്കംകൂടിയതും താരംപള്ളി വീടിന്ന് സമീപത്തുള്ളതുമായ ഈ കുന്നിൽ ഒരുകാലത്ത് ബുദ്ധമത ധർമ്മം പ്രചരിപ്പിക്കുന്നതിന് സമ്മേളിച്ചിരിക്കാം. മനുഷ്യനിൽനിന്നകന്ന് ഏകാന്തവാസം അനുഷ്ഠിക്കുന്നതിൽ തൽപരരായിരുന്ന ബുദ്ധഭിക്ഷു ക്കൾ ഈ സ്ഥലത്ത് ധ്യാനനിരതരായി ഇരിക്കാറുണ്ടായിരുന്നുവെ ന്നത് കൊണ്ടായിരിക്കാം ഈ കുന്ന് ധർമ്മക്കുന്ന് എന്ന പദവുമായി ബന്ധപ്പെട്ടു കാണുന്നത്. പള്ളി എന്ന ശബ്ദവുമായി ബന്ധപ്പെട്ട താരംപള്ളി വീട്ടിന്റെ സാമീപ്യം ഈ നിഗമനത്തെ കൂടുതൽ ദൃഢതര മാക്കുന്നു.

ധർമ്മക്കുന്ന് തറുവക്കുന്നായി രൂപംപ്രാപിച്ച ചരിത്രപശ്ചാ ത്തലമായിരിക്കണം ചിലദ്വീപുകളിലിന്നും നിലനിൽക്കുന്ന 'തറുവക്ക ഞ്ഞിയുടേതും. ഏതെങ്കിലും ഉദ്ദേശ്യം സഫലമായാൽ മൂന്നോ നാലോ വഴികൾ കൂടിച്ചേരുന്ന സ്ഥലത്തുവച്ച് വെറും കഞ്ഞിയുണ്ടാക്കി സാധുക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് തറുവക്കഞ്ഞി എന്ന് പറയുന്നത്. ഇന്നും അന്ത്രോത്ത് ദ്വീപിലെങ്കിലും ദുർല്ലഭമായി ചിലേടങ്ങളിൽ കണ്ടുവരുന്ന ഏറ്റവും ലളിതമായ ഈ ഭക്ഷണവി തരണരീതിയുടെ ഉത്ഭവവും ബുദ്ധമതക്കാരിൽ നിന്നായിരിക്കണം. ധർമ്മം എന്ന ശബ്ദം അടങ്ങിയതിൽ പുറമെ ലാളിത്യത്തിലും മൂന്നോ നാലോ വഴികൾ കൂടിച്ചേരുന്ന സ്ഥലം തിരഞ്ഞെടുക്കുന്നതിലും ബുദ്ധമത സംസ്കാരത്തോടുള്ള വേഴ്ച ദൃശ്യമാകുന്നുണ്ട്. ബുദ്ധ മതക്കാർ ഇത്തരം വഴികൾ കൂടിച്ചേരുന്ന സ്ഥലങ്ങൾക്ക് പ്രാധാന്യം നൽകിയിരുന്നു. E.H. Bruester ടെ The life of Gautama the Budha എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ എഴുതുന്നു. "ഒരിക്കൽ ശ്രീ ബുദ്ധന്റെ പ്രധാനശിഷ്യനായ ആനന്ദൻ മരിച്ചുകഴിഞ്ഞാൽ ശരീരം എന്ത് ചെയ്യണമെന്ന് ചോദിച്ചു. ബുദ്ധൻ മറുപടിയായി തന്റെ മൃതശരീരം രാജാക്കന്മാരുടേതുപോലെ ഒരു ഇരുമ്പ് പാത്രത്തിലിട്ട് ദഹിപ്പിക്ക ണമെന്നും പിന്നീട് അവശിഷ്ടങ്ങൾ വഴികൾ കൂടിച്ചേരുന്ന സ്ഥാനങ്ങ

ളിൽവച്ച് കല്ലുകൾ നാട്ടിനിർത്തണമെന്നും പറഞ്ഞു." വഴികൾ കൂടിച്ചേരുന്ന സ്ഥാനങ്ങൾ തിരഞ്ഞെടുക്കുന്ന രീതിക്ക് പുറമെ ദ്വീപുകളിൽനിന്നും തുടർന്നുവരുന്നതും ശവക്കല്ലറകൾക്ക് മുകളിൽ കല്ലുകൾ നാട്ടിനിർത്തുന്നതുമായ സമ്പ്രദായവും കടപ്പെട്ടിരിക്കുന്നത് ബുദ്ധമതത്തോടാണോ എന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു.

ലക്ഷദ്വീപുകളിലെ പ്രാചീനപള്ളികളുടെ ശിൽപരീതിയിലും ബുദ്ധമതസ്വാധീനം കാണാവുന്നതാണ്. ക്ഷേത്രങ്ങളും ക്ഷേത്രങ്ങളിലുള്ള ആരാധനാരീതിയും അജ്ഞാതമായിരുന്ന ഹിന്ദുക്കൾക്കും ആരാധനാലയ നിർമ്മാണത്തിന് മാതൃകയായിരുന്നത് ബൗദ്ധരായിരുന്നുവല്ലോ. "ക്ഷേത്രങ്ങളിലുള്ള ദേവാരാധന വേദമതത്തിന്നജ്ഞാതമായിരുന്നു. വിഹാരങ്ങൾ നിർമ്മിക്കുവാനും അവയിൽ ആരാധനയ്ക്കും ധ്യാനത്തിനുമായി ബുദ്ധന്റെ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുവാനും തുടങ്ങിയ ബുദ്ധമതക്കാരിൽനിന്നും ഹിന്ദുക്കൾ ഇത് കാലക്രമത്തിൽ അനുകരിക്കുകയാണുണ്ടായത്." പ്രാർത്ഥനാലയങ്ങൾ നിർമ്മിക്കുന്നതിൽ വിശാരദരായിരുന്ന ബൗദ്ധശിൽപികളുടെ കരവിരുതാണ് ദ്വീപുകളിലേയും പ്രാചീന മുസ്ലിംപള്ളികളെ സ്വാധീനിച്ചിരിക്കുന്നതെന്ന് കാണാവുന്നതാണ്.

(ചിത്രം 7)

അന്ത്രോത്തിൽനിന്നും കിട്ടിയ പീഠം

ബി.സി. ഒന്നാം ശതകത്തിലെ ബൗദ്ധകാല ശിൽപകലാപ്രഭാവം വിളിച്ചോതുന്നതും പൂനയിൽനിന്നും 60 കി.മീ അകലെയുള്ള 'കർല'യിലേയും മറ്റും വിഹാരങ്ങളിൽ കാണുന്ന തരത്തിലുള്ള അഷ്ടകോണുകളുള്ള മരത്തിന്റെ തൂണുകളും, ചിതലുകളുടെ ആക്രമണത്തെ തടയുന്നതിനായി മരംകൊണ്ടുള്ള തൂണുകൾ കല്ലുകൾകൊണ്ടുള്ള അസ്ഥിവാരങ്ങളിൽ ഉറപ്പിക്കുന്ന രീതിയും സർവ്വോപരി ബുദ്ധമതത്തിലെ പ്രധാനഭാഗമായ നീതിചക്രത്തെ അനുസ്മരിപ്പിക്കുന്ന രൂപങ്ങൾ തൂണുകളിലും വാതിൽപടികളിലും മറ്റും കൊത്തിവയ്ക്കുന്ന രീതിയും ദ്വീപുകളിലെ പഴയ പള്ളികളിൽ ഇന്നും കാണാം. ലക്ഷദ്വീപുകളിൽ ഇസ്ലാമതം പ്രചരിക്കുന്നതിന് തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്ന ബുദ്ധശിൽപകലയിലെ മനുഷ്യരുടേയും മൃഗങ്ങളുടേയും രൂപങ്ങൾ ഒഴിച്ചുള്ളവ പിന്നീടും തുടർന്നുവന്നിരുന്നതിന്റെ ദൃഷ്ടാന്തങ്ങളാണിവ.

ലക്ഷദ്വീപുകാർ അന്നുവരേയും തുടർന്നുവന്നിരുന്ന ബുദ്ധമതമുപേക്ഷിച്ച് ഇസ്ലാംമതവിശ്വാസികളായി മാറിയപ്പോൾ അവരുടെ പഴയ ആരാധനാലയങ്ങൾ ഉപയോഗശൂന്യമായി ഭവിച്ചു. എങ്കിലും ആ ദേവാലയങ്ങൾക്ക് രൂപഭേദം വരുത്തി മുസ്ലിം പ്രാർത്ഥനാലയങ്ങളാക്കുകയായിരുന്നില്ല ദ്വീപുകളിൽ ചെയ്തത്. അനവധി ദേവാലയങ്ങൾ ഉപയോഗശൂന്യമായവ ദ്വീപുകളിലുണ്ടായിട്ടും അവയിലൊന്നും മുസ്ലിം പള്ളിയായി രൂപാന്തരപ്പെടുത്താൻ തുനിയാതെ ദ്വീപുകളിലെ ഇസ്ലാമത പ്രചാരകനായ ഹ: ഉബൈദുള്ള (റ)യുടെ നിർദ്ദേശാനുസരണം പുതിയ പള്ളി നിർമ്മാണത്തിനായി ഹിജ്റ 41 ദുൽഹജ്ജ്മാസം 11ഉം തിങ്കളാഴ്ച (എ.ഡി. 662) അടിത്തറ പാകുകയാണുണ്ടായത്. (ഫുതുഹാത്തുൽ ജസായിർ) ദ്വീപുകളിലെ പള്ളികളിൽ കാണുന്നത് ബുദ്ധമതരീതിയുടെ അനുകരണമായിരുന്നുവെങ്കിൽ കേരളത്തിലെ ക്ഷേത്രങ്ങൾ പലതുംതന്നെ അക്കാലത്ത് ബുദ്ധദേവാലയങ്ങൾ പരിവർത്തനം ചെയ്തെടുത്തവ മാത്രമായിരുന്നു. "കേരളത്തിൽ ഇന്ന് കാണുന്ന പ്രധാന അമ്പലങ്ങളൊക്കെ ജൈനബുദ്ധ വിഹാരങ്ങളും, ആരാധനാകേന്ദ്രങ്ങളും പരിവർത്തനം ചെയ്തെടുത്തവയാണെന്നതിന് നിരവധി തെളിവുകളുണ്ട്."[9] "പഴയകാലത്തെ ബുദ്ധമതപ്രചാരത്തെ സൂചിപ്പിക്കുന്ന ചരിത്രാവശിഷ്ഠങ്ങളാണ് കേരളത്തിൽ അങ്ങിങ്ങു കാണുന്ന ബുദ്ധവിഗ്രഹങ്ങൾ; കരുമാടിക്കുട്ടൻ, മാവേലിക്കര പുത്തരച്ചൻ, ഭരണിക്കാവ് ബുദ്ധൻ, പള്ളിക്കൽ ബുദ്ധൻ, മരുതൂർ കുളങ്ങര ബുദ്ധൻ എന്നീ വിഗ്രഹങ്ങളെല്ലാം ഒരുകാലത്ത് ഓരോ മഹാക്ഷേത്രങ്ങളിൽ പൂജിക്കപ്പെട്ടവയായിരുന്നു. പിന്നീട് ക്ഷേത്രങ്ങളിൽനിന്നും പുറന്തള്ളപ്പെട്ടുപോയവയാണെന്നും ഊഹി

ക്കാമല്ലോ അവയുടെ സ്ഥാനത്ത് ഹിന്ദുദേവതകൾ പ്രതിഷ്ഠിക്കപ്പെട്ടു." ചുരുക്കം ചിലേടത്ത് ക്ഷേത്രത്തിൽതന്നെ ഒരു മൂലയിൽ ബുദ്ധവിഗ്രഹത്തിന് സ്ഥാനം ലഭിച്ചു. കോട്ടയത്തിനടുത്ത് കിളിരൂർ ഭഗവതിക്ഷേത്രത്തിലും ബുദ്ധവിഗ്രഹങ്ങൾ കൂടെ കാണുന്നുണ്ട്."[10] "കേരളത്തിലെ പല ക്ഷേത്രങ്ങളും ബുദ്ധക്ഷേത്രങ്ങളെ രൂപാന്തരപ്പെടുത്തിയതാകാം. തിരുവനന്തപുരത്തെ ശ്രീ പത്മനാഭസ്വാമി ക്ഷേത്രംതന്നെ ഇങ്ങനെ മാറ്റിയതാണെന്നുള്ള ഒരഭിപ്രായമുണ്ടല്ലോ."[11] കേരളത്തിലെ ബുദ്ധദേവാലയങ്ങൾക്കുണ്ടായതിലും വിപരീതാനുഭവമായിരുന്നു ദ്വീപുകളിലുണ്ടായിരുന്നത്. ബുദ്ധവിഹാരങ്ങൾക്ക് രൂപഭേദം വരുത്താൻ ഒരുമ്പെടാതെ പുതിയ പള്ളികൾതന്നെയും സ്ഥാപിക്കുകയായിരുന്നു ദ്വീപുകാർ ചെയ്തത്. അന്ത്രോത്ത് ദ്വീപിലെ ആദ്യത്തെ പള്ളിനിർമ്മാണത്തിന് ഹ: ഉബൈദുള്ള(റ)യുടെ നിർദ്ദേശാനുസരണം 200 തൊഴിലാളികളെ അന്നാട്ടുകാർ ഏൽപിച്ചുകൊടുത്തുവെന്ന് ഫുതുഹാത്തുൽ ജസായിറ് വ്യക്തമാക്കുന്നുണ്ട്. അന്നുവരെ ബുദ്ധമതക്കാരായിരുന്നവർ ഇസ്ലാമായി പരിവർത്തനം ചെയ്ത് പള്ളി നിർമ്മാണമാരംഭിച്ചപ്പോൾ അവർക്ക് പരിചിതമായിരുന്ന ശില്പകലാരീതി കല്ലിലും മരത്തിലും പതിഞ്ഞവയാണ് നാമിന്ന് കാണുന്നവ.

ഏ.ഡി. രണ്ടും മൂന്നും നൂറ്റാണ്ടുകളിലെ ബുദ്ധപ്രതിമയിൽ കാണുന്ന ആചാരപരമായ ചില സവിശേഷതകളും ദ്വീപുകളിലെ ബുദ്ധമതവ്യാപ്തിയുടെ സൂചന നൽകുന്നുണ്ട്. ന്യൂഡൽഹിയിലെ നാഷനൽ ആർക്കൈവ്സിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഏ.ഡി. രണ്ടും മൂന്നും നൂറ്റാണ്ടുകളിലെ ബുദ്ധപ്രതിമകളിൽ ബുദ്ധന്റെ അരയ്ക്ക് ചുറ്റും രണ്ടിഴകളുള്ള ചരടും ചിലതിൽ ചരടിന്റെ സ്ഥാനത്ത് വീതികുറഞ്ഞ നാടയും കെട്ടി അതിന്റെ രണ്ടറ്റവും ഏതാണ്ട് 4- 5 നീട്ടിയിട്ടിരിക്കുന്നതായി കാണാം. അരയിൽ ചരട് ധരിക്കുകയും രണ്ടറ്റവും തൂക്കിയിടുകയും ചെയ്യുന്ന രീതി ബുദ്ധമതാനുയായികളും തുടർന്നു വന്നിട്ടുണ്ടായിരിക്കണം. ലക്ഷദ്വീപുകളിൽ ഇന്നും ഏതാണ്ട് നിർബന്ധബുദ്ധിയോടെ തുടർന്നുവരുന്ന അരയിൽ ചരട് ധരിക്കുന്ന സമ്പ്രദായവും കടപ്പെട്ടിരിക്കുന്നത് ബുദ്ധമതത്തോടായിരിക്കാം. ബുദ്ധഭിക്ഷുക്കളെപ്പോലെ തലമുണ്ഡനം ചെയ്യുന്ന രീതിയും സർവ്വവ്യാപകമായിരുന്നു ലക്ഷദ്വീപുകളിൽ ഈ നൂറ്റാണ്ടിന്റെ മദ്ധ്യംവരേയും

ശിൽപകലയിലും വേഷവിധാനങ്ങളിലും മറ്റും അവശേഷിക്കുന്ന ബൗദ്ധപാരമ്പര്യത്തെപ്പോലെ ദ്വീപുകളിൽ ഒരുകാലത്ത് പ്രചരിച്ചിരുന്ന ബുദ്ധമതത്തിന്റെ മറ്റൊരു അവശിഷ്ടമായി കണക്കാക്കാവുന്ന ഒന്നാണ്

CamScanner

ബോധിവൃക്ഷമെന്ന് അറിയപ്പെടുന്ന അരയാൽ. തെങ്ങ് ഒഴിച്ചുള്ള മറ്റൊരു വൃക്ഷത്തിനും വലിയപ്രാധാന്യമോ, നട്ടുണ്ടാക്കുന്നതിൽ താൽപര്യമോ കാണിക്കാത്ത ദ്വീപുകളിൽ ഈ വൃക്ഷം എത്തിപ്പെട്ടത് അശോകന്റെ കാലത്ത് ബുദ്ധമതപ്രചരണാർത്ഥം തെക്കോട്ട് പ്രയാണം ചെയ്ത ബുദ്ധസന്യാസികളിലൂടെയായിരിക്കാം. കപിലവസ്തുവിലെ സിദ്ധാർത്ഥ രാജകുമാരൻപരമമായ ജ്ഞാനവും വെളിച്ചവുംതേടി വളരെയേറെ ചുറ്റി നടന്നതിന് ശേഷം ബുദ്ധഭഗവാകാനുള്ള മഹത്തായവെളിച്ചം സിദ്ധിച്ചത് ഒരു അരയാലിന്റെ ചുവട്ടിൽ നിരവധി ദിവസം ധ്യാനനിരത നായി ഇരുന്നപ്പോഴായിരുന്നുവല്ലോ. അക്കാരണത്താൽ പുണ്യവൃക്ഷ മായി മാറിയ അരയാലിന്റെ തൈകൾ ബുദ്ധമതവിശ്വാസികളുള്ള രാജ്യങ്ങളിലേക്കെല്ലാം കൊണ്ടുപോയി നട്ടുവളർത്തലും അവരുടെ സമ്പ്രദായമായിരുന്നു. അശോകചക്രവർത്തിയുടെ പുത്രി സംഗമിത്ര യായിരുന്നു ബി.സി. 288ൽ ബീഹാറിലെ ബുദ്ധഗയയിൽനിന്നും ഒരു അരയാലിൻ തൈ കൊണ്ടുപോയി ശ്രീലങ്കയിൽ നട്ടത്. ലക്ഷദ്വീപു കളിൽ ഇസ്ലാംമതം പ്രചരിച്ചതോടുകൂടി അരയാലിന്റെ പവിത്രസ്ഥാനം തീരോഭവിച്ചുവെങ്കിലും ഔഷധമൂല്യ പരിഗണനയാലോ എന്തോ നൂറ്റാണ്ടുകളെ അതിജീവിക്കാൻ ഈ വൃക്ഷത്തിന് സാധിച്ചു. ആധുനി കചികിത്സാസമ്പ്രദായത്തിന്റെ പ്രചാരത്തോടുകൂടി ഔഷധമൂല്യവും നഷ്ടപ്പെട്ട അരയാൽ വൃക്ഷത്തിന് ചോലവൃക്ഷത്തിന്റെ സ്ഥാനം നേടാൻ തെങ്ങോലകൾ തണൽവിരിയ്ക്കുന്ന ദ്വീപിന്റെ മണ്ണിൽ സാധി ക്കാതെ പോയത് മൂലം അവ അപ്രത്യക്ഷമായിത്തുടങ്ങി. ഏതാനും വർഷങ്ങൾക്ക് മുൻപുവരെ അന്ത്രോത്ത് ദ്വീപിന്റെ മദ്ധ്യഭാഗത്തായി പാട്ടകൽവീട്ടിന് സമീപം വലിയ ഒരു അരയാൽ വൃക്ഷമുണ്ടായിരുന്നു. ഇന്ന് അത് അപ്രത്യക്ഷമായി. അമേനിദ്വീപിന്റെ മദ്ധ്യഭാഗത്തായി വലിയ ഒരു അരയാൽവൃക്ഷം ഇപ്പോഴും അവശേഷിക്കുന്നുണ്ട്. ഉള്ള സ്ഥലങ്ങളിലെല്ലാം തെങ്ങ് വച്ചുപിടിപ്പിക്കാൻവേണ്ടി മരങ്ങൾ വെട്ടിമാ റ്റുന്ന സ്വഭാവമുള്ള ദ്വീപുകളിൽ ബോധിവൃക്ഷം ഇന്നോളം അതിജീ വിച്ചതുതന്നെ ചരിത്രപരമായ ഒരു സവിശേഷതയാണ്.

എല്ലാ പ്രതിമകളേയും ദ്വീപുകാർ ഇന്നും ബുദ്ധനെ ദ്യോതിപ്പിക്കുന്ന 'ബുദ്ധ' എന്ന പേരിലാണ് വിളിക്കുന്നത്. ബുദ്ധനല്ലാത്ത ഒരു ബുദ്ധനെ ക്കുറിച്ച് ദ്വീപുകാർക്ക് ചരിത്രത്തിന്റെ ഒരു ഘട്ടത്തിലും അറിയാമായി രുന്നില്ലെന്നർത്ഥം. അതുപോലെ മിണ്ടാതിരിക്കുന്ന ആരെക്കണ്ടാലും ദ്വീപുകാർ ഇന്നും 'ബുഡ്ഢനെപോലെ 'യെന്നേ പറയൂ. പക്ഷേ ഒരു കാലത്ത് ദ്വീപുകളിൽ ധ്യാനനിമഗ്നരും നിശ്ശബ്ദരുമായിരുന്ന ബൗദ്ധ പുരോഹിതരുടെ സവിശേഷസ്വഭാവത്തിൽനിന്നുത്ഭുതമായ ഒരു

പദമെന്ന് മനസ്സിലാക്കിയായിരിക്കില്ല പലരും ബുദ്ധൻ എന്ന സംജ്ഞ പ്രയോഗിക്കുന്നത്.

ദ്വീപുകളിൽ ബുദ്ധമതം പ്രചരിപ്പിച്ച കാലഘട്ടത്തേയും അതിന്റെ വ്യാപ്തിയേയും വ്യക്തമാക്കാനുപകരിക്കുന്ന ഒന്നാണ് ദ്വീപുകളിലിന്നും ഉപയോഗത്തിലിരിക്കുന്ന അശോകചക്രവർത്തി നടപ്പിലാക്കിയ അക്ഷരമാല. ബി.സി. മൂന്നാം ശതകത്തിൽ പ്രചാരത്തിലിരുന്ന ഈ അക്ഷരമാല ദ്വീപുകളിൽ ഇന്നും പ്രത്യേകാവശ്യത്തിനായി ഉപയോഗിച്ചു വരുന്നുവെന്ന വസ്തുത പലർക്കും അജ്ഞാതമായിരിക്കാം. ദ്വീപുകളിലെ പഴയകാല തറവാട്ടുകാർ അവരവരുടെ കൊപ്പര മുതലായ ഉത്പന്നങ്ങൾ മറ്റുള്ളവരുടേതുമൊന്നിച്ച് വൻകരക്ക് കൊണ്ടുവരുമ്പോഴും, ആവശ്യസാധനങ്ങൾ വാങ്ങി കെട്ടുകളിലാക്കി തിരിച്ചുപോകുമ്പോഴും, അവരവരുടെ തെങ്ങുകൾ മറ്റുള്ളവരുടേതിൽനിന്നും എളുപ്പത്തിൽ തിരിച്ചറിയുന്നതിനുമായി പ്രത്യേകമായ അടയാളങ്ങൾ രേഖപ്പെടുത്തുന്ന രീതി വളരെ പ്രാചീനമായി ദ്വീപുകളിൽ തുടർന്നു വരുന്ന ഒന്നാണ്. ഇന്നും ഈ അടയാളങ്ങൾ പാരമ്പര്യമായിത്തന്നെയാണ് ഉപയോഗിച്ചുവരുന്നത്. അതായത് ഒരു വീട്ടുകാരുടെ അടയാളം മറ്റുള്ളവർ ഉപയോഗിക്കാറില്ല. ദ്വീപുകാർ പ്രാചീനമായി തുടർന്നുവന്നിരുന്ന ഈ അടയാളങ്ങൾ വെറും വികൃതരൂപങ്ങളായി കരുതിവന്നിരുന്നുവെന്നല്ലാതെ അവയുടെ ഉറവിടത്തെപ്പറ്റി ആർക്കും ഒരെത്തുംപിടിയുമുണ്ടായിരുന്നില്ല. ഓരോ വീട്ടുകാരും സ്വീകരിച്ച അർത്ഥമില്ലാത്ത വല്ല ചിഹ്നങ്ങളുമാണോ അതോ ദ്വീപുകളുടെ പ്രാചീനചരിത്രത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണോ ഈ അടയാളങ്ങൾ എന്നത് ഉത്തരം കിട്ടാത്ത ഒരു ചോദ്യമായി വളരെക്കാലം അവശേഷിച്ചു. ഏതാനും വർഷങ്ങൾക്കുമുൻപ് ന്യൂഡൽഹിയിലെ നാഷനൽ ആർക്കൈവ്സിൽ അശോകചക്രവർത്തിയുടെ അക്ഷരമാലകൾ പ്രദർശിപ്പിച്ചത് കാണാനിടയായി. ബി.സി. മൂന്നാംശതകത്തിൽ അശോകചക്രവർത്തി നടപ്പിലാക്കിയ *(ചിത്രം 8)* ആ അക്ഷരമാലയിൽനിന്ന് അതേപടി സ്വീകരിച്ചവയാണ് ദ്വീപുകാർ ഇന്നോളം ഉപയോഗിച്ചു വരുന്ന ഈ അടയാളങ്ങൾ എന്ന് കണ്ടപ്പോൾ ദ്വീപുകളിലെ ബുദ്ധമതപ്രചാരത്തിനും അതിന്റെ പ്രാചീനതയ്ക്കും അതൊരു മഹദ്ദൃഷ്ടാന്തമായിത്തീർന്നു.

ബി.സി. മൂന്നാം നൂറ്റാണ്ടുമുതൽക്കെങ്കിലും ദ്വീപുകളിൽ നന്നായി പ്രചരിച്ചിരുന്നുവെന്ന് കരുതാവുന്ന ബുദ്ധമതം എ.ഡി. 662ൽ ഹ: ഉബൈദുള്ള (റ) ഇസ്ലാംമത സന്ദേശവുമായി ദ്വീപുകളിലെത്തുന്ന കാലത്തും നിലനിന്നിരുന്നുവെന്നതിന് ഫുതുഹാത്തുൽ ജസായിറിൽ സൂചനയുണ്ട്. സാധാരണക്കാരുടെ ശവങ്ങൾ കുഴിച്ചുമൂടാതെ പക്ഷി

(ചിത്രം 8)



തോണി അശോകചക്രവർത്തി നടപ്പിലാക്കിയ അക്ഷരമാല

കളും മൃഗങ്ങളും തിന്നു നശിപ്പിക്കത്തക്ക രീതിയിൽ വിജനമായ സ്ഥലത്ത് ഉപേക്ഷിക്കാറുണ്ടായിരുന്ന ബുദ്ധമതരീതി (T.H. Rhys Davids 1896) ഹ: ഉബൈദുള്ളയുടെ ആഗമനകാലത്തും ദ്വീപുകളിലുണ്ടായിരുന്നുവെന്ന് ഫുതുഹാത്തുൽ ജസായിറിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നും ഇസ്ലാമിന് തൊട്ടുമുൻപ് ദ്വീപുകളിൽ പ്രചാരത്തിലിരുന്നത് ബുദ്ധമതമായിരുന്നുവെന്ന് മനസ്സിലാക്കാൻ സഹായിക്കുന്നു.

വിഗ്രഹങ്ങളെ ആരാധിക്കരുതെന്നാവശ്യപ്പെട്ട ബുദ്ധനെത്തന്നെ വിഗ്രഹമാക്കി ആരാധിക്കുകയും തത്ത്വങ്ങളെ ബലികഴിച്ച് ആചാരങ്ങൾക്ക് പ്രാധാന്യം നൽകുകയും മൂലം ബുദ്ധമതത്തിന്റെ സത്ത തന്നേയും മങ്ങിപ്പോയ കാലഘട്ടത്തിൽ ദ്വീപുകളിലെത്തിയ ഇസ്ലാം മതം ബുദ്ധമതത്തെ സമ്പൂർണ്ണമായും ആ പ്രദേശത്തുനിന്ന് നിഷ്കാസനം ചെയ്തു

REFERENCES

1. പി.എസ്. വേലായുധൻ - ചരിത്രം ജേണൽ ഫെബ്രുവരി മെയ് 1973 പേ: 63
2. Z.M. പാറേട്ട് - മലങ്കര നസ്രാണികൾ ഒന്നാംഭാഗം
3. ഏ.ശ്രീധരമേനോൻ - കേരളചരിത്രം പേ: 189
4. K.M. Srivastava Where is Kapilavastu Illustatd weekly of India 16th May 1976
5. Ibid
6. പി.ഏ. സെയ്തുമുഹമ്മദ് കേരളചരിത്രവിചാരം പേ: 15
7. ശൂരനാട്ട് കുഞ്ഞൻപിള്ള - ചരിത്രം ജേണൽ ഫിബ്രവരി മേയ് 1973 പേ: 55
8. ടി.കെ. കൃഷ്ണമേനോൻ -കേരളസംസ്കാരം പേ: 55
9. ഡോ. സി.കെ. കരീം - ചരിത്രം ജേണൽ ജൂൺ ആഗസ്ത് 1974 പേ: 6
10. ശൂരനാട്ട് കുഞ്ഞൻപിള്ള -ചരിത്രംജേണൽ ഫിബ്രവരി മേയ് 1973 പേ: 55
11. ദാസ് മാസ്റ്റർ ഞാറയ്ക്കൽ - ചരിത്രം ജേണൽ ഫിബ്രവരി മേയ് 1973 പേ: 6

ഇസ്ലാംമത പ്രചരണവും ഫുതുഹാത്തുൽ ജസായിറും

എഴുതപ്പെട്ട ആധികാരിക ഗ്രന്ഥങ്ങളുടെ പിൻബലമുള്ളതും ലക്ഷദ്വീപുചരിത്രത്തിലെ ഏറ്റവും വ്യക്തമായ ഒരദ്ധ്യായമാണ് ദ്വീപുകളിലെ ഇസ്ലാംമതപ്രചരണചരിത്രം. ഒന്നാംഖലീഫ ഹ: അബൂബക്കർ സിദ്ധീഖ് (റ) അവർകളുടെ പൗത്രനായ ഹ: ഉബൈദുല്ലാ (റ) ആയിരുന്നു. 7-ാം നൂറ്റാണ്ടിൽ ലക്ഷദ്വീപുകളിൽ ഇസ്ലാംമത പ്രചാരണം നടത്തിയത്. അദ്ദേഹം തന്റെ വാർദ്ധക്യകാലത്ത് സ്വപുത്രനായ അബൂബക്കറിന് പറഞ്ഞുകൊടുത്തെഴുതിപ്പിച്ച ഫുതുഹാത്തുൽ ജസായിറ് (ദ്വീപുവിജയം) ആണ് ലക്ഷദ്വീപുകളിലെ ഇസ്ലാംമത പ്രചരണചരിത്രം സവിസ്തരം പ്രതിപാദിക്കുന്ന അത്യനർഘരേഖ. പുരാതന അറബിഭാഷയിലുള്ള ഈ കൈയ്യെഴുത്ത് ഗ്രന്ഥം അന്ത്രോത്ത് ദ്വീപിലെ ജുമുഅത്ത് പള്ളിയിൽ ഇന്നും ഭദ്രമായി സൂക്ഷിച്ചുവരുന്നു.

1976ൽ ഫുതുഹാത്തുൽ ജസായിറിന്റെ സംഗ്രഹം ജനാബ് പി.എസ്.എം. ബുർഹാനുദ്ദീൻ (അന്ത്രോത്ത്) മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതുവരേയ്ക്കും അറബിഭാഷാ പാണ്ഡിത്യമില്ലാത്തവർക്ക് ഇതൊരപ്രാപ്യരേഖയായിരുന്നു. ഫുതുഹാത്തുൽ ജസായിറ് കാണാനും മനസ്സിലാക്കാനും അവസരം ലഭിക്കാതെ പോയ പലർക്കും തന്മൂലം ലക്ഷദ്വീപുചരിത്രരചനയിൽ പ്രമാദമായ അബദ്ധങ്ങൾ പറ്റിയിട്ടുണ്ട്. ലക്ഷദ്വീപ് ചരിത്രം യഥാവിധി രചിക്കാനും മനസ്സിലാക്കാനും ആഗ്രഹിക്കുന്നവർക്ക് ഈ അമൂല്യഗ്രന്ഥം ഒരക്ഷയനിധിയാണെന്ന കാര്യത്തിൽ സന്ദേഹമില്ല.

ഫുതൂഹാത്തുൽ ജസായിറ് ഇങ്ങനെ സംഗ്രഹിക്കാം. ഹ: ഉബൈദുള്ളാഹിബ്നു മുഹമ്മദിബ്നു അബൂബക്കർ (റ) ഹിജറ 41-ാംകൊല്ലം ശവ്വാൽമാസം പതിനൊന്ന് തിങ്കളാഴ്ച (എ.ഡി. 662) മുഹമ്മദ് നബി (സഅ)യുടെ സ്വപ്നനിർദ്ദേശാനുസരണം ജിദ്ദയിൽ നിന്നും 14 പേരടങ്ങുന്ന ഒരു കപ്പലിൽ യാത്രയായി. മലബാറിന്നടുത്തുള്ള ദ്വീപുകൾക്ക് സമീപമെത്തിയപ്പോൾ കപ്പൽ തകർന്നു. ഒരു പലകയിൽ കയറിയിരുന്ന അദ്ദേഹം അമ്മേനി ദ്വീപിലെത്തി അവിടത്തെ പഴവർഗ്ഗങ്ങളും ശുദ്ധജലവും കഴിച്ച് ഒരു ദിവസം അവിടെ കഴിച്ചുകൂട്ടി. പിറ്റേദിവസം തദ്ദേശീയരായ വലിയ ഒരു ജനക്കൂട്ടം അദ്ദേഹത്തെ സമീപിച്ച് താൻ ആരാണെന്നും ആഗമനോദ്ദേശ്യം എന്താണെന്നും ചോദിച്ചു. താൻ മദീനയിൽനിന്നും വരികയാണെന്നും അബൂഖുഹാഫയുടെ പുത്രനായ അബൂബക്കറിന്റെ മകൻ മുഹമ്മദിന്റെ മകൻ ഉബൈദുള്ളയാണ് താനെന്നും നിങ്ങളെയെല്ലാം ഇസ്ലാമിലേക്ക് ക്ഷണിക്കലാണ് ആഗമനോദ്ദേശ്യമെന്നും അദ്ദേഹം പ്രത്യുത്തരം നൽകി. അപ്പോൾ അവർ കോപാകുലരായി അദ്ദേഹത്തെ ആക്രമിക്കാനൊരുങ്ങി. പക്ഷേ അവരുടെ കൂട്ടത്തിലുണ്ടായിരുന്ന ഫിസ്യ: എന്ന് പേരുള്ള ഒരു വനിത ഇസ്ലാമതം സ്വീകരിക്കുകയും ഹ: ഉബൈദുള്ള അവർക്ക് ഹമീദത്ത് എന്ന് നാമകരണം ചെയ്ത് അവരെ ഭാര്യയായി സ്വീകരിക്കുകയും ചെയ്തു.

(ചിത്രം 1)

ഹ: ഉബൈദുള്ളയെ ആദ്യം കണ്ടെത്തിയ സ്ഥലത്തുണ്ടായിരുന്ന സ്മാരകത്തിന്റെ അവശിഷ്ടം

അമ്മേനിയിൽനിന്നും അന്ത്രോത്തിലെത്തിയ ഹ: ഉബൈദുള്ളയും ഭാര്യയും മരങ്ങൾ തണൽവിരിച്ച ഗുഹപോലെയുള്ള ഒരു സ്ഥലത്ത് താമസിച്ചു. ഹ: ഉബൈദുള്ളയുടെ പ്രബോധനഫലമായി അന്ത്രോത്ത് ദ്വീപുകാരിൽ ഭൂരിഭാഗവും താമസംവിനാ ഇസ്ലാംമതം സ്വീകരിച്ചു. ഹിജറ 41-ാം കൊല്ലം ദുൽഹജ്ജ് മാസം പതിനൊന്നും തിങ്കളാഴ്ച (ഏ.ഡി. 662) അന്ത്രോത്ത്ദ്വീപിലെ ജുമുഅത്ത് പള്ളിക്കും (ചിത്രം 2) തന്റെ ഭവനത്തിനും തറക്കല്ലിട്ടു. 200 തൊഴിലാളികളുടെ അനവരത



(ചിത്രം 2)

അന്ത്രോത്ത് ജുമുഅത്ത് പള്ളിയും വലതുവശത്ത് ഹ: ഉബൈദുള്ളയുടെ മഖ്ബറയും

ശ്രമഫലമായി ദിവസങ്ങൾക്കകം പള്ളിനിർമ്മാണം പൂർത്തിയാക്കുകയും ജുമുഅ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

അന്ത്രോത്തിൽനിന്നും ഹ: ഉബൈദുള്ളയും ഏതാനും ആളുകളും കൂടി ഇസ്ലാംമതപ്രചാരണാർത്ഥം കവരത്തി ദ്വീപിലേക്ക് പുറപ്പെട്ടു. ഹിജറ 42-ാം കൊല്ലം മുഹറമാസം 21 വ്യാഴാഴ്ച കവരത്തിയിൽ മതപ്രബോധനം ആരംഭിച്ചു. കവരത്തിയിലെ ജനങ്ങൾ തുടക്കത്തിൽ ശക്തിയായ എതിർപ്പ് പ്രകടിപ്പിച്ചു. ഹ: ഉബൈദുള്ളയെ വധിക്കാൻ

ഒരുങ്ങിപ്പുറപ്പെട്ട സംഘത്തെ നേരിട്ട നരിയോട് അദ്ദേഹം കാട്ടിൽ ചെല്ലാനും അവിടെയുള്ള ശവങ്ങൾ ഭക്ഷിച്ചുകൊള്ളാനും കൽപിച്ചു. ഹ: ഉബൈദുള്ളയുടെ അമാനുഷിക പ്രഭാവത്തിലാകൃഷ്ടരായ കവരത്തിയിലെ ജനങ്ങളും ഇസ്ലാമംതം സ്വീകരിച്ചു. അതേകൊല്ലം മുഹറം മാസത്തിൽ അവിടേയും ഒരു ജുമുഅ പള്ളി നിർമ്മിക്കുകയും അതിന്നുവേണ്ട സ്ഥലങ്ങൾ വഖഫ് ചെയ്യപ്പെടുകയും ചെയ്തു. പിന്നീട് കവരത്തിയിൽനിന്നും ഹ: ഉബൈദുള്ളയും സംഘവും വീണ്ടും അമ്മേനിയിലേക്ക് തിരിച്ചു. ഇത്തവണ ആ ദ്വീപുകാരും ഇസ്ലാംമതം ആശ്ലേഷിച്ചു. ഹിജറ 42-ാം വർഷം സഫർമാസം പതിനഞ്ചിന് അവിടേയും പള്ളി നിർമ്മിച്ചു. പള്ളിക്കുവേണ്ടി പടിഞ്ഞാറ് ഭാഗത്ത് കടൽവരെ വഖ്ഫ് ചെയ്യപ്പെട്ടു. അഹ്മദ് ഇബ്നു ഫഖീർ എന്നവരെ ഖാസിയായി നിശ്ചയിച്ചു.

അമ്മേനി ദ്വീപുകാരുടെ മതപരിവർത്തനം അറിഞ്ഞ് ചേത്ത്ല ത്തുകാരും കിളുത്താൻകാരും കടമത്ത്കാരും ഹ: ഉബൈദുള്ള സന്നിധാനത്തിൽവന്ന് ഇസ്ലാംമതം സ്വീകരിച്ച് സസന്തോഷം അവരവരുടെ ദ്വീപുകളിലേക്ക് തിരിച്ചുപോയി പള്ളികൾ നിർമ്മിച്ചു.

അമ്മേനിദ്വീപിൽനിന്നും ഉബൈദുള്ളയും കൂട്ടുകാരും ആക്കത്തിയി ലേക്ക് പുറപ്പെട്ടു. ആ ദ്വീപുകാർ യാതൊരു എതിർപ്പുംകൂടാതെ ഇസ്ലാംമതം സ്വീകരിച്ചു. ഹിജറ 42-ാം കൊല്ലം സഫർമാസം ഇരുപത്തിഅഞ്ചിന് ഒരു പള്ളി നിർമ്മിക്കുകയും അസീസുബ്നു ഫരീദിനെ ഖാസിയായി നിശ്ചയിക്കുകയും ചെയ്തു.

ആക്കത്തിയിൽനിന്നും കൽപേനിയിലെത്തിയ ഹ: ഉബൈദുള്ളയും സംഘവും ആ ദ്വീപുകാരേയും ഇസ്ലാമംതത്തിലേക്ക് പരിവർത്തനം ചെയ്യിച്ചു. ഹിജറ 42 റബീഉൽ അവ്വൽ മാസം കടൽക്കരയിൽ ഒരു പള്ളി പണിയുകയും എല്ലാഭാഗത്തും ഇരുപത്തിയഞ്ച് മുഴം വീതം പള്ളിക്കുവേണ്ടി വഖഫ് ചെയ്യപ്പെടുകയും ഹസനുബ്നു ഫൗസാൻ എന്നവരെ ഖാസിയായി തീരുമാനിക്കുകയും ചെയ്തു.

കൽപേനിയിൽനിന്നും അന്ത്രോത്തിൽ തിരിച്ചെത്തിയ ഹ: ഉബൈദുള്ളയേയും സംഘത്തേയും നാട്ടുകാർ സസന്തോഷം സ്വീകരിച്ചു. അവിടെ ആദ്യം ഇസ്ലാമിലേക്ക് വരാതിരുന്നവർകൂടി ഈ അവസരത്തിൽ ഇസ്ലാമതം സ്വീകരിക്കുകയും അവർ മാപ്പിന്ന പേക്ഷിക്കുകയും അദ്ദേഹം അവർക്ക് മാപ്പ്കൊടുക്കുകയുംചെയ്തു. പള്ളിയിൽ കടന്നു രണ്ട് റക്അത്ത് നമസ്കരിച്ചു ദ്വീപുകാർക്കുവേണ്ടി പ്രാർത്ഥിക്കുകയും സന്മനസ്സോടെ സ്വഭവനത്തിലേക്ക് തിരിക്കുകയും ചെയ്തു.

ആദ്യം ഇസ്‌ലാംമതം സ്വീകരിച്ച അദ്ദേഹത്തിന്റെ പത്നിയായ ഹമീദത്തിൽനിന്ന് പത്ത് ആണും അഞ്ച് പെണ്ണും ജനിച്ചു. മുഹമ്മദ്, അബൂബക്കർ, അബ്ദുല്ലാഹ്, മാലിക്ക്, മൂസാ, സൈനുദ്ദീൻ, ഹസൻ, റംസാൻ, ഇബ്രാഹീം, ഇസ്മാഈൽ, ഫാത്തിമ, ആയിശ, ഹലീമ, ഹാമിദ, താഹിറ എന്നിവരായിരുന്നു സന്താനങ്ങൾ.

തന്റെ ശിഷ്ടകാലം മതവിജ്ഞാനം പകർന്നുകൊടുത്തും ദൈവാരാധനയിൽ മുഴുകിയും അന്ത്രോത്ത് ദ്വീപിൽതന്നെ കഴിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുന്നുവെന്ന് രേഖപ്പെടുത്തിക്കൊണ്ടാണ് ഫുതൂഹാത്തുൽ ജസായിറ് സമാപിച്ചിരിക്കുന്നത്.

ഈ അനർഘ ചരിത്രരേഖ ഹ: ഉബൈദുള്ളയുടെ സ്വന്തം വാക്കുകളിൽ രേഖപ്പെടുത്തിയെന്നതിനാലും തന്റെ ശിഷ്ടജീവിതം ദീനീപ്രവർത്തനങ്ങളിൽ മുഴുകി അന്ത്രോത്ത് ദ്വീപിൽതന്നെ കഴിച്ചുകൂട്ടാൻ തീരുമാനിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ കൃതി അവസാനിച്ചിരിക്കുന്നതിനാലും ഹ: ഉബൈദുള്ളയുടെ ജീവിതകാലത്തുതന്നെ എഴുതിയതാണ് ഫുതുഹാത്തുൽ ജസായിറ് എന്ന് വ്യക്തമാകുന്നു.

ഹ: ഉബൈദുള്ളയുടെ ചരമവർഷമോ അദ്ദേഹത്തിന്റെ കാലശേഷമുള്ള മറ്റേതെങ്കിലും സംഭവങ്ങളോ ഈ ഗ്രന്ഥത്തിൽ പരാമർശിക്കപ്പെട്ടിട്ടല്ലെന്നതിനാൽ ഹ: ഉബൈദുള്ളയുടെ വാക്കുകൾക്കപ്പുറം ഒരു കൂട്ടിച്ചേർക്കലും ഈ ഗ്രന്ഥത്തിലുണ്ടായിട്ടില്ലെന്ന് വ്യക്തമാകുന്നു. ലക്ഷദ്വീപുകളിലെ ഇസ്‌ലാംമത പ്രചരണ ചരിത്രത്തെക്കുറിച്ച് ഭാവിതലമുറയ്ക്ക് ഒരുവിധ സംശയങ്ങളും അവശേഷിക്കരുതെന്ന ഉദ്ദേശ്യത്തോടെ വിരചിതമായ ഫുതൂഹാത്തുൽ ജസായിറിലെ വിവരണങ്ങൾക്ക് 7-ാം നൂറ്റാണ്ടിലെ സംഭവങ്ങൾ വിവരിക്കുന്ന മറ്റുപല ഗ്രന്ഥങ്ങളിലേയും ചരിത്രവസ്തുതകളുമായുള്ള ആശയഐക്യം ഈ ഗ്രന്ഥത്തിന്റെ ചരിത്രമൂല്യത്തിന് തെളിവായി ചൂണ്ടിക്കാണിക്കാവുന്നവയാണ്.

ഉബൈദുള്ള എന്ന പേർതന്നെ ഏ.ഡി. ഏഴാംനൂറ്റാണ്ടിലെ അറബികൾക്കിടയിൽ സാർവ്വത്രികമായി പ്രചരിച്ചിരുന്നു. ചരിത്രപ്രാധാന്യം നേടിയ ഒട്ടേറെ ഉബൈദുള്ളമാർ ആ കാലഘട്ടത്തിൽ മുസ്‌ലിം ലോകത്തുണ്ടായിരുന്നു. 7-ാം നൂറ്റാണ്ടിൽ പ്രമുഖമായ ഒരു രാജവംശം തന്നെ ആഫ്രിക്കയിൽ സ്ഥാപിച്ചത് ഒരു ഉബൈദുള്ളയായിരുന്നു.[1] ഏ.ഡി. 670ൽ സിജിസ്താനിലെ ഗവർണ്ണറായിരുന്ന അഅ്റാബി ഇബ്നുസിയാദിന്റെ പിൻഗാമിയായി നിയമിക്കപ്പെട്ടത് വേറൊരു ഉബൈദുള്ളയായിരുന്നു.[2] സിന്ധ് ആക്രമിച്ചു കീഴടക്കിയ മുഹമ്മദ് ഇബ്നു

കാസിമിന്റെ അമ്മാവനായ അൽഹജ്ജാജ് ഏ.ഡി. 695ൽ കാബൂളിനെ കീഴടക്കാൻ നിയോഗിച്ചതും ഒരു ഉബൈദുള്ളയെയായിരുന്നു.

ലക്ഷദ്വീപുകളിലേക്ക് ഹ: ഉബൈദുള്ള ഇസ്‌ലാംമതപ്രചാരണാർത്ഥം ജിദ്ദയിൽനിന്നും പുറപ്പെട്ട കപ്പലിൽ 14 പേരാണുണ്ടായിരുന്നതെന്ന് ഫുതൂഹാത്തുൽ ജസായിറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അറബികൾ അക്കാലത്ത് അത്തരം ചെറിയ കപ്പലുകളായിരുന്നു വിദൂരയാത്രയ്ക്കുപോലും ഉപയോഗിച്ചിരുന്നത്. പ്രത്യേകിച്ച് ദ്വീപുപോലെ പാറക്കൂട്ടങ്ങൾ അധികമുള്ള സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുമ്പോൾ ആണി അടിച്ചുണ്ടാക്കിയ വലിയ കപ്പലുകളേക്കാൾ കൂടുതൽ ഫലപ്രദം അത്തരം ചെറിയ കപ്പലുകളായിരുന്നുവെന്ന് അന്നത്തെ അറബികൾ മനസ്സിലാക്കിയിരുന്നു.[4] ഇറാക്കിലെ ഗവർണ്ണറായിരുന്ന അൽ-ഹജ്ജാജിന്റെ കാലംവരേയും (ഏ.ഡി. 695) അറബികൾ അത്തരം കപ്പലുകളായിരുന്നു ഉപയോഗിച്ചിരുന്നത്.[5]

ജിദ്ദയിൽനിന്നും ഹിജറ 41ൽ ശവ്വാൽമാസം 11-ാനു പുറപ്പെട്ട ഹ: ഉബൈദുള്ള അമ്മേനിയിൽനിന്നും അന്ത്രോത്തിലെത്തി പള്ളിനിർമ്മാണം തുടങ്ങിയ ദിവസമായി ഫുതൂഹാത്തുൽ ജസായിറിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഹിജറ 41 ദുൽഹജ്ജ് 11-ാനു എന്നാണ്. ജിദ്ദയിൽനിന്ന് അമ്മേനിയിലെത്തിയ ദിവസം രേഖപ്പെടുത്തിയില്ലെങ്കിലും 1-1 1/2 മാസംകൊണ്ട് എത്തിയിരിക്കാമെന്ന് കണക്കാക്കാവുന്നതാണ്. അക്കാലത്തെ യാത്രാസമയദൈർഘ്യത്തെക്കുറിച്ചുള്ള വിവിധ സഞ്ചാരികളുടെ പരാമർശങ്ങളും ഫുതൂഹാത്തുൽ ജസായിറിലേതിനോട് യോജിക്കുന്നവയാണ്. ചെങ്കടൽ വഴിയാത്ര ചെയ്താൽ 40 ദിവസംകൊണ്ട് കൊടുങ്ങല്ലൂരിൽ എത്താമെന്ന് ഏ.ഡി. 47ൽ ഗ്രീക്കുകാരനായ ഹിപ്പാലസും 6 കൂകംമാലി(കൊല്ലം)യിലേക്ക് ഒരുമാസത്തെ യാത്രയാണെന്ന് ഏ.ഡി. 851ൽ സുലൈമാൻ താജിറും[7] മസ്ക്കറ്റിൽനിന്ന് കൂലുമാലി (കൊല്ലം) യിലേക്കുള്ള ദൂരം രണ്ട് മാസമാണെന്ന് ഏ.ഡി. 902ൽ ഇബ്നുൽഫക്കീഹും[8] രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നും ഫുതൂഹാത്തുൽ ജസായിറിൽ രേഖപ്പെടുത്തിയതുപോലെ ചെങ്കടൽതീരത്തുനിന്ന് ഈ പ്രദേശത്തേക്കുള്ള യാത്രാസമയദൈർഘ്യം അക്കാലത്ത് കാറ്റിന്റെ ഗതിയനുസരിച്ച് 1-1 1/2 മാസമായിരുന്നുവെന്ന് മനസ്സിലാക്കാം.

അമ്മേനിയിലേയും അന്ത്രോത്തിയിലേയും ശുദ്ധജല ലഭ്യതയെപ്പറ്റി ഹ: ഉബൈദുള്ള ഫുതൂഹാത്തുൽ ജസായിറിൽ പരാമർശിക്കുന്നതിനും രണ്ടു നൂറ്റാണ്ട് മുൻപ് ലക്ഷദ്വീപുകളിലെങ്ങും ശുദ്ധജലം ലഭ്യമാണെന്ന് കോസ്മസ് എന്ന ഗ്രീക്കുപാതിരി ഏ.ഡി. 547ൽ രേഖപ്പെടു

ത്തിയിട്ടുണ്ട്.'

ലക്ഷദ്വീപുകളിലെ അന്നത്തെ ചില ആചാരങ്ങളെപ്പറ്റി ഫുതൂഹാത്തുൽ ജസായിറ് നൽകുന്ന സൂചന ആ ഗ്രന്ഥത്തിന്റെ കാലഘട്ടം നിർണ്ണയിക്കാൻ സഹായിക്കുന്നതിനുപരി ഇസ്‌ലാമിന്റെ ആവിർഭാവത്തിന് മുൻപ് ദ്വീപുകളിലുണ്ടായിരുന്ന മതമേതായിരുന്നുവെന്ന് മനസ്സിലാക്കാൻകൂടി സഹായിക്കുന്നു. ഹിജറ 42ലും (എ.ഡി. 662) കവരത്തിയിൽ ശവങ്ങൾ ജന്തുക്കൾ തിന്നത്തക്കരീതിയിൽ കാടുകളിൽ ഉപേക്ഷിക്കുന്ന സമ്പ്രദായമുണ്ടായിരുന്നുവെന്ന് ഫുതൂഹാത്തുൽ ജസായിറ് ഉദ്ഘോഷിക്കുന്നു. കവരത്തിയിൽ പ്രത്യക്ഷപ്പെട്ട വ്യാഘ്രത്തോട് കാട്ടിൽപോയി അവിടെയുള്ള ശവങ്ങൾ തിന്നുകൊള്ളാൻ ഹ: ഉബൈദുള്ള കൽപിച്ചതിൽനിന്നുതന്നെ ആ കാലഘട്ടത്തിൽ ബുദ്ധമതവിശ്വാസികളുടെ ഇടയിലുണ്ടായിരുന്ന ശവസംസ്കാര രീതിയായിരുന്നു ദ്വീപുകളിലുണ്ടായിരുന്നതെന്ന് വ്യക്തമാവുന്നു.

ജന്തുക്കൾ ഭക്ഷിക്കത്തക്ക രീതിയിൽ ശവങ്ങൾ പുറത്തുള്ള കാടുകളിൽ കൊണ്ടുപോയി ഉപേക്ഷിക്കുന്ന രീതി അക്കാലത്ത് ദക്ഷിണേന്ത്യയിൽ നിലവിലുണ്ടായിരുന്നുവെന്ന് 7–ാം നൂറ്റാണ്ടിന്നടുത്ത് രചിച്ച ഒരു ബൗദ്ധവാക്യമായ മണിമേഖലയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.' സംഘകാല കൃതികളിൽപെട്ട മണിമേഖലയിൽ അതിന്റെ കർത്താവ് ചീത്തലൈ ചാത്തൻചോള രാജധാനിയായ പുഹാറിലെ അന്നത്തെ ശവസംസ്കാരരീതിയെപ്പറ്റി ഇങ്ങനെ രേഖപ്പെടുത്തുന്നു.

'ചുടുവോരിടുവോർ തൊടുകുഴിപ്പടുപ്പോർ
താഴ്വയി നടൈപ്പോർ താഴിയിൽ കവിപ്പോർ'

(ശവം ചുടുന്നവരും കാട്ടിൽകൊണ്ടുപോയി ജന്തുക്കൾ ഭക്ഷിക്കത്തക്ക രീതിയിൽ ഇടുന്നവരും, കുഴിച്ചിടുന്നവരും, കല്ലറയിൽ അടക്കം ചെയ്യുന്നവരും, താഴിയിൽ അടക്കം ചെയ്ത് കുഴിച്ചിടുന്നവരും അന്നുണ്ടായിരുന്നു)

ബൗദ്ധസാഹിത്യത്തിൽ പ്രമുഖൻ എന്ന് കരുതപ്പെടുന്ന T.W. Rhys Davids (1896) ബൗദ്ധകാലത്തെ ശവസംസ്കാര രീതി വിവരിച്ചതിങ്ങനെയാണ്. "സാധാരണ പൗരന്മാരുടെ ജഡം കുഴിച്ചിടാറുണ്ടായിരുന്നില്ല. പക്ഷേ അവ മൃഗങ്ങളും പക്ഷികളും തിന്നാനായി പൊതുസ്ഥലത്തുവയ്ക്കലായിരുന്നു ബൗദ്ധമതരീതി."[11]

ഇസ്‌ലാമിന്റെ ആവിർഭാവകാലത്ത് ദ്വീപുകളിലുണ്ടായിരുന്ന ശവസംസ്കാര സമ്പ്രദായത്തെ കുറിച്ചുള്ള ഫുതൂഹാത്തുൽ ജസായിറിലെ പരാമർശവും, ലക്ഷദ്വീപുകളിൽനിന്നും കണ്ടുകിട്ടിയ ബുദ്ധ

വിഗ്രഹങ്ങളും, വിഹാരങ്ങളുടെ അവശിഷ്ടങ്ങളും മറ്റനേകം തെളിവുകളും ഇസ്‌ലാമിന് മുൻപ് ലക്ഷദ്വീപുകളിൽ നന്നായി പ്രചരിച്ചിരുന്നത് ബുദ്ധമതമായിരുന്നുവെന്ന് വ്യക്തമാക്കുന്നു.

ലക്ഷദ്വീപുകളുടെ അക്കാലത്തെ യഥാർത്ഥ ചിത്രവും, ഇസ്‌ലാം മതപ്രചരണ ചരിത്രവും ഭാവിതലമുറയ്ക്ക് ലഭിക്കാനായി ഫുതൂഹാത്തുൽ ജസായിറ് രചിച്ചപോലെ അക്കാലത്തെ അറബികൾ അവരുടെ വിജയഗാഥകൾ ഗ്രന്ഥരൂപത്തിൽ രേഖപ്പെടുത്തി വയ്ക്കാറുണ്ടായിരുന്നുവെന്നതിന് മറ്റൊരുദാഹരണമാണ് മുഹമ്മദ് ഇബ്നു കാസിമിന്റെ സിന്ധാക്രമണ ചരിത്രം.

ഹിജറ 93 റമസാൻ 17-ാനു (എ.ഡി. 712 ജൂൺ 16) ഉത്തരേന്ത്യയിൽ പഞ്ചാബിന്റെ പടിഞ്ഞാറ് മുൾട്ടാൻ വരെയുള്ള സിന്ധു താഴ്‌വര മുഴുവൻ ജയിച്ചടക്കിയ 17 വയസ്സുകാരനായ മുഹമ്മദ് ഇബ്നു കാസിമിന്റെ വിജയചരിത്രം അറബിഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സന്താനപരമ്പരകൾ തലമുറകളായി സംരക്ഷിച്ചു വന്ന ഈ ഗ്രന്ഥമാണ് Chachnama എന്ന പേരിൽ എ.ഡി. 1216ൽ ആലികൂഫി പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പേർഷ്യൻ ഭാഷയിൽനിന്നും ഈ ഗ്രന്ഥം 1900 മാണ്ടിൽനിന്നും Mirza Kalichbeg ഇംഗ്ലീഷിലേക്ക് ഭാഷാന്തരം ചെയ്തു. സിന്ധാക്രമണ ചരിത്രത്തിന്റെ അടിസ്ഥാനരേഖയായി ചരിത്രപണ്ഡിതന്മാർ സ്വീകരിച്ചുവരുന്ന Chachnama എന്ന ഗ്രന്ഥം അക്കാലത്തെ അറബി കൈയ്യെഴുത്ത് ഗ്രന്ഥത്തിന്റെ പരിഭാഷയാണ്.[12]

മുഹമ്മദ് ഇബ്നു കാസിമിന്റെ സിന്ധിലെ വിജയം സുഗമമാക്കാൻ പ്രയോജകീഭവിച്ച ചില വസ്തുതകൾ ഹ: ഉബൈദുല്ലയുടെ ലക്ഷദ്വീപു വിജയം ത്വരിതപ്പെടുത്താനും സഹായിച്ചിരിക്കാം. മുഹമ്മദ് ഇബ്നു കാസിമിന്റെ സിന്ധാക്രമണകാലത്ത് അവിടത്തെ പ്രമുഖരായിരുന്ന ബുദ്ധമതവിശ്വാസികൾ അദ്ദേഹത്തെ എതിർത്തില്ലെന്ന് മാത്രമല്ല അവിടത്തെ ഭരണാധികാരിയോട് കീഴടങ്ങാൻ പ്രേരിപ്പിക്കുകയും കൂടി ചെയ്തുവത്രെ.

"ബുദ്ധമതവിശ്വാസികൾ രക്തച്ചൊരിച്ചിലിന് എതിരായിരുന്നുവെന്നതും, ഇസ്‌ലാമികവിജയത്തെക്കുറിച്ചുള്ള അവരുടെ വേദഗ്രന്ഥങ്ങളിലെ പ്രവചനങ്ങളും മുഹമ്മദ് ഇബ്നു കാസിമിനെ സ്വാഗതം ചെയ്യാൻ അവരെ പ്രേരിപ്പിച്ചു." (Chachnama P: 105 Baladuri P: 219) "ബുദ്ധമതഗ്രന്ഥങ്ങളും, വേദപണ്ഡിതന്മാരും ഇസ്‌ലാമികവിജയത്തെക്കുറിച്ച് നൽകിയ പ്രവചനങ്ങൾ. ഇവമരവിമാമ ജ:

CamScanner

81, P: 97, P: 107) അന്നത്തെ സിന്ധിലെ ജനങ്ങളെ മുഹമ്മദ് ഇബ്നു കാസിമിന് കീഴടങ്ങാൻ പ്രേരിപ്പിച്ചു. അതേവസ്തുത തന്നെ ലക്ഷദ്വീപുകളിലെ അന്നത്തെ ബുദ്ധമതവിശ്വാസികളായ ജനങ്ങളെ ഇസ്ലാമിലേക്ക് ആകർഷിക്കാനും ഹ: ഉബൈദുള്ളയുടെ ദൗത്യം ഹ്രസ്വകാലയളവിനുള്ളിൽ സമ്പൂർണ്ണവിജയത്തിൽ കലാശിക്കാനും സഹായകമായിരിക്കാം.

ഇസ്ലാമിന് മുൻപുള്ള അറബികളുമായി ദ്വീപുകാർക്കുണ്ടായിരുന്ന സുദീർഘകാല ബന്ധത്തെക്കുറിച്ചും ഫുതൂഹാത്തുൽ ജസായിറിൽ സൂചനയുണ്ട്. ലക്ഷദ്വീപുകളിൽ എത്തിയ ഹ: ഉബൈദുള്ളക്ക് ജനങ്ങളുമായി ബന്ധപ്പെടാൻ ഭാഷാപരമായ പ്രയാസം എന്തെങ്കിലും നേരിട്ടതായി ഫുതൂഹാത്തുൽ ജസായിറിൽ എവിടെയും സൂചനയില്ല. എല്ലാ ദ്വീപിലേയും ജനങ്ങളുമായി യാതൊരു പ്രയാസവുംകൂടാതെ ഹ: ഉബൈദുള്ള സംഭാഷണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട് താനും. ഹ: ഉബൈദുള്ളയുടെ ആഗമനത്തിനും നൂറ്റാണ്ടുകൾക്കുമുൻപുതന്നെ ദ്വീപുകാരും അറബികളും തമ്മിലുണ്ടായിരുന്ന വ്യാപാരബന്ധം ദ്വീപുകാർക്ക് അറബിഭാഷാ വൈഭവം ലഭിക്കാൻ കാരണമായതിലും അത്ഭുതമില്ല.

ദ്വീപുകാരുടെ സംസാരഭാഷയിൽ പകുതിയിലധികവും അറബിപദങ്ങളാണിന്നും. ലക്ഷദ്വീപുകാരായ കവികൾ രചിച്ച സഫീനാപാട്ടുകളിൽ അറബിപദങ്ങളുടെ സ്വാധീനം മുഴച്ചുനിൽക്കുന്നത് കാണാം. ഉദാഹരണമായി ഫുതൂഹാത്തുൽ ജസായിറിനെ അധികരിച്ച് കെ. പൂറാടം കുഞ്ഞിക്കോയാതങ്ങൾ (അന്ത്രോത്ത്) രചിച്ച 'ഫുതൂഹാത്തുൽ ജസായിറ് ഫിൽ ഖസസിദ്ദുഖായിറ്' എന്ന പാട്ട് തന്നെ ഉദ്ധരിക്കാവുന്നതാണ്. അദ്ദേഹം പ്രസ്തുത കൃതി ആരംഭിച്ചതുതന്നെ ഇങ്ങനെയാണ്.

"അഹദത്തരിം പൊരുളമകമകിയ വളർമൊളി
ബഹളത്തെളിവൊളി ബിസ്മില്ലാ
അലിഫക്ഷര പൊരുളനുദിനം ഹഖായിഖം
ബഹർ തിരയ് മുഖദ്ദമിൽ ബിസ്മില്ലാ
വഹ്ദത്തിറയ് കുഫിർ നഫർ ഖദറസലിലെ
ബരിബെത്തെളുദിടയ് ബിസ്മില്ലാ
വൊരുമിത്തനയ് റുസുലരശരിലിറയവൽ
അറിവിത്തിഖ്റത്ത് ബിസ്മില്ലാ

ബഹറത്തിരയ് പൊരുളകമകം ഫുർഖാനിൽ

അരിമത്തിരുമൊളി ബിസ്മില്ലാ

ബിദമച്ചദിർ കുതുമ്പടവയിൽ നിറയ് പൊരുൾ

അമർത്തിട്ടൊരുമൊളി ബിസ്മില്ലാഹ്

റഹ്മത്തരശരെ ഹുക്മെന്തിബ്തിദാ

നലവുറ്റുരയ് ഉനയ് ബിസ്മില്ലാ

രസമുറ്റുബൈദൊലി കഥനുവൽ വദിൽ മുതൽ

ശിറമിത്തബ്തദി ബിസ്മില്ലാ

മഹ്ളമ്മൊളി മഅറഹ്മത്തലിഫ്നൂൻ

സിയാദത്തുദയ് നിദമരുള്ളാ

മഅഹുറാഹീം കൂടി വബിഹിസ്സിഖത്തിരു

തലമിലുമരുളെനിൽ ഫള്ലള്ളാ

അമ്മേനി ദ്വീപിലെത്തിയ ഏകനും ദുഖിതനും ഹ: ഉബൈദുള്ളയെ സ്വപ്നത്തിൽ പ്രവാചകൻ സമാശ്വസിപ്പിക്കുന്നതും, തുടർന്ന് അമ്മേനി ദ്വീപുകാരും ഹ: ഉബൈദുള്ളയും തമ്മിൽ നടന്ന സംഭാഷണവും കവി വിവരിക്കുന്നത് കാണുക.

(കണ്ടാരക്കട്ടുമ്മൽ)

"ഓതിടയ് താഹാ ഹുസ്നും റുഅ്ബും വൊശിത്തുനയ് നീക്കീനേ - ഫർഹയ്

ആണ്ടോൻ ഇരിവീട്ടിലും ഉമക്കേറ്റമേ കൂട്ടിത്തരുവാനേ

പോതിൽഉണർന്തെനയ് കണ്ടൊരുകൂട്ടം

നരർകൾ വരവാനേ -ഇലയ്യ

പാകത്തിലൊക്കെയും ബേകത്തിൽ ചേർന്തെനയ്

ഊഹിത്ത് പാത്താനേ

ഇദാഹും ഖവ്മും കവാഫിറും ബന്തയ്യവരിൽ

റജൗസാനേ - യെനദിൽ

ഓതിമൻഅൻത വമിൻഅയ്ല ജിഅ്ത്ത

ലിമാദാ നസൽത്താനേ

ചോദ്ദിയമിൻ ബദൽ നാൻ ഉബൈദുള്ളാ

മുഹമ്മദിൻ മോനാനേ -അവർതാൻ

ചിങ്കർ സിദ്ധീഖ്ബ്നു ബമ്പർ അബീഖു
ഹാഫത്തിൻ മകനാനേ
മകനാം യെനയ് മദീനാവിന്നും താഹാ അരുളാൽ
ഇശിൻദാനേ -ഇലള്ളാ
മാർക്കവഴിക്കാളയ് ചേർക്കുവദുക്കെനയ് പാർക്കാമൽ ബന്താനേ
ജികമാം ഉമക്ക് ദീൻ അകമിൽ പകന്തീടുൽ അല്ലാ
ജിഹാദാനേ - അലൈക്കും
ജബ്ബാറിൽ ഹഖ്ഖൽ ജിഹാദീത ഖമ്പൽ ഫഖാലറ്റഈസാനേ

മറ്റ് ചില ഇശലുകളിൽ അറബിഭാഷയ്ക്ക് ഇതിലും മുൻതൂക്കം കാണാവുന്നതാണ്.

(ഉമദിൽ എങ്കള)

"കുല്ലുഹും സമിഅൽ കലാമ കശാബി ശുഹ്ദാനേ
കൻഡൊലി കസുറ സ്സുറൂറു ബിഹഖ്ഖിഹിം ദുആനാനേ"
തുടങ്ങിയ ഇശലുകൾ ഇതിനുദാഹരണമാണ്.

അദ്ദേഹം തന്റെ കവിത പൂർത്തിയാക്കിയത് ഹിജറ 1323 ലാണെന്ന് രേഖപ്പെടുത്തുന്നത് ഇങ്ങിനെയാണ്.

"ബന്നെ ഹിജ്റത്തുന്നബിയ്യി അൽഫാം
ബീസെൻ ഒരു റായും സകബലിഫാം."

ഹിജറ 1323ൽ എഴുതി 1324ൽ പ്രസിദ്ധീകരിച്ച ഈ പാട്ടിലെ പദങ്ങളിൽ സിംഹഭാഗവും അറബിയാണെന്നുള്ളത് ദ്വീപുകളിലെ സമീപകാലത്തെയും അനുവാചകരുടെ ഭാഷാനിലവാരത്തെ ദ്യോതിപ്പിക്കുന്ന ഒരു വസ്തുതയായി കണക്കാക്കുന്നതിൽ തെറ്റില്ല.

1978 മുതൽ ആദ്യമായി മലയാള മാധ്യമത്തിലുള്ള വിദ്യാഭ്യാസ രീതി നടപ്പിലാക്കി വർഷങ്ങൾക്ക് ശേഷവും ദ്വീപുകളിൽ അറബിഭാഷക്കുണ്ടായിരുന്ന സ്വാധീനത്തിന് മങ്ങലേറ്റിരുന്നില്ലെന്നതിനും കൂടി ഈ കാവ്യം നല്ലൊരു ദൃഷ്ടാന്തമത്രെ. ഈ നൂറ്റാണ്ടിന്റെ ആരംഭം വരേയ്ക്കും ദ്വീപുകളിലെ റിക്കോർഡുകളും ജനനമരണ രജിസ്റ്റർ മുതലായ രേഖകളുമെല്ലാം ഔദ്യോഗികമായി രേഖപ്പെടുത്തിയിരുന്നത് അറബി ലിപിയെ അടിസ്ഥാനമാക്കിയായിരുന്നു. അറബിഭാഷയ്ക്ക് ദ്വീപുകളിൽ സമീപകാലത്തും ഉണ്ടായിരുന്ന പ്രചാരത്തിന് തെളിവുകളാണിവയെല്ലാം.

ചിരപുരാതനമായ വ്യാപാരബന്ധത്തിലൂടെ അറബികൾ അവരുടെ ഭാഷയ്ക്ക് പുറമെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽകൂടി ചെലുത്തിയിരുന്ന സ്വാധീനത്തിനും ഫുതൂഹാത്തുൽ ജസായിറിൽ തെളിവുണ്ട്. ലക്ഷദ്വീപുകളിൽനിന്ന് ആദ്യമായി ഇസ്ലാംമതം സ്വീകരിച്ചത് ഹിസ്യ: എന്നു പേരുള്ള ഒരു വനിതയായിരുന്നുവെന്ന് ഫുതൂഹാത്തുൽ ജസായിറിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കൃതിയിൽനിന്ന് നമുക്ക് ലഭിക്കുന്ന ഏക അമുസ്ലിം നാമവും അത് മാത്രമാണ്. മതപരിവർത്തനത്തിന് ശേഷം ഫിസ്യ: എന്ന അമുസ്ലിം നാമം മാറ്റി ഹമീദത്ത് എന്ന് നാമകരണം നൽകിയത് ഹ: ഉബൈദുള്ളയായിരുന്നു. ആ വനിതയെയായിരുന്നു അദ്ദേഹം വിവാഹം കഴിച്ചതും. അറബിച്ചുവയുള്ള ഫിസ്യ: എന്ന അമുസ്ലിം നാമം ദ്വീപുകളിലെത്തിയത് ഹ: ഉബൈദുള്ളയുടെ ആഗമനത്തിന് മുൻപും ദ്വീപുമായി ബന്ധപ്പെട്ടിരുന്ന അറബികളിലൂടെയായിരിക്കാനേ തരമുള്ളൂ.

പ്രാചീനകാലം മുതൽ സാമുദ്രിക വ്യാപാരരംഗത്ത് ആധിപത്യം ചെലുത്തിയിരുന്ന അറബികൾ ലക്ഷദ്വീപുകളെക്കുറിച്ച് മനസ്സിലാക്കുകയും സമ്പർക്കം പുലർത്തുകയും ചെയ്തിരുന്നുവെന്ന് അറബിസഞ്ചാരികളുടെ യാത്രാവിവരണങ്ങളിൽ കാണാവുന്നതാണ്. യഅ്ഖൂബി (എ.ഡി. 875)യും മസ്ഊദി (എ.ഡി. 943)യും രേഖപ്പെടുത്തിയതുപോലെ അറബികൾ ആഫ്രിക്കൻതീരം മുതൽ ലക്ഷദ്വീപുകൾവരെയുള്ള സമുദ്രത്തിനെ Sea of Lata ('മസ്ഊദിയുടെ വിവരണങ്ങളിൽ ലാറവി') എന്നും ലക്ഷദ്വീപുകൾ മുതൽ ബംഗാൾ വരെയുള്ള സമുദ്രത്തിനെ Sea of Harkind (ഹർഖന്ത്)എന്നുമായിരുന്നു വിളിച്ചിരുന്നത്. ഈ രണ്ട് സമുദ്രങ്ങളേയും വേർതിരിക്കുന്നത് ലക്ഷദ്വീപുകളും മഹൽദ്വീപുകളുമാണെന്നും, ഈ ദ്വീപുകളിൽനിന്ന് വൻതോതിൽ അമ്പർ ലഭ്യമാണെങ്കിലും അവരുടെ പ്രധാന ഉത്പന്നം തേങ്ങയാണെന്നും അറബി സഞ്ചാരിയായ സുലൈമാനെ എ.ഡി. 851 ഉദ്ധരിച്ചുകൊണ്ട് (G. Ferrand Le voyage du Merchand Arab Sulayman an Inde eten China Paris 1922 pp 31-32) മോതിചന്ദ്രയും രേഖപ്പെടുത്തിയിരിക്കുന്നു. 14. 9-ാം നൂറ്റാണ്ടിലെ സഞ്ചാരിയായ സുലൈമാൻ ഇങ്ങനെ രേഖപ്പെടുത്തുന്നു. "ഇതിനും പുറമെ വേറെയും ചില ദ്വീപുകളുണ്ട്. അവക്ക് ലഞ്ചുബാലൂസ് എന്നുപേർ... കപ്പലുകൾ ഇവിടെ വന്നെത്തിയാൽ ഇവർ ചെറിയതും വലുതുമായ തോണികളിൽ വന്നു ഇളനീരും അമ്പറും കപ്പൽകാർക്ക് നൽകുകയും അതിനുപകരം ഇരുമ്പ്, വസ്ത്രം മുതലായ തങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങുകയും ചെയ്യുന്നു. (പേ: 3-11)" സുലൈമാൻ ഹിജറ 237 (എ.ഡി. 851)ൽ ലഞ്ചുബാലൂസ് എന്ന പേരിൽ രേഖപ്പെടു

ത്തിയ ദ്വീപുകൾ ലക്ഷദ്വീപുകളാണെന്ന് സുപ്രസിദ്ധ പണ്ഡിതനും ഗവേഷകനും ചരിത്രകാരനും നിരവധി അമൂല്യഗ്രന്ഥങ്ങളുടെ കർത്താവുമായ മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി അദ്ദേഹത്തിന്റെ 'അറബോം കി ജഹാസ്റാനി' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 15. ഇന്ത്യയിൽനിന്നുമുള്ള അറബികളുടെ പ്രധാന കയറ്റുമതി ഉത്പന്നങ്ങളായി ഇബ്നുൽ ഫക്കീഹ് (ഏ.ഡി. 902) രേഖപ്പെടുത്തിയവയിൽ ദ്വീപുത്പ്പന്നങ്ങളായ തേങ്ങയും അമ്പറും കാണാം.16. ദ്വീപുകളിൽനിന്നുള്ള അമ്പർ ലഭ്യതയെപ്പറ്റി ഈ പ്രദേശത്ത് യാത്രചെയ്ത സിറാഫീലേയും, ഉമാനിലേയും (പേർഷ്യൻ തുറമുഖങ്ങൾ) കച്ചവടക്കാർ തന്നോട് പറഞ്ഞതായി മസ്ഊദി (ഏ.ഡി. 943) രേഖപ്പെടുത്തിയിരിക്കുന്നു. ഏ.ഡി. 1043 ൽ അഹ്മദ് അൽബീറൂണി ലക്ഷദ്വീപുകളെ അവിടത്തെ കയറുത്പാദന ബാഹുല്യത്തെ പരിഗണിച്ച് കയറുകളുടെ ദ്വീപ് (Diva Kanbar) എന്നാണ് വിളിച്ചിരുന്നത്.[17]

ലക്ഷദ്വീപുകാർ അറേബ്യയിലും, മസ്ക്കറ്റിലും പോയി ആദ്യശതകം മുതൽ നടത്തിവന്നിരുന്ന വ്യാപാരബന്ധം 18-ാം നൂറ്റാണ്ടിലും സജീവമായി തുടർന്നുവന്നിരുന്നുവെന്നും, അറബികപ്പലുകൾക്ക് വഴികാട്ടികളായി 19-ാം നൂറ്റാണ്ടിലും ദ്വീപുകാർ സേവനമനുഷ്ടിച്ചിരുന്നുവെന്നും 1848ൽ ദ്വീപുകൾ സന്ദർശിച്ച ഡബ്ല്യൂ. റോബിൻസൺ രേഖപ്പെടുത്തിയിരിക്കുന്നു.

സയ്യിദ് സുലൈമാൻ നദ്‌വി തുടർന്ന് എഴുതുന്ന "ബസ്വറ സിറാഫ് മുതൽ ഇന്ത്യൻ സമുദ്രദ്വീപുകളിൽ കൂടി ചൈനയുടെ അതിർത്തി വരെയുള്ള ഗതാഗത മാർഗ്ഗങ്ങൾ നാം വിവരിച്ചു. പ്രസ്തുത ദ്വീപുകളിൽ വളരെയേറെ നൂറ്റാണ്ടുകളോളം അറബികളുടെ കപ്പൽ ഗതാഗതം നിലനിന്നിരുന്നു. അതിൽ ഭൂരിഭാഗം ദ്വീപുകൾ അറബികളുടെ വാസസ്ഥലമായി മാറി പല പ്രദേശങ്ങളിലും ഇസ്‌ലാമിന് പ്രചുരപ്രചാരം സിദ്ധിച്ചു. ഈ ദ്വീപുകൾ ഹസർമൗത്ത് നിവാസികളായിരുന്ന അറബികളുടെ സുപ്രധാനകേന്ദ്രമായിത്തീർന്നു. ഇന്നും അവർ അവിടെ ധാരാളമുണ്ട്.[19]." സുലൈമാൻ നദ്‌വി സൂചിപ്പിച്ചതുപോലെ ലക്ഷദ്വീപുകാരുടെ ഇസ്‌ലാംമത സ്വീകരണം അറബികളും ദ്വീപുകാരുമായുള്ള വൈവാഹികബന്ധത്തിന് കൂടുതൽ അവസരം നൽകി. ഇതിന്ന് ആദ്യത്തെ ഉദാഹരണം ഹ: ഉബൈദുള്ളയായിരുന്നു. ഖുറൈശി ഗോത്രരക്തവും പേർഷ്യൻ രാജരക്തവും കലർന്ന ഹ: ഉബൈദുള്ളയ്ക്ക് അന്ത്രോത്ത് ദ്വീപിൽ പതിനഞ്ച് സന്താനങ്ങളുണ്ടായിരുന്നു. അറിയപ്പെടുന്നവയും അല്ലാത്തവയുമായി നൂറ്റാണ്ടുകളി

ലൂടെ തുടർന്നുവന്ന ഈ വൈവാഹിക ബന്ധം ഹിജറ 12-ാം നൂറ്റാണ്ടിലും തുടർന്നുവന്നിരുന്നുവെന്ന് കാണാവുന്നതാണ്. 17-ാം നൂറ്റാണ്ടിൽ ദ്വീപുകളിലെത്തി വൈവാഹികബന്ധത്തിലേർപ്പെട്ട അറിയപ്പെടുന്ന സയ്യിദ് വംശജരാണ് സയ്യിദ് അഹ്മദ് ജലാലിയ്യിൽ ബുഖാരിയും. സയ്യിദ് മുഹമ്മദ് ഖാസിമിബ്നു മൂസബ്നു ഫതഹുല്ലാഹിൽ ബഗ്ദാദിയും. സയ്യിദ് അഹ്മദ് ജലാലിയ്യിൽ ബുഖാരി കവരത്തിയിൽ വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ പുത്രനായി ഹിജറ 1144ൽ കവരത്തിയിൽ ജനിച്ച സയ്യിദ് മുഹമ്മദ് ബുഖാരി കേരളത്തിലും,. തമിഴ്നാട്ടിലും മതപ്രചാരണരംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ മഹാനാണ്. ഇദ്ദേഹത്തിന് കവരത്തിയിൽനിന്നുള്ള വിവാഹത്തിൽ മൂന്ന് സന്താനങ്ങളുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ സഹോദരനായിരുന്നു സയ്യിദ് ഇബ്രാഹീം.

ഹിജറ 12-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബഗ്ദാദിൽനിന്നും അന്ത്രോത്ത് ദ്വീപിലെത്തി അന്നത്തെ കാര്യക്കാരനായിരുന്ന പടന്നാത ആലിപ്പൂവിന്റെ സഹോദരിപുത്രിയായ ആയിശയെ വിവാഹം ചെയ്ത സയ്യിദ് മുഹമ്മദ് ഖാസിമിന്ന് ആ ദ്വീപിൽ അഞ്ച് സന്താനങ്ങളുണ്ടായിരുന്നു. 20. വടക്കൻ മലബാറിലും തെക്കൻ കർണ്ണാടകത്തിലും ദ്വീപുകളിലും മതവിജ്ഞാനരംഗത്ത് ഗണ്യമായ സംഭാവനകളർപ്പിച്ച പ്രതിഭാശാലിയായിരുന്നു അദ്ദേഹം. കവരത്തിയിൽ അദ്ദേഹം നിർമ്മിച്ച ഹുജച്റാ പള്ളിയങ്കണത്തിൽ സയ്യിദ് മുഹമ്മദ് ഖാസിം അന്ത്യവിശ്രമം കൊള്ളുന്നു. ദ്വീപുകാരും അറബികളുമായുണ്ടായിരുന്ന വൈവാഹിക ബന്ധം സുദീർഘകാലമായി തുടർന്നു വന്നിരുന്ന ഒന്നായിരുന്നുവെന്നതിന് ഉദാഹരണങ്ങളാണിവ.

ഹ: ഉബൈദുള്ളയുടെ യൗവ്വനകാലം തൊട്ട് വാർദ്ധക്യം വരെയുള്ള ചരിത്രം ഫുതുഹാത്തുൽ ജസായിറിൽനിന്നും അദ്ദേഹത്തിന്റെ വംശചരിത്രം മറ്റ് അറബി സാഹിത്യങ്ങളിൽനിന്നും ഗ്രഹിക്കാവുന്നതാണ്. പ്രശസ്തമായ പാരമ്പര്യചരിത്രമായിരുന്നു അദ്ദേഹത്തിന്റേത്. മുഹമ്മദ് നബി (സ അ)യുടെ ഏഴാമത്തെ പിതാമഹനായ മുർറത്ത് ഇബ്നു കഅ്ബിന്റെ സന്താനപരമ്പരയിൽ പിറന്ന ഹ: അബൂബക്കർസിദ്ദീഖ് (റ) ആയിരുന്നു ഹ: ഉബൈദുള്ളയുടെ പിതാമഹൻ. ഇസ്ലാമിലെ പ്രഥമ ഖലീഫയായ ഹ: അബൂബക്കർ (റ) വിവാഹം ചെയ്തത് ഉമൈസിന്റെ മകളും ഖസ്അമ് ഗോത്രക്കാരിയുമായ അസ്മാഅ് (റ)യെ ആയിരുന്നു. ആ മഹതിയോട് ഹ: ഉമർഫാറൂഖ് (റ) സ്വപ്നവ്യാഖ്യാനം അന്വേഷിക്കാറുണ്ടായിരുന്നുവെന്ന് സുപ്രസിദ്ധ ഹദീസ് വ്യാഖ്യാതാവായ ഇബ്നു ഹജറുൽഅസ്ഖലാനി രേഖപ്പെടുത്തുന്നു. ഹ: അസ്മാഅ് (റ) യുടെ

പുത്രനും ഹ: ഉബൈദുള്ളയുടെ പിതാവുമായ മുഹമ്മദും, ഉബൈദുള്ള യുടെ സഹോദരനായ ഖാസിമും ഇവരിൽനിന്നും ഹദീസ് നിവേദനം ചെയ്തിട്ടുണ്ട്. അബ്ദുല്ലാഹിബ്നു ശദ്ദാദ്, ഉമ്മുഔൻ, സഊദ് ഇബ്നു മുസയ്യബ് മുതലായവരും ഈ മഹതിയിൽനിന്ന് ഹദീസ് നിവേദനം ചെയ്തവരിൽ ചിലരാണ്. ഹ: ഉബൈദുള്ളയുടെ പിതാവായ മുഹമ്മദിനെ ഉദരത്തിൽ വഹിച്ചുകൊണ്ട് മുഹമ്മദ് നബി (സ: അ) യുടെ ചരിത്രപ്രസിദ്ധമായ ഹജ്ജത്തുൽ വിദാഇൽ പങ്കെടുത്ത ഹ: അസ്മാഅ്(റ) ഹിജറ പത്താംവർഷം ദുൽഖഅദ് ഇരുപത്തഞ്ചാം തിയതി മുഹമ്മദിനെ പ്രസവിച്ചു.[21]

മുഹമ്മദ് അവർകൾ വിവാഹം ചെയ്തിരുന്നത് അവസാനത്തെ പേർഷ്യൻ ചക്രവർത്തിയായ എസ്ദ്ഗിരുദിന്റെ പുത്രിയെയായിരുന്നു. ഈ രാജകുമാരിയുടെ മറ്റൊരു സഹോദരിയായ ശഹർബാനു (ഇസ്‌ലാംമതം സ്വീകരിച്ചശേഷം ഒസാല. സുലാമ എന്നീ പേരുകളിൽ അറിയപ്പെട്ടു) വിനെ ഹ: ഇമം ഹുസൈൻ (റ) വിവാഹം ചെയ്തു. അദ്ദേഹത്തിന് ഈ രാജകന്യകയിൽനിന്ന് അലിയ്യുൽ അസ്ഗർ, സജ്ജാദ് എന്നീ പേരുകളിലറിയപ്പെടുന്ന ഹ: സൈനുൽ ആബിദീൻ (റ) ജാതനായി. സിദ്ദീഖുൽ അക്ബർ (റ) ന്റെ പുത്രനായ മുഹമ്മദ് (റ) വിവാഹം ചെയ്ത മഹർബാനു (ഇസ്‌ലാംമതം സ്വീകരിച്ചശേഷം സൗദ) എന്ന രാജകുമാരിയിൽ ജനിച്ച സന്താനങ്ങളായിരുന്നു ഹ: ഉബൈദുള്ള, ഖാസിം, അബ്ദുല്ല എന്നിവർ.

ഹ: ഉബൈദുള്ളയുടെ പിതാവും ആബിദു ഖുറൈശീൻ (ഖുറൈശിലെ ആരാധകൻ) എന്ന അപരാഭിധാനത്തിൽ അറിയപ്പെടുന്ന വരുമായ മുഹമ്മദ്[22] ഈജിപ്തിലെ ഗവർണ്ണറായിരിക്കെ അദ്ദേഹത്തിന്റെ 28-ാമത്തെ വയസ്സിൽ 'കൂമുശരീക്ക്' എന്ന സ്ഥലത്തുവെച്ച് വധിക്കപ്പെട്ടു. ഈ സംഭവം ഹിജറ 38-ാം വർഷത്തിലായിരുന്നു.

ഹ: ഉബൈദുള്ളയുടെ സഹോദരന്മാരായ ഖാസിം, അബ്ദുല്ലാ എന്നിവർ അനേകം ഹദീസുകൾ നിവേദനം ചെയ്യുകവഴി ഹദീസ് ഗ്രന്ഥങ്ങളിലൂടെ അറിയപ്പെടുന്നവരാണ്. ഹ: ഖാസിം അക്കാലത്തെ നിസ്തുലപണ്ഡിതനും മദീനാശരീഫിലെ ഉന്നതസ്ഥാനിയുമായിരുന്നു. അദ്ദേഹം ഹദീസ്, ഫിഖ്ഹ്, ചരിത്രം, അറബിസാഹിത്യം എന്നീ വിജ്ഞാനകലകൾ പിതൃസഹോദരിയായ ഹ: ആയിശ (റ), ഹ: അബ്ദുല്ലാഹിബ്നു അബ്ബാസ്, ഹ: അബ്ദുല്ലാഹിബ്നു ഉമർ (റ) എന്നിവരിൽനിന്നുമാണ് അഭ്യസിച്ചിരുന്നത്. ഒരുലക്ഷം ഹദീസ് സംബന്ധമായി എല്ലാ പഠനങ്ങളും നേടിയവർക്ക് നൽകിയിരുന്ന 'ഹാഫിസ്' ബിരുദം നൽകി പണ്ഡിതന്മാർ അദ്ദേഹത്തെ ആദരിച്ചിരുന്നു

വത്രെ. അദ്ദേഹത്തിന്റെ മഹത്ത്വത്തെ ഇമാം മാലിക്ക് മഹനീയ ശൈലി യിൽ വർണ്ണിച്ചിട്ടുണ്ട്. ഹ: ആയിശ (റ), ഹ: അബൂഹുറൈറ, അബ്ദുല്ലാ ഹിബ്നു അംറിബ്നുൽ ആസി, അബ്ദുല്ലാഹിബ്നു വഖ്വാബ് (റ) എന്നിവരുൾപ്പെടെ പ്രമുഖരായ പലരിൽനിന്നും അദ്ദേഹം ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്. ഹ: ഉബൈദുള്ളയുടെ മറ്റൊരു സഹോദ രനായ ഹ: അബ്ദുള്ളയും ഹദീസുകൾ നിവേദനം ചെയ്തവരുടെ ഗണത്തിൽ പ്രസിദ്ധനത്രെ.[23]

ഹ: ഉബൈദുള്ള ഇസ്ലാംമതപ്രചരണാർത്ഥം ലക്ഷദ്വീപുകളിലെ ത്തിയ ചരിത്രസംഭവം പ്രതിപാദിക്കുന്നതായി മറ്റ് ആധികാരിക ഗ്രന്ഥ ങ്ങളും തെളിവായി ഉദ്ധരിക്കാനുണ്ട്. താബിഈങ്ങളുടെ ചരിത്രം വിശ ദമായിപഠിച്ച് 'സീറത്തെ താബിഈൻ' എന്ന ബ്രഹത്ഗ്രന്ഥം രചിച്ച മൗലാനാ അഹ്മദ്സിറാജുദ്ദീൻ താബിഈങ്ങളിൽ ഒരാളായ ഹ: ഉബൈദുള്ളയെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു.1917 ൽ ഡക്കാ നിൽനിന്നും പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ ഹ: ഉബൈദുള്ള ദ്വീപു കളിലെത്തുന്നത് വരെയുള്ള ഭാഗം കാണാം. അദ്ദേഹം എഴുതുന്നു. "ഹ: അബൂബക്കർ സിദ്ദീഖിന്റെ പുത്രനും ഖലീഫാ ഉസ്മാൻ (റ) ന് എതിരിൽ വിപ്ലവം നടത്താൻ രംഗത്തിറങ്ങിയവരിൽ പ്രമുഖനുമായ മുഹമ്മദ് (റ) ന്റെ തൃതീയ പുത്രനാണ് ഉബൈദുള്ളാ. പിതാവ് മുഹ മ്മദ് ഈജിപ്തിൽനിന്നും വധിക്കപ്പെട്ട കാലത്ത് അദ്ദേഹം ശിശുവാ യിരുന്നു. ജ്യേഷ്ഠൻ ഖാസിം വളർത്തി.സ്വദേശത്തുനിന്ന് അറബിക്ക പ്പലോട്ടക്കാരോടുകൂടി യൗവ്വനദശയിൽ ഇസ്ലാംമത പ്രബോധനാ വശ്യാർത്ഥം സ്വദേശംവിട്ടു ലക്ഷദ്വീപു സമൂഹങ്ങളിൽ എത്തി ച്ചേർന്നു. അദ്ദേഹത്തെക്കുറിച്ച് അറബിചരിത്രങ്ങളിൽ കൂടുതൽ വിവ രങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല.[24]" ഹ: ഉബൈദുള്ള ലക്ഷദ്വീപു കളിൽ എത്തിയതിനുശേഷമുള്ള ഒരു സംഭവവും സീറത്തെ താബി ഈൻ എന്ന ഗ്രന്ഥത്തിൽ പരാമർശിച്ചു കാണാത്തതിൽനിന്നും മൗ ലാനാ അഹമ്മദ് സിറാജുദ്ദീൻഹ: ഉബൈദുള്ളയെപ്പറ്റി രേഖപ്പെടു ത്താൻ അടിസ്ഥാനമാക്കിയത് ഫുതൂഹാത്തുൽ ജസായിറോ, ഹ: ഉബൈദുള്ള ദ്വീപുകളിൽ മതപ്രചരണം തുടങ്ങിയതിനുശേഷമുള്ള അറിവുകളോ വച്ചായിരുന്നില്ലെന്ന് വ്യക്തമാവുന്നു. അവയെ അടിസ്ഥാ നപ്പെടുത്തിയായിരുന്നുവെങ്കിൽ ദ്വീപുകളിൽ ഇസ്ലാംമതം പ്രചരി പ്പിച്ച ചരിത്രവും, ഹ: ഉബൈദുള്ളയുടെ കുടുംബചരിത്രവും മറ്റും സ്വാഭാവികമായും അദ്ദേഹം രേഖപ്പെടുത്തിയതിങ്ങനെ. ഹ: ഉബൈ ദുള്ള ഇസ്ലാംമത പ്രചരണാർത്ഥം ലക്ഷദ്വീപുകളിലെത്തി എന്നത് വരെയുള്ള വിവരണം മാത്രം ബാഹ്യലോകത്തിന് ലഭിച്ചിരിക്കാനു

CamScanner

ളള ഏക സാധ്യതയായി കാണുന്നത് ഹ: ഉബൈദുള്ള ദ്വീപുകളിലേക്ക് പുറപ്പെട്ട കപ്പലിലുണ്ടായിരുന്ന 14 പേരിൽ ഹ: ഉബൈദുള്ളയെപ്പോലെ കപ്പലപകടത്തെ അതിജീവിക്കുകയും താമസംവിനാ ദ്വീപുകൾ വിട്ടുപോവുകയും ചെയ്ത വല്ലവരും എഴുതിവച്ച വല്ല രേഖയുമായിരിക്കാം. സയ്യിദ്സിറാജുദ്ദീൻ അടിസ്ഥാനപ്പെടുത്തിയ രേഖ ഏതാണെന്ന് അദ്ദേഹം പറഞ്ഞിട്ടില്ലാത്തതിനാൽ ആ രേഖ ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

ലക്ഷദ്വീപുകളിൽ ആദ്യമായി നടത്തിയ ആണ്ടുനേർച്ച ഹ: ഉബൈദുള്ളയുടേതായിരുന്നുവെന്നതിന്റെയും ദൃഷ്ടാന്തം ദ്വീപുകളിലിന്നുമുണ്ട്. പുണ്യാത്മാക്കളുടെ ചരമദിനത്തിൽ അവരുടെ പേരിൽ മൗലിദ് പാരായണം ചെയ്യുകയും സുഭിക്ഷമായി നാട്ടുകാർക്ക് ഭക്ഷണം ദാനം ചെയ്യുകയുമാണ് ദ്വീപുകളിലെ രീതി. ഈ ഭക്ഷണദാനം സന്ധ്യയോടടുപ്പിച്ച് മാത്രമേ നൽകൂ എന്നത് ഹ: ഉബൈദുള്ളയുടെ ആണ്ടുനേർച്ചയാണ്. ദ്വീപുകളിൽ ആദ്യം നടത്തിയത് എന്നതിന് തെളിവാണ്. ഹ: ഉബൈദുള്ളയുടെ ചരമദിനം റമസാൻ 27-നുയായിരുന്നു. റമസാൻ വ്രതക്കാലമായതുകൊണ്ടും സൂര്യാസ്തമനത്തോടെ മാത്രമേ ഭക്ഷണം കഴിക്കാൻ സാധിക്കുകയുള്ളൂ എന്ന കാരണത്താലും ഹ: ഉബൈദുള്ളയുടെ ആണ്ടുനേർച്ചയോടനുബന്ധിച്ച് ഭക്ഷണം നൽകൽ സന്ധ്യാസമയത്തായിരുന്നു. ഈ ആചാരം ഉറച്ചു കഴിഞ്ഞ ദ്വീപിൽ വ്രതക്കാലമല്ലാത്ത മറ്റു മാസങ്ങളിലെ ആണ്ടുനേർച്ചകളും സന്ധ്യാസമയത്തുതന്നെ നടത്തിത്തുടങ്ങി. ദ്വീപുകളിലിന്നും നിലനിൽക്കുന്ന ഈ രീതി ദൃഷ്ടാന്തപ്പെടുത്തുന്നത് ദ്വീപുനിവാസികൾ ആദ്യമായി നടത്തിത്തുടങ്ങിയ ആണ്ടുനേർച്ച സ്വാഭാവികമായും ദ്വീപുകളിലെ ഇസ്‌ലാംമത പ്രചാരകനായിരുന്ന ഹ: ഉബൈദുള്ളയുടേതായിരുന്നുവെന്നാണ്.

ലക്ഷദ്വീപുകാരെ സംബന്ധിച്ചിടത്തോളം ഒരിക്കലും ചോദ്യം ചെയ്യപ്പെടാനാവാത്തത്രയും വിശ്വാസദാർഢ്യമുണ്ടായിരുന്നു ദ്വീപുകളിലെ ഇസ്ലാംമത പ്രചരണ ചരിത്രത്തിന്. തദ്വിഷയമായി ദ്വീപുകളിൽ ഒരു കാലത്തും വ്യത്യസ്ത അഭിപ്രായമുണ്ടായിരുന്നില്ല. "ദ്വീപുഭരണത്തിന്റെ കൈമാറ്റക്കാലത്ത് അന്ത്രോത്ത്കാരും അമ്മേനിക്കാരും അറയ്ക്കൽ സ്വരൂപത്തിന് സമർപ്പിച്ച മെമ്മോറാണ്ടങ്ങൾ ഹിജറ 44 മുതൽ തങ്ങൾക്ക് പാരമ്പര്യ അവകാശങ്ങൾ ഉണ്ടെന്ന് സമർത്ഥിച്ചുകൊണ്ടുള്ളതായിരുന്നു."[25]

ഹ: ഉബൈദുള്ള (റ) ഹിജറ 41 (എ.ഡി. 662) ൽ അമ്മേനിയിൽനിന്നും വിവാഹം ചെയ്തുകൊണ്ടുവന്ന് അന്ത്രോത്തിലെ 'പാട്ട

കൽ' വീട്ടിൽ സ്ഥിരതാമസമാക്കിയ ഹമീദത്ത്ബീവിയുടെ സന്താന പരമ്പരയെ 1847ലും അമ്മേനിയിലെ 'പെൻറാം വേലി' തറവാട്ടുകാർ അവരുടെ കുടുംബാംഗങ്ങളായിത്തന്നെ ഗണിച്ചുവന്നിരുന്നു. 1847ൽ അന്ത്രോത്തിലുണ്ടായ ചുഴലിക്കെടുതിയിൽ അവിടത്തെ ജീവിതം ദു:സഹമായപ്പോൾ പാട്ടകൽ ബിയ്യാശബിയും കുട്ടികളും അമ്മേനി യിലേക്ക് പോയി. ഹമീദത്ത്ബീയുടെ കുടുംബാംഗങ്ങളായിരുന്ന പാട്ട കൽ ബിയ്യാശബിക്കും കുട്ടികൾക്കും പെൻറാം വേലി തറവാട്ടിലെ അന്നത്തെ കാരണവർ 1185 കൊല്ലങ്ങൾക്കുശേഷവും അമ്മേനിയി ലുള്ള തറവാട്ട് സ്വത്തിൽനിന്നും ഒരു ഭാഗം നൽകുകയുണ്ടായി. 1833 ൽ ഒരു സിവിൽകേസിൽ പെൻറാം വേലി തറവാട്ടിലെ അന്നത്തെ കാരണവർ സൈനുദ്ദീൻ പ്രസ്തുത ബിയ്യാശബിയും കുട്ടികളും പെൻറാം വേലി തറവാട്ടിലെ അംഗങ്ങളാണെന്ന് മൊഴിനൽകുകയും കൂടിചെയ്തിരുന്നു.[26]

1925 ഫിബ്രവരി 9-നു അന്ത്രോത്ത് ദ്വീപിലെ പാട്ടകൽ കോയാ ഖാളി മലയാം കലക്ടർ ഐ.എം. ഫ്രൈസർക്ക് ബോധിപ്പിച്ച ഹരജി യിലെ ഉദ്ധരണികളിൽനിന്നും ദ്വീപുകളുടെ ഇസ്‌ലാംമതപ്രചരണ ചരി ത്രപാരമ്പര്യം അറയ്ക്കൽ രാജാക്കന്മാർക്കും, ഇംഗ്ലീഷുകാരായ പല ഉദ്യോഗസ്ഥന്മാർക്കും ബോധ്യപ്പെട്ടിരുന്നുവെന്ന് കാണാവുന്നതാണ്. 16 വകുപ്പുകളായി കോയാ ഖാളിയാര് ബോധിപ്പിച്ച പത്രികയിലെ പ്രസക്തഭാഗങ്ങൾ ഇങ്ങനെയാണ്.

1. 1905 ഡിസംബർ 3-ാം തിയ്യതിയിലെ ഡബ്ല്യൂ ഇ കോട്ടൻ സായ്പവർകളുടെ വിധിയിൽ 1200 കൊല്ലങ്ങൾക്ക് മുൻപ് പാട്ടകൽ തറവാട്ടിൽ ഖാളിസ്ഥാനം നടന്നുവരുന്നെന്ന് തെളിയുന്നു.

2. 1916 ജൂൺ 28-ാം തിയ്യതിയിലെ കൽപനയിൽ (2.1/16) മുഹമ്മദീ യവർഷം 1291 കൊല്ലംമുമ്പ് മുഹമ്മദീയരായ മുതൽക്കെ പാട്ടകൽ തറവാട്ടുകാരാണ് ഖാളിമാരായിരുന്നതെന്ന് തെളിയുന്നു.

3. 1905 ഡിസംബർ 8-ാം തിയ്യതി അന്ത്രോത്തിലെ പത്ത് കാരണ വന്മാരുംകൂടി എഴുതിബോധിപ്പിച്ച പൂർവ്വിക വിവര അഭിപ്രായപ്രകാ രം പണ്ടെതന്നെ പാട്ടകൽ തറവാട്ടിൽ മാത്രമാണ് ഖാളിസ്ഥഖാന ത്തിന്റെ അവകാശവും നിലനിന്നിരുന്നതെന്നും തെളിയുന്നു.

4. ഹിജറ 1308ൽ റബീഉൽആഖിർ 17നു അന്തരിച്ച പാട്ടകൽ മുഹ മ്മദ്ഖാസിയെ തുടർന്ന് അധികാരമേറ്റ ഖാസി കുഞ്ഞിക്കോയയെ അറ യ്ക്കൽ മൂസ അലി രാജാ അവർകൾ ഹിജറ 1312 റമളാൻ 10-നു പാരമ്പര്യഖാസിയായി അംഗീകരിച്ചു.

5. 1906ൽ ദ്വീപു പരിശോധനയ്ക്കുവന്ന ഇ എഫ്. തോമസിന്റെ കൽപനയിൽനിന്നും ഖാസിമാരെ നിശ്ചയിക്കുന്നത് പാട്ടകൽ തറവാട്ടിൽനിന്നും ആവേണ്ടതാണെന്ന് ദ്വീപിലെ നിവാസികൾ സമ്മതിച്ചിട്ടുണ്ടെന്ന് തെളിയുന്നു.

ദ്വീപുകൾക്കകത്തും പുറത്തും ലഭ്യമായ ചരിത്രരേഖകളും, അന്ത്രോത്ത്, കവരത്തി, അമ്മേനി, ആക്കത്തി, കൽപേനി എന്നീ ദ്വീപുകളിലെ ജുമുഅത്ത് പള്ളികളും, അന്ത്രോത്ത്ദ്വീപിൽ നാട്ടുകാർ അദ്ദേഹത്തെ ആദ്യമായി കണ്ടെത്തിയ 'കണ്ടത്ത്കുന്നും' പാട്ടകൽ എന്ന ഭവനവും അന്ത്രോത്ത് ജുമുഅത്ത്പള്ളിയുടെ വടക്കുഭാഗം ചേർന്നു കിടക്കുന്ന ഹ: ഉബൈദുള്ളയുടെ മഖ്ബറയും സമ്പൂർണ്ണ ഇസ്ലാമതം പ്രചരിച്ച ലക്ഷദ്വീപുകൾ തന്നെയും ആ ചരിത്രസംഭവത്തിന്റെ നിതാന്തദൃഷ്ടാന്തങ്ങളാണ്.

REFERENCES

1. കെ.വി. ഗോപാലമേനോൻ - ലോകചരിത്രം Vol III പേ: 95

2. RC. Majumdar + The Arab Invasion of India Dacca University Supplement Madras 1931 P: 47

3. Ibid P: 19

4. (i) Hourani G F. - Arab Ships in Indian ocean

(ii) Morland A.H. Ships in the Arabian Sea

(iii) Chatterton - Sailing Ships and their story

(iv) Holmis - Ancient and Modern Ships

(v) Lindsay - History of Merchant Shipping and ancient commerce\

(vi) Yules- Marcopolo

(vii) Capt : A. W. Stiffe - Former trading centres of the Persian gulf Geographical journal XIII

5. Motichandra - Trade and trade routes in ancient India P: 200

6. Pliny's Natural history VI P:26

7. S.Mohd: Husayn Nainar- Arab Geographical Knowledge of South India 1942 P: 45

8. Ibid P: 45

9. Mccrindle - Topography of Cosmas Indico Pleustes P: 364\

CamScanner

10. Mani Mekhalai in its historical setting Tr. S. Krishnaswamy Iyengar Madras: 928

11. Illustrated Weekly of India 16-5-1976 P: 29

12.R.C. Majumdar - The Arab Invasion of India 1931 P: 13

13. Ibid : 48

14. Motichandra - Trade and trade routes in Ancient India 1977 P: 201

15. അറബോംകി ജഹാസ്റാനി (അറബികളുടെ കപ്പലോട്ടം സയ്യിദ് സുലൈമാൻ നദ്‌വി മലയാള വിവർത്തനം- കെ.കെ. മുഹമ്മദ് അബ്ദുൽകരീം. 1976 പേ: 150

16. Motichandra - Trade and trade routes in ancient India 1977 P: 204

17. The voyage of Francois Pyrard of Laval Tr. Albert Gray London Vol I P: 323

18.W.Robinson - Report on the Laccadive Islands 1848

19. അറബോംകി ജഹാസ്റാനി സുലൈമാൻ നദ്‌വി മലയാള വിവർത്തനം - കെ.കെ. മുഹമ്മദ്അബ്ദുൽകരീം 1976 പേ: 154 -55

20. പുതിയ ഖാസിംമാല - കെ.പി.കുഞ്ഞിക്കോയതങ്ങൾ & എസ്.വി. സെയ്ദ്കോയാതങ്ങൾ അന്ത്രോത്ത് 1911ൽ പ്രസിദ്ധീകരിച്ചത്.

21. (i) ഇബ്നു കസീർ - അൽബിദായത്തുവന്നിഹായ

. (ii) ഹകീം മുഹമ്മദ് മഹറുൽഹഖ്- ശംസുത്താരീഖ്

22. മസ്ഊദി - മുറുജുദ്ദഹബ് മആദിനുൽ ജൗഹർ

23. പി.എസ്.എം. ബുർഹാനുദ്ദീൻ - ഹ: ഉബൈദുല്ലാഹ് മദനിയും അറബിക്കടലിലെ പവിഴദ്വീപുകളും' 1976

24. മൗലാനാ അഹ്മദ്സിറാജുദ്ദീൻ സീറത്തെതാബിഈൻ 1917 Vol II P./482 ഡക്കാനിൽനിന്നും പ്രസിദ്ധീകരിച്ചത്.

25. പി.എ. സെയ്ദുമുഹമ്മദ് - ദ്വീപുകാർ അറയ്ക്കൽ മേൽക്കോയ്മയിൽ ലക്ഷദ്വീപു വാർഷികപ്പതിപ്പ് 1970

26. K.P Ittaman- Amini Islanders

CamScanner

K.P. Sayed Ismail

ദക്ഷിണേന്ത്യൻ അധിനിവേശവും സാംസ്കാരിക ബന്ധവും

ലക്ഷദ്വീപുകളിലെ ആദിമനിവാസികളും കൊക്കേഷ്യൻ വർഗ്ഗക്കാരുമായ പോളിനേഷ്യക്കാരേയും, വർഗ്ഗപരമായി ആര്യന്മാരായ ബുദ്ധമതപ്രചാരകരേയും തുടർന്ന് ദ്വീപുകളിൽ കുടിയേറ്റം നടത്തിയ പ്രബല ജനവിഭാഗക്കാർ ദക്ഷിണേന്ത്യക്കാരായിരുന്നു. ഈ അധിനിവേശം പ്രോത്ഘാടനം ചെയ്യപ്പെട്ടതെക്കാലത്താണെന്നു ഖണ്ഡിതമായി നിർണ്ണയിക്കാൻ സാധ്യമല്ലെങ്കിലും ആതിചേരന്മാരുടെ കാലം മുതൽ വൻതോതിൽ കുടിയേറ്റം നടന്നിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്.

എസ്സ്. വൈയാപുരിപിള്ള, കെ. എ. നീലകണ്ഠശാസ്ത്രി മുതലായ പണ്ഡിതന്മാർ ഏ.ഡി. രണ്ടാം നൂറ്റാണ്ടോളം പഴക്കമുണ്ടായിരിക്കാമെന്ന് അഭിപ്രായപ്പെടുന്ന തമിഴിലെ സംഘകാലകൃതികളിൽപെട്ട പതിറ്റുപ്പത്ത് രണ്ടാംപത്തിൽ വർണ്ണിക്കുന്ന നെടുംചേരലാതൻ (ഇമയവരമ്പൻ) ആണ് ലക്ഷദ്വീപുകളെ ആദ്യമായി കീഴടക്കിയ ദക്ഷിണേന്ത്യൻ രാജാവ് എന്ന് വിശ്രുത ചരിത്രപണ്ഡിതനായ കെ.വി. കൃഷ്ണയ്യർ സമർത്ഥിക്കുന്നു.

അറബികളുമായും, റോമുമായും മറ്റും പ്രാചീനമായി ദക്ഷിണേന്ത്യക്കാർ തുടർന്നുവന്നിരുന്ന സാമുദ്രിക വ്യാപാരമാർഗ്ഗത്തിൽ കിടക്കുന്ന ലക്ഷദ്വീപുകളിൽ ആധിപത്യം ചെലുത്തുകയും അവയെ പരിപൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരികയും ചെയ്യേണ്ടത് വ്യാപാരാഭിവൃദ്ധിക്ക് അനിവാര്യമാണെന്ന് മനസ്സിലാക്കിയ ആദ്യത്തെ ദക്ഷിണേന്ത്യൻ രാജാവും ഒരുപക്ഷെ നെടുംചേരലാതൻ ആയിരിക്കണം. ഇദ്ദേഹം ലക്ഷദ്വീപുകളെ തന്റെ ഭരണത്തിൻകീഴിൽ കൊണ്ടുവരിക

മാത്രമല്ല വ്യാപാരക്കപ്പലുകൾക്ക് ഭീഷണിയുയർത്തിയിരുന്ന കേരള തീരത്തെ കടൽകൊള്ളക്കാരെ ഒതുക്കുകകൂടി ചെയ്തിരുന്നു. കെ. വി. കൃഷ്ണയ്യർ എഴുതുന്നു. "ഒന്നാംശതകത്തിന്റെ അവസാനത്തിൽത്തന്നെ കൊടുങ്ങല്ലൂർ ഭരിച്ചിരുന്ന ചേരരാജാക്കന്മാർ ഈ കടൽകൊള്ളക്കാരെയെല്ലാം ഒതുക്കി. കാസർകോഡു മുതൽ കന്യാകുമാരി വരെ കടലോരനാടുകളേയും ലക്ഷദ്വീപുകളേയും ചേരസാമ്രാജ്യത്തിൽ ഒതുക്കി. ചേരരാജാക്കന്മാരുടെ കടൽശക്തികൊണ്ട് പടിഞ്ഞാറൻ സമുദ്രം ഒരു കേരളതടാകമായിത്തീർന്നു. ചേരരാജാക്കന്മാരുടെ സമ്മതംകൂടാതെ യാതൊരു കപ്പലിന്നുംപടിഞ്ഞാറൻ സമുദ്രത്തിൽ ചെല്ലുവാൻ സാധിച്ചിരുന്നില്ല."[1]

ലക്ഷദ്വീപുകളിൽനിന്നുള്ള വിലപ്പെട്ട കയറ്റുമതി വിഭവങ്ങളായ ആമത്തോട്, അമ്പർ, തേങ്ങ, കയറ് മുതലായവ ഇസ്ലാമികോദയത്തിന് മുൻപുണ്ടായിരുന്ന അറബികളേയും റോമക്കാരേയും ദ്വീപുകളിലേക്ക് ആകർഷിച്ചിരുന്നുവെന്ന വസ്തുതയും ദ്വീപുകളുടെ രാജ്യതന്ത്രപരമായ പ്രാധാന്യവും ഈ ദ്വീപുകളെ തന്റെ ഭരണത്തിൻ കീഴിൽ കൊണ്ടുവരാൻ ചേരലാതനെ (ഏ.ഡി. രണ്ടാം നൂറ്റാണ്ട്) പ്രേരിപ്പിച്ച വസ്തുതകളായിരിക്കണം. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് തന്നെയായിരിക്കണം ദ്വീപുകളിലേക്ക് ദക്ഷിണേന്ത്യയിൽനിന്നുമുള്ള അധിനിവേശ പ്രക്രിയ സമാരംഭിച്ചതും. ഇദ്ദേഹത്തെ തുടർന്ന് അധികാരമേറ്റവരുടെ പ്രോത്സാഹനഫലമായും ഈ കുടിയേറ്റം ഏതാനും നൂറ്റാണ്ടുകൾകൂടി തുടർന്നു വന്നിട്ടുണ്ടായിരിക്കണം. ഏ.ഡി. നാലാം നൂറ്റാണ്ടിൽ പല്ലവരാജാവായ നരസിംഹവർമ്മൻ രണ്ടാമൻ ലക്ഷദ്വീപുകളെ കീഴടക്കാൻ ആഗ്രഹിച്ചിരുന്നുവെന്ന് വയലൂർ ശിലാശാസനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽനിന്നും അക്കാലത്തേയും തമിഴ് രാജാക്കന്മാർ ദ്വീപുകളുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരായിരുന്നുവെന്ന് ഗ്രഹിക്കാവുന്നതാണ്.

കേരളത്തോട് തൊട്ടുകിടക്കുന്ന ലക്ഷദ്വീപുകളിലെ സംസാര ഭാഷ കൂടുതൽ കടപ്പെട്ടിരിക്കുന്നത്. "ഒൻപതാം നൂറ്റാണ്ടോടെ സ്വതന്ത്ര ഭാഷാ രൂപംകൊണ്ട മലയാള"ത്തേക്കാളേറെ ഒൻപതാം നൂറ്റാണ്ടിന് മുൻപ് സഹ്യാദ്രിക്ക് അപ്പുറവും ഇപ്പുറവും സംസാരിച്ചിരുന്ന തമിഴിനോടാണെന്നത് ശ്രദ്ധേയമാണ്. മലയാളം ഒരു ഭാഷയായി രൂപംപ്രാപിക്കുന്നതിന് മുൻപായിരുന്നു ദ്വീപുകളിൽ ദക്ഷിണേന്ത്യൻ അധിനിവേശം നടന്നിരുന്നതെന്ന് സ്ഥാപിക്കാൻ ഈ വസ്തുത സഹായിക്കുന്നു.

തമിഴ് ഭാഷയുമായി ഏ. ഡി. ആദ്യശതകങ്ങളിൽ കുടിയേറിപ്പാർത്ത

വർ ദ്വീപു രക്തത്തിലലിഞ്ഞുചേർന്ന് തിരിച്ചറിയാനാവാത്തവിധം ദ്വീപുകാരായി മാറിക്കഴിഞ്ഞ് നൂറ്റാണ്ടുകൾ പിന്നിട്ടശേഷം ഒറ്റക്കൊറ്റക്കായോ ചെറുസംഘങ്ങളായോ ഉപജീവനാർത്ഥം ദ്വീപുകളിലെത്തിയതുകൊണ്ടായിരിക്കണം മലയാളികൾക്ക് ലക്ഷദ്വീപുകളിലെ സാമൂഹ്യവ്യവസ്ഥിതിയിൽ പ്രാമാണ്യം നേടാൻ സാധിക്കാതെ പോയത്. കേരളത്തിൽനിന്നും കുടിയേറിത്താമസിച്ചവരെയെല്ലാം മലയാൺമക്ക എന്നപേരിൽ വിളിക്കുകയും സമൂഹത്തിലെ നാലാംകിടക്കാരായി ഗണിച്ചുവരികയും ചെയ്യുന്ന രീതിയ്ക്ക് ഇന്നും പ്രകടമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. വർഷങ്ങളിലൂടെ ഇവരുടെ വ്യക്തിത്വം തിരിച്ചറിയാനാവാത്തവിധം മാറിപ്പോകുന്നത് വരെ മലയാൺ മക്ക എന്നപേരിൽ തന്നെ ഇവർ ദ്വീപുകളിൽ അറിയപ്പെടുകയും ചെയ്യുന്നു. ഈ വസ്തുത വ്യക്തമാക്കുന്നത് ഇവരെ മലയാൺ മക്കഎന്ന പേരിൽ നാലാംസ്ഥാനത്ത് മാറ്റിനിർത്താൻമാത്രം പ്രാമാണ്യം അവകാശപ്പെട്ടിരുന്ന സമൂഹമായിരുന്നു ലക്ഷദ്വീപുകളിൽ മലയാൺമക്കാലത്തിന്നും മുൻപുണ്ടായിരുന്നതെന്നാണ്.

ലക്ഷദ്വീപുകളിൽ കുടിയേറിത്താമസിച്ച ആദ്യത്തെ ദക്ഷിണേന്ത്യക്കാർ മലയാളികളായിരുന്നുവെങ്കിൽ മലയാൺമക്ക എന്ന പേരിൽ വ്യതിരിക്തമായ ഒരു വിഭാഗവും തമിഴ്ഭാഷയ്ക്ക് മുൻതൂക്കമുള്ള ഒരു വ്യവഹാരഭാഷയും ദ്വീപുകളിൽ ഉണ്ടാകുമായിരുന്നില്ല. ദ്വീപുഭാഷയിൽ പ്രകടമായികാണുന്ന തമിഴ്പദങ്ങളും മൂലദ്രാവിഡത്തിലെ പ്രയോഗശൈലികളും മലയാളം ഒരു ഭാഷയായി രൂപം പ്രാപിക്കുന്നതിനും വളരെക്കാലങ്ങൾക്ക് മുൻപായിരുന്നു ദക്ഷിണേന്ത്യൻ അധിനിവേശം ദ്വീപുകളിലുണ്ടായതെന്ന് ദൃഷ്ടാന്തപ്പെടുത്തുന്നവയാണ്. മലയാളം, തമിഴ്, ദ്വീപുഭാഷ എന്നിവയുടെ താരതമ്യപഠനം ഈ വസ്തുതകൂടുതൽ വ്യക്തമാക്കുന്നു. ചില ഉദാഹരണങ്ങൾ:

മലയാളം	തമിഴ്	ദ്വീപ്
വെള്ളം	തണ്ണി	തണ്ണി
സുഖക്കേട്	ശീക്ക്	ശീക്ക്
സുഖം	സൗക്കിയം	സൗക്കിയം
പഴം	ഫളം	ഫളം
വാഴ	ബാള	ബാള
കളി	വിളയാട്ട്	ബിളയാട്ട്
മൊഴി	മുളി	മുളി

പോകുന്നുണ്ടായിരുന്നു	പോകിന്റ്ന	ഫോന്റാന
വരുന്നുണ്ടായിരുന്നു	വരുകിന്റ്ന	ബയിന്റാന
ഊഞ്ഞാൽ	ഊഞ്ചൽ	ഊഞ്ചൽ
കുട്ടി	പിള്ളൈ	ഫുള്ള
തിരുമ്മുക	തിരുമ്പുക	തിരുമ്പുക
മുകൾഭാഗം	ഉച്ചി	ഉച്ചി
ഞരമ്പ്	നരമ്പ്	നരമ്പ്
ഞാൻ	നാൻ	നാൻ
ഞെരുക്കം	നരുക്കം	നരുക്കം

മലയാളത്തേക്കാളേറെ തമിഴ്ഭാഷയോടുള്ള സാദൃശ്യം പ്രകടമാക്കുന്ന മേൽകാണിച്ച ഏതാനും ഉദാഹരണങ്ങളെപ്പോലെതന്നെ തമിഴിനോട് ദ്വീപുഭാഷയ്ക്കുള്ള കൂറുകാണിക്കുന്ന വേറൊരു പ്രയോഗരീതിയാണ് 'ന്റ'. മലയാളത്തിൽ എന്റെ, നിന്റെ, അവന്റെ, തുടങ്ങിയ സംബന്ധികാവിഭക്തിയിൽ മാത്രം കാണുന്ന 'ന്റ' പ്രയോഗം തമിഴ്ഭാഷയിൽ വിപുലമായി ഉപയോഗിക്കപ്പെടുന്ന ഒന്നാണ്. മലയാളത്തിൽ 'ന്റ' പ്രയോഗിക്കുന്ന സ്ഥാനത്ത് തമിഴിലും ദ്വീപുഭാഷയിലും 'ന്റ' പ്രയോഗിക്കുന്നില്ല. മലയാളത്തിലെ എന്റെ, നിന്റെ എന്നിവയുടെ സ്ഥാനത്ത് ദ്വീപുഭാഷയിൽ എന്നാ, നിന്നാ, എന്നും തമിഴിൽ എന്നുടയ, നിന്നുടയ എന്നുമാണ് ഉപയോഗിക്കുന്നത്. തമിഴിൽ 'ന്റ' ഉപയോഗിക്കുന്ന സ്ഥാനത്തെല്ലാം ദ്വീപുഭാഷയിലും 'ന്റ' ഇപ്പോഴും ഉപയോഗിക്കുന്നു. ഉദാഹരണമായി ദ്വീപുഭാഷയിലെ ബയിന്റ (വരുന്നു) പോന്റ (പോകുന്നു) ലയിക്ക്ന്റ (ഇരിക്കുന്നു. കെടക്ക്ൻ (കിടക്കുന്നു) ചിരിക്കിന്റ (ചിരിക്കുന്നു) നടക്ക്ന്റ (നടക്കുന്നു) ഏറ്ന്റെ (കയറുന്നു) മുതലായ പ്രയോഗങ്ങൾ തമിഴ്പാരമ്പര്യം വ്യക്തമാക്കുന്നവയാണ്.

അതുപോലെ ദ്വീപുഭാഷയിൽ ഇന്നും പ്രയോഗത്തിലിരിക്കുന്നതും, മലയാളത്തിലെ 'കയറുക' എന്നതിന്റെ സ്ഥാനത്ത് ഉപയോഗിച്ചുവരുന്നതുമായ ഏറുക എന്ന പദവും സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒന്നാണ്. മലയാളത്തിലെ 'കയറുക' എന്ന ധാതുവിന് സമാനമായി ദ്വീപുഭാഷയിലും തമിഴിലും മറ്റു ദ്രാവിഡഭാഷകളിലും കാണുന്ന രൂപം ഏറുക എന്ന പദമാണ്. ദ്രാവിഡ ഭാഷയിലെ ഏറുക എന്നപദം നൂറ്റാണ്ടുകളിലൂടെ കയറുക എന്നായി മലയാളത്തിലേക്ക് മാറിയ രീതി ബഹുഭാഷാപണ്ഡിതനും ഗവേഷകനുമായ എൽ. വി. രാമസ്വാമി അയ്യങ്കാർ സമർത്ഥിക്കുന്നത് ഇങ്ങനെയാണ്. 'കരക്+ഏറുക എന്ന

സന്ധിയിൽ 'കരക്കേറുക' എന്നായെന്നും അനന്തരം തലമുറകളിലൂടെ മിഥ്യാപഗ്രഥനം മൂലം 'കരക്കേറുക' എന്നത് 'കര+കേറുക' എന്നിങ്ങിനെ വിഭക്തമായിത്തീർന്നുവെന്നും ഈ കേറുക രൂപം പിന്നീടുണ്ടായ സംസ്കരണംകൊണ്ട് കയറുക എന്നായി തരംതിരിഞ്ഞുവെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. മലയാളത്തിലില്ലാത്തതും മറ്റു ദ്രാവിഡ ഭാഷകളിലുള്ളതുമായ 'ഏറുക' എന്നപദം ദ്വീപുഭാഷയിൽ അതേ അർത്ഥത്തിൽതന്നെ ഇന്നും നിലനിൽക്കുന്നുവെന്നത് മലയാളഭാഷ രൂപം കൊള്ളുന്നതിനും മുൻപുണ്ടായിരുന്ന ദ്രാവിഡഭാഷയാണ് ദ്വീപുകളിൽ സ്വാധീനം ചെലുത്തിയത് എന്ന് സ്ഥാപിക്കാനുതകുന്ന നല്ല ഒരു ദൃഷ്ടാന്തമാണ്.'

മലയാളത്തിലെ കിഴക്ക്, പടിഞ്ഞാറ്, എന്നിവയുടെ സ്ഥാനത്ത് കീള്, മേല്, എന്നീപദങ്ങളാണ് ദ്വീപുകളിലിന്നും ഉപയോഗിച്ചു വരുന്നത്. ദ്വീപുഭാഷയിലെ ഈ പ്രയോഗം തമിഴ്ഭാഷാപാരമ്പര്യം വ്യക്തമാക്കാനുതകുന്ന മറ്റൊരു തെളിവാണ്. കീള്, മേല് എന്നീപദങ്ങൾ പാണ്ടിനാട്ടിൽ ഉടലെടുത്തവയാണെന്നും മലയാളത്തിൽ ഉടലെടുത്തവയല്ലെന്നും ദ്രാവിഡഭാഷാപണ്ഡിതനായ ഡോ: കാൾഡ്വൽ സമർത്ഥിക്കുന്നു. ഈ വസ്തുതതയെക്കുറിച്ച് മലയാളഭാഷാ ചരിത്രത്തിൽ ശ്രീ: പി. ഗോവിന്ദപിള്ള ഇങ്ങനെ എഴുതുന്നു. "ഈ പദങ്ങൾ പാണ്ടിയിൽ ഉത്ഭവിച്ചിട്ടുള്ളതാണെന്ന് സ്പഷ്ടമാണ്. കീഴ് -കിഴക്ക് -കീഴ്പോട്ട്, മേൽ- മേക്- മേൽക്ക്- മേൽപോട്ട് എന്നിവയുടെ അർത്ഥം വിചാരിച്ചുനോക്കണം. പാണ്ടിയിൽ കിഴക്കൻ പ്രദേശം സമുദ്രതീരമായിരിക്കുന്നതിനാലും പടിഞ്ഞാറു മലമ്പ്രദേശമായിരിക്കുന്നതിനാലും കീഴക്ക് താണും, മേൽക് ഉയർന്നും ഇരിക്കയാൽ ആ പേരുകൾ സാർത്ഥകങ്ങളാകുന്നു."[4] കിഴക്ക് വശം ഉയർന്നും പടിഞ്ഞാറ് ഭാഗം താണും കിടക്കുന്ന മലയാളദേശത്തിൽ ഉത്ഭവിച്ചവയല്ലെന്ന് വ്യക്തമായ കീള് (കിഴക്ക്) മേല് (പടിഞ്ഞാറ്) എന്നീപദങ്ങൾ ദ്വീപുകളിലിന്നും ഉപയോഗിച്ചുവരുന്നു. തെക്കുവടക്കായി കിടക്കുന്ന എല്ലാ ദ്വീപുകളിലും പടിഞ്ഞാറുഭാഗം മേൽ - മേലാബാ എന്നും കിഴക്കുഭാഗം കീൾ - കീളാബാ എന്നുമാണ് വിളിച്ചുവരുന്നത്. കിഴക്കുപടിഞ്ഞാറായി കിടക്കുന്ന ഏകദ്വീപായ അന്ത്രോത്ത് ദ്വീപിൽമാത്രം ഭൂപടത്തെപ്പറ്റി പറയാറുള്ളതുപോലെ വടക്കുഭാഗം മേൽ- മേലാച്ചേരി എന്നും തെക്കുഭാഗം കീൾ-കീളാച്ചേരി എന്നുംപറയാറുണ്ടായെങ്കിലും 'നടുവിട്ട് മേൽ' എന്നു പറഞ്ഞാൽ മദ്ധ്യഭാഗംവിട്ട് പടിഞ്ഞാറ് എന്നും 'നടുവിട്ട്കീൾ' എന്നുപറഞ്ഞാൽ മദ്ധ്യഭാഗംവിട്ട് കിഴക്ക് എന്നുമാണ് അർത്ഥമാക്കുന്നത്. പാണ്ടിനാട്ടിൽ ഉത്ഭവിച്ച കീൾ, മേൽ എന്നീ പദ

ങ്ങൾ ലക്ഷദ്വീപുകളിൽ ഇന്നും നിലനിൽക്കുന്നുവെന്നത് ദ്വീപുഭാഷ യിൽ തമിഴ് ചെലുത്തിയ സ്വാധീനത്തിന് മറ്റൊരു നല്ല ദൃഷ്ടാന്തമാണ്.

പ്രാചീന തമിഴ് ലിപിയായിരുന്ന വട്ടെഴുത്ത് ലക്ഷദ്വീപുകളിൽ ഒരു കാലത്ത് പ്രചാരത്തിലുണ്ടായിരുന്നു. പുതിയ തമിഴ് ലിപി നടപ്പിലാ യതോടെ പ്രചാരംതന്നെ ചുരുങ്ങുകയും എ.ഡി. പത്താം നൂറ്റാ ണ്ടോടെ തമിഴിൽനിന്നും അപ്രത്യക്ഷമാവുകയും ചെയ്ത വട്ടെഴുത്ത് തമിഴ് ഭാഷയോടൊപ്പം ദ്വീപുകളിലെത്തിയത് അതിനും അനേകം നൂറ്റാണ്ടുകൾക്ക് മുൻപായിരുന്നുവെന്ന് വ്യക്തമാവുന്നു. പത്തൊ ൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യംവരേയും ദ്വീപുകളിൽ നാമമാത്രമായെ ങ്കിലും തുടർന്നുവന്നിരുന്ന വട്ടെഴുത്തിന്റെ പ്രാധാന്യവും പ്രചാരവും എ.ഡി. ഏഴാംനൂറ്റാണ്ടിൽ ദ്വീപുകളിൽ ഇസ്ലാംമതം പ്രചരിച്ചതോടെ ങ്ങിത്തുടങ്ങിയെന്നനുമാനിക്കേണ്ടിയിരിക്കുന്നു. ഇസ്ലാമിന് മുൻപ് മുതൽ അറബികളുമായുണ്ടായിരുന്ന വ്യാപാരബന്ധത്തിൽനിന്ന് ദ്വീ പുകാർ നേടിയ അറബി ഭാഷാപരിജ്ഞാനം ഇസ്ലാംമത സ്വീകര ണത്തെത്തുടർന്ന് കൂടുതൽ വ്യാപകമായതോടെ വട്ടെഴുത്തിന്റെ ഉപ യോഗം സ്വാഭാവികമായും ക്ഷയിച്ചുതുടങ്ങിയിരിക്കണം. ദ്വീപുകാർ ഇസ്ലാംമതവിശ്വാസികളായി മാറിയ ഏഴാംനൂറ്റാണ്ടിനുശേഷം ദ്വീപു കളിലേക്ക് ദക്ഷിണേന്ത്യയിൽനിന്നും കൂട്ടായ അധിനിവേശമൊന്നു മുണ്ടായില്ലയെന്നതും വട്ടെഴുത്തിന്റെ പ്രചാരം കുറയ്ക്കാൻ സഹാ യിച്ച മറ്റൊരു വസ്തുതയായിരിക്കാം.

കേരളത്തിലെ നമ്പൂതിരിമാർ ദ്വീപുകളിൽ കുടിയേറിപ്പാർത്തിരു ന്നുവെന്ന് ഇംഗ്ലീഷുകാരായ ഏതാനും പരിശോധനോദ്യോഗസ്ഥന്മാ രും അവരെ അന്ധമായനുകരിച്ച മറ്റുചിലരും രേഖപ്പെടുത്തിയത് എല്ലാ ചരിത്രവസ്തുതകൾക്കുമെതിരാണ്. ദ്വീപുകളിലെ ചില വീട്ടുപേരു കളിൽ 'ഇല്ലം' എന്നുകൂടി കാണുന്നുവെന്നാണ് ഇതിനുപോൽബല കമായി അവർ ഉദ്ധരിക്കുന്ന പ്രധാന തെളിവ്. 'ഇല്ലം' എന്നത് ദ്വീപു കളിലെ പ്രാമാണ്യം അവകാശപ്പെടുന്ന കുടുംബങ്ങളോട് മാത്രം ചേർന്ന വിശേഷണമല്ലായെന്ന ചരിത്രസത്യം ചൂണ്ടിക്കാണിച്ചു കൊണ്ട് പ്രസിദ്ധ ചരിത്രകാരനായ ശ്രീ. പി. എ. സെയ്തുമുഹമ്മദ് സാഹിബ് ഈ വാദത്തിന്റെ നിരർത്ഥകത വ്യക്തമാക്കുന്നു.[8] യഥാർ ത്ഥത്തിൽ ഇല്ലം എന്ന് ദ്വീപുകളിലെ ചില വീട്ടുപേരുകളിൽ കാണു ന്നത് നമ്പൂതിരിമാരെ സൂചിപ്പിക്കുകയല്ല ചെയ്യുന്നത്. വീട് എന്ന അർത്ഥത്തിലുള്ള ഒരു തമിഴ് പദമെന്നതിൽ കവിഞ്ഞ ചരിത്രപ്രാധാ ന്യമൊന്നും ഈ പദത്തിന് ദ്വീപുകളിലില്ല. എല്ലാ വീടുകളും ഇല്ലം എന്നറിയപ്പെടുന്ന കൽപേനി ദ്വീപിൽ വീടിന്റെ വെറും പര്യായമായിട്ട്

മാത്രമാണ് ഇന്നും ഈ പദമുപയോഗിച്ചുവരുന്നത്. എ.ഡി. എട്ടാം നൂറ്റാണ്ടിനുശേഷം മാത്രം നമ്പൂതിരി എന്ന പേരിൽ പ്രത്യേകം വ്യക്തിത്വം നേടിയ കേരളത്തിലെ വേദ ബ്രാഹ്മണർ ലക്ഷദ്വീപുകളിൽ കുടിയേറിപ്പാർക്കേണ്ട ഒരു സാഹചര്യം ചരിത്രത്തിന്റെ ഏതെങ്കിലും ഘട്ടത്തിലുണ്ടായിരുന്നുവെന്ന് തോന്നുന്നില്ല.

ലക്ഷദ്വീപുകളിൽ വർഗ്ഗപരമായി ആര്യന്മാരായ ബുദ്ധമതപ്രചാരകർ എത്തിയതുപോലെ ചേരചോളപാണ്ഡ്യദേശങ്ങളിൽ മൊത്തത്തിൽ ഉത്തരേന്ത്യയിൽനിന്നും ആര്യന്മാർ കുടിയേറിപ്പാർത്തിട്ടുണ്ട്. ഈ കുടിയേറ്റ പ്രക്രിയ ക്രിസ്തുവിന് മുൻപുള്ള നൂറ്റാണ്ടുകളിൽത്തന്നെ തുടങ്ങിയിരുന്നു എന്നതിലും ചരിത്രകാരന്മാർക്കിടയിൽ പ്രകടമായ അഭിപ്രായവ്യത്യാസങ്ങളൊന്നുമില്ല. പക്ഷേ ചേരചോള പാണ്ഡ്യ ദേശങ്ങളിൽ കുടിയേറിപ്പാർത്ത ആര്യബ്രാഹ്മണർ എല്ലാവരും നമ്പൂതിരിമാർ എന്ന പേരിലായിരുന്നില്ല അന്നറിയപ്പെട്ടിരുന്നത്. കേരളത്തിൽ കുടിയേറിയ വേദബ്രാഹ്മണർ മാത്രം പിൽക്കാലത്ത് സ്വീകരിച്ച ഒരു സവിശേഷനാമം മാത്രമായിരുന്നു നമ്പൂതിരി എന്നത്. ഈ വസ്തുതയെക്കുറിച്ച് ശ്രീ. എൻ. കെ. ജോസ് ഇങ്ങനെ എഴുതുന്നു. “ഇതിൽനിന്ന് വ്യക്തമാകുന്നത് ആര്യബ്രാഹ്മണർ കേരളത്തിൽ കുടിയേറിത്താമസിക്കുമ്പോൾ അവർ നമ്പൂതിരി എന്ന പേരിലായിരുന്നില്ല അറിയപ്പെട്ടിരുന്നത്. അങ്ങനെ ആയിരുന്നെങ്കിൽ ചോളപാണ്ഡ്യരാജ്യങ്ങളിലെ ആര്യബ്രാഹ്മണരും ആ പേരിൽ അറിയപ്പെടുമായിരുന്നു. ആര്യന്മാർ ഉത്തരേന്ത്യയിൽ മാത്രമായി അധിവസിച്ചുകൊണ്ടിരുന്നപ്പോൾ അവരുടെ പുരോഹിതർക്ക് ലഭിച്ചപേരാണ് ബ്രാഹ്മണർ എന്നത്. അവർ പിന്നീടും വളരെക്കാലം ആ പേരിലറിയപ്പെട്ടു. തുളുബ്രാഹ്മണർ, തമിഴ്ബ്രാഹ്മണർ എന്നെല്ലാം പറയുന്നതുപോലെ തമിഴ് നമ്പൂതിരി, തെലുങ്ക് നമ്പൂതിരി എന്നൊന്നും പറയുന്നില്ല. ചേരചോള പാണ്ഡ്യദേശങ്ങൾക്ക് പ്രത്യേകം വ്യക്തിത്വം ലഭിക്കുകയും അവയുടെ പരസ്പര സമ്പർക്കം കുറയുകയും ചെയ്തതിനുശേഷം ഉത്ഭവിച്ച പേരാണ് നമ്പൂതിരി എന്ന് വ്യക്തമാണ്.”[7] “നമ്പൂതിരി, നായർ എന്നീ പദങ്ങൾപോലും അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നില്ല. ക്രിസ്ത്വാബ്ദം എട്ടാം നൂറ്റാണ്ടിന്നുശേഷമാണ് നമ്പൂതിരിമാർ കേരളത്തിൽ കുറേശ്ശെയായി ആധിപത്യം നേടാൻ തുടങ്ങിയത്.”[8] “അപ്പോൾ നമ്പൂതിരി എന്ന പേര് എന്നുണ്ടായി എന്നറിയുന്നതിന് ചേരചോള പാണ്ഡ്യദേശങ്ങൾക്ക് പ്രത്യേകം വ്യക്തിത്വം കിട്ടിയത് എന്നാണെന്ന് അറിയിക്കേണ്ടിയിരിക്കുന്നു. (എ.ഡി. 988ൽ രാജരാജൻ ഒന്നാമൻ എന്ന ചോളരാജാവ് ചേര രാജ്യം ആക്രമിക്കു

കയുണ്ടായി. ഇവിടെ അന്നു ഭാസ്കര രവിവർമ്മ ഒന്നാമൻ ഭരണം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. 1085 വരെ പ്രസ്തുത ആക്രമണം നീണ്ടുനിന്നു. അതിനാൽ അതിനെ നൂറ്റാണ്ട് യുദ്ധമെന്നാണ് കേരളചരിത്രത്തിൽ വിവരിക്കുന്നത്. 985 ൽ ഭരണമേറ്റ രാജരാജൻ തന്റെ നാലാം ഭരണ വർഷത്തിൽ കേരളത്തിലെ കാന്തല്ലൂർ ശാല ആക്രമിച്ചു. 999 ൽ അദ്ദേഹം ചേരന്മാരെ നിശ്ശേഷം പരാജയപ്പെടുത്തി കാന്തളൂർ ശാലൈ കലമറുത്ത രാജരാജ തേവർ എന്ന ബിരുദം അദ്ദേഹം സ്വീകരിച്ചു. രാജരാജനുശേഷം രാജേന്ദ്രചോളൻ ഈ ആക്രമണപരിപാടി ഏറ്റെടുത്തു. കേരളത്തിലെ രാജശക്തിയെ നശിപ്പിച്ച യുദ്ധമായിരുന്നു അത്. ഈ യുദ്ധത്തിൽ കേരളത്തിലെ ബ്രാഹ്മണർ സജീവമായ പങ്കുവഹിച്ചു... ഇങ്ങിനെ പല കാരണങ്ങളാൽ മലയാളി ബ്രാഹ്മണരും തമിഴ് ബ്രാഹ്മണരും ക്രമേണ അകന്നതിനുശേഷം മലയാള ബ്രാഹ്മണർക്ക് ലഭിച്ച പേരാണ് നമ്പൂതിരി എന്നത് വ്യക്തമാണ്."[9]

കേരള ബ്രാഹ്മണർ നമ്പൂതിരി എന്ന പ്രത്യേകമായൊരു പേര് സ്വീകരിച്ചതു പോലെ സവിശേഷമായ ചില സാമൂഹ്യരീതികളും അനുവർത്തിച്ചിരുന്നു. നമ്പൂതിരി കുടുംബത്തിലെ മൂത്തപുത്രൻ മാത്രം സ്വന്തം സമുദായത്തിൽനിന്ന് വിവാഹം ചെയ്യുകയും മറ്റുള്ളവർ "പരശുരാമൻ കൽപിച്ചപോലെ 'പാതിവൃത്ത്യംവിനാ കഴിഞ്ഞുകൂടിയിരുന്ന ഉൽകൃഷ്ട നായർ വർഗ്ഗത്തിലേയും ക്ഷത്രിയ വർഗ്ഗത്തിലേയും സ്ത്രീകളുമായി സംബന്ധം ചെയ്യുകയുമായിരുന്നു പതിവ്."[10]

"അന്നത്തെ കേരളത്തിലെ ഹൈന്ദവജാതി വ്യവസ്ഥയനുസരിച്ച് നായന്മാർക്ക് നിയമപരമായ വിവാഹങ്ങൾ നിഷിദ്ധമായിരുന്നു. നായർ നതാംഗികൾ നമ്പൂതിരികളുടെ കാമിനികളായി കഴിഞ്ഞുകൂടുകയും ചെയ്യണമായിരുന്നു. നമ്പൂതിരി ഇല്ലത്തിലെ മൂത്തപുത്രനുമാത്രമേ സ്വന്തം ജാതിയിൽനിന്ന് വിവാഹം കഴിക്കാൻ സാധ്യമായിരുന്നുള്ളൂ. മറ്റുള്ള നമ്പൂതിരികളാകട്ടെ രാജകുടുംബങ്ങളിലും നായർ തറവാടുകളിലും സംബന്ധമായി കഴിയുകയായിരുന്നു സമ്പ്രദായം. നായർ സ്ത്രീകൾക്ക് തന്മൂലം അമിതമായ സ്വാതന്ത്ര്യം ലഭിച്ചിരുന്നു. ഏത് ഉയർന്ന ജാതി അംഗവുമായുള്ള ലൈംഗിക വേഴ്ചയും അവരുടെ പദവിക്ക് ഉത്ഗതിയാണ് നൽകിയിരുന്നത്. എത്ര കമിതാവിനെ വേണമെങ്കിലും അവർക്ക് സ്വീകരിക്കാമായിരുന്നു. അതുപോലെ തന്നെ നിലവിലിരുന്ന സാമൂഹികനീതി വസ്ത്രധാരണ രീതിയായിരുന്നു. അരയ്ക്ക് മേൽപോട്ട് മറക്കുന്നത് നിഷേധിക്കപ്പെട്ടിരുന്നു.

സ്ത്രീപുരുഷവ്യത്യാസമില്ലാതെ മാറുമറയ്ക്കാത്ത സമ്പ്രദായം അംഗീകൃതവുമായിരുന്നു."[11] ഇത്തരം അലംഘനീയ ആചാരങ്ങൾ അനുഷ്ഠിച്ചിരുന്ന നമ്പൂതിരി, നായർ എന്നീ വിഭാഗങ്ങൾ മുസ്ലിംകൾ മാത്രമധിവസിച്ചിരുന്ന ലക്ഷദ്വീപുകളിലേക്ക് അക്കാലത്ത് കുടിയേറി ത്താമസിച്ചുവെന്ന് കരുതാൻ ന്യായമില്ല.

അന്നത്തെ ഹൈന്ദവർ നിർ:വ്വിഘ്നം ആചരിച്ചുവന്നിരുന്ന പിണ്ഡം വയ്ക്കൽ എന്ന കർമ്മം[12] ലക്ഷദ്വീപുകളിൽ ഒരു കാലത്തുമുണ്ടായി രുന്നില്ല എന്നതിന് തെളിവുകളുണ്ട്. മരിച്ചുപോയ പിതാക്കന്മാരുടെ ആത്മാവിന് ശാന്തി ലഭിക്കുന്നതിനായി നടത്തിവന്നിരുന്ന ഈ കർമ്മത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും അതിന്റെ അവശ്യഘടകമായ ബലിക്കാക്കയെക്കുറിച്ചും വൈശികതന്ത്രത്തിൽ രേഖപ്പെടുത്തി യിട്ടുണ്ട്. അനംഗസേനയ്ക്ക് അവളുടെ അമ്മ ഉപദേശിക്കുന്ന വേശ്യാധർമ്മത്തെ ഇതിവൃത്തമാക്കി പതിനൊന്നാം നൂറ്റാണ്ടിന് മുൻപ് രചിച്ചതും കണ്ടുകിട്ടിയതിൽവച്ചേറ്റവും പഴയതുമായ ഈ മണിപ്രവാ ളകൃതിയിൽ ഇങ്ങനെ പറയുന്നു.

"ഒരുത്തരെക്കൊണ്ടുപകാരമില്ലെ
ന്റൊരിക്കലും തോഴി നിനയ്ക്കൊല കാൺ
ഉരുട്ടിവെക്കും പിതൃപിണ്ഡമുൺമാ
നൊരിയ്ക്കലക്കാകനെ വേണമല്ലോ"

ഹൈന്ദവശാസ്ത്രമനുസരിച്ച് പിണ്ഡംവയ്ക്കൽ കർമ്മത്തിന് ഒഴിച്ചുകൂടാനാവാത്തതാണ് ബലിക്കാക്ക. പിണ്ഡംവയ്ക്കൽ എന്ന ഹൈന്ദവാചാരം ദ്വീപുകളിൽ എന്നെങ്കിലും പ്രചരിച്ചിരുന്നുവെങ്കിൽ അതിന് ദൃഷ്ടാന്തമായി ബലിക്കാക്കയെങ്കിലും അവശേഷിക്കു മായിരുന്നു. പക്ഷേ, കാക്കകൾ സുലഭമായ ദ്വീപുകളിൽ ബലിക്കാക്ക യിനത്തിൽപെടുന്നവയിൽ ഒന്നുപോലും കണ്ടെത്തുക സാധ്യമല്ല. ഈ വസ്തുതയിൽനിന്നും പിണ്ഡംവയ്ക്കൽ മുതലായ ആചാരങ്ങൾ അനുഷ്ഠിച്ചിരുന്ന ഹൈന്ദവർ ദ്വീപുകളിൽ ഒരു കാലത്തുമുണ്ടായിരു ന്നില്ല എന്നുകൂടി മനസ്സിലാക്കാൻ സഹായിക്കുന്നു.

ലക്ഷദ്വീപുകാർ ഇസ്ലാമതം സ്വീകരിച്ചുകഴിഞ്ഞ് നൂറ്റാണ്ടുകൾ പിന്നിട്ടശേഷം കേരളത്തിൽനിന്നും പിന്നാക്ക വർഗ്ഗക്കാരായ ഹൈന്ദ വർ ഒറ്റക്കൊറ്റക്കായോ ചെറുസംഘങ്ങളായോ ദ്വീപുകളിൽ കുടിയേറിപ്പാ ർത്തിരുന്നുവെന്ന് കാണാവുന്നതാണ്. കേരളത്തിൽ അക്കാലത്ത് നിലനിന്നിരുന്ന അയിത്തം മുതലായ ദുരാചാരങ്ങളിൽ പൊറുതിമു ട്ടിയവരിൽ ചിലർ സാമൂഹ്യനീതിയും മെച്ചപ്പെട്ട ജീവനോപാധിയും

തേടിയായിരിക്കണം ദ്വീപുകളിലെത്തിയത്.

അന്നത്തെ കേരളത്തിലെ പിന്നാക്ക വിഭാഗക്കാർ സാമ്പത്തികമായും സാമൂഹ്യമായും അനുഭവിച്ചിരുന്ന ദുരിതങ്ങൾ അവിശ്വസനീയമാംവിധം ക്രൂരമായിരുന്നു. സവർണ്ണഹിന്ദുക്കളുടെ ചാട്ടവാറിൻ കീഴിൽ മൃഗതുല്യം നികൃഷ്ടജീവികളായി ജീവിക്കേണ്ടിവന്നവരായിരുന്നു അവർ. "ഭൂമിദേവിയെ വെട്ടിക്കീറൽ മഹാപാപമായതിനാൽ" ആ പ്രവൃത്തി ചെയ്യാൻ സവർണ്ണർ ബാധ്യസ്ഥരായിരുന്നില്ല. ആ പാപകൃത്യം നിർവ്വഹിക്കേണ്ടത് ഹീനജാതിക്കാരായിരുന്നു. അവർ പകലന്തിയോളം പാടത്തും പറമ്പിലും പണിയെടുത്തുകൊള്ളണം. കൂലി ചോദിക്കാൻ പാടില്ലായിരുന്നു. വിശ്രമരഹിതരായി പണിയെടുത്ത് തളർന്നുവീഴുന്ന അവർക്ക് വെള്ളം നൽകിയിരുന്നത് ചിരട്ടകളിലായിരുന്നു. അവർണ്ണർ ഭൂമിയിലദ്ധ്വാനിച്ചുണ്ടാക്കുന്ന വിഭവങ്ങളെല്ലാം ഭൂവുടമകളായ ബ്രാഹ്മണർക്ക് അവകാശപ്പെട്ടതായിരുന്നു. പട്ടികൾക്കും പാമ്പുകൾക്കും യഥേഷ്ടം സഞ്ചരിക്കാമായിരുന്ന പൊതുവഴികളിലൂടെ സഞ്ചരിക്കാൻ അത് വെട്ടിയുണ്ടാക്കിയ ഹീനജാതിക്കാരെ അനുവദിച്ചിരുന്നില്ല. അവർതന്നെ കുഴിച്ചുണ്ടാക്കിയ കിണറുകളിൽനിന്ന് വെള്ളം കോരിക്കുടിക്കുന്നതുപോലും നിഷേധിക്കപ്പെട്ടിരുന്നു. സവർണ്ണർക്കുവേണ്ടി അദ്ധ്വാനിച്ച് അവശനാവുന്ന ഹീനജാതിക്കാരന് വീടിനു പുറത്ത് ഒരു തീണ്ടാപ്പാടകലെ കുപ്പയിൽ കുഴികുത്തി ഇലയിലായിരുന്നു കഞ്ഞി നൽകിയിരുന്നത്. ഇരുകാലി മാടുകളേക്കാളും കഠിനമായി അദ്ധ്വാനിച്ചിരുന്ന അവർക്ക് നാഴിയരിയായിരുന്നു കൂലി. അവർണ്ണൻ പുതിയ ഒരു വസ്ത്രം സ്വന്തമായി വാങ്ങിയാൽതന്നെയും അതിൽ കരിയും ചളിയും പുരട്ടിയ ശേഷം മാത്രമേ ഉപയോഗിക്കാൻ അനുവദിച്ചിരുന്നുള്ളൂ. വിദ്യാഭ്യാസം എല്ലാ അർത്ഥത്തിലും അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു.

"ശൂദ്രമക്ഷരസംയുക്തം

ദൂരത, പരിവർജ്ജ്യയേൽ"

എന്ന് നീതിസാരത്തിൽ പറഞ്ഞത് അക്ഷരംപ്രതി സവർണ്ണർ നടപ്പിലാക്കി. വേദം ചൊല്ലുന്നത് കേൾക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയമുരുക്കി ഒഴിക്കണമെന്നും അവർ വേദമുച്ചരിച്ചാൽ നാക്കുപിഴുതുകളയണമെന്നും ബ്രാഹ്മണസ്ത്രീകളെ ശൃംഗാരമധുരമായി കടാക്ഷിച്ചാൽ കണ്ണുകുത്തിപ്പൊട്ടിക്കണമെന്നും മറ്റുമായിരുന്നു സ്മൃതികളിലെ വ്യവസ്ഥ. അക്രമത്തിനെതിരെ ശബ്ദമുയർത്തിയവരെല്ലാം മുക്കാലിയിൽ കെട്ടി അടിച്ചുതൊലിയുരിച്ചു. എതിർക്കാനൊ

രുമ്പെട്ടവരെയെല്ലാം കൊന്ന് കുഴിച്ചുമൂടി. ശൂദ്രർക്കു കുത്സിതങ്ങളായ പേരുകളെ പാടുള്ളൂ എന്ന് മനു വിധിച്ചിരിക്കുന്നതിനാൽ നല്ല പേരുകൾ ഉപയോഗിക്കാൻ വരെ അവരെ അനുവദിച്ചിരുന്നില്ല.

കേരളത്തിൽ നിലനിന്നിരുന്ന അയിത്തം അഥവാ തീണ്ടൽ എന്ന ദുരാചാരത്തിന്റെ തീവ്രതയെപ്പറ്റി ശ്രീ. എൻ. ആർ. കൃഷ്ണൻ ഇങ്ങനെ എഴുതുന്നു. ഹൈന്ദവ വിഭാഗത്തിൽപെട്ട ജാതികൾ തമ്മിലാണ് പ്രധാനമായി തീണ്ടൽ ആചരിച്ചുപോന്നിരുന്നത്. അധ:കൃത വർഗ്ഗത്തിൽപെട്ട ഓരോ വിഭാഗത്തിനും അയിത്ത പരിധിക്കു പ്രത്യേക മാനദണ്ഡങ്ങളാണുള്ളത്. പറയന് 64 അടി, പുലയന് 54 അടി, ഈഴവന് 30 അടി ഇങ്ങനെ പോകുന്നു അകലം. അധ:കൃതവർഗ്ഗങ്ങൾ തമ്മിലും തീണ്ടൽ ആചരിച്ചുപോന്നിരുന്നു. അതിന്റെ മാനദണ്ഡത്തിനും വലിയ അന്തരമുണ്ട്. ഒരു പുലയൻ ഒരു ഈഴവന്റെ മുപ്പതടി സാമീപ്യത്തിലെത്തിയാൽ ഈഴവൻ അശുദ്ധനാവും. അയിത്തത്തിന്റെ അകലം കണക്കാക്കുന്നതിൽ ഇടക്കുവരുന്ന ജലാശയങ്ങളുടെ അകലം കണക്കാക്കപ്പെടുന്നതല്ല. ആറടി ചതുരമുള്ള ഒരു കുളക്കടവിൽ ഒരു സവർണ്ണൻ കുളിക്കുമ്പോൾ മറുകരയിൽകൂടി ഒരു അവർണ്ണൻകടന്നുപോയാൽ സവർണ്ണൻ അശുദ്ധപ്പെടുന്നതാണ്. ഇപ്രകാരംതന്നെ നൂറടി ഉയരമുള്ള ഒരു മരത്തിന്റെ അഗ്രത്തിൽ അവർണ്ണൻ ഇരിക്കുമ്പോൾ ഒരു സവർണ്ണൻ മരത്തിന്റെ അടിഭാഗം സ്പർശിച്ചാൽ സവർണ്ണൻ അശുദ്ധമാവും. ഇതുകൂടാതെ, അകശുദ്ധം, പുറശുദ്ധം, അടുക്കളശുദ്ധം, ഗൃഹശുദ്ധം ദേശശുദ്ധം, എന്നും മറ്റും അസംഖ്യമാണ് തീണ്ടലിന്റെ നൂലാമാലകൾ. ഈ തീണ്ടലിനും തൊടീലിനുമുള്ള പ്രതിവിധി അഥവാ നിവാരണ മാർഗ്ഗം പലതാണ്. ഒരു പറയൻ ഒരു പുലയനെ അശുദ്ധനാക്കിയാൽ പുലയൻ മൂന്നു കൈ വെള്ളം തലയിൽ തളിച്ചാൽ ശുദ്ധനാകുന്നതാണ്. പുലയൻ ഈഴവനെ തീണ്ടിയാൽ ഈഴവൻ ഉടുത്ത വസ്ത്രങ്ങളെല്ലാം അടിച്ചു നനച്ചു ജലാശയത്തിൽ മൂന്നു മുങ്ങിക്കുളി നടത്തിയാൽ ശുദ്ധനാകും. ഈഴവൻ നായരെ തീണ്ടിയാലും മേൽപ്രകാരം ചെയ്താൽ മതി. അശുദ്ധനായ ആൾ രോഗിയായായിരുന്നാൽ രോഗിയുടെ മീതെ കുടപിടിച്ചു കുടയുടെ മുകളിൽ വെള്ളമൊഴിച്ചാൽ രോഗി ശുദ്ധനാകുന്നതാണ്. നായർ തൊടുന്ന ബ്രാഹ്മണനും ബ്രാഹ്മണൻ തൊട്ട നമ്പൂതിരിയും അശുദ്ധനാകും. എന്നാൽ നമ്പൂതിരിക്കും ബ്രാഹ്മണനും സംബന്ധം ചെയ്യാൻ നായർ സ്ത്രീകൾ കൂടിയേതീരൂ. തീണ്ടലിനും തൊടീലിനുമുള്ള ശിക്ഷ വളരെ പൈശാചികമായുള്ളതാണ്. അതിന് കേസും, തെളിവും വിധിയും ഒന്നും ആവശ്യമായിരുന്നില്ല. ഒരു

ആശാരി ഒരു സവർണ്ണന്റെ കുളം അശുദ്ധമാക്കി. അതിന് പുണ്യാഹം മുതലായ ചടങ്ങുകൾ നടത്തേണ്ടിവന്നതിനുള്ള നഷ്ടസംഖ്യ ഈടാക്കുന്നതിനായി ഉടമസ്ഥനായ സവർണ്ണൻ ആശാരിയുടെ മേൽ സിവിൽ വ്യവഹാരപ്പെട്ടു. ആശാരിയുടെ വാദം സംഖ്യ കൊടുക്കാൻ ഹൈക്കോടതി മലയാളവർഷം 1903ൽ വിധി കൽപിച്ചു. ആ കേസ് ടി.എൽ.ജെ. ൯-ം വാല്യം 29൪-ാം പുറത്ത് പ്രസ്താവിച്ചിട്ടുണ്ട്. അവർണ്ണൻ വെളിയിൽ സഞ്ചരിക്കുമ്പോൾ 'വഴിയെ വഴിയെ' എന്ന് ഉച്ചത്തിൽ ഉച്ചരിച്ച് നടക്കേണ്ടിവന്നിരുന്നു. യാദൃച്ഛികമായി ഒരു സവർണ്ണൻ അടുത്തുപോകാതിരിക്കുന്നതിനാണ് അപ്രകാരം വിളിച്ചു കൂവേണ്ടിവരുന്നത്. ഒരു സവർണ്ണൻ ഒരു അവർണ്ണനെ കണ്ടാൽ ഹോ:ഹോ എന്ന പ്രത്യേകസ്വരത്തിൽ തീണ്ടാട്ടുന്നു. അതുകേട്ടാൽ ഉടൻ അവർണ്ണൻ ഞെട്ടി ഓടി വഴിമാറിക്കൊടുക്കാൻ ബാധ്യസ്ഥനാണ്. നമ്പൂതിരി യാത്രചെയ്യുമ്പോൾ ഒരു നായർ മുമ്പിൽനടന്ന് ഹോ:ഹോ എന്ന് മേൽപ്രകാരം തീണ്ടാട്ടുന്നു. ഒരു അവർണ്ണൻ വഴിയരികിൽ ജോലി ചെയ്യുമ്പോൾ വഴിയെ പോകുന്ന സവർണ്ണൻ യാദൃച്ഛികമായി അടുത്തുപോകാതിരിക്കാൻ ഒരു പച്ചിലക്കൊമ്പ് വഴിയിൽ നാട്ടുന്നു. അതുകണ്ടാൽ അടുത്തെവിടെയോ അവർണ്ണൻ വേല ചെയ്യുന്നുണ്ടെന്ന് സവർണ്ണൻ മനസ്സിലാക്കി 'ഹോയ്: ഹോയ്' പുറപ്പെടുവിക്കയായി. അവർണ്ണൻ പെരുവഴിയെ സഞ്ചരിച്ചുകൂടാ. പൊതുസ്ഥലങ്ങളിലും ആഫീസുകളിലും നീതിന്യായക്കോടതികളിലും അവർക്ക് പ്രവേശനമില്ല. പബ്ലിക്ക് കിണറുകളിലും ജലാശയങ്ങളിലും അവർക്ക് പ്രവേശിച്ചുകൂടാ. ക്ഷേത്രങ്ങളും പരിസരങ്ങളും അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. സർക്കാർ സ്കൂളുകളും കവാടങ്ങളും അവർക്ക് വിലക്കപ്പെട്ടതായിരുന്നു. ഒരു സവർണ്ണനെ അവർണ്ണൻ തമ്പുരാൻ, തമ്പൻ, തമര്, ശാര്, എന്നെല്ലാം സംബോധന ചെയ്യണം. അടിയൻ, എറാൻ, റാൻ എന്നൊക്കെ പറയേണ്ടിയുമിരുന്നു. വില്ലേജ് ആഫിസുകളിലോ അഞ്ചൽ ആഫിസുകളിലോ അവർണ്ണർക്ക് പ്രവേശനമില്ല. കരം കൊടുക്കുന്നതിനോ, സ്റ്റാമ്പു വാങ്ങുന്നതിനോ ചെല്ലുന്ന അവർണ്ണർ 'തമ്പുരാനെ' എന്ന് വളരെ അകലെ നിന്ന് വിളിക്കുന്നു. വളരെക്കൂവുമ്പോൾ എന്തടാ എന്ന് പറഞ്ഞ് അന്വേഷിക്കാൻ തമ്പുരാൻ വാതിൽക്കൽ പ്രത്യക്ഷപ്പെടുന്നു. കാര്യം പറയുമ്പോൾ ചെമ്പുകാശു വെക്കെടാ എന്നു പറയും. ചെമ്പ് കാശ് എന്ന് പറയുന്നത് അസ്സൽ വെള്ളിനാണയത്തെയാണ്. പച്ചിലയിൽ പണം ദൂരെ മണ്ണിൽവച്ച് അത് തിരിച്ചറിയാൻ അതിന് ചുറ്റും ഒരു വരയും വരച്ച് അവർണ്ണൻ ദൂരെമാറുന്നു. തമ്പുരാൻ പുറത്തിറങ്ങിവന്നു പണം

CamScanner

എടുത്തു രസീതോ സ്റ്റാമ്പോ കൊണ്ടുവന്നു അതേ വട്ട വരയ്ക്കക ത്തു വച്ചു മാറുന്നു. തമ്പുരാൻ മാറിയാൽ പിന്നീട് അവർണ്ണൻ അത് എടുത്തു തൊഴുതു പോകുകയും ചെയ്യും. ക്ഷേത്രത്തിലെ അനു ഭവം ഇതിലും കഷ്ടതരമാണ്. മേൽപ്രകാരം കൊണ്ടുവന്നു വരയ്ക്ക കത്തുവെയ്ക്കുന്ന പ്രസാദം തമ്പുരാൻ മാറുമ്പോൾ കാക്കകൾ ആഹരിച്ചതിനുശേഷം കുറെ അവർണ്ണനുകിട്ടി എന്നുവരും. നീതിന്യാ യക്കോടതിയിലെ കഥ ഇതിലും ദയനീയംതന്നെ. അവർണ്ണസമുദാ യത്തിൽപ്പെട്ട വാദിയോ പ്രതിയോ സാക്ഷിയോ കോടതിക്കടുത്തുള്ള ഏതെങ്കിലും വൃക്ഷത്തണലിൽ നിൽക്കണം. അകത്തുനിന്നും ന്യായാധിപൻ അഭിഭാഷകനോ ചോദിക്കുന്ന ചോദ്യം കവാടത്തിൽ നിൽക്കുന്ന ശിപായി വൃക്ഷത്തണലിലേക്ക് വിളിച്ചുപറയുന്നു. അതിനു അവർണ്ണൻ പറയുന്ന മറുപടി മേൽപ്രകാരം ശിപായി ആവർ ത്തിച്ചു ന്യായാധിപനെ ഗ്രഹിപ്പിക്കുകയും ആ വചനം ന്യായാധിപൻ അവർണ്ണന്റേതായി റിക്കാർഡാക്കുകയും ചെയ്യുന്നു. പലപ്പോഴും ഈ പുനരാവർത്തനത്തിൽ ചക്ക ചുക്കായും ചുക്ക് ചക്കായും രേഖപ്പെ ടുത്തി ന്യായാധിപൻ വിധികൽപിക്കാനും ഇടവരാറുണ്ട്. അക്കാലത്ത് അവർണ്ണ വിദ്യാർത്ഥികളെ ശിക്ഷിക്കേണ്ടിവരുമ്പോൾ ചൂരൽവടി യുടെ അഗ്രം ഉപാദ്ധ്യായന്റെ കൈയ്യിലും മറ്റെ അറ്റം വിദ്യാർത്ഥി യുടെ ദേഹത്തും തൊട്ട് അയിത്തമുണ്ടാവാതിരിക്കാൻ ചൂരൽ എറി ഞ്ഞുടച്ച് അയിത്തം പാലിച്ചു പോന്നിരുന്നു.[13]

കേരളത്തിലെ ഹൈന്ദവർക്കിടയിൽ അന്ന് നിലനിന്നിരുന്ന ഇത്തരം ശ്വാസംമുട്ടിക്കുന്ന ആചാരങ്ങളും, ജീവിതദുരിതങ്ങളുമാ യിരിക്കണം മെച്ചപ്പെട്ട സാമൂഹ്യനീതിക്കും തൊഴിലിനുംവേണ്ടി ദ്വീപു കളിൽ കുടിയേറിത്താമസിക്കാൻ അവർണ്ണ ഹിന്ദുക്കളെ പ്രേരിപ്പിച്ചത്. ഈ വിഭാഗക്കാരുടെ കുടിയേറ്റത്തിനു കൂടുതൽ അവസരം ലഭിച്ചിരി ക്കുക പതിനഞ്ചാം നൂറ്റാണ്ട് (മലയാൺമക്കാലം) മുതൽ പത്തൊൻ പതാം നൂറ്റാണ്ട് മദ്ധ്യംവരെ ദ്വീപുകൾ ഭരിച്ച കണ്ണൂർ അറയ്ക്കൽ രാജാക്കന്മാരുടെ കാലത്തായിരിക്കണം. ലക്ഷദ്വീപുകളിലെ വിജന മായ ഭൂപ്രദേശങ്ങളിൽ കൂടുതൽ തെങ്ങുകളുത്പാദിപ്പിച്ച് തങ്ങളുടെ വരുമാനം വർദ്ധിപ്പിക്കണമെന്ന ലക്ഷ്യത്തോടെ ദ്വീപുകാരുടെ അദ്ധ്വാനഫലത്തിന്റെ സിംഹഭാഗവും കുത്തകയുടേയും നികുതി യുടേയും പേരിൽ പിടിച്ചുപറിച്ചിരുന്ന അറയ്ക്കൽ ഭരണാധികാരികൾ ഈ കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചിരിയ്ക്കാം. തങ്ങളുടെ ഭൂമികളിൽ അദ്ധ്വാനിച്ച് ലാഭമുണ്ടാക്കാൻ ഒരു വിഭാഗത്തെ കിട്ടിയത് ദ്വീപുകളിലെ അന്നത്തെ ഭൂവുടമകളും സ്വാഗതം ചെയ്തിരിക്കണം. സ്വന്തം നാട്ടിൽ

സവർണ്ണരുടെ അവഗണനക്കും അയിത്തം മുതലായ പീഡനങ്ങ ൾക്കും, വിധേയരായ പിന്നാക്ക ഹൈന്ദവ വിഭാഗക്കാർ പുതുതായി തുറന്നുകിട്ടിയ തൊഴിലവസരം വിനിയോഗിക്കാനും മെച്ചപ്പെട്ട സാമൂ ഹ്യമാന്യത നേടാനും സ്വാഭാവികമായും സന്നദ്ധരുമായിരുന്നിരി ക്കണം. കേരളത്തിലെ പിന്നാക്ക വിഭാഗക്കാരുടെ പേരുകളായ കറു ത്തോൻ, അടിയാട്ടി, മക്കോമ്മാ, പീച്ചാട്ടി, കരുചി, കാക്കച്ചി, പുല്ലൻ എന്നീ പേരുകൾ ദ്വീപുകളിലുണ്ടായിരുന്നുവെന്ന വസ്തുത ഈ നിഗമ നത്തെ പ്രാബല്യപ്പെടുത്തുന്നു.

ഇന്ന് പൂർണ്ണമായും മുസ്ലിംകൾ മാത്രമുള്ള ലക്ഷദ്വീപുകളിൽ അവശേഷിക്കുന്ന 'പരിചക്കളി' എന്ന നാടൻ നൃത്തരൂപവും 'ഡോലിപ്പാട്ടും' (മദ്ദളവും കിണ്ണാരവും മുട്ടിപ്പാടുന്നത്) ഈ വിഭാഗക്കാ രുടെ സംഭാവനയായിരുന്നിക്കണം. വാളും പരിചയുമുപയോഗിച്ചുള്ള പരിചക്കളിക്ക് ഇന്ന് ഉപയോഗിക്കുന്ന പാട്ടുകളെല്ലാംതന്നെ മുസ്ലിം ഭക്തിഗാനങ്ങളാണെങ്കിലും ഈ കളിയുടെ ഉത്ഭവത്തെപ്പറ്റിയുള്ള നിഗമനത്തെ ദൃഷ്ടാന്തപ്പെടുത്തുന്നതും ഒരുകാലത്ത് ഈ കളിക്ക് പാടിയിരുന്നതുമായ അമ്പലത്തിലെ പാമ്പിനെപ്പറ്റിയും ശ്രീരാമനെപ്പ റ്റിയുള്ളതുമായ ഗാനശകലങ്ങൾ ഓർക്കുന്നവർ ഇന്നും പഴയ തലമുറ യിലുണ്ട്.

"ശിരി രാമേ രാം ഇത്തത്തൈ ഇത്തത്തൈ
തിന്തേഹാ ശിരി രാമേ രാം ഇത്തത്തൈ ഇത്തത്തൈ
ബീര സിരിരിമാ സന്ദ്രാ ഇത്തത്തൈ ഇത്തത്തൈ"

വീരശ്രീരാമചന്ദ്രനെപ്പറ്റിയുള്ള ഈ ഗാനശകലങ്ങൾ കൂടാതെ അമ്പലത്തിലിരിക്കുന്ന പാമ്പിനെപ്പറ്റിയുള്ള ഏതാനും വരികൾകൂടി പഴയ തലമുറയിൽപെട്ട ചിലരുടെയെങ്കിലും സ്മൃതിമണ്ഡലത്തിൽ അവശേഷിക്കുന്നുണ്ട്.

"നിനന്ത് നിനന്ത് നിനൈന്താടും പാമ്പേ - എന്നും
നിനന്ത് നിനന്ത് നിനൈന്താടും പാമ്പേ
തൂങ്ങാമൽ തൂങ്ങി നിന്നാടു പാമ്പേ
ആടാടു പാമ്പേ അടങ്ങ് പാമ്പേ
അമ്പലത്തിലിരിക്കുന്ന തണ്ണിപ്പാമ്പേ"

ദ്വീപുകളിലിന്നും അവശേഷിക്കുന്ന പാമ്പിനെപ്പറ്റിയുള്ള ഈ ഗാനത്തിന് ശ്രീനാരായണഗുരുദേവരുടെ കുണ്ഡലിനിപ്പാട്ടിലെ

"ആടുപാമ്പേ പുനം തേടു പാമ്പേ യരു
ളാനന്ദ കൂത്തു കണ്ടാടു പാമ്പേ
തിങ്കളും കൊന്നയും ചൂടുമീശൻ പട
പങ്കജം ചേർന്നു നിന്നാടു പാമ്പേ
വെണ്ണീറണിഞ്ഞു വിളങ്ങും തിരുമേനീ
കണ്ണീരൊഴുക കണ്ടാടു പാമ്പേ"

എന്നീ വരികളിലെ പ്രതിപാദന രീതിയോടും ആശയത്തോടുമുള്ള ബന്ധം പാമ്പും അമ്പലവുമില്ലാതിരുന്ന ദ്വീപുകളിൽ എത്തിയ ഈ ഗാനശകലങ്ങൾക്ക് അധികകാലത്തെ പഴക്കമുണ്ടാവില്ലെന്ന് വ്യക്തമാക്കുന്നു.

സാമൂഹ്യമാന്യതയും തൊഴിലവസരവും തേടി ലക്ഷദ്വീപുകളിൽ കുടിയേറുകയും, കാലക്രമത്തിൽ ഇസ്ലാം മതതത്ത്വങ്ങളിൽ ആകൃഷ്ടരായ മുസ്ലിംകളായി മാറുകയും ചെയ്ത കേരളീയരായ ഹൈന്ദവ പിന്നോക്കക്കാർക്ക് ചുരുങ്ങിയ കാലത്തെ ചരിത്രമേയുള്ളൂവെങ്കിലും ദ്വീപുകളും ദക്ഷിണേന്ത്യയുമായുണ്ടായിരുന്ന വ്യാപാരബന്ധത്തിനും സാംസ്കാരികബന്ധത്തിനും ദീർഘകാല ചരിത്രമുണ്ട്.

ദ്വീപുകാർ ഇസ്ലാംമതം സ്വീകരിച്ച 7-ാം നൂറ്റാണ്ടു കാലത്തുതന്നെ കേരളത്തിലും പ്രചരിച്ച ഇസ്ലാംമതം ഈ രണ്ട് പ്രദേശങ്ങളേയും വ്യാപാരബന്ധത്തിന് പുറമെ സാംസ്കാരികമായും കൂടുതൽ അടുപ്പിക്കുന്നതിന് സഹായിച്ചു.

ലക്ഷദ്വീപുകളിൽനിന്നുമുള്ള വിജ്ഞാനികളും മതപണ്ഡിതരും കേരളത്തിൽ അംഗീകാരവും ആദരവും നേടിയിരുന്നുവെന്നതിന് ആദ്യത്തെ തെളിവാണ് ഏഴാം നൂറ്റാണ്ടിൽ ലക്ഷദ്വീപുകളിൽ ഇസ്ലാം മതപ്രചരണം നടത്തിയ ഹ: ഉബൈദുള്ള (റ) യുടെ പൗത്രനായ അന്ത്രോത്ത് ദ്വീപിലെ ബലിയളിക്കോത്ത് മുഹമ്മദ് എന്നവർ കോഴിക്കോട്ടിൽ ഖാസിയായി അവരോധിക്കപ്പെട്ടത്.[14]

അക്കാലംതൊട്ട് അറിയപ്പെടുന്നതും ഇന്നോളം തുടർന്നുവരുന്നതുമായ ഈ സാംസ്കാരിക ബന്ധത്തിന് സുദീർഘമായ ചരിത്രമുണ്ട്. ദക്ഷിണേന്ത്യയിലെങ്ങും ഇസ്ലാംമത പ്രബോധനം നടത്തുകയും അവിടങ്ങളിലെല്ലാം അനേകം ശിഷ്യഗണങ്ങളെ സമ്പാദിക്കുകയും ജനങ്ങളുടെ ആദരവുകൾക്ക് പാത്രീഭൂതരാവുകയും ചെയ്ത ലക്ഷദ്വീപുകാരായ പണ്ഡിതരുടേയും ആത്മീയ നേതാക്കളുടേയും പട്ടിക നീണ്ടതാണ്. ഈ കൂട്ടത്തിൽ പ്രമുഖനാണ് സയ്യിദ് മുഹമ്മദ്

മൗലാ ബുഖാരി.

കേരളത്തിലും തമിഴ്നാട്ടിലും പര്യടനം നടത്തി ഇസ്ലാംമത പ്രബോധനം ചെയ്തിരുന്നവരുടെ ഗണത്തിൽ പ്രമുഖനായ സയ്യിദ് മുഹമ്മദ് മൗലാ ബുഖാരി ഹിജറ 1144 ൽ കവരത്തി ദ്വീപിൽ ജനിച്ചു. പണ്ഡിതനായ പിതാവ് സയ്യിദ് അഹ്മദ് ബുഖാരിയുടെ ശിക്ഷണ ത്തിൽ വളർന്നുവന്ന ഇദ്ദേഹം എല്ലാവരുടേയും സ്നേഹാദരവുകൾക്ക് പാത്രീഭൂതനായി. പ്രാഥമിക മതപഠനം നേടിയത് സയ്യിദ് ഉമർ ഐദ്രൂസിൽനിന്നായിരുന്നു. അനന്തരം സയ്യിദ് മുഹമ്മദ് ഖാസിം അവർകളുടെ ശിക്ഷണത്തിൽ മതഗ്രന്ഥങ്ങൾ പഠിച്ചു. പിൽക്കാലത്ത് ജ്യേഷ്ഠ സഹോദരനായിരുന്ന സയ്യിദ് ഇബ്രാഹീം ഖാസിം അദ്ദേഹം വളപട്ടണത്തേക്ക് കൂട്ടിക്കൊണ്ടുവന്നു. അൽപകാലം അവിടെ താമ സിച്ചു. ഉത്തരകേരളം മുതൽ കന്യാകുമാരി വരെ പര്യടനം നടത്തി മതപ്രബോധനം നിർവ്വഹിച്ചു.

തെക്ക് കൊച്ചിക്കടുത്ത നെട്ടൂർ കേന്ദ്രമാക്കിക്കൊണ്ടാണ് അദ്ദേഹം മിഷണറി പ്രവർത്തനം നടത്തിയിരുന്നത്. ടിപ്പുസുൽത്താന്റെ ഭരണത്തിന്നെതിരിൽ നായർ പടയാളികൾ വിവിധ പ്രദേശങ്ങളിൽ സംഘടിത വിപ്ലവം ആരംഭിച്ച കാലമായിരുന്നു അത്. സയ്യിദ് മുഹമ്മദ് മൗലയുടെ പ്രസംഗങ്ങൾ ക്ഷയിച്ചു വന്നിരുന്ന സാമുദായികസൗഹാ ർദ്ദം പരിപുഷ്ഠമാക്കി തിരുകൊച്ചിയിലെ ജനവാസമുള്ള എല്ലാ പ്രദേശ ങ്ങളിലും ചുറ്റി സഞ്ചരിച്ചു മതപ്രബോധനം നടത്തി. നിരവധി ആളു കൾ ഇസ്ലാംമതാവലംബികളായി.

അക്കാലത്താണ് അദ്ദേഹം പ്രസിദ്ധമായ ചെമ്പിട്ട പള്ളി നിർമ്മി ച്ചത്. പള്ളിയുടെ ശിലാന്തി (പാലുത്തരംക്ക്വേണ്ടി) ഷെഞ്ചൂദ് എന്ന ജൂതൻ ഒരു അയനിമരം സമ്മാനിച്ചുവത്രെ. അദ്ദേഹത്തെ ജാതിമത ഭേദമന്യെ എല്ലാവരും സ്നേഹിച്ചിരുന്നുവെന്നതിന് ഇതൊരു ദൃഷ്ടാ ന്തമാണ്. കൊച്ചിയിൽ ഇദ്ദേഹത്തിന് ഒരു ഭവനം പണിതുകൊടുത്തത് സ്വശിഷ്യനും സാമൂതിരിപ്പാടിന്റെ സേനാനായകന്മാരിൽ ഒരാളുമാ യിരുന്ന മണത്തല ഐദ്രോസ് കുട്ടി മൂപ്പനായിരുന്നു. തമിഴ്നാട്ടിലെ പ്രസിദ്ധ പണ്ഡിതനായിരുന്ന ഉമർലബ്ബ ആലിം സാഹിബ് കൊച്ചി യിൽവച്ച് സയ്യിദ് മുഹമ്മദ് മൗലയുമായി പരിചയപ്പെട്ടു. ലബ്ബ അദ്ദേ ഹത്തെ തമിഴ്നാട്ടിലേക്ക് ക്ഷണിച്ചു. തേങ്ങാപട്ടണം, കായൽപട്ടണം മുതലായ പ്രദേശങ്ങളിൽ പര്യടനം നടത്തി. തമിഴ്നാട്ടിൽ അദ്ദേഹ ത്തിന് അസംഖ്യം ശിഷ്യന്മാരുണ്ടായിരുന്നു. അരൂക്കുറ്റി വടുതല ഒരു മുസ്ലിംകേന്ദ്രമായി ഉയർന്നത് മൗലാസാഹിബിന്റെ പ്രബോധന ഫലമായാണ്. ആ മതവിജ്ഞാനകേന്ദ്രം ഒരു കാലത്ത് കേരളത്തിലെ

CamScanner

രണ്ടാമത്തെ പൊന്നാനിയായിട്ടാണ് അറിയപ്പെട്ടിരുന്നത്. വടുതല ജുമുഅത്ത് പള്ളി സ്ഥാപിച്ചതും മൗലയാണ്. തിരുവിതാംകൂർ രാജാവുമായി അദ്ദേഹം പരിചയപ്പെട്ടു. തെക്കൻ തിരുവിതാംകൂറിൽ ഒരു പള്ളി നിർമ്മിക്കാൻ രാജാവ് അദ്ദേഹത്തിന് സ്ഥലം നൽകി. അതാണ് പ്രസിദ്ധമായ തിരുവിതാംകോട് ജുമുഅത്ത് പള്ളി. ജനാബ് അഹ്മദ് കണ്ണ് സാഹിബ് രേഖപ്പെടുത്തുന്നു. "മുന്നൂറോളം കൊല്ലം പഴക്കമുള്ള മറ്റൊരു പള്ളികൂടി തിരുവാങ്കോട്ടുണ്ട്. അത് സയ്യിദ് ബുഖാരി മൗലാ പണികഴിപ്പിച്ചതാണ്. അതിനാവശ്യമായ തടികൾ അദ്ദേഹം മലബാറിലെ താനൂരിൽവച്ച് ആശാരിവേലതീർത്ത് പത്തേമാരിയിൽ കയറ്റി കുളച്ചലിൽ ഇറക്കിക്കൊണ്ടുവന്നു ഒന്നിച്ച താണ്.. "*(കേരള മുസ്‌ലിം ഡയറക്ടറി പേജ് 440)*

വാർദ്ധക്യകാലം ക്ഷീണം ബാധിച്ചപ്പോൾ മൗലാസാഹിബ് തമിഴ് നാട്ടിലും തിരുകൊച്ചിയിലും മതപ്രബോധനത്തിന്നു ശിഷ്യന്മാരെ അയച്ചു. നെട്ടൂരിൽനിന്നും കുടുംബസമേതം കണ്ണൂരിലേക്ക് താമസം മാറ്റി. ഹിജറ 1207ൽ കണ്ണൂരിൽവച്ച് ഇഹലോകവാസം വെടിഞ്ഞു. കണ്ണൂർ സിറ്റി ജുമുഅത്ത് പള്ളിയുടെ കിഴക്കുവശത്താണ് അദ്ദേഹ ത്തിന്റെ മഖ്ബറ.

അദ്ദേഹത്തിന്റെ പിൻഗാമികളിൽ ചിലരും ശിഷ്യന്മാരിൽ പലരും പ്രസിദ്ധരായ സാഹിത്യകാരന്മാരും കവികളുമായിരുന്നു. തമിഴ്നാട്ടിലെ പ്രസിദ്ധകവിയും ഗ്രന്ഥകാരനുമായിരുന്ന ലബ്ബ ആലിം സാഹിബ് ചരിത്രപുരുഷനെക്കുറിച്ച് അറബിയിൽ 'മിൻഹത്തുൽബാരി' എന്നൊരു മൗലിദ് രചിച്ചിട്ടുണ്ട്. ഈ മൗലിദിനെ അവലംബിച്ചാണ് ചേറ്റുവാ പരീക്കുട്ടി സാഹിബ് 'മിൻഹത്തുൽബാരി' എന്ന പേരിൽ മൗലയുടെ ചരിത്രകാവ്യം അറബിമലയാളത്തിൽ എഴുതിയത്.

മൗലാ സാഹിബിന്റെ പ്രഥമ ഭാര്യ കവരത്തി ദ്വീപുകാരിയായിരുന്നു. അവരിൽനിന്ന് അദ്ദേഹത്തിന് ഫാത്തിമ സൈദാനിയ, (സാഇദ) എന്നീ പുത്രിമാർ ജാതരായി. നെട്ടൂർ സ്വദേശിനിയായ ഒരു മാപ്പിള വനിത യായിരുന്നു അദ്ദേഹത്തിന്റെ ദ്വിതീയ പത്നി. അവരിൽ സൈനബ, ആയിഷ എന്നീ പുത്രിമാർ ജനിച്ചു. സയ്യിദ് മുഹമ്മദ് മൗലയുടെ സഹോദരി പുത്രൻകൂടിയായ സയ്യിദ് അഹമ്മദുൽ ബുഖാരിയായിരുന്നു സൈനബയെ വിവാഹം ചെയ്തിരുന്നത്. ഇസ്‌ലാമിന് നല്ല നിലയിൽ വേരുന്നാൻ പറ്റിയ പ്രദേശമായ കൊടുങ്ങല്ലൂരിന് വടക്കുഭാഗത്തുള്ള മണൽപ്രദേശത്ത് പോയി കുടുംബസമേതം താമസിക്കുക എന്നത് സയ്യിദ് മുഹമ്മദ് മൗലാ ആജ്ഞാപിച്ചതനുസരിച്ച് കൊല്ലവർഷം 973 ൽ സയ്യിദ് അഹ്മദ് ബുഖാരി ചാവക്കാട്ട് കടപ്പുറം വന്നെത്തി.

ഉദാരമതികളായ ഹൈന്ദവ ജന്മിമാർ അദ്ദേഹത്തിന് കടപ്പുറത്ത് എൺപത് ഏക്രയോളം ഭൂമി സൗജന്യമായി നൽകി. അവിടെ പിൽക്കാലത്ത് തങ്ങൾ ഒരു പള്ളിയും അതിനുസമീപത്ത് ഒരു കൊച്ചുഭവനവും നിർമ്മിച്ചു. തങ്ങളുടെ പ്രബോധനഫലമായി തദ്ദേശീയരിൽ ഒട്ടധികം പേർ ഇസ്‌ലാംമതം സ്വീകരിച്ചു. സയ്യിദ് അഹ്മദ് ബുഖാരി വിവാഹം കഴിച്ച സൈനബിൽ ആ ദമ്പതികൾക്ക് നാലു ആൺമക്കളും രണ്ടു പെൺമക്കളും ജനിച്ചു. ഇവരുടെ പിൻമുറക്കാരാണ് പാട്ടൂർ, കടപ്പുറം, മതിലകം തുടങ്ങിയ പ്രദേശങ്ങളിൽ അധിവസിക്കുന്ന ബുഖാറാ തങ്ങന്മാർ

സയ്യിദ് മുഹമ്മദ് മൗലാ കവരത്തി ദ്വീപിൽനിന്നും വിവാഹം കഴിച്ചതിൽ ജനിച്ച സൈദാനിയ്യ : (സാഇദ) യെ വിവാഹം ചെയ്തിരുന്നത് സയ്യിദ് ഇസ്മാഈലിബ്നു ബാഫഖറുദ്ദീൻ ആയിരുന്നു. ആ ദമ്പതികൾക്ക് സയ്യിദ് മുഹമ്മദിബ്നു ഇസ്മാഈൽ, സയ്യിദ് അഹ്മദ് ഇബ്നു ഇസ്മാഈൽ എന്നീ രണ്ടാൺമക്കൾ ജനിച്ചു. ഈ ചരിത്രവസ്തുതകൾ സയ്യിദ് ഹാമിദ് കോയമ്മ തങ്ങൾ അറുപത് വർഷംമുൻപ് രചിച്ച 'മതാലിഉൽ ഹുദാ' എന്ന അറബിഗ്രന്ഥത്തിലും അതിനെ ആധാരമാക്കി കെ കുഞ്ഞുമുസ്ലിയാർ (ഫൈസി) എരമംഗലം രചിച്ച 'കേരളത്തിലെ ബുഖാറാ സാദാത്തീങ്ങൾ' എന്ന ഗ്രന്ഥത്തിലും വിവരിക്കുന്നുണ്ട്.

സയ്യിദ് മുഹമ്മദ് മൗലാ ബുഖാരിയുടെ ഗുരുനാഥനായിരുന്ന സയ്യിദ് മുഹമ്മദ് ഖാസിമിബ്നു മൂസബ്നു ഫതഹുല്ലാ ഹിൽ ബഗ്ദാദിയുടെ പുത്രനായ സയ്യിദ് യൂസുഫ് അന്ത്രോത്ത് ദ്വീപിൽ ജനിച്ച് പതിനാലാം വയസ്സിൽ പൊന്നാനി മഖ്ദൂമിൽനിന്നും വിദ്യാഭ്യാസം നേടി തെക്കൻ കർണ്ണാടകയിൽ കുന്താപുരം കേന്ദ്രമാക്കി ദീനീപ്രവർത്തനവും പ്രചരണവും നടത്തി കുന്താപുരത്തിൽതന്നെ മൺമറഞ്ഞ മഹാനാണ്. തെക്കൻ കർണ്ണാടകയിലും പരിസരപ്രദേശങ്ങളിലും ദീനീപ്രവർത്തന രംഗത്ത് വിലയേറിയ സേവനങ്ങൾ അർപ്പിച്ച അന്ത്രോത്ത്ദ്വീപുകാരായ പടന്ന പുതിയപുര അഹ്മദ് ജലാലുദ്ദീൻ ബുഖാരി അദനി (കാഞ്ഞങ്ങാട്) യിലും കോയക്കിടാവ് തങ്ങൾ കാസർകോഡ് ജില്ലയിലെ തൃക്കരിപ്പൂരിലും കോയമ്മ തങ്ങൾ മംഗലാപുരം കുതിപള്ളിയങ്കണത്തിലും അന്ത്യവിശ്രമം കൊള്ളുന്നു.

കൊച്ചിയിലും സമീപപ്രദേശങ്ങളിലും ഒരുകാലത്ത് ജനസഞ്ചയത്തിന്ന് മതവിജ്ഞാനം പകർന്നു കൊടുക്കുകയും ജനതയുടെ സ്നേഹാദരവുകൾക്ക് പാത്രീഭൂതരാവുകയുംചെയ്ത മുഹമ്മദ് മുസ്ല്യാർ, യുസുഫ് മുസ്ല്യാർ എന്നീ കിൽത്താൻ ദ്വീപുകാർ അരൂർ

എന്ന സ്ഥലത്ത് അന്ത്യവിശ്രമം കൊള്ളുന്നു. ദക്ഷിണേന്ത്യയിൽ മതപ്രബോധനരംഗത്ത് വിലപ്പെട്ട സംഭാവനകളർപ്പിക്കുകയും ആ മണ്ണിൽതന്നെ അന്ത്യവിശ്രമം കൊള്ളുകയും ജീവിതകാലത്തും അതിനുശേഷവും ആദരിക്കപ്പെടുകയും ചെയ്യുന്ന സാദാത്തീങ്ങളും പണ്ഡിതന്മാരുമായിരുന്ന അനേകം ദ്വീപുകാരിൽ ചിലരാണ് ഇവർ.

ലക്ഷദ്വീപുകളിൽനിന്നുള്ള വിജ്ഞാനികളേയും ആത്മീയ നേതാക്കളേയും കേരളീയർ സ്വീകരിച്ചാദരിച്ചതുപോലെ കേരളത്തിൽ നിന്ന് ദ്വീപുകളിലെത്തിയ പണ്ഡിതരേയും ആത്മീയ നേതാക്കളേയും ബഹുമാനിച്ചാദരിച്ച പാരമ്പര്യമാണ് ദ്വീപുകാർക്കുമുള്ളത്.

ഹ: ഉബൈദുള്ളാഹിബ്നു മുഹമ്മദിബ്നു അബൂബക്കർ (റ)യുടെ സിയാറത്തിനായി അന്ത്രോത്ത്ദ്വീപിൽ വരികയും ഏതാനും ദിവസങ്ങൾ അവിടെ ചെലവഴിക്കുകയും ചെയ്ത മമ്പുറം സെയ്ദലവി തങ്ങളെ ആ ദ്വീപുകാർ ബഹുമാനപുരസ്സരം സ്വീകരിച്ചു. അദ്ദേഹത്തിന്റെ സ്മാരകമെന്നോണം അന്ത്രോത്ത് ദ്വീപിൽ അദ്ദേഹത്തിന്റെ നിർദ്ദാശുനസരണം നടപ്പിലാക്കിയ യാ ലത്തീഫ് യാ കാഫി യാ ഹഫീള് യാ ശാഫി യാ കരീം യാ ബാഖി.... എന്ന് തുടങ്ങുന്ന ദിക്റ് നൂറുപ്രാവശ്യം ഇന്നും ജുമുഅ നമ്സ്കാരാനന്തരം നടത്തിവരുന്നു.

ലക്ഷദ്വീപിൽ എത്തി നീണ്ട എട്ട് വർഷക്കാലം കവരത്തിയിൽ മുദരിസായി സേവനമനുഷ്ഠിച്ച മഹാനായ കേരള പണ്ഡിതനായിരുന്നു ആലിമുസ്ല്യാർ. പൊന്നാനിയിലെ മതപഠനം പൂർത്തിയാക്കിയ ശേഷം ഉന്നതപഠനത്തിനായി മക്കയിലെത്തിയ ദ്വീപുവിദ്യാർത്ഥികളിൽപെട്ട കവരത്തി ദ്വീപുകാരായിരുന്നു ആലിമുസ്ല്യാരെ ദർസ് നടത്തുന്നതിനായി കവരത്തിയിലേക്ക് ക്ഷണിച്ചത്. "ഹറമിലെ അധിവാസകാലത്ത് ആലിമുസ്ല്യാരും കവരത്തി ദ്വീപുവിദ്യാർത്ഥികളും തമ്മിൽ ഈടുറ്റ സ്നേഹബന്ധത്തിലായിരുന്നു. പഠനാനന്തരം അവർ ചരിത്രപുരുഷനെ കവരത്തി ദ്വീപിലേക്ക് അദ്ധ്യാപകനായി ക്ഷണിച്ചു. മുസ്ല്യാരവർകൾക്ക് സ്നേഹപൂർവ്വമായ ആ ക്ഷണം നിരസിക്കാൻ കഴിഞ്ഞില്ല. കവരത്തി ദ്വീപുകാരായ തങ്ങന്മാരുടെ ക്ഷണപ്രകാരം ആലിമുസ്ല്യാർ യാത്രാസന്നദ്ധനായി. അദ്ദേഹം ശൈഖ് മുഹമ്മദ് ഹിസ്ബുള്ള മക്കിയുടെ അനുമതിയോടുകൂടി ഹിജറ 1305ൽ കവരത്തിദ്വീപിലേക്ക് പോയി. അതിനെ തുടർന്ന് അദ്ദേഹം എട്ടുവർഷക്കാലം കവരത്തി ദ്വീപിലെ ജുമുഅത്ത് പള്ളിയിൽ മുദരിസായി ജോലി തുടർന്നു. അക്കാലത്തെല്ലാം മലബാറിന്റെ വിവിധ ഭാഗങ്ങളിൽ ബ്രിട്ടീഷുകാരും മുസ്ലിംകളുമായി പല സമരങ്ങളും നടന്നിരുന്നു. അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്ന ഒന്നായി

രുന്നു 1891ൽ മണ്ണാർക്കാട്ടുവച്ചുണ്ടായ മാപ്പിള കർഷകസമരം. പ്രസ്തുത ബ്രിട്ടീഷ്‌വിരുദ്ധസമരത്തിൽ ആലിമുസ്ല്യാർ അവർകളുടെ ജ്യേഷ്ഠ സഹോദരനായ മമ്മദുകുട്ടി രക്തസാക്ഷിയായി. ഈ ദുഃഖകരമായ സംഭവം സമരപുരുഷന്റെ ഇളയ സഹോദരനായിരുന്ന മുഹമ്മദുകുട്ടി മുസ്ല്യാർ കവരത്തി ദ്വീപിൽ പോയി ജ്യേഷ്ഠനെ അറിയിച്ചു. സ്വസഹോദരന്റേയും ബന്ധുജനങ്ങളിൽ പലരുടേയും മരണവാർത്ത കേട്ടപ്പോൾ ചരിത്രപുരുഷൻ വികാരഭരിതനായി. അദ്ദേഹത്തിന് ബ്രിട്ടീഷുകാരുടെ നേരെയുണ്ടായിരുന്ന സ്വതസിദ്ധമായ കോപം വർദ്ധിച്ചു. അതിനെ തുടർന്ന് അദ്ദേഹം സ്വസഹോദരനായ മുഹമ്മദുകുട്ടി മുസ്ലിയാരെ കവരത്തി ദ്വീപിന്റെ പ്രതിനിധിയായി നിയമിച്ചുകൊണ്ട് സ്വദേശത്തേക്കു പോയി. കുടുംബബാധ്യത ഏറ്റെടുക്കാൻ നിർബന്ധിതനായ മൗലാനാ പിന്നീട് കവരത്തിദ്വീപിലേക്ക് തിരിച്ചുപോയില്ല. അദ്ദേഹത്തിന് ലക്ഷദ്വീപുകാരായ ഒട്ടധികം ശിഷ്യന്മാരുണ്ടായിരുന്നു."[16]

മക്കയിലേക്ക് ഉന്നതവിദ്യാഭ്യാസത്തിന് പോകുന്നതിന്ന് മുൻപായി മലബാറിലെ മക്കയെന്നറിയപ്പെട്ടിരുന്ന പൊന്നാനിയിൽചെന്ന് മതവിജ്ഞാനം നേടുകയായിരുന്നു ലക്ഷദ്വീപുകാരുടെ രീതി. പ്രതിഭാശാലികളും വിജ്ഞാനികളുമായിരുന്ന മഖ്ദൂം പരമ്പരയുടെ ശിഷ്യത്വം സ്വീകരിക്കുന്നതിനായി ദ്വീപുകാരായ അനേകം വിദ്യാർത്ഥികൾ വർഷംതോറും പൊന്നാനിയിൽ എത്തിക്കൊണ്ടിരുന്നു. അന്നത്തെ പൊന്നാനിയെക്കുറിച്ച് പ്രൊഫസർ കെ.പി. അബ്ദുറഹിമാൻ എഴുതുന്നു. "പൊന്നാനി വലിയ ജുമുഅത്ത് പള്ളിയിൽ വിളക്കത്തിരിക്കുന്നതിനും മതപഠനം പൂർത്തിയാക്കി മുസ്ല്യാർ പദവി നേടുന്നതിനുമായി മലബാർ തീരത്തേയും ലക്ഷദ്വീപുകളിലേയും അനേകം വിദ്യാർത്ഥികൾ വർഷംതോറും വന്നുകൊണ്ടിരുന്നു. 1887ൽ പൊന്നാനിയിൽ മതപഠനത്തിനായി ദ്വീപുകളിൽനിന്നും മറ്റുമായി എത്തിയ വിദ്യാർത്ഥികളുടെ സംഖ്യ 400 ആയിരുന്നു. 1966ൽ അത്തരം 300 വിദ്യാർത്ഥികളാണുണ്ടായിരുന്നത്."[17]

ലക്ഷദ്വീപുകാരായി തന്റെ ശിഷ്യന്മാരിൽനിന്നും നേരിട്ടു ലഭിച്ച വിവരം വച്ചായിരിക്കണം ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ ഏ.ഡി. 1555-ൽ അദ്ദേഹത്തിന്റെ വിശ്വപ്രശസ്തമായ തുഹ്ഫത്തുൽ മുജാഹിദീൻ എന്ന ചരിത്രഗ്രന്ഥത്തിൽ പോർട്ടുഗീസുകാർ ലക്ഷദ്വീപുകളിൽ നടത്തിയ കിരാതമായ ആക്രമണത്തെക്കുറിച്ചും പോർട്ടുഗീസുകാരോട് ധീരമായി പോരാടിയ ദ്വീപുകാരെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചത്.

CamScanner

ശൈഖ് നൂറുദ്ദീൻ മഖ്ദൂമിന്റെ കാലത്തും അനേകം ദ്വീപുവിദ്യാർത്ഥികൾ പൊന്നാനിയിലുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന കുഞ്ഞായിൻ മുസ്ല്യാർ രചിച്ച കപ്പപ്പാട്ട് സഹായകമാണ്. മനുഷ്യശരീരത്തിനെ പായക്കപ്പലിനോട് സാദൃശ്യപ്പെടുത്തിക്കൊണ്ട് ഇഹലോകത്തിൽനിന്നും സൽക്കർമ്മമാകുന്ന ചരക്കുകൾ വേണ്ടുവോളം കയറ്റി പാപങ്ങളാകുന്ന കാറ്റിലും കോളിലും പെടാതെയും തിന്മയാകുന്ന പാറക്കൂട്ടങ്ങളിൽ തട്ടാതെയും കപ്പലിനെ മോക്ഷമാകുന്ന ലക്ഷ്യത്തിലെത്തിക്കണമെന്നുപദേശിച്ചുകൊണ്ടുള്ളതാണ് കപ്പപ്പാട്ട് എന്ന പ്രതീകാത്മകകാവ്യം. അറുനൂറുവരികളിൽ ഒരേ ഇശലിലാണ് കുഞ്ഞായിൻ മുസ്ല്യാർ ഈ കാവ്യം തീർത്തിട്ടുള്ളത്.

മനുഷ്യനെ കപ്പലിനോടുപമിച്ചുകൊണ്ട് ഒരു കവിത രചിക്കാൻ കുഞ്ഞായിൻ മുസ്ല്യാർക്ക് ലഭിച്ച പ്രചോദനത്തിന്റെ കഥയും രസാവഹമാണ്. കുഞ്ഞായിൻ മുസ്ല്യാൽ പൊന്നാനിയിൽ പഠിക്കുന്ന കാലത്ത് സ്വഗുരുവര്യനായ ശൈഖ് നൂറുദ്ദീൻ മഖ്ദൂമിന്റെ ഭവനത്തിൽനിന്ന് ഭക്ഷണം കഴിക്കാറുണ്ടായിരുന്നു. ഒരവസരത്തിൽ അദ്ദേഹത്തോട് മഖ്ദൂമിന്റെ സാത്വികയും സാധുവുമായ ഭാര്യ രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ എന്താണ് ചൊല്ലേണ്ടത് എന്ന് ചോദിച്ചു. രസികനായ മുസ്ല്യാർ അവർകൾ തൽക്ഷണംതന്നെ നിങ്ങൾ ദിവസംതോറും 'ഏലെമാലെ' എന്നുചൊല്ലണമെന്നുപദേശിച്ചുവത്രെ. അതിനുശേഷം ആ പാവപ്പെട്ട സ്ത്രീ രാത്രി തോറും കിടക്കാനൊരുങ്ങുമ്പോൾ ഭക്തിപൂർവ്വം ഏലൈമാലെ എന്ന് ഉരുവിടൽ പതിവാക്കി. ഒരു ദിവസം ഭർത്താവായ ശൈഖ് നൂറുദ്ദീൻ മഖ്ദൂം അത്ഭുതപൂർവ്വം നീ കിടക്കുന്ന അവസരങ്ങളിൽ പതിവായി ഏലെമാലൈ എന്ന് ചൊല്ലുന്നതിന്റെ കാരണം എന്താണെന്ന് ഭാര്യയോട് അന്വേഷിച്ചു. കിടക്കുമ്പോൾ ആ വാക്ക് ചൊല്ലാൻ കുഞ്ഞായിൻ മുസ്ല്യാർ ഉപദേശിച്ചതാണെന്ന് അവർ പ്രത്യുത്തരം നൽകി. അതുകേട്ടപ്പോൾ മഖ്ദൂം പൊട്ടിച്ചിരിച്ചുകൊണ്ട് നിനക്കിനിയും കുഞ്ഞായിനെ മനസ്സിലായിട്ടില്ലേ എന്ന് ചോദിച്ചു. അപ്പോഴാണ് കുസൃതിക്കാരനായ കുഞ്ഞായിൻ മുസ്ല്യാർ തന്നെ ചതിച്ചതാണെന്ന യാഥാർത്ഥ്യം അവർക്ക് ബോധ്യമായത്. അവർ ലജ്ജാനമ്രശിരസ്കയായി.

അടുത്തദിവസം പ്രഭാതത്തിൽ മുസ്ല്യാർ മഖ്ദൂമിന്റെ വീട്ടിലെത്തിച്ചേർന്നു. പ്രാതൽ കഴിച്ചതിനുശേഷം ശൈഖ് അവർകൾ സ്വൽപം ഗൗരവസ്വരത്തിൽ കുഞ്ഞായീനെ നീ മനുഷ്യനെ കപ്പലാക്കുകയാണോ? എന്ന് ചോദിച്ചു. മഖ്ദൂമിന്റെ ഈ ചോദ്യമായിരിക്കണം

കപ്പപ്പാട്ട് രചനക്ക് കുഞ്ഞായിൻ മുസ്ല്യാരെ പ്രേരിപ്പിച്ചത്. മനുഷ്യനെ കപ്പലിനോടും മോക്ഷത്തിലേക്കുമുള്ള പ്രയാണത്തെ കപ്പലിന്റെ യാത്രയോടുമുപമിക്കാൻ കപ്പലിനെപ്പറ്റിയും അതിന്റെ പ്രയാണത്തിലെ സവിശേഷതകളെക്കുറിച്ചും ദീർഘകാല പരിജ്ഞാനമുള്ളവരുടെ സഹായം അനുപേക്ഷണീയമാണ്. പണ്ഡിതനും ഫലിതസമ്രാട്ടുമായിരുന്ന കുഞ്ഞായിൻ മുസ്ല്യാർക്ക് ഈ രംഗത്ത് വേണ്ടുവോളം സഹായം ലഭിച്ചിരുന്നത് സതീർത്ഥ്യരായ ലക്ഷദ്വീപുകാരിൽ നിന്നായിരുന്നുവെന്ന് മലയാളഭാഷയിലില്ലാത്തതും ദ്വീപുകളിൽ ഇന്നും പ്രചാരത്തിലിരിക്കുന്നവയുമായ അനേകം പദങ്ങൾ കപ്പപ്പാട്ടിൽ പ്രയോഗിച്ചു കാണുന്നതിൽനിന്നും മറ്റും മനസ്സിലാക്കാം.

"ചായൽ ഒരു കപ്പലുണ്ട് നമുക്ക്
ചാഞ്ഞുള്ളെ പാണ്ടിച്ചാണൊമ്പതുനീളം
നീളം അണിയം നടുമല്ലത്തോളം
നൂലിട്ട് പാണ്ടി പുളക്കാമൽ ഈർന്നു
കോളൊത്ത പാണ്ടിക്കുറൊമ്പതിറ്റൊന്നു
കൊണ്ടങ്ങു താർച്ചീല മൂന്നാക്കിവെച്ചാൻ
താളം മണിക്കാലുണ്ടെട്ടിരു ഭാഗം

....

കോശ് ഉണ്ടൊന്നതിൽ ചാരിയുമുണ്ട്
കാറാണി രണ്ട് കാവൽക്കാരുമുണ്ട്

....

നിന്നങ്ങുദിച്ചിട്ടൊരേ ചാമം ചെന്നാൽ
നീരോട്ടം ഉള്ളൊരു കാറ്റുണ്ടടിപ്പാൻ

....

മാറാതെ കോൾക്ക് കുളത്തിയ പട്ട്
മാനിച്ചും തണ്ണീർചാമം വന്നാൽ

....

മുകിലുണ്ട് കച്ചാംപോൽ വീശി വരുവാൻ
മുന്തിവരുന്നേരം മന്തം പോലുണ്ട്

CS CamScanner

....

തരം യെൻ ഉരുവ് മുരുകെട്ടിപ്പോയോ

പൊങ്കും കടല് പതം ഇല്ലാഞ്ഞിട്ടോ

....

ബാറണയും കിട്ടാവഴി ബില്ലം കിട്ടാ

മാലാങ്കി കമ്പയും കാലാഞ്ചി കിട്ടാ

ഒമ്പതിലൂടെ നീരാടുകിലാകാ

ഒരാശ കമ്മത്തടുക്കു ലൂമാകാ'

കപ്പപ്പാട്ടിലെ ഈ വരികളിൽ പ്രയോഗിച്ചിരിക്കുന്ന പാണ്ടി, അണിയം, നടുമല്ലം, താർച്ചീല, മണിക്കാല്, ചാമം, മറുചാമം, കച്ചാം, ബാറണ, ബില്ലം, കാലാഞ്ചി, കമ്മത്ത് മുതലായവ തനി ദ്വീപുപദങ്ങൾ ആണ്. അതിനുപുറമെ കടൽയാത്രക്കിടയിൽ ഓടത്തിന്റെ അടിഭാഗത്ത് പറ്റിപ്പിടിച്ച് അതിന്റെ വേഗതകുറക്കുന്ന ഒരുതരം കടൽജീവികളെ (മുരു) ഉളികൊണ്ട് ചുരണ്ടിക്കളയുന്ന ദ്വീപുകാരുടെ രീതി പോലും മുസ്ല്യാർ മനസ്സിലാക്കിയിരുന്നു.

"ചീന്തും ഉളിയും ഞെറിയോടെയെന്തി

ചിന്താ ചരിച്ച് മുരുവം ചുരണ്ടി"

എന്നീ വരികൾ ആവസ്തുത വ്യക്തമാക്കുന്നു.

കേരളതീരത്തുനിന്നും ലക്ഷദ്വീപുകൾ ലക്ഷ്യമാക്കി പുറപ്പെട്ട ഒരു ഓടത്തോടാണ് മനുഷ്യനാകുന്ന കപ്പൽ ഈ ലോകമാകുന്ന സമുദ്രത്തിലൂടെ പ്രയാണം ചെയ്ത് മോക്ഷം എന്ന ലക്ഷ്യത്തിലെത്തുന്നതിനോടാണ് മുസ്ല്യാർ ഉപമിച്ചിരിക്കുന്നത്.

'ആറേഴുനാളുള്ള ഓട്ടം കളിച്ചാൽ

അയ്യോ ഉരുവ് കരയേറ്റും നാളിൽ

ഈ വരികളിലൂടെ മുസ്ല്യാരവർകൾ ഈ ലോകമാകുന്ന സമുദ്രത്തിലൂടെയുള്ള മനുഷ്യക്കപ്പലിന്റെ പ്രയാണദൈർഘ്യത്തെ അക്കാലത്തെ ദ്വീപോടങ്ങളിൽ കേരളത്തിൽനിന്നും ദ്വീപിലേക്കുള്ള പ്രയാണദൈർഘ്യകാലമായ ആറേഴുനാളുകളോടാണുപമിച്ചിരിക്കുന്നത്. മനുഷ്യക്കപ്പൽ ലക്ഷ്യത്തിലെത്താറാവുമ്പോൾ പ്രത്യക്ഷപ്പെടുന്ന കെണികളിൽ കുടുങ്ങി തീരാനഷ്ടം വരുത്തിവയ്ക്കരുതെന്നുപദേശിക്കാൻ അദ്ദേഹം തിരഞ്ഞെടുത്ത ഉപമ ദ്വീപുകൾ അടുക്കാറാവുമ്പോൾ പ്രത്യക്ഷപ്പെടുന്ന 'അഫനൂസ്' എന്ന മത്സ്യകുട്ടങ്ങളേയും

അതിനെ ചാടിപ്പിടിക്കാനുള്ള ത്വരയെയുമാണ്. ദ്വീപുകൾക്ക് സമീപം കണ്ടുവരുന്നവയും ദ്വീപുകളിൽ ഇന്നും അതേപേരിൽതന്നെ അറിയപ്പെടുകയും ചെയ്തുവരുന്ന അഫനൂസ് എന്ന മത്സ്യത്തെപ്പറ്റിയും അവയെ പുറംകടലിൽവച്ച് ചാട്ടുളി എറിഞ്ഞുപിടിക്കുന്ന ദ്വീപുകാരുടെ സവിശേഷ രീതിയെപ്പറ്റിയും കുഞ്ഞായിൻ മുസ്ല്യാർ തന്റെ ദ്വീപുകാരായ സഹപാഠികളിൽനിന്നും മനസ്സിലാക്കിയിരുന്നുവെന്നു കപ്പപ്പാട്ടിലെ വരികൾ വ്യക്തമാക്കുന്നു.

"ഒരുകൂട്ടം അഫനൂസ് ആറ്റുള്ളിൽ കണ്ടാൽ
കരയെന്നി ആകുൽ കുറവില്ലപോലോ
ചാട്ടുളികെട്ടം ചരടും പിടിച്ചി
ചാടിയെടുത്താൽ ഒടുങ്ങാതെ കാണും
ഓട്ടം വിട്ടേറ്റം നീ വേട്ടയിൽ വീണാൽ
ഒട്ടല്ലചേതങ്ങൾ മട്ടില്ല പൊട്ടാ
വേട്ടയിൽ പുക്ക് നീ ബേഖബറായാൽ
വേടാ നിനക്ക് ഫലം എന്തുപോലോ"

ലക്ഷ്യത്തിലേക്കെത്താറാവുമ്പോൾ പ്രത്യക്ഷപ്പെടുന്ന ആകർഷണങ്ങളിൽ കുടുങ്ങി സമയം നഷ്ടപ്പെടുത്താതെയും ലക്ഷ്യം തെറ്റാതെയും ഉദ്ദേശ്യം സഫലമാക്കണമെന്നുപദേശിക്കാൻ വേണ്ടിയാണ് അദ്ദേഹം ഈ ഉപമ തിരഞ്ഞെടുത്തിരിക്കുന്നത്. പരോക്ഷമായി ലക്ഷദ്വീപുകളെക്കുറിച്ചുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കുന്ന കുഞ്ഞായിൻ മുസ്ല്യാർ ഒട്ടേറെ ദ്വീപുപദങ്ങൾകൂടി മലയാളഭാഷയ്ക്ക് സംഭാവന ചെയ്തതായി കപ്പപ്പാട്ടിൽനിന്ന് ഗ്രഹിക്കാവുന്നതാണ്.

ലക്ഷദ്വീപും കേരളവുമായി ഇസ്ലാംമതസ്വീകരണ കാലമായ ഏഴാംനൂറ്റാണ്ട് തൊട്ട് തുടർന്നുവന്നിരുന്ന ഈ സാംസ്കാരികബന്ധം രണ്ട് പ്രദേശങ്ങളേയും കൂടുതൽ അടുപ്പിച്ചു. ലക്ഷദ്വീപുഭാഷാപദങ്ങളും മലയാളഭാഷാപദങ്ങളും പരസ്പരം കൈമാറാനും ഈ നീണ്ടകാല ബന്ധം അവസരമേകി. ലക്ഷദ്വീപുകളിൽ ഇന്നും പ്രയോഗത്തിലുള്ളവയും ഒരുകാലത്ത് മാപ്പിളഭാഷയിലും മാപ്പിളപ്പാട്ടുകളിലും പ്രയോഗത്തിലുണ്ടായിരുന്നവയുമായ അനേകം പദങ്ങൾ ഈ രണ്ട് പ്രദേശങ്ങളും തമ്മിൽ ദീർഘകാലമായി തുടർന്നുവന്നിരുന്ന സാംസ്കാരിക ബന്ധത്തിന്ന് ഉദാഹരണങ്ങളാണ്. പാക്കിയം (ഭാഗ്യം) കോളർ കട(ഔദാര്യം) ലണ്ട് (രണ്ട്) വിശേളം (വിവരം) റങ്ക് (ചായം) ഇണ്ടലിട്ട് (തിങ്ങിക്കൂടി) ചിത്തിര (യാത്ര) ലങ്കൽ (മിനുങ്ങൽ

-ജ്വലിക്കൽ) പാവിച്ച് (ഊഹിച്ച്) പാഭൂമി (വിജനഭൂമി) പയക്കം (സംസാരം) അദ്യപ്പം (അത്ഭുതം) ജോക്കിയം (അബദ്ധം) തോയൻ (പാവം) പൊലിവ് (സന്തോഷം) ചരദിച്ച് (സൂക്ഷിച്ച്) ബങ്കീശം (വംശപാരമ്പര്യം) കെലശം (രോഗം) ബീടർ (ഭാര്യാ) ഏപ്പറപ്പ് (അവയവങ്ങൾ) ഒൽപ്പാരിത്തം (ഉപമ) ഇങ്കിരിയപ്പാട് (കഷ്ടപ്പാട്) അഹപ്പെരുമ (അഹന്ത) അഹമിയം (രഹസ്യം) ഐശിലവ് - അയ്യലവ് (നിത്യചെലവ്) ചദിമാനം (വഞ്ചന) പശർമ (നനവ്) പിരിശം (പ്രിയം) ബരിശം (വർഷം) ബെണ്ണൂർ (വെണ്ണീറ്) ബെടിപ്പ് കേട് (അശുദ്ധി) ലോകമാന്യം (ലൗകിക കീർത്തി) മുതലായ പദങ്ങൾ ഇന്നത്തെ ദ്വീപുഭാഷയിലെന്നതുപോലെ ഒരുകാലത്ത് മാപ്പിളഭാഷയിലും നല്ലസ്വാധീനം നേടിയവയായിരുന്നു.

മലബാറിലെ മാപ്പിളകവികളുടെ രചനകൾ ദ്വീപുകളിലും ദ്വീപുകാരായ കവികൾ രചിച്ച സഫീനാപാട്ടുകളും നേർച്ചപ്പാട്ടുകളും കേരളത്തിലും പ്രസിദ്ധിയും അംഗീകാരവും നേടിയവയായിരുന്നു. 1920 നടുത്ത് ഒ. അബ്ദുസാഹിബ് (കീഴ്പറമ്പ്) രചിച്ച ഒരു കവിത യിൽ വ്യത്യസ്ത കാലഘട്ടങ്ങളിലെ പ്രമുഖരായ 41 മാപ്പിളകവികളുടെ പേരെടുത്ത് പറഞ്ഞതിൽ ഒരാൾ ലക്ഷദ്വീപുകാരനത്രെ.[10] സഫീനാ പാട്ടുരചനയിൽ ദ്വീപുകാർക്കുണ്ടായിരുന്ന പ്രാവീണ്യത്തിന് മലയാ ളത്തിലെ മാപ്പിളമാരിൽനിന്ന് ലഭിച്ച ഒരംഗീകാരം കൂടിയായിരുന്നു ഇതെന്ന് കണക്കാക്കാവുന്നതാണ്.

ലക്ഷദ്വീപുകളുടെ പ്രാചീനരീതിയ്ക്ക് പ്രകടമായ മാറ്റം സംഭവിച്ചു തുടങ്ങിയത് 1956ൽ കേന്ദ്രഭരണ പ്രദേശമായ പ്രഖ്യാപിക്കപ്പെട്ടതിനെ ത്തുടർന്നാണ്. വിദ്യാഭ്യാസരംഗത്ത് കൈവരിച്ച പുരോഗതി ദ്വീപുകാ രുടെ പരിവർത്തനത്തെ ത്വരിതപ്പെടുത്തി. ഇന്ന് മലയാളഭാഷാ മാദ്ധ്യമത്തിൽ വിദ്യാഭ്യാസം നടക്കുന്ന ലക്ഷദ്വീപുകളിൽനിന്ന് പ്രാചീന ദ്വീപുഭാഷാപദങ്ങൾ അപ്രത്യക്ഷമായിത്തുടങ്ങുകയും തൽ സ്ഥാനത്ത് മലയാള ഗ്രന്ഥഭാഷാപദങ്ങൾ ഉപയോഗിച്ചു തുടങ്ങുകയും ചെയ്തിരിക്കുന്നു. ഏതാനുംവർഷങ്ങൾകൂടി പിന്നിട്ടാൽ ഒരു പക്ഷെ, ശുദ്ധമായ മലയാള ഗ്രന്ഥഭാഷ സംസാരിക്കുന്ന ഏക പ്രദേശമെന്ന നിലയ്ക്കുകൂടി ലക്ഷദ്വീപുകൾ അറിയപ്പെട്ടേക്കാം. അത്രയും ത്വരിത ഗതിയിലുള്ള ഭാഷാമാറ്റമാണ് ദ്വീപുകളിൽ ഇന്ന് സംഭവിച്ചുകൊണ്ടി രിക്കുന്നത്.

മലയാളഭാഷയേക്കാളും ഭംഗിയായി ആശയം വ്യക്തമാവാനും ആലങ്കാരിക രൂപത്തിലും ഫലിതരൂപത്തിലും സംക്ഷിപ്തമായി കാര്യങ്ങൾ അവതരിപ്പിക്കാനും ഉപയുക്തമായ ഒട്ടേറെ പദങ്ങളും

CamScanner

പ്രയോഗങ്ങളും ദ്വീപുഭാഷയിലുണ്ട്. ആ സവിശേഷത സംരക്ഷിക്കപ്പെടേണ്ടത് ഭാഷയുടെ വികാസത്തിന് സഹായകരമായ ഒരു നടപടി എന്നതിലുപരി ചരിത്രപരമായ ഒരാവശ്യം കൂടിയാണ്. ലക്ഷദ്വീപുഭാഷയിൽനിന്ന് പലതും മലയാളഭാഷ ഉൾക്കൊള്ളേണ്ടതാണെന്ന വസ്തുതയെപ്പറ്റി ശ്രീ. എൻ. വി. കൃഷ്ണവാരിയർ ഇങ്ങനെ എഴുതുന്നു. "ലക്ഷദ്വീപുകൾ ഒരു കേന്ദ്രഭരണപ്രദേശമായിത്തീർന്നതുകൊണ്ട് ആ ദ്വീപുകൾക്കോ കേരളത്തിന്നോ തൽക്കാലം വലിയ സാമ്പത്തിക നഷ്ടമൊന്നുമുണ്ടായിട്ടില്ലെങ്കിലും മലയാളഭാഷയ്ക്ക് തീർച്ചയായും ഗണ്യമായ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. കാരണം ദ്വീപുകളിലെ സമ്പന്നങ്ങളും വിചിത്രങ്ങളുമായ പ്രാദേശിക ഭാഷാരീതികൾകൊണ്ട് മലയാളത്തിന്റെ മുഖ്യധാരയ്ക്ക് ആഴവും പരപ്പും ലഭിക്കുന്നതിനുള്ള അവസരം അങ്ങനെ നഷ്ടപ്പെട്ടിരിക്കയാണ്."[20]

ലക്ഷദ്വീപുകളുടെ ഭാഷാസവിശേഷതകൾ മാത്രമല്ല ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ നേടിയവയിൽ ഒന്നുപോലും നഷ്ടപ്പെടുവാനോ നഷ്ടപ്പെടുത്തുവാനോ അനുവദിക്കാതെ ഇന്നോളം സംരക്ഷിക്കുന്നതിൽ പഴയ തലമുറ ഒരുപരിധിവരെ വിജയിച്ചിട്ടുണ്ട്. ആ ചരിത്രപാരമ്പര്യവും തെളിവുകളും വരുംതലമുറകൾക്കും കൈമാറാനുള്ള സംവിധാനം ഭാവനയോടെ നടപ്പിലാക്കാൻ ത്വരിതഗതിയിലുള്ള ശ്രമമാരംഭിച്ചില്ലെങ്കിൽ സ്വന്തം മുഖവും ചരിത്രവും നഷ്ടപ്പെട്ട വികൃതചിത്രമായിരിക്കും ദ്വീപുകളുടേത്.

REFERENCES

1. കെ.വി. കൃഷ്ണയ്യർ- ലക്ഷദ്വീപു വാർഷികപ്പതിപ്പ് 1970
2. ഏ. ശ്രീധരമേനോൻ – കേരളചരിത്രം പേ: 26
3. L.V. Rama Swamy Iyengar - Malayalam Phonology Maharajas College Manuscript Library
4. പി.ഗോവിന്ദപിള്ള -മലയാളഭാഷാ ചരിത്രം 1956 പേ: 61-62
5. ഇളംകുളം കുഞ്ഞൻപിള്ള -അന്നത്തെ കേരളം പേ: 148
6. പി.ഏ. സെയ്തുമുഹമ്മദ് – ചരിത്രം ജേണൽ 1973 ഫിബ്രവരി മേയ് പേ: 60
7. എൻ.കെ. ജോസ്. ആദിമകേരള ക്രൈസ്തവർ 1972 പേ: 75-76
8. കെ. ദാമോദരൻ -കേരള ചരിത്രം

CS CamScanner

9. എൻ. കെ. ജോസ് -ആദിമ കേരള ക്രൈസ്തവർ പേ: 79-80

10. ഇളംകുളം - അന്നത്തെ കേരളം

11. ഡോ. സി.കെ. കരീം - കേരള ചരിത്രവിചാരം 1976 പേ: 157

12. K.P. Padmanabha Menon History of Kerala vol 1924 പേജ്. 54

13. എൻ. ആർ. കൃഷ്ണൻ -അയിത്തോച്ചാടനം അഥവാ ക്ഷേത്രപ്രവേശനം 1963 പേ: 2-19

14. കെ. പുറാടം കുഞ്ഞിക്കോയാ തങ്ങൾ (അന്ത്രോത്ത്) രചിച്ച ഫുതുഹാത്തുൽ ജസായിറ് ഫിൽ ഖസസിദ്ദുഖായിറ്' എന്ന സഫീനാപാട്ട് പേ: 51

15. സി.എൻ. അഹ്മദ് മൗലവി & കെ.കെ. മുഹമ്മദ് അബ്ദുൽ കരീം - മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം 1978 പേ: 208-210

16. കെ. കെ. മുഹമ്മദ്അബ്ദുൽകരീം - 1921 ലെ ഖിലാഫത്ത് ലഹളയും ആലിമുസ്ല്യാരും 1982 പേ: 12-14

17. Prof. K.V. Abdu Rahman Ponnani A brief historical account MES Ponnani College Souvenir 1969 P. 174-175

18. കെ. കെ. മുഹമ്മദ് അബ്ദുൽകരീം രസിക ശിരോമണി കുഞ്ഞായിൻ മുസ്ല്യാരുടെ കപ്പപ്പാട്ടും നൂൽമദ്ഹും 1983 പേ: 25-26

19. മഹത്തായ മാപ്പിളസാഹിത്യ പാരമ്പര്യം പേ: 457

20. ഏൻ.വി. കൃഷ്ണവാര്യർ -ഏ.പി. ഉദയഭാനുവിന്റെ 'അർത്ഥവും അനർത്ഥവും' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ പേ: 9

CamScanner

K.P. Sayed Ismail

പ്രമാദങ്ങൾ - പ്രതികരണങ്ങൾ

ലക്ഷദ്വീപ് ചരിത്രമെന്ന പേരിൽ വിരചിതമായ ഏതാനും ഗ്രന്ഥങ്ങളിൽ വാസ്തവ വിരുദ്ധവും ഇന്നും ലഭ്യമായ ചരിത്ര വസ്തുതകളുടെ വെളിച്ചത്തിൽ നിലനിൽക്കതകക്കതല്ലാത്തവയുമായ ഒട്ടേറെ പ്രമാദങ്ങൾ ദർശിക്കാവുന്നതാണ്.

ലക്ഷദ്വീപുകളുടെ പ്രാചീനത വ്യക്തമാക്കുന്ന ഭാഷാപരമായ സവിശേഷതകൾ സാംസ്കാരിക സമ്പ്രദായങ്ങൾ എന്നിവക്ക് പുറമെ അവിടെനിന്നും ലഭിച്ച പ്രതിമകൾ, ശിലകൾ, പുരാതനരേഖകൾ, പ്രാചീനനാണയങ്ങൾ എന്നിവയൊന്നുംതന്നെ പഠനവിധേയമാക്കാതെ ദ്വീപുചരിത്രം രചിക്കാനൊരുമ്പെട്ടവരാണ് ഇത്തരം അക്ഷന്തവ്യമായ പ്രമാദങ്ങൾ വരുത്തിവച്ചത്. പരിമിതമായ അനുഭവസമ്പത്തുവച്ചുകൊണ്ട് ഇംഗ്ലീഷുകാരായ ഏതാനും പരിശോധനോദ്യോഗസ്ഥന്മാർ എഴുതിവച്ചവയും, അബദ്ധ നിഗമനങ്ങളിലധിഷ്ഠിതവുമായ ഏതാനും വസ്തുതകൾ ആധികാരിക തെളിവുകളുടെ വെളിച്ചത്തിൽ പഠനവിധേയമാക്കാതെ അതേപടി പകർത്തിവരികയായിരുന്നു തുടർന്നു പലരും ചെയ്തുവന്നത്. അനുബന്ധമായി മറ്റൊരു തെളിവും ഉദ്ധരിക്കാനില്ലാതെ ഇംഗ്ലീഷുകാർതന്നെയും പലവുരു ആവർത്തിക്കുകയും അവരെ അന്ധമായി അനുകരിച്ച് മറ്റുപലരും പുനരാവർത്തനം ചെയ്യുകയും ചെയ്ത ഏതാനും പ്രമാദങ്ങളിൽ പ്രാമുഖ്യമർഹിക്കുന്ന ഒന്നാണ് ലക്ഷദ്വീപുകളിൽ കുടിയേറ്റം ആദ്യമായി ആരംഭിച്ചത്, ഇസ്ലാംമതം സ്വീകരിച്ച് മക്കത്തേക്കുപോയ ചേരമാൻ പെരുമാളെ തുടർന്നുണ്ടായതാണെന്നത്.

മക്കത്തുപോയ ചേരമാൻ പെരുമാളെ തിരിച്ചുകൊണ്ടുവരാൻ വേണ്ടി കേരളത്തിൽനിന്നും പുറപ്പെട്ട ഒരു സംഘം ആളുകൾ പ്രതികൂല കാലാവസ്ഥയിൽ ലക്ഷദ്വീപുകളിൽ എത്തിപ്പെട്ടെന്നും അവർ

നൽകിയ വിവരമനുസരിച്ച് ഹൈന്ദവരായ കേരളീയരായിരുന്നു വിജനമായ ഈ ദ്വീപുകളിൽ കുടിയേറിപ്പാർത്തതെന്നുമാണ് ഇംഗ്ലീഷു കാർ എഴുതിവച്ച കൽപിതകഥ.

ചേരമാൻ പെരുമാൾ മക്കത്ത് പോയതിനെ തുടർന്ന് കേരളത്തിൽ അസമാധാനമുണ്ടായെന്നും അതിനു പരിഹാരം കാണാനായി ൭-ാം നൂറ്റാണ്ടിൽ കോലത്തിരിയാണ് അന്വേഷണസംഘത്തെ അയച്ച തെന്നും കൊടുങ്ങല്ലൂരിൽനിന്നായിരുന്നു ആ അന്വേഷകസംഘം പുറപ്പെട്ടതെന്നും പ്രതികൂല കാലാവസ്ഥയിൽ അവർ എത്തിപ്പെട്ടത് ബങ്ങാരം ദ്വീപിലായിരുന്നുവെന്നും ദ്വീപിൽ കുടിയേറുന്നവർക്ക് കൃഷി ചെയ്യാവുന്നത്രയും സ്ഥലങ്ങൾ സ്വന്തമാക്കാമെന്ന് കോലത്തിരി പറഞ്ഞുവെന്നും, അതനുസരിച്ച് ഹൈന്ദവരായ കേരളീയരായിരുന്നു ദ്വീപുകളിൽ കുടിയേറിയതെന്നും ആദ്യ കുടിയേറ്റമുണ്ടായത് അമ്മേനി ദ്വീപിലായിരുന്നുവെന്നും മറ്റും അവരവരുടെ ഭാവനാവിലാ സമനുസരിച്ച് തുടർന്ന് പലതും എഴുതിവച്ചിട്ടുണ്ട്. ലക്ഷദ്വീപു കുടിയേറ്റത്തെ സംബന്ധിച്ച് ഇത്തരമൊരൈതിഹ്യമുണ്ടെന്ന് ഒരു ചടങ്ങുപോലെ എഴുതിവച്ച ഇംഗ്ലീഷുകാരോ അവരെ അന്ധമായി അനുകരിച്ചവരിൽ ആരെങ്കിലുംതന്നെയോ ഇതിന്നുപോത്ബലകമായി ഒറ്റത്തെളിവും ഉദ്ധരിച്ചിട്ടില്ല എന്നതാണ് കൗതുകമുണർത്തുന്ന വസ്തുത.

ഇംഗ്ലീഷുകാരുടെ ആഗമനത്തിന് മുൻപ് ലക്ഷദ്വീപുകളെപ്പറ്റി എഴുതിയ ഒരു രേഖയിലും മക്കത്തുപോയ പെരുമാളുമായി ബന്ധപ്പെ ടുത്തി ദ്വീപുകളിൽ കുടിയേറ്റം നടന്നുവെന്ന് ഒരൈതിഹ്യം ഉള്ളതായി ആരും രേഖപ്പെടുത്തിയിട്ടില്ല. കേരളചരിത്രത്തിലെ വിവാദപുരുഷ നായ ഒരു ചേരമാൻ പെരുമാൾ മക്കത്തുപോയെന്നും ഇല്ലെന്നും സ്ഥാപിക്കാൻവേണ്ടി പ്രസ്തുത ചേരമാൻ പെരുമാളുടെ കാലത്തെ സംഭവങ്ങൾ ലഭിക്കാവുന്നത്രയും പരതിയെടുത്ത് അവതരിപ്പിച്ച കേരള ചരിത്രകാരന്മാരിൽ ഒരാളുംതന്നെ ചേരമാൻ പെരുമാളെ അന്വേഷിച്ച് ഒരു സംഘത്തെ കോലത്തിരി കൊടുങ്ങല്ലൂരിൽനിന്ന് അയച്ചുവെന്നോ, ആ സംഘം വിജനമായ ലക്ഷദ്വീപുകളിൽ എത്തി യെന്നോ, ആ പ്രദേശത്ത് കുടിയേറ്റം നടത്താൻ കോലത്തിരി പ്രോത്സാഹനം നൽകിയെന്നോ രേഖപ്പെടുത്തിയിട്ടില്ല. തദ്വിഷയ മായി എന്തെങ്കിലുമൊരു സൂചന എവിടെ നിന്നെങ്കിലും ലഭിച്ചിരുന്നു വെങ്കിൽ ചേരമാൻ പെരുമാളുടെ മക്കായാത്രയ്ക്ക് ഉപോത്ബല കമായ ഒരു തെളിവെന്ന നിലയക്ക് ആ വിഷയത്തിൽ തൽപരരായ കേരള ചരിത്രകാരന്മാർ സ്വാഭാവികമായും ആ വസ്തുത പ്രാധാന്യ

ത്തോടെ രേഖപ്പെടുത്തുമായിരുന്നു. വിജനമായ ലക്ഷദ്വീപുകൾ കണ്ടെത്തിയതും ആദ്യ കുടിയേറ്റം നടത്തിയതും കേരളീയരായിരുന്നുവെന്നതിന് എന്തെങ്കിലും തെളിവ് ലഭ്യമായിരുന്നുവെങ്കിൽ കേരളചരിത്രത്തിലെ ഒരു സുപ്രധാന സംഭവമെന്ന നിലയ്ക്ക് കേരള ചരിത്രഗ്രന്ഥങ്ങളിൽ ഈ വസ്തുത യാദൃച്ഛികമായെങ്കിലും പ്രത്യക്ഷപ്പെട്ടേനെ. അത്തരം ഒരു പരാമർശം കേരള ചരിത്രകാരന്മാരിൽ ആരുംതന്നെ നടത്തിയിട്ടില്ലെന്നതുതന്നെ ഇത്തരമൊരൈതിഹ്യത്തിന്റെ നിരർത്ഥകതക്ക് മികച്ച ദൃഷ്ടാന്തമാണ്.

ചേരമാൻ പെരുമാൾ മക്കത്തുപോയെന്നും ഇല്ലെന്നും ശക്തിയുക്തം വാദിക്കുന്ന ഇരുചേരികളിലെ കേരള ചരിത്രകാരന്മാരിൽ ഏത് വിഭാഗത്തിൽ വിശ്വാസമർപ്പിച്ചിരുന്നുവെങ്കിലും ലക്ഷദ്വീപു കുടിയേറ്റത്തെ ചേരമാൻ പെരുമാളുമായി ബന്ധിപ്പിച്ചുണ്ടാക്കിയ ഈ കൽപിതകഥ പുനരാവർത്തനം ചെയ്യപ്പെടുകയില്ലായിരുന്നു. സുലൈമാൻ (851), അൽബീറൂണി (970-1039), ബെഞ്ചമിൻ (1159-60), അൽകസ്വിനി (1263-75), മാർക്കോപോളോ (1271-94), ഫ്രയർ ഒഡോറിക് (1286-94), ഫ്രയർജോർഡാനസ് (1288-94), ഇബ്നു ബത്തൂത്ത (1334 - 50), അബ്ദുൽ റസാക്ക് (1447) നിക്കോളോകോണ്ടി മുതലായ സഞ്ചാരികൾ രേഖപ്പെടുത്താത്ത കാരണത്താൽ ചേരമാൻ പെരുമാൾ മക്കത്ത് പോയില്ലെന്ന് കേരള ചരിത്രകാരന്മാരിൽ ഒരു വിഭാഗം വാദിക്കുന്നു. ഈ വിഭാഗത്തിൽപെടുന്ന ഏ. ശ്രീധരമേനോനെ ആധികാരികമായി ഉദ്ധരിക്കുന്ന ലക്ഷദ്വീപു ഗസറ്റിയർ (പേ:36) ആ വസ്തുതയിൽതന്നെയും പൂർണ്ണമായ വിശ്വാസമർപ്പിച്ചിരുന്നുവെങ്കിൽ ശ്രീധരമേനോന്റെ വാദഗതിയനുസരിച്ച് മക്കത്തേക്ക് കപ്പൽ കയറിയിട്ടില്ലാത്ത ചേരമാൻ പെരുമാളെ അന്വേഷിച്ച് ഒരു സംഘം പുറപ്പെട്ടുവെന്നോ, തുടർന്ന് കോലത്തിരി ദ്വീപുകളിൽ കുടിയേറ്റം പ്രോൽസാഹിപ്പിച്ചുവെന്നോ എഴുതിവയ്ക്കുമായിരുന്നില്ല. ചേരമാൻ പെരുമാൾ മക്കത്തേക്ക് പോയിയെന്ന് വിശ്വസിച്ചിട്ട് വേണമല്ലോ അന്വേഷണസംഘത്തെ അയക്കുക മുതലായ മറ്റ് അനന്തരകൃത്യങ്ങളെപ്പറ്റി ചിന്തിക്കാൻ.

ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മക്കത്തുപോയെന്ന് സമർത്ഥിക്കുന്ന മറ്റു കേരള ചരിത്രകാരന്മാരെ വിശ്വസിച്ചിരുന്നുവെങ്കിലും ഇത്തരം ഒരന്വേഷണസംഘത്തേയും കോലത്തിരിയേയും ചുറ്റിപ്പറ്റിയുള്ള കുടിയേറ്റ കഥ ചരിത്രദൃഷ്ട്യാ നിലനിൽക്കത്തക്കവയല്ലായിരുന്നുവെന്ന് ബോധ്യപ്പെടുമായിരുന്നു. മുഹമ്മദ് നബി (സ.അ)യുടെ കാലത്ത് അന്നത്തെ ചേരമാൻ പെരുമാൾ (ചെങ്കൽ

പെരുമാൾ അല്ലെങ്കിൽ ശംഖവർമ്മൻ എ.ഡി. (621-640*) ഇസ്ലാംമതം സ്വീകരിച്ച് മക്കത്തേക്കുപോയി എന്ന് അൽടബരി, കേരളോത്പത്തി, അറയ്ക്കൽ രേഖകൾ, മക്കൻസിമാൻ സ്ക്രിപ്റ്റ്, രിഹ്‌ലത്തുൽ മുലൂക്ക്, തുഹ്ഫത്തുൽ മുജാഹിദീൻ, മുതലായവ ഉദ്ധരിച്ച് സമർത്ഥിക്കുന്ന ശ്രീ. പി. ഏ. സെയ്തു മുഹമ്മദ് കേരള മുസ്ലിം ഡയറക്ടറി പേ: 108-110) തെളിവായി ഉദ്ധരിക്കുന്ന ഒരു അറയ്ക്കൽ രേഖ ഇങ്ങനെയാണ്. "മക്കത്തേക്ക് യാത്രചെയ്യാൻവേണ്ടി സകല ഒരുക്കങ്ങളും ചെയ്ത് ചേരമാൻ പെരുമാൾ ധർമ്മപട്ടണത്തിൽ കളങ്കരെക്ക് എഴുന്നള്ളി. തന്റെ സഹോദരിയായ ശ്രീരൂപി (ശ്രീദേവി)യെ വിളിച്ചു. നിന്റെ സന്താനം ഒരു കാലവും നാശം വരികയില്ല. നിന്റെ കുട്ടികൾ രണ്ടിനേയും അവരവർക്ക് യഥോചിതമായ സ്ഥാനത്തുവച്ച് നടത്തിക്കൊണ്ടുപോരണം. ആദിരാജാവിന് മാബലി എന്നു പേരുള്ളതുകൊണ്ട് മമ്മാലി എന്ന് പേർവരും. നിന്റെ നന്മക്കായി ഞാൻ രാജ്യഭാരം ചെയ്ത രാജചിഹ്നങ്ങളേയും നമ്മുടെ ആഭരണങ്ങളേയും മറ്റെല്ലാറ്റിനേയും ഞാൻ നിന്റെ അടുക്കൽതന്നെ തന്നിട്ടുണ്ട്. ഇപ്പോൾ ഞാൻ പോയ്‌വരട്ടെ എന്നു പറഞ്ഞ് സമ്മതം വാങ്ങിയുംകൊണ്ട് വളപട്ടണത്തുകോട്ടക്ക് എഴുന്നള്ളി. അവിടെയുള്ള കുട്ടികളെ വിളിച്ചു അവരോട് താഴെ പറയുന്ന ഇമ്പമായ വാക്കുകൾ പറഞ്ഞു. "പൊൻകിരീടവും പൊൻപൂണൂലും പൊൻകാരവും പൊൻചൂരലും എന്നിങ്ങനെയുള്ള രാജചിഹ്നങ്ങൾ എന്റെ സഹോദരിയായ ശ്രീരൂപിയുടെ അടുക്കൽ കൊടുത്തു ഏൽപിച്ചിട്ടുണ്ട്. ഞാൻ കപ്പൽ കയറിപ്പോകുന്നു. ഞാൻ പന്ത്രണ്ട് കൊല്ലത്തിനകത്തു വരാതെ ഇരുന്നാൽ ഏത് കാര്യത്തിനും കളങ്കരെ പോയി അവിടെ ഞാൻ കൽപിച്ചിരിക്കുന്ന പ്രകാരം കേട്ടുനടക്കണം. എല്ലാ രാജചിഹ്നങ്ങളും അവിടെനിന്ന് തരപ്പെടും." (മക്കൻസി മാനുസ്ക്രിപ്റ്റ് - മദ്രാസ് ഓറിയന്റൽ ലൈബ്രറി) ഈ രേഖയനുസരിച്ച് ചേരമാൻ പെരുമാൾ മക്കത്തുനിന്ന് തിരിച്ചുവന്നില്ലെങ്കിൽപോലും തന്നെ അന്വേഷിച്ച് ആരും വരേണ്ടതില്ലെന്നും ഏത് കാര്യത്തിന്നും കുളങ്കരെ പോയി അവിടത്തെ നിർദ്ദേശങ്ങൾ അംഗീകരിച്ചാൽ മതിയെന്നും കൽപിച്ചതായി കാണാം. തന്റെ യാത്രക്കുശേഷം ഭരണപരമായോ മറ്റോ എന്തെങ്കിലും പ്രതിസന്ധിയുണ്ടാവുകയാണെങ്കിൽപോലും തന്നെ അന്വേഷിച്ച് ആരും വരേണ്ടതില്ലെന്ന് വ്യക്തമായ നിർദ്ദേശം നൽകിയശേഷം മക്കത്തേക്കുപോയ ചേരമാനെ അന്വേഷിച്ച് എന്തിന് ഒരു സൈന്യത്തെ അയക്കണം? അല്ലെങ്കിൽ ചേരമാൻ പെരുമാളുടെ കൽപനയനുസരിച്ച് മാത്രം ഭരണം നടത്താൻ ബാധ്യസ്ഥരായവർ അദ്ദേഹത്തിന്റെ വ്യക്തമായ ആജ്ഞകളെ ലംഘിക്കാൻ ധൈര്യപ്പെട്ടുവെന്ന് വിശ്വസിക്കുന്നതെങ്ങനെ?

അവിശ്വസനീയവും ചരിത്രപരമായി തീരെ അപ്രസക്തവും കേരള ചരിത്രകാരന്മാരിൽ ആരും രേഖപ്പെടുത്തിയിട്ടില്ലാത്തതും ലക്ഷദ്വീപുകളിലെ ആദ്യ കുടിയേറ്റവുമായി യാതൊരു ബന്ധമില്ലാത്തതുമായ ഈ കെട്ടുകഥ ഇംഗ്ലീഷുകാർക്ക് പറ്റിയ വലിയ ഒരു പ്രമാദമായിരുന്നുവെന്ന് ഗ്രഹിക്കാതെയായിരുന്നു പൊടിപ്പും തൊങ്ങലുംവച്ച് മറ്റ് പലരും പകർത്തിയെഴുതിയത്. ആദിചേരാവലിയിലെ നെടും ചേരലാതൻ (ഇമയവരമ്പൻ) എന്ന ചേരമാൻ പെരുമാളുടെ കാലത്ത് ദ്വീപുകളിലുണ്ടായ ദക്ഷിണേന്ത്യൻ അധിനിവേശത്തെ ബന്ധപ്പെടുത്തി പറഞ്ഞുകേട്ടിരിക്കാവുന്ന സംഭവം ഇംഗ്ലീഷുകാർ തെറ്റായി വ്യാഖ്യാനിച്ചത് മാത്രമായിരിക്കണമിത്. ഏ.ഡി. രണ്ടാം നൂറ്റാണ്ടിൽ ലക്ഷദ്വീപുകൾ കീഴടക്കിയ ചേരമാൻ പെരുമാളുടെ (നെടുംചെരലാതൻ) സ്ഥാനത്ത് മക്കത്തുപോയ ചേരമാൻ പെരുമാളെയും (ചെങ്കൽ പെരുമാൾ അല്ലെങ്കിൽ ശംഖവർമ്മൻ) ലക്ഷദ്വീപുകളിലെ പോളിനേഷ്യൻ ആദിമവാസികളെ തുടർന്ന് പിൽക്കാലത്തുണ്ടായ ദക്ഷിണേന്ത്യൻ അധിനിവേശത്തെ ആദ്യ കുടിയേറ്റമായും ഇംഗ്ലീഷുകാർ തെറ്റിദ്ധരിച്ചത് മൂലം നേരിട്ട ചരിത്രാഭാസമാണിത്.

ഭരണാധികാരികളുടെ നാലു ഘട്ടങ്ങളിലായി നാടുവാണിരുന്ന 58 പെരുമാക്കന്മാരും മൊത്തത്തിൽ ചേരമാൻ പെരുമാൾ എന്ന പൊതു നാമത്തിലത്രെ അറിയപ്പെട്ടിരുന്നത്. ചേരമാൻ പെരുമാൾ എന്നത് വ്യക്തിനാമമായി ഗണിച്ചവർക്കെല്ലാം ലക്ഷദ്വീപുകളെക്കുറിച്ച് എഴുതിയ ഇംഗ്ലീഷുകാർക്ക് പിണഞ്ഞതുപോലെയുള്ള പ്രമാദങ്ങൾ സംഭവിച്ചിട്ടുണ്ട്. തദ്വിഷയമായി ശ്രീ. ഇളംകുളം കുഞ്ഞൻപിള്ള ഇങ്ങനെ എഴുതുന്നു. "ക്രിസ്തു ആദിശതകങ്ങളിൽ കേരളം വാണിരുന്ന ചേരന്മാരെ ഇമയരമ്പൻ ഹിമാലയമാകുന്ന അതിർത്തിയോട് കൂടിയ രാജ്യമുള്ളവൻ) ചെങ്കുട്ടുവൻ (നല്ല കുട്ടനാട്ടധീശൻ) നാർമുടിച്ചേരൻ (പനനാരുകൊണ്ടുള്ള കിരീടം ധരിച്ചവൻ) എന്നെല്ലാമല്ലാതെ പേർ പറഞ്ഞു നിർദ്ദേശിക്കാൻ പാടില്ലാ എന്നുണ്ടായിരുന്ന നിയമം പെരുമാക്കന്മാരുടെ കാലത്ത് സാർവ്വത്രികമായിരുന്നില്ലെങ്കിലും ചേരമാൻ പെരുമാൾ എന്നുമാത്രമേ സാധാരണയായി അവരെ വിളിച്ചിരുന്നുള്ളൂ. തമിഴ് കാവ്യങ്ങളിൽ കണ്ട അമ്മാതിരി വ്യവഹാരങ്ങൾ പിൽക്കാലങ്ങളിൽ തെറ്റിദ്ധാരണക്ക് കാരണമായിത്തീർന്നു. ചേരമാൻ പെരുമാൾ എന്നത് ഒരു കേരള രാജാവിന്റെ പേരാണെന്ന് വിശ്വസിക്കാൻ ഇടയായി."*(അന്നത്തെ കേരളം പേ: 154-155)*

ലക്ഷദ്വീപുകളിലെ ദക്ഷിണേന്ത്യൻ അധിനിവേശവുമായി ബന്ധപ്പെട്ട നെടുംചേരലാതൻ (ഇമയവരമ്പൻ) എന്ന ചേരമാൻ പെരുമാളെ

വിസ്മരിക്കുകയും തൽസ്ഥാനത്ത് ദ്വീപുകുടിയേറ്റവുമായി ഒരു ബന്ധവുമില്ലാത്ത മക്കത്തുപോയ ചേരമാൻ പെരുമാളെ പ്രതിഷ്ഠി ക്കാൻ ശ്രമിക്കുകയും ചെയ്തത് മൂലമാണ് ഇംഗ്ലീഷുകാർക്ക് ഈ പ്രമാദം സംഭവിച്ചത്. നെടും ചേരലാതന്റെ കാലത്തും (എ.ഡി. രണ്ടാം നൂറ്റാണ്ട്) ദ്വീപുകളിലുണ്ടായത് ആദ്യ കുടിയേറ്റമായിരുന്നില്ല. ജനവാ സവും പ്രത്യേക സംസ്കാരവുമുണ്ടായിരുന്ന ദ്വീപുകളെ ആദ്യമായി കീഴടക്കിയ ദക്ഷിണേന്ത്യൻ രാജാവെന്ന നിലയ്ക്ക് ആ പ്രദേശത്തു നിന്നു ദ്വീപുകളിലേക്കുള്ള കുടിയേറ്റം തന്റെ ഭരണകാലത്ത് പ്രോത്സാ ഹിപ്പിച്ചുവെന്നേയുള്ളൂ. ദ്വീപുകളിലെ ആദ്യകാല കുടിയേറ്റവുമായി ഒരു ചേരമാൻ പെരുമാൾക്കും ബന്ധമില്ലായിരുന്നു. ചരിത്രത്തിന്റെ ഏതെ ങ്കിലും ദശാസന്ധികളിൽ ദക്ഷിണേന്ത്യൻ തീരത്തുനിന്ന് ലക്ഷദ്വീപുക ളിലേക്കെന്നല്ല മറ്റേതെങ്കിലും വിജനമായ ദ്വീപുകളിലേക്ക് കുടിയേറ്റം നടന്നുവെന്നതിന് ചരിത്രത്തിൽ തെളിവുകളൊന്നുമില്ല.

ഇസ്ലാംമതം സ്വീകരിച്ച് മക്കത്തുപോയ ചേരമാൻ പെരുമാളെ അന്വേഷിച്ചുപോയവർ നൽകിയ വിവരമനുസരിച്ചായിരുന്നു ദ്വീപു കളിലെ ആദ്യ കുടിയേറ്റമുണ്ടായതെന്ന ചരിത്രാഭാസം പുനരാവ ർത്തനം ചെയ്യുകയും ഈ കുടിയേറ്റ പ്രക്രിയയെ പ്രോത്സാഹിപ്പിച്ചത് കോലത്തിരിയായിരുന്നുവെന്ന് എഴുതിവയ്ക്കുകയും ചെയ്തവരുടെ നിരർത്ഥകതക്ക് 'മൂഷകവംശം' മഹാകാവ്യംതന്നെ മികച്ച ദൃഷ്ടാന്ത മാണ്. ലക്ഷദ്വീപു ഗസറ്റിയറും (പേ: 36) മറ്റും എഴുതിവച്ചതുപോലെ കോലത്തിരിയായിരുന്നു ലക്ഷദ്വീപുകളിലേക്ക് കുടിയേറ്റം നടത്താൻ ഹൈന്ദവരായ കേരളീയരെ പ്രോത്സാഹിപ്പിച്ചിരുന്നതെങ്കിൽ കോല ത്തിരിമാരുടെ 11-ാം നൂറ്റാണ്ട് അവസാനം വരെയുള്ള ചരിത്രം പ്രതിപാ ദിക്കുന്ന മൂഷകവംശത്തിൽ തീർച്ചയായും ആ വസ്തുത പ്രാധാന്യ ത്തോടെ സ്ഥലം പിടിച്ചേനെ. ലക്ഷദ്വീപുകളിലെ കുടിയേറ്റ പ്രക്രിയ യുമായി ബന്ധപ്പെട്ടിരുന്നുവെന്ന ഒരവകാശവാദവും ഉന്നയിച്ചിട്ടില്ലാത്ത ഈ സംസ്കൃതകാവ്യത്തിൽ കോലത്തിരി ലക്ഷദ്വീപുകളെ 11-ാം നൂറ്റാണ്ടിൽ കീഴടക്കി എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അക്കാലമത്രയും ഈ ദ്വീപുകൾ കോലത്തിരിമാർക്ക് വിധേയമല്ലായി രുന്നുവെന്നതുകൊണ്ടും, ജനവാസമുള്ള ഈ ദ്വീപുകളെ കീഴടക്കുക എന്നത് കോലത്തിരി വംശാവലിയുടെ ദീർഘകാലാഭിലാഷമായി രുന്നത് കൊണ്ടുമായിരിക്കണമല്ലോ ആ ലക്ഷ്യം നേടിയ വല്ലഭൻ ശ്രീലങ്ക പിടിച്ചടക്കിയ ശ്രീരാമനേക്കാളും അഹങ്കരിച്ചത്. (Mooshaka Vamsha 14th Sarga 69 th Quadruple)

മക്കത്തുപോയ പെരുമാളെ തുടർന്നായിരുന്നു ദ്വീപുകളിൽ

ജനവാസമുണ്ടായതെന്ന് വരുത്തിത്തീർക്കാൻവേണ്ടി ഒരൈതിഹ്യം പടച്ചുണ്ടാക്കിയവർക്കും കണ്ണുമടച്ച് ആ ഐതിഹ്യം പകർത്തിയവർക്കും തങ്ങളറിയാതെ തന്നെ തൊട്ടടുത്ത വരികളിൽ ആ ഐതിഹ്യത്തിന്റെ നിരർത്ഥകത കൂടി മാലോകരെ അറിയിക്കേണ്ടിവന്നുവെന്നത് ഒരു വിധി വൈപരീത്യമായി അവശേഷിക്കുന്നു. ഈ ശാപത്തിൽനിന്ന് ഡബ്ല്യൂ റോബിൻസൺ, ലോഗൻ മുതലായ ഇംഗ്ലീഷുകാരോ, ലക്ഷദ്വീപു ഗസറ്റിയർ മുതലായ പിൽക്കാലഗ്രന്ഥങ്ങളോ രക്ഷപ്പെട്ടിട്ടില്ല. ഇസ്ലാംമതം സ്വീകരിച്ചു മക്കത്തുപോയ ചേരമാൻ പെരുമാളുടെ കാലഘട്ടം 9-ാം നൂറ്റാണ്ടിലാണെന്ന് പറയുന്ന ലോഗൻ (Malabar Voll II P: 277) അതേ പേജിൽ തന്നെ ഇസ്ലാംമതം ലക്ഷദ്വീപുകളിൽ പ്രചരിപ്പിച്ചത് "മുൻപ് മൗലാ" എന്നറിയപ്പെടുന്ന ഹ: ഉബൈദുള്ളയാണെന്നതിനോട് യോജിക്കുന്നുണ്ട്. മുൻപ് മൗലാ ആദ്യമെത്തിയത് അമ്മേനിയിലാണെന്നും ആദ്യവിജയം നേടിയ അന്ത്രോത്തിലാണ് അദ്ദേഹത്തിന്റെ മഖ്ബറ എന്നും സത്യസന്ധമായി ലോഗൻ അതേപേജിൽത്തന്നെ എഴുതുന്നു. ലോഗന്റെ മുൻഗാമിയായ റോബിൻസണും ഹ: ഉബൈദുള്ളയാണ് ദ്വീപുകളിൽ ഇസ്ലാംമതം പ്രചരിപ്പിച്ചത് എന്ന് സമ്മതിക്കുന്നു. ഇത്രയും കാര്യങ്ങൾ ഹ: ഉബൈദുള്ളയെപ്പറ്റി യഥാർത്ഥമായി രേഖപ്പെടുത്തിയവർ അദ്ദേഹത്തിന്റെ കാലഘട്ടത്തെക്കുറിച്ച് അൽപമെങ്കിലും പഠിച്ചിരുന്നുവെങ്കിലോ, ഹിജറ 38ൽ വധിക്കപ്പെട്ട ഈജിപ്തിലെ ഗവർണ്ണറായിരുന്ന മുഹമ്മദ് ഇബ്നു അബൂബക്കർ (റ)ന്റെ പുത്രനായിരുന്നു ഈ ഉബൈദുള്ള എന്ന ചരിത്രവസ്തുത ഗ്രഹിച്ചിരുന്നുവെങ്കിലോ ചേരമാൻ പെരുമാളുമായി ബന്ധപ്പെടുത്തിയ ദ്വീപുകളിലെ കുടിയേറ്റ കഥ എഴുതുമായിരുന്നില്ല. ഹിജ്റ 41ൽ (എ.ഡി. 662) ഹ. ഉബൈദുള്ള ഇസ്ലാംമതം പ്രചരിപ്പിച്ച ലക്ഷദ്വീപുകളിലായിരുന്നു 9-ാം നൂറ്റാണ്ടിന്നുശേഷം ആദ്യകുടിയേറ്റമുണ്ടായതെന്ന് ലോഗൻ മുതലായവർ എഴുതിവച്ചത്. മറ്റൊരു ചരിത്രപഠനത്തിനും തുനിയാതെ ഈ അബദ്ധം പുനരാവർത്തനം ചെയ്തവർ ഇംഗ്ലീഷുകാരോടുള്ള ബുദ്ധിപരമായ വിധേയത്വം പ്രകടിപ്പിക്കുക മാത്രമായിരുന്നു ചെയ്തത്. റോബിൻസൺ, ലോഗൻ, മുതലായവരുടേത് ദൈവവാക്യമായി സ്വീകരിച്ച് അവരവരുടെ കൃതികളിൽ പകർത്തിയവർക്കാർക്കുംതന്നെ 7-ാം നൂറ്റാണ്ടിലെ ഹ: ഉബൈദുള്ളയുടെ ഇസ്ലാം മതപ്രചരണ ചരിത്രം മൂടിവെയ്ക്കാനായില്ല.

ഇംഗ്ലീഷുകാരെ അനുകരിച്ച് ലക്ഷദ്വീപു ചരിത്രത്തെക്കുറിച്ച് ഗവേഷണം നടത്തിയ ലക്ഷദ്വീപു ഗസറ്റിയർ ഇംഗ്ലീഷുകാരേയും

അതിശയിക്കുന്ന വിധം ലക്ഷദ്വീപുകളിലെ കുടിയേറ്റക്കാലം 11-ാം നൂറ്റാണ്ടിലാണെന്നും (പേ: 41) 14-15 നൂറ്റാണ്ടുകളിലാണെന്നു (പേ:42) മൊക്കെ സ്ഥാപിക്കാൻവേണ്ടി അബന്ധങ്ങളുടെ ഒരു ശൃംഗലതന്നെ എഴുതിവച്ചു. "ലക്ഷദ്വീപുകളിൽ ഒരു പുരാതന സംസ്കാരത്തിന്റെ അവശിഷ്ടങ്ങളൊന്നുംതന്നെ ഇല്ലെന്ന്" (പേ: 37) തറപ്പിച്ച് പറഞ്ഞുകൊണ്ട് ചരിത്രപഠനം മുന്നോട്ടുകൊണ്ടുപോകുന്ന ഗസറ്റിയർ "ദ്വീപുകളിൽ പുരാതന സംസ്കാരത്തിന്റെ അവശിഷ്ടങ്ങളായ വിഗ്രഹങ്ങളോ ശിലായുധങ്ങളോ ഒന്നുംതന്നെയില്ലെന്ന്." (പേ: 37) വരെ നി:സങ്കോചം രേഖപ്പെടുത്തുന്നു. പ്രാചീന ലക്ഷദ്വീപുകളെക്കുറിച്ച് പഠനം നടത്താൻ തുനിഞ്ഞേക്കാവുന്ന ഭാവി തലമുറയോട് "ലക്ഷദ്വീപുകളുടെ പഴയകാല ചരിത്രം ഇങ്ങിനിവരാത്തവണ്ണം അപ്രത്യക്ഷമായിപ്പോയി"(പേ: 36) എന്നുകൂടി ഗവേഷണപഠനം പൂർത്തിയാക്കിയ ഗസറ്റിയർ ഓർമ്മിപ്പിക്കുന്നുണ്ട്.

ദ്വീപുകളുടെ പ്രാചീനചരിത്രം വിസ്മൃതിയിൽ ലയിച്ചു പോയി എന്ന സംതൃപ്തിയിൽ എന്തും എഴുതിക്കളയാമെന്ന് കരുതിയവർക്ക് നേരെ ലക്ഷദ്വീപുകളിലെ മണ്ണിലും ഭാഷയിലും സംസ്കാരത്തിലും ജീവിതരീതിയിലും മുഴച്ചുനിൽക്കുന്ന ചരിത്രവസ്തുതകളും മറ്റു ആധികാരികരേഖകളും വലിയ ചോദ്യചിഹ്നങ്ങളായി ഇന്നും അവശേഷിക്കുന്നു. ബി.സി. നാലായിരത്തിന് മുൻപ് അനന്തമായ ദ്വീപുകൾ തേടി പ്രയാണമാരംഭിച്ച പോളിനേഷ്യക്കാരായിരുന്നു ദ്വീപുകളിലെ ആദിമനിവാസികളെന്നതിനുള്ള തെളിവുകൾ ദ്വീപുകളിൽനിന്ന് ഇന്നും അപ്രത്യക്ഷമായിട്ടില്ല. ദ്വീപുകളുടെ ശിലായുഗ പാരമ്പര്യം വ്യക്തമാക്കുന്നവയായി അന്ത്രോത്തിൽനിന്നും കണ്ടെടുത്തതു പോലെയുള്ള അനേകം ശിലായുധങ്ങൾ ദ്വീപുകളിലെ മണ്ണിൽ ഇനിയും മറഞ്ഞുകിടപ്പുണ്ട്. ബി.സി. ശതകങ്ങളിൽ ദ്വീപുകളിൽ പ്രചരിച്ച ബുദ്ധമതത്തിന്റെ ദൃഷ്ടാന്തങ്ങളായ അശോകന്റെ ലിപികളും ബുദ്ധ വിഗ്രഹങ്ങളും വിഹാരങ്ങളുടെ അവശിഷ്ടങ്ങളും മറ്റും ദ്വീപുകളുടെ പ്രാചീനതയ്ക്ക് നിദാനമായി ഇന്നും ദ്വീപുകളിൽ തന്നെയുണ്ട്.

ദക്ഷിണേന്ത്യയിലേതിൽനിന്നും പാടെ വ്യതിരിക്തമായ ഒരു സംസ്കാരംതന്നെ ദ്വീപുകളിലുണ്ടായിട്ടും അവയിലൊന്നുപോലും മനസ്സിലാക്കാനോ അതിന്റെ ഉറവിടത്തെപ്പറ്റി അന്വേഷിക്കാനോ ലക്ഷദ്വീപു ഗസറ്റിയർ മുതലായ ഗ്രന്ഥങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടില്ല. ഏറ്റവും ചുരുങ്ങിയത് ദ്വീപു സാമൂഹ്യവ്യവസ്ഥിതിയിൽ നാലാം കിടക്കാരായി ഗണിച്ചുവരുന്നത് മലയാൺമക്കളെയായിരുന്നുവെന്ന

തിന്റെ ചരിത്രപശ്ചാത്തലമെങ്കിലും ചിന്തിച്ചിരുന്നുവെങ്കിൽ മലയാളിക ളായിരുന്നു ദ്വീപുകളിലെ ആദ്യ കുടിയേറ്റക്കാർ എന്ന് ഒരിക്കലും എഴുതേണ്ടിവരുമായിരുന്നില്ല. ലക്ഷദ്വീപുഗസറ്റിയർ മുതലായ ഗ്രന്ഥങ്ങളിൽ എഴുതിയതുപോലെ കോലത്തിരിയുടെ സംരക്ഷണ യിൽ ദ്വീപുകളിൽ ആദ്യമായി കുടിയേറിയത് ഹൈന്ദവരായ മലയാളി കളായിരുന്നുവെന്ന് സ്ഥാപിക്കണമെങ്കിൽ ഇവരെ നാലാംസ്ഥാനത്ത് മാറ്റിനിർത്താൻ മാത്രം പ്രബലരായ ഏത് സമൂഹമായിരുന്നു പിൽക്കാ ലത്ത് കുടിയേറിയത് എന്നുകൂടി ഗവേഷണം നടത്തി കണ്ടുപിടിക്കേ ണ്ടിയിരിക്കുന്നു. അത്തരം വാദഗതികളൊന്നും അവതരിപ്പിക്കാനി ല്ലാത്ത സ്ഥിതിക്ക് ദ്വീപുകളിൽ വേരുറച്ച ഒരു സാമൂഹ്യരീതി ഉണ്ടാ യിക്കഴിഞ്ഞ് നൂറ്റാണ്ടുകൾക്കുശേഷം മാത്രമാണ് ഉപജീവനാർത്ഥം മലയാളികൾ ഒറ്റക്കൊറ്റക്കായോ ചെറുസംഘങ്ങളായോ ദ്വീപുകളി ലെത്തിപ്പെട്ടത് എന്ന ചരിത്രസത്യം അംഗീകരിക്കുകയായിരുന്നു ഭംഗി. മലയാളികളായിരുന്നില്ല ദ്വീപുകളിലെ ആദിമനിവാസികൾ എന്ന് തെളിയിക്കാൻ ലക്ഷദ്വീപുസാമൂഹ്യവ്യവസ്ഥിതിയിലെ ഈ സവിശേ ഷതതന്നെ മതിയാകുന്നതാണ്.

ക്രിസ്തുവിന്ന് 1500 വർഷങ്ങൾക്ക് മുൻപ് തൊട്ടുള്ള ജനവാസം അവകാശപ്പെടാൻ സഹായിക്കുന്ന പോളിനേഷ്യൻ സംസ്കാരത്തിന്റെ അവശിഷ്ഠങ്ങളും മറ്റുഅനുബന്ധ തെളിവുകളും ലക്ഷദ്വീപു ഗസറ്റി യറുടെ ശ്രദ്ധയിൽപെട്ടില്ലെന്നത് പോയിട്ട് ബി.സി. ശതകങ്ങളിൽ പ്രചരിച്ച ബുദ്ധമതത്തിന്റെ തെളിവുകളെപ്പറ്റിപ്പോലും പ്രസ്തുത ഗ്രന്ഥം തികഞ്ഞ അജ്ഞതയാണ് പ്രകടിപ്പിക്കുന്നത്.

ലക്ഷദ്വീപുകളിൽനിന്നുമുള്ള ആമത്തോട് കയറ്റുമതിയെപ്പറ്റി എ.ഡി. 60ൽ പെരിപ്ലൂസ്കാരൻ രേഖപ്പെടുത്തിയതിന് ദൃഷ്ടാന്തമായി എ.ഡി. ഒന്നും രണ്ടും നൂറ്റാണ്ടുകാലത്തെ അനേകം സ്വർണ്ണനാണ യങ്ങൾ കടമത്ത് ദ്വീപിൽനിന്ന് കിട്ടിയത് ചേരമാൻ ഇതിഹാസം വിശ്വസിക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്തവർക്കേറ്റ കനത്ത പ്രഹരമായിരുന്നു. 9-ാം നൂറ്റാണ്ടിലെ ചേരമാൻ പെരുമാളെ തുടർ ന്നാണ് ദ്വീപുകളിൽ കുടിയേറ്റമുണ്ടായതെന്ന് വിശ്വസിച്ചവർക്ക് ഒരു കീറാമുട്ടിയായിത്തീർന്നു ഈ സ്വർണ്ണനാണയങ്ങൾ.

കടമത്ത് ദ്വീപിൽ കല്ല് വെട്ടാൻ കുഴിച്ചേടത്തുനിന്നും കിട്ടിയത് ഒന്നും രണ്ടും നൂറ്റാണ്ട് കാലത്തെ അനേകം സ്വർണ്ണനാണയങ്ങളാ യിരുന്നുവെന്ന് സമ്മതിക്കുകയും ഇവ ഏതെങ്കിലും ദ്വീപുകാരൻ കട ൽകൊള്ളക്കാരെ ഭയന്ന് ഒളിപ്പിച്ചതായിരിക്കാം (എന്ന് അനുമാനി ക്കുകയും ചെയ്യുന്ന മൂർക്കോത്ത് രാമുണ്ണി (Laccadive, Minicoy&

CamScanner

Amindivi Islands P.4) 1795ൽ ഇഗ്ലീഷുകാരനായ ലഫ്റ്റനന്റ് ബെന്റ്ലി കടമത്ത് ദ്വീപിൽ ജനവാസമുണ്ടായിരുന്നില്ലെന്ന് പറയുന്നുവെന്ന ഒറ്റക്കാരണത്താൽ ഇതെങ്ങിനെ സംഭവിച്ചുവെന്ന് അത്ഭുതപ്പെടുകയാണ്. ലക്ഷദ്വീപുകളും റോമുമായുണ്ടായിരുന്ന പഴയകാല വ്യാപാരബന്ധത്തിന്റെ ഒന്നാന്തരം ദൃഷ്ടാന്തമായിരുന്നു ഈ സ്വർണ്ണ നാണയങ്ങൾ എന്നംഗീകരിച്ചിരുന്നുവെങ്കിലോ, എ.ഡി. 7-ാം നൂറ്റാണ്ടിൽ ഹ: ഉബൈദുള്ള ഇസ്ലാംമത സന്ദേശവുമായി എത്തുന്നതിന് മുൻപ് തന്നെയും ജനവാസമുള്ളതായിരുന്നു കടമത്ത്ദ്വീപെന്ന് ഫുതൂഹാത്തുൽ ജസായിറ് വ്യക്തമായി രേഖപ്പെടുത്തിയത് വിശ്വസിച്ചിരുന്നുവെങ്കിലോ ഈ സംഭവത്തിൽ യാതൊരത്ഭുതത്തിനും അവകാശമില്ലായിരുന്നു.

കടമത്ത് ദ്വീപിന്റെ ഏകദേശം മദ്ധ്യഭാഗത്തുള്ള 'ചാളാക്കാട്' എന്ന വീടിന്റെ പുറകുവശത്തുനിന്ന് 'പലർക്കുമായി കിട്ടിയത് അനേകം സ്വർണ്ണനാണയങ്ങളായിരുന്നുവെന്ന' അന്നത്തെ അമ്മേനി ഗ്രൂപ്പ് ദ്വീപുകളുടെ ഭരണാധികാരിയായിരുന്ന മനേഗാർ അബ്ദുൽ ശുക്കൂർ കടമത്ത് കാറാണിക്ക് 1948 ആഗസ്ത് 17 ന് അയച്ച കൽപന (Rec No. 310 & 48) യിൽ വ്യക്തമായി പറഞ്ഞിട്ടും 'ഒന്നോ രണ്ടോ' സ്വർണ്ണ നാണയങ്ങൾ കടമത്തെ കടപ്പുറത്തുനിന്ന് കിട്ടിയെന്നാണ് അറബിക്കടലിലെ പവിഴദ്വീപുകൾ എന്ന ഗ്രന്ഥത്തിന്റെ കർത്താക്കൾ എഴുതിയത്. പ്രാചീന റോമൻ നാണയങ്ങൾ കിട്ടിയെന്ന വസ്തുത എഴുതാതിരിക്കാനും നിവൃത്തിയില്ല, ആ ദ്വീപിൽ അക്കാലത്ത് ജനവാസമുണ്ടായിരുന്നുവെന്ന് ഇംഗ്ലീഷുകാരുടെ വരമൊഴിയെ മറികടന്ന് വിശ്വസിക്കാനും വയ്യ എന്ന പരുവത്തിലായപ്പോൾ ആ ദ്വീപിൽ ഇറങ്ങിയ വല്ല റോമക്കാരുടേയും കൈയ്യിൽനിന്ന് കടപ്പുറത്ത് വീണുപോയതായിരിക്കാം ഈ ഒന്നോ രണ്ടോ നാണയങ്ങൾ എന്ന് വരുത്തിത്തീർക്കാൻവേണ്ടിയായിരിക്കണം ഇങ്ങനെ എഴുതിയത്. കടമത്ത് ദ്വീപിൽനിന്ന് കിട്ടിയ നാണയങ്ങൾ ഒന്നും രണ്ടും നൂറ്റാണ്ടിലേതായിരുന്നുവെന്ന് തെളിയിക്കപ്പെട്ട സ്ഥിതിക്ക് ഒന്നോ രണ്ടോ എന്നതിന് പകരം ഏറ്റവും ചുരുങ്ങിയത് രണ്ട് നാണയങ്ങൾ എന്നെങ്കിലും എഴുതേണ്ടിയിരുന്നു. കാരണം രണ്ട് നൂറ്റാണ്ടുകാലത്തെയും റോമൻ നാണയങ്ങൾ വ്യത്യസ്ഥങ്ങളായിരുന്നുവെന്നതുതന്നെ. കടമത്ത് ദ്വീപിൽനിന്നും കിട്ടിയത് രണ്ട് നാണയങ്ങൾ ഒരു നാണയവും രണ്ടാംനൂറ്റാണ്ടിൽ മറ്റൊരു നാണയവും കടപ്പുറത്ത് വീണുപോയത് 1948 വരേയ്ക്കും അവിടെത്തന്നെ കിടന്നുവെന്നും, പതിനെട്ടു നൂറ്റാണ്ടുകാലത്തിനിടയിലുണ്ടായ വേലിയേറ്റം കടൽക്ഷോഭം മുതലായ പ്രതിഭാസങ്ങൾക്കൊന്നും ഈ നാണയങ്ങളിൽ ഒരു ചലനവും

സൃഷ്ടിക്കാൻ സാധിച്ചില്ലെന്നും വിശ്വസിക്കുന്നതെങ്ങനെ? ഇത്രയേറെ പ്രയാസപ്പെട്ട് അവിശ്വാസ്യതയും അയഥാർത്ഥ്യവും പ്രചരിപ്പിക്കാൻ ശ്രമിച്ചതിന് പകരം ഈ നാണയങ്ങൾ ദ്വീപിന്റെ മദ്ധ്യഭാഗത്തുനിന്നായിരുന്നു കിട്ടിയതെന്ന യാഥാർത്ഥ്യം അതേപടി രേഖപ്പെടുത്താമായിരുന്നില്ലേ? വസ്തുതകൾ വളച്ചൊടിക്കാതെ സത്യസന്ധമായി അവതരിപ്പിക്കുകയായിരുന്നില്ലേ ചരിത്രധർമ്മം?

1948ൽ കടമത്ത് ദ്വീപിൽനിന്നും കിട്ടിയത് ഏ.ഡി. ഒന്നും രണ്ടും നൂറ്റാണ്ടുകാലത്തെ റോമൻ നാണയങ്ങളായിരുന്നുവെന്ന് രേഖപ്പെടുത്തിയ ലക്ഷദ്വീപു ഗസറ്റിയറും ഈ ദ്വീപുകാർ അക്കാലത്തും റോമുമായി വ്യാപാബന്ധത്തിലേർപ്പെട്ടിരുന്നുവെന്ന ചരിത്രസത്യം അംഗീകരിക്കാൻ തയ്യാറാവുന്നില്ല. പ്രത്യുത ചരിത്രഗ്രന്ഥങ്ങളിൽ ആരും എഴുതിക്കാണാത്ത പുതിയ വാദഗതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഈ ദ്വീപിൽ ജനവാസമുണ്ടാകുന്നതിനും നൂറ്റാണ്ടുകൾക്ക് മുൻപുതന്നെ റോമക്കാർ ഇവിടം സന്ദർശിക്കാറുണ്ടായിരുന്നുവെന്നതിന്റെ തെളിവായിട്ട് മാത്രമാണ് ലക്ഷദ്വീപ് ഗസറ്റിയർ ഇതുദ്ധരിക്കുന്നത്. ക്രയവിക്രയ മാധ്യമമായ നാണയങ്ങൾക്ക് വിജനമായ ഈ ദ്വീപിൽ എന്തായിരുന്നു പ്രസക്തി എന്നതിനോ, ജനവാസമില്ലാത്ത ദ്വീപുകൾ ഒന്നും രണ്ടും നൂറ്റാണ്ടുകാലത്തെ റോമക്കാർ എന്തിനായിരുന്നു സന്ദർശിച്ചിരുന്നതെന്നതിനോ ഒരു വിശദീകരണവും ഗസറ്റിയർക്ക് നൽകാനില്ല.

കടമത്ത് ദ്വീപിൽനിന്ന് കിട്ടിയത് അനേകം സ്വർണ്ണനാണയങ്ങളായിരുന്നുവെന്ന് അന്നത്തെ ദ്വീപുഭരണാധികാരി എഴുതിവച്ചിട്ടും, ലക്ഷദ്വീപു ഗസറ്റിയർ അവ ഏതാനും നാണയങ്ങളായും, അറബിക്കടലിലെ പവിഴദ്വീപുകൾ എന്ന ഗ്രന്ഥത്തിന്റെ കർത്താക്കൾ അത് ഒന്നോ രണ്ടോ നാണയമായും ചുരുക്കി. നാണയങ്ങളുടെ എണ്ണം ചുരുക്കിയാൽ അതിന്റെ പ്രസക്തി നഷ്ടപ്പെടുമെന്നോ, ദ്വീപുകളും റോമുമായുണ്ടായിരുന്ന രണ്ട് നൂറ്റാണ്ടുകാലത്തെ വ്യാപാരബന്ധത്തിന് അതൊരു തെളിവായുദ്ധരിക്കാൻ സാധ്യമല്ലെന്നോ കരുതിയിരുന്നുവെങ്കിൽ അതും അവർക്ക് പറ്റിയ ഒരു പ്രമാദമായിരുന്നു. സാധാരണ ഗതിയിൽ ഏതെങ്കിലും പ്രാചീന നാണയം കണ്ടുകിട്ടിയാൽ അത് ആ പ്രദേശത്തിന്റെ പ്രാചീന ബന്ധങ്ങൾക്ക് തെളിവായാണ് സ്വീകരിക്കാറ്. ശ്രീ. ഇളംകുളം കുഞ്ഞൻപിള്ള തെക്കേ ഇന്ത്യയും റോമുമായുള്ള വ്യാപാരബന്ധത്തിന് തെളിവായി ഉദ്ധരിക്കുന്നത് തെക്കേ ഇന്ത്യയിൽ പലഭാഗത്തു നിന്നുമായി കിട്ടിയ അഗസ്റ്റസ് മുതലുള്ള റോമൻ ചക്രവർത്തിമാരുടെ നാണയങ്ങളാണ്. (ഇളംകുളം- അന്നത്തെ കേരളം പേജ: 33) ഒന്നാം നൂറ്റാണ്ടിൽ തെക്കേ ഇന്ത്യയും

ചൈനയുമായുണ്ടായിരുന്ന വ്യാപാരബന്ധത്തിന് തെളിവായി അദ്ദേഹം ഉദ്ധരിക്കുന്നത് തെക്കേ ഇന്ത്യയിൽനിന്ന് കിട്ടിയ ചീന നാണയങ്ങളാണ്. അദ്ദേഹം ഇങ്ങനെ എഴുതുന്നു. "ക്രിസ്തുവർഷാരംഭത്തിൽ ചീനർ തമിഴകവുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്നുവെന്നുള്ളത് തീർച്ചയാണ്. അക്കാലത്തെ ചീന നാണയങ്ങൾ തെക്കേ ഇന്ത്യയിൽനിന്ന് കിട്ടിയിട്ടുണ്ട്. ചന്ദ്രവല്ലിയിൽനിന്ന് 1947ലെ ഖനനത്തിൽ ഒരു ചീനനാണയം കിട്ടി. അത് ഒന്നാം ശതകത്തിലേതായിരുന്നു." (അന്നത്തെ കേരളം പേ: 35) ഒന്നാം നൂറ്റാണ്ടിലെ ഒരു ചീന നാണയം ചന്ദ്രവല്ലിയിൽനിന്ന് കിട്ടിയത് ചൈനയുമായുണ്ടായിരുന്ന വ്യാപാരബന്ധത്തിന്ന് തെളിവായി അംഗീകരിക്കാൻ അദ്ദേഹം സന്നദ്ധനായെങ്കിലും രണ്ട് നൂറ്റാണ്ടുകാലത്തെ അനേകം സ്വർണ്ണ നാണയങ്ങൾ കടമത്ത് ദ്വീപിൽനിന്നും കിട്ടിയിട്ടും അവ ആ ദ്വീപും റോമുമായുണ്ടായിരുന്ന വ്യാപാരബന്ധത്തിന്റെ തെളിവായിരുന്നുവെന്നംഗീകരിക്കാൻ ഇംഗ്ലീഷുകാരുടെ വരമൊഴി ദൈവമൊഴിയായി സ്വീകരിച്ചതുകൊണ്ടു മാത്രം ലക്ഷദ്വീപുഗസറ്റിയർ മുതലായഗ്രന്ഥങ്ങൾക്ക് സാധിക്കാതെ പോയി.

കടമത്ത് ദ്വീപിന്റെ പ്രാചീനതയ്ക്ക് ആധാരമായി അവിടെനിന്നും ലഭിച്ച റോമൻ നാണയങ്ങളും മറ്റു ചരിത്രരേഖകളുമെല്ലാം ഉണ്ടായിരുന്നിട്ടുകൂടി ആ ദ്വീപിലെ ജനവാസം 19-ാം നൂറ്റാണ്ടിലുണ്ടായതാണെന്ന് സ്ഥാപിക്കാനാണ് ചിലർ ശ്രമപ്പെടുന്നത്. അതിന്നാധാരമായി, ആർ. എച്ച് എല്ലീസ് മുതലായവർ ഉദ്ധരിക്കുന്ന ഏക തെളിവ് ലഫ്റ്റനന്റ് ബെന്റ്ലി 1795 ൽ കടമത്ത്ദ്വീപിൽ ജനങ്ങളെ കണ്ടില്ലെന്ന് എഴുതിയതാണ്. 1845 ൽറോബിൻസൺ ഈ ദ്വീപ് സന്ദർശിച്ചപ്പോൾ അവിടെ ജനവാസമുണ്ടായിരുന്നുവെന്നും അന്നത്തെ ജനസംഖ്യ 133 ആയിരുന്നുവെന്നും എല്ലീസ് രേഖപ്പെടുത്തുന്നു. കടമത്തിലെ ജനവാസം ആദ്യമായി രേഖപ്പെടുത്തിയത് 1845 ൽ റോബിൻസൺ ആയിരുന്നുവെന്ന് രേഖപ്പെടുത്തുന്ന എല്ലീസിന്റെ ഗ്രന്ഥത്തിൽതന്നെയും 1831 ൽ കടമത്തിലെ ജനസംഖ്യ 76 ആയിരുന്നുവെന്ന് കാണാവുന്നതാണ്. (പേ:109) റോബിൻസന്റെ കാലത്തിനും മുൻപുള്ള ഈ ജനസംഖ്യാകണക്ക് എവിടെനിന്ന് ലഭിച്ചതാണെന്നതിനെപ്പറ്റിയുള്ള വിശദീകരണമൊന്നും ആ ഗ്രന്ഥത്തിലില്ല.

ദ്വീപിലെ ജനസംഖ്യ ചരിത്രത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ കുറവായിരുന്നുവെന്നത് ദ്വീപുകളെ സംബന്ധിച്ചേടത്തോളം അതിന്റെ പ്രാചീനതയ്ക്കാധാരമായ മുഖ്യതെളിവൊന്നുമല്ല എന്നത് ലക്ഷദ്വീപുചരിത്രത്തിലെ ഒരു സവിശേഷതയാണ്. ലക്ഷദ്വീപുകളിലെ ജനസം

ഖ്യ അനുസ്യൂതം വർദ്ധിക്കുകയായിരുന്നില്ല. പ്രത്യുത സാധാരണ രീതിയ്ക്ക് വിപരീതമായി അറിയപ്പെടുന്ന കാലഘട്ടത്തിലും ദ്വീപുകളിലെ ജനസംഖ്യ കുറഞ്ഞുവരികയായിരുന്നു. ഇതിന്നാധാരമായ കണക്ക് എല്ലീസിന്റെ ഗ്രന്ഥത്തിൽനിന്നുതന്നെയും ലഭ്യമാണ്. 1845 ൽ അമ്മേനിയിലെ ജനസംഖ്യ 2315 ആയിരുന്നത് 75 കൊല്ലങ്ങൾക്കുശേഷം 1920 ൽ 2148 ആയി ചുരുങ്ങുകയായിരുന്നു. മറ്റു ദ്വീപുകളിലെ സ്ഥിതിയും മറിച്ചായിരുന്നില്ല.

	1848	1920
കവരത്തി	2060	1460
ആക്കത്തി	1545	1051
കൽപേനി	1642	1375
അന്ത്രോത്ത്	2576	2492

ലക്ഷദ്വീപുകളിൽപെട്ട ഈ പ്രധാന ദ്വീപുകളിൽനിന്ന് മറ്റ് ദ്വീപുകളിലേക്ക് കുടിയേറിയതു കൊണ്ടായിരിക്കാം ഈ ദ്വീപുകളിലെ ജനസംഖ്യയിൽ കുറവ് കാണുന്നത് എന്ന് കരുതാനും നിവൃത്തിയില്ലാത്ത വിധമാണ് ദ്വീപുകളിലെ മൊത്തം ജനസംഖ്യാകണക്ക്. 1880ൽ ലക്ഷദ്വീപുകളിലെ മൊത്തം ജനസംഖ്യ 14129 ആയിരുന്നത് 1920 ൽ 13633 ആയി ചുരുങ്ങിയെന്ന് എല്ലീസ് ഉദ്ധരിക്കുന്ന കണക്കിൽനിന്നുതന്നെ വ്യക്തമാവുന്നതാണ്.

ലക്ഷദ്വീപുകളിലെ ജനസംഖ്യ പലപ്പോഴായി കുറഞ്ഞുവന്നിരുന്നുവെന്നത് അക്കാലത്ത് അസംഭവ്യമായിരുന്നില്ല. ഒറ്റപ്പെട്ടുകിടക്കുന്ന ഈ ദ്വീപുകളിൽ പ്രത്യേകിച്ചും കാലവർഷത്തിന്റെ പിടിയിലമരുന്ന കാലത്ത് എന്തെന്ത് അത്യാഹിതങ്ങൾതന്നെ സംഭവിച്ചാലും ബാഹ്യലോകം അതറിയുമായിരുന്നില്ല. ആ ദ്വീപുകളിൽനിന്ന് രക്ഷപ്പെടുകയെന്നത് അവശേഷിക്കുന്നവരെ സംബന്ധിച്ച് എളുപ്പവുമായിരുന്നില്ല. പ്രതികൂല കാലാവസ്ഥയിൽ വൻകരയിൽനിന്നോ മറ്റുദ്വീപുകളിൽ നിന്നോ എന്തെങ്കിലും സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കാൻകൂടി നിവൃത്തിയില്ലാത്ത വിധത്തിലായിരുന്നു അന്നത്തെ ദ്വീപുകളുടെ സ്ഥിതി. ആധുനിക ചികിത്സാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഈ ദ്വീപുകളിൽ പടർന്നുപിടിച്ച വസൂരി, കോളറ മുതലായ മഹാമാരികൾ പല ദ്വീപുകളിലെയും ജനസംഖ്യ അറിയപ്പെടുന്ന കാലത്തു പോലും ഗണ്യമായി കുറച്ചു. കടൽകൊള്ളക്കാരുടെ ആക്രമണങ്ങൾക്കും കൂട്ടക്കൊലകൾക്കും പലപ്പോഴും വിധേയമായിരുന്ന ദ്വീപുക

ളിൽ അറയ്ക്കൽ ഭരണകാലത്തുപോലും പറങ്കികളും കടൽകൊള്ള ക്കാരും കൂട്ടക്കൊലകൾ നടത്തി. ഇതിനുപുറമെ ദ്വീപുകളിൽ പല പ്പോഴായുണ്ടായ കൊടുങ്കാറ്റ് മുതലായ പ്രകൃതികോപങ്ങളും തുടർന്നു ണ്ടായ രോഗങ്ങളും ജനസംഖ്യഗണ്യമായി കുറയാൻ കാരണമായി ഭവിച്ചു. 1847ൽ കൽപേനിയിലും അന്ത്രോത്തിലും ആഞ്ഞടിച്ച കൊടുങ്കാറ്റും പ്രളയവും ആ ദ്വീപുകളിൽ കനത്ത ആൾനാശം വരു ത്തിവച്ചു. ഈ കൊടുങ്കാറ്റിനെത്തുടർന്ന് കൽപേനിയിലെ ജനസംഖ്യ 1600ൽനിന്ന് 450ആയും അന്ത്രോത്തിലേത് 2500ൽനിന്ന് 900ആയും ചുരുങ്ങി. (മലബാർ ഗസറ്റിയർ ഭാഗം 4പേ: 189)കൊടുങ്കാറ്റിനെ തു ടർന്ന് സർവ്വവും നഷ്ടപ്പെട്ട ഈ ദ്വീപുകാരിൽ ഭൂരിഭാഗം ആളുകളും മറ്റ് ദ്വീപുകളിൽ താൽക്കാലികാഭയം തേടി. കൽപേനിയിൽനിന്ന് 178 കി.മീ. ദൂരെയും അന്ത്രോത്തിൽനിന്ന് 157 കി.മീറ്റർ ദൂരേയും കിട ക്കുന്ന ആക്കത്തിയിൽപോലും ഈ ദ്വീപുകളിൽനിന്നുമുള്ള ജനങ്ങൾ അഭയാർത്ഥികളായി എത്തിയിരുന്നു. റോബിൻസന്റെ റിപ്പോർട്ടനുസ രിച്ചുതന്നെ 780ഓളം അന്ത്രോത്ത്കാരും കൽപേനിക്കാരും കൊടു ങ്കാറ്റിനെ തുടർന്ന് ആക്കത്തിയിൽ അഭയാർത്ഥികളുണ്ടായിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ മറ്റു ദ്വീപുകളിൽ താൽക്കാലികാഭയം തേടുകയും പിന്നീട് സ്വന്തം ദ്വീപിലേക്ക് തിരിച്ചുവരികയും ചെയ്യുക എന്നത് ദ്വീപുകാരെ സംബന്ധിച്ചേടത്തോളം അസാധാരണമായിരു ന്നില്ല. ഈ പൊതുനിയമം അമ്മേനിയിൽനിന്ന് വെറും 11 കി.മീ. മാത്രം ദൂരെകിടക്കുന്ന കടമത്തിനെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രായോഗികവുമായിരുന്നു. അക്കാരണംകൊണ്ടുതന്നെ കടമത്ത് ദ്വീപി ൽനിന്നും ജനങ്ങൾ അമ്മേനിയിലേക്ക് പലവുരു മാറിത്താമസിക്കു കയും ചെയ്തിരിക്കാം.

എ.ഡി. ആദ്യശതകം മുതൽക്കെങ്കിലും ജനവാസമുണ്ടായിരുന്ന തെന്ന് വ്യക്തമാക്കപ്പെട്ട കടമത്ത് ദ്വീപിന്റെ ചരിത്രപാരമ്പര്യം പഠി ക്കാൻ അവസരം ലഭിക്കാതെപോയ ലഫ്റ്റനന്റ് ബെന്റ്ലി,റോ ബിൻസൺ, എല്ലീസ് മുതലായവർ താല്ക്കാലികമായി ആ ദ്വീപിൽ ജനങ്ങളെ കണ്ടില്ലെന്നോ, ജനസംഖ്യ കുറവായിരുന്നുവെന്നോ എഴു തിവച്ചിട്ടുണ്ടെങ്കിൽതന്നെ അത് കടമത്ത് ദ്വീപിൽനിന്നും ജനങ്ങൾ തൊട്ടടുത്തുള്ള അമ്മേനിയിലേക്ക് താൽക്കാലികമായി മാറിത്താമസി ച്ചതുകൊണ്ടായിരുന്നുവെന്നല്ലാതെ മറ്റൊരർത്ഥവും അതിന് കൽപി ക്കാനില്ലായിരുന്നു. കടമത്ത് ദ്വീപിലെ ജനവാസത്തെക്കുറിച്ച് വ്യക്ത മായി രേഖപ്പെടുത്തിയ 7-ാം നൂറ്റാണ്ടിലെ ഫുതുഹാത്തുൽ ജസാ യിറോ 16-ാം നൂറ്റാണ്ടിലെ തുഹ്ഫത്തുൽ മുജാഹിദീനോ, 18-ാം നൂറ്റാ

ണ്ടിലെ അറയ്ക്കൽരേഖകളോ ഗ്രഹിച്ചിരുന്നുവെങ്കിൽ ലഫ്റ്റനന്റ് ബെന്റ്ലി ഇത്തരമൊരബദ്ധമെഴുതാൻ ഒരിക്കലും ഒരുമ്പെടുമായിരുന്നില്ല. ലഫ്റ്റനന്റ് ബെന്റ്ലി കാണാതെപോയ പ്രസ്തുത ചരിത്രരേഖകൾക്ക് പുറമെ 1948ൽ ആ ദ്വീപിൽനിന്നും ഒന്നും രണ്ടും നൂറ്റാണ്ടു കാലത്തെ റോമൻനാണയങ്ങൾകൂടി കണ്ടുകിട്ടിയിട്ടും ആ ദ്വീപിലെ ജനവാസത്തെക്കുറിച്ച് ഇംഗ്ലീഷുകാർ എഴുതിവച്ചത് ചരിത്രയാഥാർത്ഥ്യങ്ങൾക്കെതിരായിരുന്നുവെന്ന് ഗ്രഹിക്കാൻ ലക്ഷദ്വീപുഗസറ്റിയർ മുതലായ ഗ്രന്ഥങ്ങൾക്ക് സാധിച്ചില്ല. പ്രാചീന നാണയങ്ങളുടെ പ്രസക്തിയോ, ആധികാരിക ഗ്രന്ഥങ്ങളിലെ പരാമർശങ്ങളോ ഉൾക്കൊള്ളാൻ സാധിക്കാതെ പോയവർ അറയ്ക്കൽ രേഖകളെങ്കിലും പഠിച്ചിരുന്നുവെങ്കിൽ ലഫ്റ്റനന്റ് ബെന്റ്ലി എഴുതിവച്ചത് അതേപടി പകർത്തി വയ്ക്കുമായിരുന്നില്ല.

ലഫ്റ്റനന്റ് ബെന്റ്ലി 1795ൽ ജനവാസമില്ലാത്തവയെന്ന് നി:സങ്കോചം എഴതിവച്ച കടമത്ത് ദ്വീപിൽ അക്കാലത്തിനും മുൻപുതന്നെ വസിച്ചിരുന്നത് ഉത്ബുദ്ധരായ ജനങ്ങളായിരുന്നുവെന്നതിന് അറയ്ക്കൽ രേഖകൾ തന്നേയും വ്യക്തമായ തെളിവാണ്. അറയ്ക്കൽ ഭരണാധികാരികളുടെ ചൂഷണത്തിന്നെതിരെ ലഫ്റ്റനന്റ് ബെന്റ്ലിയുടെ ആഗമനത്തിനും ഒരു ദശാബ്ദം മുൻപുതന്നെ ധീരതയോടെ പ്രതികരിച്ചവരായിരുന്നു കടമത്ത് ദ്വീപുകാർ. ഈ വസ്തുതതയെക്കുറിച്ച് ശ്രീ.കെ. കെ. എൻ. കുറുപ്പ് ഇങ്ങനെ രേഖപ്പെടുത്തുന്നു. അറയ്ക്കൽ രാജാക്കന്മാർ ഏർപ്പെടുത്തിയ കയറ് കുത്തകനയത്തിൽ അനുഭവപ്പെട്ടിരുന്ന കടുത്ത അനീതിക്കെതിരെ 1786ൽ വിപ്ലവം നടത്തിയത് അമ്മേനി, കടമം, കിൽത്തൻ, ചേത്തിലാം എന്നീ ദ്വീപുകാരായിരുന്നു. (The Ali Rajas of CannanoreP: 47) ഈ നാലു ദ്വീപുകളായിരുന്നു അറയ്ക്കൽ ഭരണത്തെ ധിക്കരിച്ച് ടിപ്പുസുൽത്താനോട് കൂറ് പ്രഖ്യാപിച്ചതും.

1786ൽ അറയ്ക്കൽ ഭരണത്തിനെതിരെ വിപ്ലവം നടത്തുകയും ടിപ്പുസുൽത്താനോട് കുറു പ്രഖ്യാപിക്കുകയും ചെയ്ത കടമത്ത് ദ്വീപിലായിരുന്നു 1795ൽ ജനവാസമുണ്ടായിരുന്നില്ലെന്ന് ലഫ്റ്റനന്റ് ബെന്റ്ലി രേഖപ്പെടുത്തിയതും മറ്റുപലരും അതുദ്ധരിച്ചതും. ലഫ്റ്റനന്റ് ബെന്റ്ലിയിൽ മാത്രം വിശ്വാസമർപ്പിച്ചു പോയതുകൊണ്ടാണ് ഈ ദ്വീപിൽനിന്നും കണ്ടുകിട്ടിയ പ്രാചീന നാണയങ്ങളുടെ പ്രസക്തിയെക്കുറിച്ച് ഗ്രഹിക്കാൻ പലർക്കും സാധിക്കാതെ പോയ ദ്വീപുകളുടെ പ്രാചീനത സംശയ രഹിതമായി തെളിയിക്കുന്നവയായിരുന്നു ഈ നാണയങ്ങളെന്ന് മറ്റുചരിത്രരേഖാപഠനങ്ങൾ വ്യക്തമാക്കുമായി

CS CamScanner

രുന്നു. ഏ.ഡി. 663ൽ അമ്മേനിയിൽവന്ന് ഹ: ഉബൈദുള്ളയുടെ സന്നിധാനത്തിൽനിന്നും ഇസ്ലാംമതം സ്വീകരിച്ചു. സ്വന്തം ദ്വീപിലേക്ക് തിരിച്ചുപോയവരായിരുന്നു കടമത്ത് ദ്വീപുകാർ എന്ന് 7-ാംനൂറ്റാണ്ടിൽ ഫുതുഹാത്തുൽ ജസായിറിൽ രേഖപ്പെടുത്തിയതും ഏ.ഡി. 1555ൽ ജനങ്ങൾ തിങ്ങിതാമസിക്കുന്ന ദ്വീപായിരുന്നു കടമത്ത് ദ്വീപെന്ന് തുഹ്ഫത്തുൽ മുജാഹിദീനിൽ രേഖപ്പെടുത്തിയതും ചരിത്രസത്യങ്ങളായിരുന്നുവെന്നുകൂടി ഈ പ്രാചീന റോമൻ നാണയങ്ങൾ വ്യക്തമാക്കുന്നു. ഈ യാഥാർത്ഥ്യം അറയ്ക്കൽ രേഖകളുടെ വെളിച്ചത്തിലെങ്കിലും അംഗീകരിക്കാൻ പ്രസ്തുത ഗ്രന്ഥകാരന്മാർ സന്നദ്ധരായിരുന്നുവെങ്കിൽ അപഹാസ്യമായ മറ്റൊരു പ്രമാദംകൂടി വരുത്തിവയ്ക്കേണ്ടി വരുമായിരുന്നില്ല.

"ലക്ഷദ്വീപുകളുടെ പ്രാചീനത തെളിയിക്കാനുതകുന്ന ശിലാരേഖകളോ സഞ്ചാരസാഹിത്യകൃതികളോ ഒന്നും തന്നെയില്ല." എന്നതാണ് ലക്ഷദ്വീപുഗസറ്റിയറുടെ (പേ: 36)മറ്റൊരു കണ്ടുപിടുത്തം. ഈ പരാമർശത്തിലൂടെ ലക്ഷദ്വീപുകളുടെ ചരിത്രപാരമ്പര്യം കണ്ടുപിടിക്കുന്നതിന് എത്രമാത്രം തുച്ഛമായ ശ്രമമായിരുന്നു ലക്ഷദ്വീപ് ഗസറ്റിയർ നടത്തിയതെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുക മാത്രമായിരുന്നു ചെയ്തത്. മറ്റൊരു പ്രാധാന്യവും അതിന് ആരും കൽപിക്കുമെന്ന് തോന്നുന്നില്ല. കാരണം മറ്റു ചരിത്രകാരന്മാരെല്ലാവരും ആധികാരികരേഖകളായി അംഗീകരിക്കാറുള്ള മിക്ക സഞ്ചാരസാഹിത്യങ്ങളിലും ലക്ഷദ്വീപുകളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. പെരിപ്ലൂസ് (ഏ.ഡി. 60), പ്ലിനി (ഏ.ഡി. 77), കോസമസ്ഇൻഡിക്കോ പ്ലൂസ്തസ് (ഏ.ഡി. 547) സുലൈമാൻ ഏ.ഡി. 851), ഇബ്നുൽഫക്കീഹ് (ഏ.ഡി. 902), മസ്ഊദി (ഏ.ഡി. 943), ഇബ്നുഹവ്കാൽ (ഏ.ഡി. 976), അഹ്മദ് അൽബീറൂണി (ഏ.ഡി. 1043) മുതലായവരും മാർക്കോപോളോ, ഇബ്നുബത്തൂത്ത, ബർബോസ, ലങ്കാസ്റ്റർ, ഫ്രാങ്കോയിസ് മുതലായ പിൽക്കാല സഞ്ചാരികളും ലക്ഷദ്വീപുകളെപ്പറ്റി രേഖപ്പെടുത്തിയവരാണ്. ഇവരുടെയെല്ലാം കൃതികൾ സഞ്ചാരസാഹിത്യങ്ങളായിരുന്നില്ലെന്നും ഏ.ഡി. 404-ൽ ലക്ഷദ്വീപുകളിലേക്ക് മതപ്രചരണാർത്ഥം ക്രിസ്ത്യൻ മിഷണറിമാർ പോയിരുന്നുവെന്ന് പ്രതിപാദിക്കുന്ന ഇന്ത്യയിൽ ക്രിസ്ത്യൻ പ്രചാരണമാരംഭകാലം എന്ന ഗ്രന്ഥവും ദ്വീപുകളിലെ ഇസ്ലാംമത പ്രചരണചരിത്രം വിവരിക്കുന്ന ഫുതുഹാത്തുൽ ജസായിറും (7ാം നൂറ്റാണ്ട്) ലക്ഷദ്വീപുകൾ കീഴടക്കിയതിലഭിമാനിക്കുന്ന കോലത്തിരിയുടെ ചരിത്രം പ്രതിപാദിക്കുന്ന മൂഷകവംശ മഹാകാവ്യവും (11-ാം നൂറ്റാണ്ട് ദ്വീപുകളിലെ പോർട്ടുഗീസാ

ക്രമണകഥ വിവരിക്കുന്ന തുഹ്ഫത്തുൽ മുജാഹിദീനും (16-ാംനൂറ്റാണ്ട്) പല്ലവരാജാവായ നരസിംഹ വർമ്മൻ രണ്ടാമൻ എ.ഡി. നാലാം നൂറ്റാണ്ടിൽ ലക്ഷദ്വീപുകൾ കീഴടക്കാൻ ആഗ്രഹിച്ചിരുന്നുവെന്ന് വ്യക്തമാക്കുന്ന വയലൂർ ശിലാശാസനങ്ങളും 10-ാം നൂറ്റാണ്ടിൽ രാജരാജേന്ദ്രചോളൻ ദ്വീപുകൾ കീഴടക്കിയെന്ന് രേഖപ്പെടുത്തിയ തഞ്ചാവൂരിലെ രാജരാജേശ്വര ക്ഷേത്രത്തിലെ ശിലാരേഖകളും ആധികാരിക രേഖകളായിരുന്നില്ലെന്ന് മറ്റാരും കരുതുമെന്ന് തോന്നുന്നില്ല. മേൽപറഞ്ഞവയൊന്നുംതന്നെ സ്വീകാര്യമല്ലാത്തവയായിരുന്നുവെങ്കിൽ സഞ്ചാരസാഹിത്യങ്ങളൊന്നും ആധികാരിക രേഖകളെന്നും ശിലാരേഖകളെന്നും മറ്റും ലക്ഷദ്വീപ് ഗസറ്റിയർ അർത്ഥമാക്കുന്നത് എന്താണെന്നുകൂടി ഭാവി ചരിത്രവിദ്യാർത്ഥികളുടെ അറിവിനായി തുടർന്ന് വ്യക്തമാക്കേണ്ടിയിരുന്നു.

ലക്ഷദ്വീപുകളുടെ പ്രാചീനത തെളിയിക്കാനുതകുന്ന ചരിത്രരേഖകൾ, സഞ്ചാരസാഹിത്യങ്ങൾ, ശിലാരേഖകൾ മുതലായവയൊന്നും തന്നെ പഠന വിധേയമാക്കാതെ ദ്വീപുചരിത്രം രചിക്കാനൊരുമ്പെട്ടവർ ലക്ഷദ്വീപുകളുടെ ഇസ്ലാംമത പ്രചരണ കാലഘട്ടത്തെക്കുറിച്ചും അപഹാസ്യമായ അബദ്ധങ്ങളാണ് എഴുതിവച്ചത്. ദ്വീപുകുടിയേറ്റവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ചേരമാൻ ഇതിഹാസത്തിൽനിന്നും ലക്ഷദ്വീപുചരിത്രം തുടങ്ങാൻ ശ്രമിച്ച ഇംഗ്ലീഷുകാരും അവരെ അനുകരിച്ച മറ്റുള്ളവരുമാണ് ഇസ്ലാംമത പ്രചരണകാലഘട്ടത്തെക്കുറിച്ച് ബാലിശമായ നിഗമനങ്ങൾ കാഴ്ചവച്ചത്. 7-ാം നൂറ്റാണ്ടിൽ ദ്വീപുകളിൽ ഇസ്ലാംമതം പ്രചരിപ്പിച്ച ഹ: ഉബൈദുള്ളയുടെ ജീവിതകാലത്ത് തന്നെ വിരചിതമായ ഫുതുഹാത്തുൽ ജസായിറും ദ്വീപുകളുടെ പ്രാചീനത വ്യക്തമാക്കുന്ന മറ്റു തെളിവുകളും ഗ്രഹിച്ചിരുന്നുവെങ്കിൽ ഇത്തരമൊരബദ്ധം ഈ ഗ്രന്ഥകാരന്മാരിലാർക്കും തന്നെ സംഭവിക്കുമായിരുന്നില്ല.

ദ്വീപുകളിലെ ഇസ്ലാംമത പ്രചരണകാലഘട്ടത്തെക്കുറിച്ച് തെറ്റായി എഴുതിയവരെല്ലാവരുംതന്നെ 'മുമ്പ്മൗലാ' എന്ന പേരിൽ സാധാരണയായി അറിയപ്പെടുന്ന ഹു: ഉബൈദുള്ളയാണ് ദ്വീപുകളിൽ ഇസ്ലാംമതം പ്രചരിപ്പിച്ചത് എന്ന് സമ്മതിക്കുന്നുണ്ട്. അവരവരുടെ ശ്രവണലിഖിത വൈകല്യമനുസരിച്ച് മുമ്പ് മുല്യാക്ക (The Preaching of Islam T.W. Arnold P: 266) മുമ്പ് മുല്യാകു (Logan Malabar vol II P:277) മുമ്പാ മുയില്യാക്കാ (Encyclopeadia Britannica vol 13 Q: 569) മുമ്പ് മുസ്ല്യാർകാക്ക (Lakshadweep Gazatteer) എന്നെല്ലാം ഹ: ഉബൈദുള്ളയെപ്പറ്റി എഴുതിയവരിലാർക്കുംതന്നെ അദ്ദേ

ഹമായിരുന്നു ദ്വീപുകളിൽ ഇസ്‌ലാംമത പ്രചരണം നടത്തിയത് എന്ന ചരിത്രസത്യം അവരവരുടെ ഗ്രന്ഥങ്ങളിൽനിന്ന് ഒഴിച്ചുനിർത്താനായില്ല. മുമ്പ് മൗലാ (ഹ: ഉബൈദുള്ള) ആദ്യമായെത്തിയത് അമ്മേനിയിലാണെന്നും, ഇസ്‌ലാംമതം ആദ്യമായി സ്വീകരിച്ചത് അന്ത്രോത്ത്കാരാണെന്നും, അദ്ദേഹത്തിന്റെ മഖ്ബറ അന്ത്രോത്തിലാണെന്നും ദ്വീപുകാരെല്ലാവരും മുസ്‌ലിംകളാണെന്നും മറ്റുമുള്ള വസ്തുത ഇവരെല്ലാവരും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും ലക്ഷദ്വീപുകളിലെ ഇസ്‌ലാംമത പ്രചരണകാലം 13-ാം നൂറ്റാണ്ടിലായിരിക്കാമെന്ന് റോബിൻസൺ, ലോഗൻ, എല്ലീസ് മുതലായ ഇംഗ്ലീഷുകാരും അതിനും നൂറ്റാണ്ടുകൾക്ക് ശേഷമായിരിക്കാമെന്ന് ലക്ഷദ്വീപു ഗസറ്റിയർ മുതലായവയും എഴുതിവച്ചുവെന്നതാണ് ലക്ഷദ്വീപു ചരിത്രപഠനത്തിൽ ഇവർക്കുണ്ടായിരുന്ന താൽപര്യം വ്യക്തമാക്കുന്ന വസ്തുത.

ഇസ്‌ലാമിലെ പ്രഥമ ഖലീഫയായ ഹ: അബൂബക്കർ സിദ്ദീഖ് (റ) യുടെ പൗത്രനായ ഹ: ഉബൈദുള്ള (7-ാം നൂറ്റാണ്ട്)യായിരുന്നു എ.ഡി.13-ാം നൂറ്റാണ്ടിന്നുശേഷം ലക്ഷദ്വീപുകളിൽ ഇസ്‌ലാംമതം പ്രചരിപ്പിച്ചത് എന്ന് എഴുതിവച്ചവരുടെ കാലഗണനാപാടവം ആരെങ്കിലും ആശ്ചര്യമുണർത്താൻ പര്യാപ്തമല്ലെ?

ഹ: ഉബൈദുള്ളയുടെ യൗവ്വനാരംഭം തൊട്ടുള്ള ചരിത്രം വ്യക്തമാക്കുന്ന ഫുതൂഹാത്തുൽ ജസായിറും, അതിനെ അടിസ്ഥാനമാക്കി രചിച്ച മൗലിദും, നേർച്ചപ്പാട്ടും, ഫുതൂഹാത്തുൽ ജസായിറ് ഫിൽഖ സസിദ്ദുഖായിറ് എന്ന സഫീനപാട്ടും ദ്വീപുകളിൽതന്നെ ലഭ്യമായിരുന്നിട്ടും അവയിലേക്കൊന്നും എത്തിനോക്കാതെ 7-ാം നൂറ്റാണ്ടിലേ ഉബൈദുള്ള 13-ാം നൂറ്റാണ്ടിലോ അതിനുശേഷമോ ആണ് ദ്വീപുകളിൽ ഇസ്‌ലാംമതം പ്രചരിപ്പിച്ചത് എന്ന കൗതുകവാർത്ത എഴുതിവയ്ക്കാൻ എന്തിനായിരുന്നു ധൃതിപ്പെട്ടത്?

ഹ: ഉബൈദുള്ള തന്റെ പുരുഷായുസ്സ് മുഴുവനുമായും ചെലവഴിച്ച ദ്വീപുകളിൽ അവശേഷിക്കുന്ന തെളിവുകൾ അസ്വീകാര്യമായി കരുതിയിരുന്നുവെങ്കിൽ ദ്വീപുകൾക്ക് പുറത്ത് ലഭ്യമായ ചരിത്രരേഖകൾ പരതിയാലും നിരാശപ്പെടേണ്ടി വരുമായിരുന്നില്ല. ഹ: ഉബൈദുള്ളയുടെ വംശപാരമ്പര്യചരിത്രം പ്രതിപാദിക്കുന്ന അറബിസാഹിത്യങ്ങൾ ഗ്രഹിച്ചില്ലെങ്കിൽതന്നെയും ഏറ്റവും ചുരുങ്ങിയത് 1917ൽ മൗലാനാ അഹ്മദ് സിറാജുദ്ദീൻ ഡക്കാനിൽനിന്നും പ്രസിദ്ധീകരിച്ച സീറത്തെ താബിഈൻ എന്ന ഗ്രന്ഥമെങ്കിലും കണ്ടിരുന്നുവെങ്കിൽ എല്ലീസ് മുതൽക്കിങ്ങോട്ട് ദ്വീപു ചരിത്രമെഴുതാൻ തുനിഞ്ഞവർക്കെങ്കിലും ഈ പതനത്തിൽനിന്ന് രക്ഷപ്പെടാമായിരുന്നു. ഇസ്‌ലാമിലെ

CamScanner

പ്രഥമ ഖലീഫയായ ഹ: അബൂബക്കർ (റ)യുടെ പുത്രനായ മുഹമ്മദിന്റെ തൃതീയ പുത്രനായ ഹ: ഉബൈദുള്ള പിതാവിന്റെ വധത്തെ തുടർന്ന് ജ്യേഷ്ഠൻ ഖാസിമിന്റെ സംരക്ഷണയിൽ വളർന്നുവെന്നും, യൗവ്വനദശയിൽ സ്വദേശത്തുനിന്ന് അറബിക്കപ്പലോട്ടക്കാരോടുകൂടി പുറപ്പെട്ട് ഇസ്‌ലാംമത പ്രചരണാർത്ഥം ലക്ഷദ്വീപുകളിലെത്തിച്ചേർന്നുവെന്നും യാതൊരു സംശയങ്ങൾക്കുമിടയില്ലാത്ത വിധം അഹ്മദ് സിറാജുദ്ദീൻ രേഖപ്പെടുത്തിയിരിക്കുന്നു. (സീറത്തെ താബിഈൻ vol II പേ: 482)

ഹ: ഉബൈദുള്ള മദീനയിൽനിന്നും ഇസ്‌ലാംമത പ്രചരണാർത്ഥം പുറപ്പെടാനുണ്ടായ സാഹചര്യംതൊട്ട് പറഞ്ഞുതുടങ്ങുന്ന ഫുതൂഹാത്തുൽ ജസായിറിൽ അദ്ദേഹത്തിന്റെ സഹോദരങ്ങളെപ്പറ്റിയോ പിതാവിന്റെ വധത്തെ തുടർന്ന് ജ്യേഷ്ഠൻ ഖാസിം വളർത്തിയെന്നതിനെപ്പറ്റിയോ പ്രതിപാദിക്കുന്നില്ല. അഹ്മദ്സിറാജുദ്ദീൻ ഹ: ഉബൈദുള്ള ദ്വീപുകളിലെത്തിയതിന് ശേഷമുള്ള ഒരു സംഭവവും പരാമർശിക്കാതിരിക്കുകയും ഫുതൂഹാത്തുൽ ജസായിറിൽ പ്രതിപാദിച്ചിട്ടില്ലാത്ത സംഭവങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നുവെന്നതിനാൽ അദ്ദേഹം ഈ വസ്തുതകൾ ശേഖരിച്ചത് ദ്വീപുകളിൽനിന്നായിരുന്നില്ല എന്ന് വ്യക്തമാവുന്നു. "താബിഈങ്ങളുടെ ചരിത്ര"മെന്ന തന്റെ ഗ്രന്ഥത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടി താബിഈങ്ങളിൽ ഒരാളായ ഹ: ഉബൈദുള്ളയുടെ ചരിത്രം പരിമിതമായെങ്കിലും അദ്ദേഹം ശേഖരിച്ചു. അഹ്മദ് സിറാജുദ്ദീൻ നടത്തിയ പ്രയത്നത്തിന്റെ ഒരംശമെങ്കിലും ദ്വീപുകളിലെ ഇസ്‌ലാംമത പ്രചരണ ചരിത്രമെഴുതാൻ തുനിഞ്ഞ ഇംഗ്ലീഷുകാരോ, അവരെ അനുകരിച്ചവരോ നടത്തിയിരുന്നവരെങ്കിൽ 13-ാം നൂറ്റാണ്ടിന്ന് ശേഷമായിരുന്നു. 7-ാം നൂറ്റാണ്ടിലെ ഉബൈദുള്ള ഇസ്‌ലാംമതം പ്രചരിപ്പിച്ചത് എന്ന ഹിമാലയൻ അബദ്ധം ഒരിക്കലും എഴുതേണ്ടിവരുമായിരുന്നില്ല.

ലക്ഷദ്വീപുകളിലെ ഇസ്‌ലാംമത പ്രചരണകാലം തെറ്റായി അവതരിപ്പിച്ചവർക്കെല്ലാം വഴികാട്ടിയായി വർത്തിച്ച ഡബ്ല്യു. റോബിൻസൺ തന്റെ വാദത്തിനുപോൽബലകമായി ഉദ്ധരിക്കുന്ന ഏകതെളിവ് 1848ൽ അദ്ദേഹം അന്ത്രോത്ത്ദ്വീപ് സന്ദർശിച്ചപ്പോൾ അന്നത്തെ ഖാസി താൻ ഉബൈദുള്ളയുടെ 22-ാമത്തെ സന്താനമാണെന്ന് അവകാശപ്പെട്ടുവെന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ശരാശരി മുപ്പത് വർഷം തലമുറകൾ തമ്മിലുള്ള വിടവായി കണക്കാക്കിയ റോബിൻസൺ ദ്വീപുകളിലെ ഇസ്‌ലാംമത പ്രചരണം തന്റെ ആഗമനത്തിനും അറുനൂറ് കൊല്ലങ്ങൾക്ക് മുൻപ് അതായത് പതിമൂന്നാം നൂറ്റാണ്ടി

CamScanner

ലായിരുന്നുവെന്ന് അനുമാനിച്ചു. തെളിവുകളൊന്നുമില്ലാതെ 22-ാമത്തെ സന്താനം എന്നവകാശപ്പെട്ടതിന് പ്രാധാന്യം കൊടുത്തതിന് പകരം വ്യക്തമായ തെളിവുകളുള്ള ഹ: ഉബൈദുള്ളയിൽനിന്നും പാരമ്പര്യമായി തുടർന്നുവന്നതായിരുന്നു അന്ത്രോത്തിലെ ഖാസിസ്ഥാനം എന്നതിന് പ്രാധാന്യം കൊടുത്തിരുന്നുവെങ്കിൽ റോബിൻസണ് ഇങ്ങനെയൊരു പ്രമാദം പറ്റുകയില്ലായിരുന്നു.

റോബിൻസൺ വിശ്വാസമർപ്പിച്ച 22-ാമത്തെ സന്താനമാണെന്ന അവകാശവാദത്തിന് തെളിവായി ലിഖിതരേഖകളൊന്നും അക്കാലത്തുണ്ടായിരുന്നില്ല എന്ന് വ്യക്തമാണ്. കാരണം അത്തരം വല്ല രേഖകളും ഖാസിമാര് പാരമ്പര്യമായി സൂക്ഷിച്ചു വന്നിരുന്നുവെങ്കിൽ വ്യത്യസ്ത കാലങ്ങളിൽ പരസ്പരവിരുദ്ധങ്ങളായ അവകാശവാദങ്ങൾ ഉന്നയിക്കേണ്ടിവരുമായിരുന്നില്ല. ഏ.ഡി. 1343ൽ അതായത് റോബിൻസന്റെ കാലത്തിനും അഞ്ച് നൂറ്റാണ്ടുകൾക്ക് മുൻപ് ഇബ്നു ബത്തൂത്ത മിനിക്കോയി ദ്വീപ് സന്ദർശിച്ച കാലത്ത് അന്ത്രോത്തിലെ ഖാസി ഹ: ഉബൈദുള്ളയുടെ ഇരുപത്തിയാറാമത്തെ പിൻഗാമിയായിരുന്നുവത്രെ. (കെ. വി. കൃഷ്ണയ്യർ ലക്ഷദ്വീപു വാർഷികപ്പതിപ്പ് 1970) റോബിൻസൺ ഇസ്ലാംമത സ്വീകരണകാലം കണ്ടുപിടിക്കാൻ സ്വീകരിച്ച മാനദണ്ഡമനുസരിച്ച് (30 വർഷം പരമ്പരകൾ തമ്മിലുള്ള വിടവ്) ഹ: ഉബൈദുള്ളയുടെ കാലവുമായി (7-ാം നൂറ്റാണ്ട്) പൊരുത്തപ്പെടുന്നതായിരുന്നു ഇബ്നുബത്തൂത്തയുടെ കാലത്തെ അവകാശവാദമെങ്കിലും അതിന്റേയും അടിസ്ഥാനരേഖ ഇനിയും കണ്ടുകിട്ടിയിട്ടില്ല. എഴുതിവയ്ക്കപ്പെട്ട വല്ല രേഖകളുടേയും അടിസ്ഥാനത്തിലായിരുന്നു ഈ അവകാശവാദമുന്നയിച്ചിരുന്നതെങ്കിൽ 1343ൽ ഇരുപത്തിയാറാമത്തെ ഖാസിയെന്നത് 1848ൽ ഇരുപത്തി രണ്ടായി മാറുമായിരുന്നില്ലല്ലോ? റോബിൻസന്റെ കാലത്തിനുശേഷവും അത്തരം രേഖകൾ അന്വേഷിച്ചവർക്ക് കണ്ടെത്താൻ സാധിച്ചില്ലെന്നതിന് തെളിവാണ് 1905ൽ കെ. പുറാടം കുഞ്ഞിക്കോയാ (അന്ത്രോത്ത്) പ്രസിദ്ധീകരിച്ച 'ഫുതൂഹാത്തുൽ ജസായിറ് ഫിൽഖസസിദ്ദുഖായിറ്'എന്ന സഫീനാപാട്ട്. 1848ൽ റോബിൻസന്റെ കാലത്ത് ഇരുപത്തിരണ്ടാമതെന്ന് അവകാശപ്പെട്ട ഖാസി ശൃംഖലയിലെ അത്രയും പേരുകളെങ്കിലും കണ്ടെത്താൻ അദ്ദേഹത്തിന് 1905ൽ സാധിച്ചില്ല. അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്ന ഖാസിമാരുടെ പേരുകൾ ഇവയാണ്.

1. ഉബൈദുല്ലാഹിബ്നു മുഹമ്മദിബ്നു അബൂബക്കർ (റ)
2. അബൂബക്കർ ഇബ്നു ഉബൈദുല്ലാ
3. അഹ്മദ് ഇബ്നു മുഹമ്മദ്

4. മുഹമ്മദ് ഇബ്നു അബൂബക്കർ
5. അബ്ദുൽ അസീസ് ഇബ്നു മുഹമ്മദ്
6. അബ്ദുറഹ്മാൻ ഇബ്നു മുഹമ്മദ്
7. അബൂബക്കർ ഇബ്നു അബ്ദുൽ വഹാബ് ഇബ്നു മുഹമ്മദ്
8. അബൂബക്കർ ഇബ്നു അബ്ദുൽ അസീസ്
9. അഹ്മദ് ഇബ്നുഅബ്ദുൽ അസീസ്
10. മുഹമ്മദ് ഇബ്നു അഹ്മദ്
11. റമളാൻ ഇബ്നു മുഹമ്മദ്
12. അബൂബക്കർ ഇബ്നു കോജാറമളാൻ
13. അഹ്മദ് ഇബ്നു കോജാ റമളാൻ
14. അബൂബക്കർ ഇബ്നു ഹുസൈൻ
15. അഹ്മദ് ഇബ്നുഅലി
16. അഹ്മദ് ഇബ്നു അബ്ദുറഹ്മാൻ
17. സൈനുദ്ദീൻ ഇബ്നു മാഹി
18. ഫരീദ് ഇബ്നു മൂസ
19. അഹ്മദ് ഇബ്നു മദാർകുട്ടി

ഹ: ഉബൈദുള്ള(റ)തൊട്ട് തുടങ്ങുന്ന ഖാസി ശൃംഖലയിലെ പ്രമുഖരായിരുന്ന 19 ഖാസിമാരായിരുന്നു. ഇവരെന്ന് മനസ്സിലാക്കാമെങ്കിലും എഴുതിവയ്ക്കപ്പെട്ട വല്ല രേഖയും ലഭ്യമായിരുന്നുവെങ്കിൽ റോബിൻസന്റെ കാലത്തിനും അൻപത് വർഷങ്ങൾക്കു ശേഷവും ഖാസിമാരുടെ എണ്ണം ഇരുപത്തിരണ്ടിലും ചുരുങ്ങുമായിരുന്നില്ല.

കേസ് സംബന്ധമായ തെളിവുകൾക്കും മറ്റുമായി പാട്ടകൽ തറവാട്ടിൽ തുടർന്നുവന്ന ഖാസിസ്ഥാനപാരമ്പര്യത്തെപ്പറ്റി പഠിക്കാൻ നിർബന്ധിതരായ ഇംഗ്ലീഷുകാർക്കുതന്നെയും ലക്ഷദ്വീപുകളിലെ ഇസ്ലാംമതപ്രചരണകാലം സത്യസന്ധമായി അംഗീകരിക്കേണ്ടി വന്നുവെന്ന് കാണാവുന്നതാണ്. 1905 നവംബർ 8-ാം തിയ്യതി അന്ത്രോത്തിലെ പത്ത് കാരണവന്മാരുംകൂടി എഴുതി ബോധിപ്പിച്ച പൂർവ്വിക ചരിത്രാഭിപ്രായത്തിന്റേയും മറ്റു തെളിവുകളുടെയും വെളിച്ചത്തിൽ ദ്വീപുകളിൽ ഇസ്ലാംമതം പ്രചരിച്ചത് 7-ാം നൂറ്റാണ്ടിലായിരുന്നവെന്ന് ഇംഗ്ലീഷുകാർതന്നെയും സമ്മതിക്കുന്നു. 1905 ഡിസംബർ 3-ാം തിയ്യതി മലയാം കലക്ടർ ഡബ്ല്യു ഇ. കോട്ടൻ സായ്പവർകൾ പുറപ്പെടുവിച്ച വിധിയിൽ 1200 സംവത്സരങ്ങൾക്ക് മുൻപ് പാട്ടകൽ തറ

വാട്ടിൽ ഖാസിസ്ഥാനം നടന്നുവരുന്നതായി തെളിയുന്നുവെന്നും, 1916 ജൂൺ 26-ാം തിയ്യതിയിലെ മറ്റൊരു വിധിയിൽ (16/21) മുഹമ്മദീയ വർഷം 1291 കൊല്ലം മുൻപ് മുഹമ്മദീയരായ മുതൽക്കെ പാട്ടകൽ തറവാട്ടുകാരായിരുന്നു ഖാസിമാർ എന്ന് വ്യക്തമാവുന്നു എന്നും അവരുടെ വിധിന്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്നും റോബിൻസണും, ലോഗനും രേഖപ്പെടുത്തിയ 13-ാം നൂറ്റാണ്ടിലെ ഇസ്‌ലാംമത പ്രചരണകഥ സത്യവിരുദ്ധമാണെന്ന് അവരുടെ പിൻഗാമികൾക്കുതന്നെയും ബോദ്ധ്യപ്പെട്ടിരുന്നുവെന്ന് കാണാവുന്നതാണ്.

അവാസ്തവമെന്ന് പിൽക്കാല ഇംഗ്ലീഷുകാർക്കുതന്നെ ബോദ്ധ്യപ്പെട്ട റോബിൻസന്റേയും ലോഗന്റേയും നിഗമനങ്ങളെ പുനരാവർത്തനം ചെയ്യാൻ വിധിക്കപ്പെട്ടവയിൽ ഒന്നായ അറബിക്കടലിലെ പവിഴ ദ്വീപുകൾ എന്ന ഗ്രന്ഥത്തിന്റെ കർത്താക്കൾക്ക് ഉബൈദുള്ളയുടെ കാലഘട്ടം ചരിത്രവസ്തുതകളുമായി ഒരു വിധത്തിലും പൊരുത്തപ്പെടുകയില്ല"ത്രെ. (പേ: 44) ഹ: ഉബൈദുള്ളയുടെ കാലഘട്ടവുമായി പൊരുത്തപ്പെടാത്ത ചരിത്രവസ്തുത എന്താണെന്നുകൂടി അതേ പേജിൽ അവർ തുടർന്ന് എഴുതുന്നു."ചേരമാൻ പെരുമാളുടെ കാലവും ഉബൈദുള്ളയുടെ കാലവും തമ്മിലാണ് തീരെ പൊരുത്തപ്പെടാത്തത്." ദ്വീപുകളിലെ കുടിയേറ്റവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ചേരമാൻ പെരുമാളുമായി ബന്ധപ്പെടുത്തി മറ്റൊരു തെളിവുമുദ്ധരിക്കാനില്ലാത്ത ഒരു കുടിയേറ്റ ഐതിഹ്യം ഉണ്ടെന്ന് പറയുകയും, ആ പെരുമാളുടെ കാലഘട്ട 9-ാം നൂറ്റാണ്ടാണെന്ന് വിശ്വസിക്കുകയും, ദ്വീപുകളിലെ ഇസ്‌ലാംമതപ്രചരണം 13-ാം നൂറ്റാണ്ടിലോ മറ്റോ ആണെന്ന് കരുതുകയും ചെയ്താൽ ഹിജറ 38ൽ വധിക്കപ്പെട്ട മുഹമ്മദ് ഇബ്നു അബൂബക്കർ (റ)യുടെ പുത്രനായ ഹ: ഉബൈദുള്ളയുടെ ചരിത്രവുമായി എങ്ങനെ യോജിക്കും? മക്കത്തുപോയെന്ന് കരുതപ്പെടുന്ന ചേരമാൻ പെരുമാളുടെ കാലത്തിനും സഹസ്രാബ്ദങ്ങൾക്ക് മുൻപുതന്നെ ജനവാസവും പ്രത്യേകം സംസ്കാരവുമുണ്ടായിരുന്ന ലക്ഷദ്വീപുകളിലെ ബി. സി. ശതകം തൊട്ടുള്ള ബുദ്ധമതപ്രചരണത്തേയും, ഏ.ഡി. 404ലെ ക്രിസ്തുമത പ്രചരണശ്രമങ്ങളേയും തുടർന്ന് ഏ.ഡി. 7-ാം നൂറ്റാണ്ടിൽ ഹ: ഉബൈദുള്ള ഇസ്‌ലാംമതം പ്രചരിപ്പിച്ചുവെന്നതിൽ എന്തായിരുന്നു ഇത്രവലിയ ചരിത്രപ്രശ്നം? ദ്വീപുകളിലെ കുടിയേറ്റ പ്രക്രിയയുമായി ഒരു ബന്ധവുമില്ലാത്ത ചേരമാൻ പെരുമാളുമായി ഹ: ഉബൈദുള്ളയുടെ കാലഘട്ടം എന്തിന് യോജിക്കണം?

ഫുതുഹാത്തുൽ ജസായിറിലും മറ്റു അറബി സാഹിത്യങ്ങളിലും,

സീറത്തെ താബിഈൗൻ മുതലായ ഗ്രന്ഥങ്ങളിലും വ്യക്തമായി രേഖപ്പെടുത്തപ്പെട്ടവയാണ്. ഹ: ഉബൈദുള്ളയുടേയും ലക്ഷദ്വീപുകളിലെ ഇസ്‌ലാംമത പ്രചരണത്തിന്റേയും ചരിത്രം. എന്നിട്ടും 'ഉബൈദുള്ളയുടെ മതപരിവർത്തന ശ്രമങ്ങളെക്കുറിച്ചുള്ള ഐതിഹ്യം ഒരുവിധത്തിലും ചരിത്രസത്യമാകാൻ ഇടയില്ല.'(പേ: 45) എന്നാണ് 'അറബിക്കടലിലെ പവിഴദ്വീപുകൾ' എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത്. ഐതിഹ്യം എന്ന പദം തന്നെ അപ്രസക്തമായ ഹ: ഉബൈദുള്ളയെപ്പറ്റി ഇത്തരമൊരു പ്രമാദം എഴുതിയതിന് പകരം ഹ: ഉബൈദുള്ള ദ്വീപുകളിൽ നടത്തിയ ഇസ്‌ലാംമത പ്രചരണ ചരിത്രത്തിലെ വിടേയും ഐതിഹ്യമെന്ന പദത്തിന് ഒരു പ്രസക്തിയുമില്ലെന്നോ, ചേരമാൻ പെരുമാളെ അന്വേഷിച്ചുപോയതിനെ തുടർന്നാണ് ദ്വീപുകളിൽ കുടിയേറ്റമുണ്ടായതെന്ന ഇംഗ്ലീഷ് ഐതിഹ്യം ഒരുവിധത്തിലും ചരിത്രസത്യമാകാനിടയില്ല എന്നോ എഴുതിയിരുന്നുവെങ്കിൽ അതൊരു ചരിത്രസത്യമാകുമായിരുന്നു.

ഒരബദ്ധം ന്യായീകരിക്കാനുള്ള വൃഥാ ശ്രമത്തിനിടയ്ക്ക് പ്രസ്തുത ഗ്രന്ഥത്തിൽ അബദ്ധങ്ങൾ വരുത്തിവച്ചത് പിന്നെയും കാണാം. "കരയിൽനിന്നും ഇവിടെ വന്ന നമ്പൂതിരിമാരേയും നായന്മാരേയും ഒരുദിവസംകൊണ്ട് ഇസ്‌ലാംമതം സ്വീകരിപ്പിച്ചു എന്നത് യുക്തിക്കും നിരക്കുന്നില്ല. ഏതൊരു രാജ്യത്തും മതപരിവർത്തനം നടക്കുന്നതു വിവിധ ദശകളിലായാണ്. പല ഘട്ടങ്ങളിലായാണ്. ലക്ഷദ്വീപുകളും ഈ സാമാന്യസംഭവത്തിൽനിന്നും വ്യതിരിക്തമാകാൻ ഇടയില്ല." എന്നുകൂടിപ്രസ്തുത ഗ്രന്ഥകാരന്മാർ തുടർന്ന് രേഖപ്പെടുത്തുന്നു. നായന്മാരെന്നും, നമ്പൂതിരികളെന്നുമുള്ള പേരുകളിലറിയപ്പെടുന്നവർ ഹ: ഉബൈദുള്ളയുടെ ആഗമനകാലമായ 7-ാം നൂറ്റാണ്ടിൽ ദ്വീപുകളിലെന്നല്ല കേരളത്തിൽപോലുമുണ്ടായിട്ടില്ല എന്ന ചരിത്രവസ്തുതപോലും പാടെ വിസ്മരിച്ചുകൊണ്ടായിരുന്നു 'അറബിക്കടലിലെ പവിഴദ്വീപുകളുടെ' കർത്താക്കളായ പി. സതികുമാരൻ നായരും, കെ. എൻ. പി. നമ്പൂതിരിയും ഇങ്ങനെ എഴുതിയത്. നമ്പൂതിരി, നായർ എന്നീ പദങ്ങൾപോലും അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നില്ല. ക്രിസ്താബ്ദം എട്ടാം നൂറ്റാണ്ടിന്ന് ശേഷമാണ് നമ്പൂതിരിമാർ കേരളത്തിൽ കുറേശ്ശെയായി ആധിപത്യം നേടാൻ തുടങ്ങിയത്. (കെ. ദാമോദരൻ കേരളചരിത്രം പേ: 13) നൂറ്റാണ്ട് യുദ്ധത്തെ തുടർന്ന് മലയാള ബ്രാഹ്മണരും തമിഴ് ബ്രാഹ്മണരും ക്രമേണ അകന്നതിനുശേഷം മാത്രം നമ്പൂതിരി എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങിയവർ 7-ാം നൂറ്റാണ്ടിന് മുൻപ് എങ്ങനെയാണ് ദ്വീപുകളിലെത്തിയെന്ന് പറയുക?

ദ്വീപുകളിൽ എത്തിപ്പെട്ടിട്ടില്ലാത്ത നായന്മാരേയും നമ്പൂതിരിമാരേയും പറ്റി എഴുതിയ പ്രസ്തുത ഗ്രന്ഥകാരന്മാരുടെ മറ്റൊരു ഭാവനാ സൃഷ്ടിമാത്രമായിരുന്നു ഒരു ദിവസംകൊണ്ട് ദ്വീപുകളിൽ ഇസ്‌ലാം മതം പ്രചരിപ്പിച്ചുവെന്നതും. ഒറ്റ ദിവസംകൊണ്ട് ദ്വീപുകാരെ ഹ: ഉബൈദുള്ള ഇസ്‌ലാമാക്കി മാറ്റിയെന്ന് ദ്വീപുകാർ ആരും വിശ്വസിക്കുന്നില്ല. ഭൂരിഭാഗം ജനങ്ങളും ഇസ്‌ലാംമതം സ്വീകരിച്ച അന്ത്രോത്ത് ദ്വീപിൽതന്നെയും മതം സ്വീകരിക്കാതെ ബാക്കിയായവർ നാലുമാസങ്ങൾക്കുശേഷം ഹ: ഉബൈദുള്ള മറ്റു ദ്വീപുകളിൽ മത പ്രചരണം നടത്തി തിരിച്ചുവന്നതിന് ശേഷമായിരുന്ന ഇസ്‌ലാംമതം സ്വീകരിച്ചത്. ഈ വസ്തുത ഫുതുഹാത്തുൽ ജസായിറിൽതന്നെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാനും മാസങ്ങൾക്കുള്ളിൽ ദ്വീപുകാരെല്ലാവരും ഇസ്‌ലാംമതം സ്വീകരിച്ചുവെന്നത് ഒരു ചരിത്ര സത്യമാണ്. ഇത് അവിശ്വസനീയമായോ സാമാന്യസ്വഭാവത്തിന് നിരക്കാത്തവയോ ആണെന്ന് കരുതുന്നുവെങ്കിൽ അതിലും വലിയ അത്ഭുതമായി രേഖപ്പെടുത്തേണ്ടിയിരുന്നത് ജസ്റ്റിസ് വി ആർ കൃഷ്ണയ്യർ എഴുതിയതുപോലെ, രണ്ട് നൂറ്റാണ്ട് കാലം ക്രൂരമായ ആക്രമണങ്ങൾ അഴിച്ചുവിട്ടിട്ടും മുസ്‌ലിംകളായ ദ്വീപുകാരിൽ ഒരാളെപ്പോലും പോർട്ടുഗീസുകാർക്ക് മതംമാറ്റാൻ സാധിച്ചില്ലെന്ന വസ്തുതയായിരുന്നു (മാതൃഭൂമി ആഴ്ചപ്പതിപ്പ് 19.8. 1973) ജനസംഖ്യാബലവും ആയുധ പരിശീലനവുമെല്ലാമുണ്ടായിരുന്ന സംഘടിതരായ കേരള മുസ്‌ലിംകളിൽ പലരേയും പ്രലോഭിപ്പിച്ചും, പ്രകോപിപ്പിച്ചും, പീഡിപ്പിച്ചും മതപരിവർത്തനം ചെയ്യിക്കുന്നതിൽ വിജയിച്ച പോർട്ടുഗീസുകാർ ഈ വിഷയത്തിൽ ലക്ഷദ്വീപുകാരോട് ദയനീയമായി പരാജയപ്പെട്ടുവെന്നതായിരുന്നില്ലേ ചരിത്രത്തിലെ വലിയ അത്ഭുതം?

ലക്ഷദ്വീപുകളിലെ ആദിമനിവാസികളായ കൊക്കേഷ്യൻ വർഗ്ഗക്കാരായ (ആര്യന്മാർ) പോളിനേഷ്യക്കാരെപ്പറ്റിയും, അവരെ തുടർന്ന് ദ്വീപുകളിൽ ബുദ്ധമതപ്രചരണം നടത്തിയ ബൗദ്ധരായ ആര്യന്മാരെപ്പറ്റിയും ചിന്തിക്കുകകൂടി ചെയ്തിട്ടില്ലാത്തതിനാലായിരിക്കണം ലക്ഷദ്വീപു ഗസറ്റിയറുടെ എഡിറ്ററായിരുന്ന എൻ. എസ്. മന്നാഡിയാർ മറ്റൊരു പ്രമാദം എഴുതിവച്ചത്. ലക്ഷദ്വീപുകളിൽ ആര്യന്മാർ കുടിയേറിയിരുന്നില്ലാ എന്ന് സ്ഥാപിക്കാനുള്ള വ്യഗ്രതയിലാണെന്ന് തോന്നുന്നു അദ്ദേഹം മനു കടൽയാത്ര നിഷിദ്ധമാണെന്ന് വിധിച്ചതിനെ ധിക്കരിച്ച് നമ്പൂതിരിമാർ ദ്വീപുകളിലേക്ക് കുടിയേറിയിട്ടുണ്ടാവില്ല എന്ന് ഒരു ലേഖനത്തിലെഴുതിയത്. നമ്പൂതിരിമാർ (കേരള ബ്രാഹ്മണർ) മാത്രമാണ് ആര്യന്മാർ എന്ന് തെറ്റിദ്ധരിക്കുക മൂലം

CamScanner

അദ്ദേഹത്തിന് സംഭവിച്ച ഒരു അബദ്ധമായിരിക്കണമിത്. കേരളത്തിൽതന്നെയും ആദ്യകാലത്ത് കുടിയേറിയ ആര്യന്മാരിൽ ഭൂരിപക്ഷവും ബ്രാഹ്മണരായിരുന്നില്ല - ബൗദ്ധരും ജൈനരുമായിരുന്നു. (കെ. ദാമോദരൻ -കേരള ചരിത്രം പേ: 12) ദക്ഷിണേന്ത്യയിൽ ആദ്യകാലത്ത് കുടിയേറിയ ബ്രാഹ്മണർതന്നെയും നമ്പൂതിരിമാരെന്ന് അറിയപ്പെട്ടിരുന്നില്ല. അങ്ങിനെയായിരുന്നുവെങ്കിൽ തമിഴ് ബ്രാഹ്മണരും, തുളുബ്രാഹ്മണരുംകൂടി തമിഴ് നമ്പൂതിരി, തെലുങ്ക് നമ്പൂതിരി, എന്നീ പേരുകളിലറിയപ്പെടുമായിരുന്നു. ഏ.ഡി. പത്താംനൂറ്റാണ്ടിൽ ചേര ചോളപാണ്ഡ്യ ദേശങ്ങൾക്ക് പ്രത്യേകം വ്യക്തിത്വം ലഭിച്ചതിനുശേഷം കേരള ബ്രാഹ്മണർ മാത്രം സ്വീകരിച്ച ഒരു പ്രത്യേക നാമമാണ് നമ്പൂതിരി എന്നത്. മന്നാഡിയാർ അവകാശപ്പെടുന്ന വിധം മനുസ്മൃതിയനുസരിച്ച് ആര്യന്മാർ കടൽയാത്ര നടത്തിയിരുന്നില്ലാ എന്ന് പറയുന്നത് എല്ലാ ചരിത്രവസ്തുതകൾക്കുമെതിരാണ്. അതിപ്രാചീനമായ ഋഗ്വേദത്തിലെ ഭിന്ന ഭിന്ന സന്ദർഭങ്ങളിലുള്ള അഞ്ചുമന്ത്രങ്ങളിൽനിന്ന് ആര്യന്മാർ സമുദ്രമാർഗ്ഗമായി അന്യദേശസഞ്ചാരം ചെയ്തിരുന്നുവെന്ന് വ്യക്തമാവുന്നുണ്ട്. വരുണനും, വസിഷ്ഠനുംകൂടി വിശേഷരീതിയിൽ പണിതുണ്ടാക്കിയ ഒരു കപ്പലിൽ കയറി സമുദ്രയാത്ര ചെയ്തതായും അതിന്റെ അങ്ങോട്ടുമിങ്ങോട്ടുള്ള ഉലച്ചിൽ അവർക്ക് വളരെ സന്തോഷമായി തോന്നിയതായും ഋഗ്വേദത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. രാമായണത്തിലെ അയോദ്ധ്യാകാണ്ഡത്തിൽ വർത്തകയുവാക്കൾ മേലെടുപ്പുള്ള കപ്പലിൽ കയറിച്ചെന്ന് ശത്രുക്കളെ നിരോധിച്ചുവെന്ന് കാണുന്നു. കൗരവപീഡിതരായ പാണ്ഡവർ വിദുരർ സജ്ജീകരിച്ച യുദ്ധസാമഗ്രികൾ തികഞ്ഞ കപ്പലിലേറി വിദൂരദിക്കിലേക്ക് പോയി എന്നൊരു സൂചന മഹാഭാരതത്തിലുണ്ട്. ബോധായനം, ഗൗതമീയം എന്നീ സൂത്രഗ്രന്ഥങ്ങളിലും ഭാരതീയരുടെ സമുദ്രസഞ്ചാരത്തെപ്പറ്റി പറയുന്നുണ്ട്. ബോധായന ധർമ്മസൂത്രത്തിൽ ഒരു ഭാഗത്ത് ആര്യന്മാർ പശുക്കളേയും ഒട്ടകങ്ങളേയും കപ്പലിൽ കയറ്റി അന്യരാജ്യങ്ങളിൽ പോയികച്ചവടം ചെയ്തിരുന്നതായി പ്രസ്താവിക്കുന്നു. യുക്തി കൽപതരും മുക്തികലാവതാരു മുതലായ പ്രാചീനസംസ്കൃത ഗ്രന്ഥങ്ങളിലും ബൗദ്ധജാതകത്തിലും കപ്പൽ നിർമ്മാണത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. *(വേലായുധൻ പണിക്കശ്ശേരി മാർക്കോപോളോ ഇന്ത്യയിൽ)*

ഇവ കൂടാതെ അനേകം ചരിത്രരേഖകളിൽ ബൗദ്ധമതപ്രചാരകരും അല്ലാത്തവരുമായ ആര്യന്മാരുടെ സമുദ്രയാത്രയെപ്പറ്റി സംശയരഹിതമായി പ്രതിപാദിച്ചിട്ടും മനുസ്മൃതിയനുസരിച്ചും മറ്റും

CamScanner

സമുദ്രയാത്ര വിരുദ്ധരായിരുന്നു ഭാരതീയർ എന്ന് പ്രചരിപ്പിക്കുന്നവരെ "പുരാതനകാലത്തിന്റെ അവശിഷ്ടങ്ങളെന്നുപോലും വിളിക്കാൻ നിവൃത്തിയില്ല" എന്നാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു രേഖപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം ഇങ്ങനെ എഴുതുന്നു. "ഇന്നും സമുദ്രസഞ്ചാരത്തെ ഭയപ്പെടുകയും അത് നമ്മുടെ മതത്തിന് വിരുദ്ധമാണെന്ന് വിചാരിക്കുകയും ചെയ്യുന്ന നമ്മുടെ ചില ആളുകളെപ്പറ്റിയും ഓർക്കുന്നത് രസാവഹമാണ്. പുരാതനകാലത്തിന്റെ അവശിഷ്ടങ്ങളെന്നുപോലും വിളിക്കാൻ ഇക്കൂട്ടരെ നിവൃത്തിയില്ല. എന്തെന്നാൽ പുരാതനകാലം ഇതിനേക്കാൾ യുക്തിസഹമായ ഒന്നായിരുന്നു. ഭാഗ്യവശാൽ ഇത്തരം വിചിത്രധാരണകൾ മിക്കതും അപ്രത്യക്ഷമായിത്തുടങ്ങിയിട്ടുണ്ട്. ഇതിനാൽ വഞ്ചിതരാകുന്നില്ല ഇന്നത്തെ അധികമാളുകൾ." (*വിശ്വചരിത്രാവലോകം പേ: 139*)

ലക്ഷദ്വീപുകളിൽപ്പെട്ട മിനിക്കോയിയെപ്പറ്റി പരാമർശിച്ച മർക്കോപോളോ മറ്റു ദ്വീപുകളെപ്പറ്റി പരാമർശിക്കാത്തത് ആ ദ്വീപുകളിൽ അക്കാലത്ത് ജനവാസമുമുണ്ടായിരുന്നില്ലെന്നതിന് തെളിവായി ചിലർ ചൂണ്ടിക്കാട്ടാറുണ്ട്. മാർക്കോപോളോയുടെ യാത്രോദ്ദേശ്യം ദ്വീപുകളെല്ലാം സന്ദർശിക്കുകയായിരുന്നുവെങ്കിലോ, അവ സ്വന്തം എഴുതിയവയായിരുന്നുവെങ്കിലോ, യാത്രാഗ്രന്ഥമെന്ന നിലയ്ക്ക് കുറ്റമറ്റവയായിരുന്നുവെങ്കിലോ എന്തെങ്കിലും പ്രാധാന്യം അക്കാര്യത്തിൽ കൽപിക്കാമായിരുന്നു. മാർക്കോപോളോയുടെ യാത്രോദ്ദേശ്യം എന്തായിരുന്നുവെന്ന് മനസ്സിലാക്കിയിരുന്നുവെങ്കിൽതന്നെയും അദ്ദേഹം ഈ ദ്വീപുകളെപ്പറ്റി പരാമർശിച്ചില്ലെന്നതിന് വലിയ പ്രാധാന്യമൊന്നും കൽപിക്കുമായിരുന്നില്ല.

കുബ്ലൈഖാന്റെ സഹോദരപൗത്രനും ഭാര്യാവിയോഗ ദുഃഖിതനുമായ പേഴ്സ്യൻ രാജാവിന്ന് മംഗോളിയയിൽനിന്ന് വധുവായി തിരഞ്ഞെടുത്ത 'കൊഗാലിനേയും' കൊണ്ട് പേഴ്സ്യയിലേക്ക് കടൽമാർഗ്ഗം പുറപ്പെട്ട വഴിക്കാണ് മാർക്കോപോളോ മിനിക്കോയി ദ്വീപിൽ എത്തിയത്. യാത്രാമദ്ധ്യേ യാദൃച്ഛികമായി മിനിക്കോയി ദ്വീപിൽ എത്തിയ മാർക്കോപോളോ ആ ദ്വീപിനെപ്പറ്റിയും അവിടത്തെ രീതികളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ടെങ്കിലും ലക്ഷദ്വീപുകളിൽപ്പെട്ട മറ്റു ദ്വീപുകളെപ്പറ്റി ഒന്നും രേഖപ്പെടുത്തിയിട്ടില്ല. മാർക്കോപോളോ തന്റെ സഞ്ചാരകഥകളിൽ മറ്റെല്ലാ ദ്വീപുകളും സന്ദർശിച്ചുവെന്നും അവിടെ മനുഷ്യാധിവാസമുള്ളതായി കണ്ടില്ലെന്ന് രേഖപ്പെടുത്തിയിരുന്നുവെങ്കിൽ തന്നെയും ക്രിസ്തുവിന്ന് 1500 വർഷങ്ങൾക്ക് മുൻപെങ്കിലും ജനവാസമുള്ളവയായിരുന്നുവെന്ന് തെളിയിക്കപ്പെട്ട ഈ ദ്വീപുകളെ

പറ്റി അത് ശരിയാകുമായിരുന്നില്ല. ദ്വീപുകളുടെ പ്രാചീനത വ്യക്തമാക്കുന്ന ഒട്ടേറെ അനിഷേധ്യ ചരിത്രരേഖകളും തെളിവുകളും ലഭ്യമായിരുന്നിട്ടും മാർക്കോപോളോയുടെ സഞ്ചാരകഥകളിൽ മറ്റുദ്വീപുകളെപ്പറ്റി പരാമർശിച്ചിട്ടില്ല എന്ന ഒറ്റക്കാരണം മാത്രം ഉയർത്തിപ്പിടിച്ച് ആ ദ്വീപുകളിൽ അന്ന് ജനവാസമുണ്ടായിരുന്നില്ല എന്നും മറ്റും വാദിക്കാനൊരുമ്പെടുന്നത് തികച്ചും ബാലിശമെന്നേ പറയാനാവൂ.

മാർക്കോപോളോയുടെ സഞ്ചാരകഥകൾ എന്ന പേരിൽ ഇന്ന് ലഭ്യമായവപോലും പൂർണ്ണരൂപത്തിലുള്ളവയല്ല. ആദ്യകാല ഗ്രന്ഥത്തിൽ ഉണ്ടായിരുന്നവയിൽ പലതും പല ഭാഷകളിലായി പുനരാലേഖനം ചെയ്ത് ഇന്നത്തെ രൂപത്തിലായപ്പോഴേക്കും കൈമോശം വന്നുപോയിട്ടുണ്ടാവണം. ആദ്യ രൂപത്തിലുള്ള മാർക്കോപോളോയുടെ സഞ്ചാരകഥകൾ എഴുതിയതുപോലും അദ്ദേഹമായിരുന്നില്ല എന്നതാണ് ചരിത്ര വസ്തുത. 1298ൽ തന്റെ ജന്മനഗരവും ജിനോവയും തമ്മിലുണ്ടായ യുദ്ധത്തിൽ മാർക്കോപോളോ തടവുകാരനാക്കപ്പെട്ട് ജയിലിൽ കിടക്കുമ്പോൾ തന്റെ 25 കൊല്ലക്കാലത്തെ യാത്രാകഥകൾ നേരംപോക്കിനായി പറഞ്ഞുകൊടുത്തത് ശ്രവിച്ച റസ്റ്റിസിയാനോ (Rustiche lo) എന്ന കൂട്ടുതടവുകാരനാണ് പിന്നീട് ജയിൽ വിമുക്തനായ ശേഷം എഴുതിയുണ്ടാക്കിയത്. പോളോ പറഞ്ഞുകൊടുത്തവയിൽ പലതും സ്വാഭാവികമായും റസ്റ്റിസിയാനോ വിട്ടുപോയിട്ടുണ്ടാവാം. താൻ കണ്ടതിന്റെയും അനുഭവിച്ചതിന്റേയും പകുതിപോലും പറഞ്ഞു കഴിഞ്ഞിട്ടില്ലെന്നത് മാർക്കോപോളോ തന്നെയും വ്യക്തമാക്കുന്ന സ്ഥിതിക്ക് ആ സഞ്ചാരകഥകളുടെ പൂർണ്ണത മനസ്സിലാക്കാമല്ലോ.

തികഞ്ഞ മുസ്‌ലിം വിരോധിയായി പരിഗണിക്കപ്പെടേണ്ട മാർക്കോപോളോ കണ്ടേടത്തുള്ള എല്ലാ മുസ്‌ലിമീങ്ങളിലും കുറ്റംമാത്രമേ ആരോപിച്ചിട്ടുള്ളൂ. അല്ലെങ്കിൽ എന്തെങ്കിലും കഥ പറയാൻവേണ്ടി മാത്രമേ മുസ്‌ലിമീങ്ങളെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളൂ. തുർക്കിസ്ഥാനിലെ മുഹമ്മദീയർ നിരക്ഷരരും മൂർഖരും അപരിഷ്കൃതരുമാണെന്നും, മൊസൂളിലെ മുഹമ്മദീയർ ദുഷ്ടന്മാരും വ്യാപാരികളെ കൊള്ളചെയ്യുന്നവരുമാണെന്നും, ടാറിപ്പ് നഗരത്തിലെ മുഹമ്മദീയർ വഞ്ചകരും തസ്ക്കരരുമാണെന്നും പേഴ്സ്യയിലെ മുസ്‌ലിമീങ്ങൾ നീചരും ദുരാഗ്രഹികളുമാണെന്നും, ബട്ടാക്ക് നഗരത്തിലെ മുഹമ്മദീയർ ചതിയന്മാരും മദ്യപാനികളും ഘാതകരുമാണെന്നും, കാരഹാൻ സംസ്ഥാനത്തിലെ മുഹമ്മദീയർ കാലിൽ മന്തുള്ളവരും തൊണ്ടയിൽ ഉരുണ്ടുവീർത്ത മുഴയുള്ളവരാണെന്നുമൊക്കെയാണ് മാർക്കോപോളോ

എഴുതിയിട്ടുള്ളത്. ഇത്തരം കുറ്റങ്ങളൊന്നും ആരോപിക്കാനില്ലാത്തതുകൊണ്ട് മാർക്കോപോളോ ലക്ഷദ്വീപുകളിൽപെട്ട മറ്റു ദ്വീപുകളെ തന്റെ സഞ്ചാരകഥകളിൽനിന്ന് ഒഴിവാക്കിയതുമായിരിക്കാം. മിനിക്കോയി ദ്വീപിനെ സ്ത്രീകളുടെ നാട് എന്ന് വിശേഷിപ്പിച്ചതിൽ കവിഞ്ഞ അത്ഭുതങ്ങളൊന്നും ആ ദ്വീപിനെപ്പറ്റിയും അദ്ദേഹം പറഞ്ഞില്ല. പലവിധത്തിലും അപൂർണ്ണമായ മാർക്കോപോളോയുടെ സഞ്ചാരകഥകളിൽ മറ്റു ദ്വീപുകളെപ്പറ്റി പ്രതിപാദിച്ചിട്ടില്ല എന്നത് മാത്രം ഒരു തെളിവായി ഉദ്ധരിക്കുന്നതിന് ചരിത്രപരമായ ന്യായീകരണമൊന്നും മറ്റാരും കൽപിക്കുമെന്ന് തോന്നുന്നില്ല.

ഏ.ഡി. ഒന്നാംനൂറ്റാണ്ട് മുതൽ ഒട്ടേറെ തദ്ദേശീയവും വിദേശീയവുമായ ചരിത്രരേഖകളിൽ തെളിഞ്ഞുകിടക്കുന്ന ലക്ഷദ്വീപുകളെക്കുറിച്ച് കേരളത്തിൽവന്ന എല്ലാ സഞ്ചാരികളും പരാമർശിച്ചില്ലെന്ന് വരാം. അത് ആ സഞ്ചാരികൾക്ക് ദ്വീപുകളെപ്പറ്റി മനസ്സിലാക്കാനും സന്ദർശിക്കാനും അവസരം ലഭിക്കാതെ പോയതുകൊണ്ടോ, മാർക്കോപോളോയുടെ സഞ്ചാരകഥകൾക്ക് സംഭവിച്ചതുപോലെയുള്ള ന്യൂനതകൾകൊണ്ടോ ആവാം. അല്ലാതെ ഏതെങ്കിലും ഒരു സഞ്ചാരി ദ്വീപുകളെക്കുറിച്ച് പരാമർശിക്കാത്തത് അക്കാലത്ത് ദ്വീപുകളില്ലാതിരുന്നതുകൊണ്ടാണെന്നോ, ദ്വീപുകളിൽ ജനവാസമില്ലാതിരുന്നത് കൊണ്ടാണെന്നോ വാദിക്കുന്നത് കേരളത്തിലെ കൊല്ലം പട്ടണത്തെക്കുറിച്ച് ഏ.ഡി. 851 ൽ സുലൈമാൻ എന്ന സഞ്ചാരി പ്രതിപാദിക്കുന്നത് വരെ ഏ.ഡി. ഒന്നാം നൂറ്റാണ്ടിൽ പെരിപ്ലൂസ്കാരനും പ്ലിനിയും രണ്ടാംനൂറ്റാണ്ടിൽ ടോളമിയും ആറാംശതകത്തിൽ കോസ്മസും കൊല്ലവർഷാരംഭത്തിന് മുൻപുള്ള ഒരു തമിഴ്കൃതിയിലും രേഖപ്പെടുത്താത്തത് കാരണം ഒൻപതാം നൂറ്റാണ്ടിന് മുൻപ് കൊല്ലം പട്ടണമോ അവിടെ ജനവാസമോ ഉണ്ടായിരുന്നില്ലെന്ന് വാദിക്കുന്നതുപോലെയോ, ക്രിസ്ത്വാബ്ദം ഒന്നാം ശതകത്തിൽ ഗ്രീക്കുഭാഷയിലെഴുതിയിട്ടുള്ള പെരിപ്ലൂസ് എന്ന ഗ്രന്ഥത്തിൽ മലയാളത്തിലെ പല കാര്യങ്ങളും പറഞ്ഞിട്ടുണ്ടെങ്കിലും കേരളത്തിലെ കൽപവൃക്ഷമെന്ന് നാം കൊണ്ടാടാറുള്ള കേരങ്ങളെപ്പറ്റി യാതൊന്നും പറഞ്ഞുകാണുന്നില്ലെന്നും, ആറാം ശതകത്തിൽ കേരളത്തെ സന്ദർശിച്ച ഒരു സഞ്ചാരിതെങ്ങുകളെ Biney എന്ന പേരിൽ വിവരിച്ചിട്ടുണ്ടെന്നും, സിലോണിൽനിന്നും കുടിയേറിപ്പാർത്ത ബുദ്ധമതാനുയായികളായ ഈഴവരാണ് തെങ്ങ് ഇവിടെ കൊണ്ടുവന്നതെന്നും മറ്റും മിസ്റ്റർ, നാരായണപ്പണിക്കർ ഭാഷാചരിത്രത്തിൽ പറഞ്ഞിരിക്കുന്നു. (ശൂരനാട്ട് കുഞ്ഞൻപിള്ള പ്രാചീനകേരളം പേ:

8) വെന്നതിന്റെ അടിസ്ഥാനത്തിൽ ആറാംനൂറ്റാണ്ട് വരെ കേരളത്തിൽ തെങ്ങുണ്ടായിരുന്നില്ലെന്ന് വാദിക്കുന്നതുപോലെയോ നിരർത്ഥകം മാത്രമായിരിക്കുമത്.

ദ്വീപുകളിലെ ആദ്യകാല കുടിയേറ്റത്തെക്കുറിച്ച് തെറ്റിദ്ധരിക്കപ്പെട്ടവർ വരുത്തിവച്ച മറ്റൊരബദ്ധമാണ് ഇസ്‌ലാംമതം സ്വീകരിക്കുന്നതിന് മുൻപ് ദ്വീപുകാർ ഹൈന്ദവരായിരുന്നുവെന്നത്. അന്നത്തെ ലക്ഷദ്വീപുകളെക്കുറിച്ചും കേരളത്തിൽ ഹൈന്ദവമതത്തിന് അന്നുണ്ടായിരുന്ന സ്ഥാനത്തെക്കുറിച്ചും ഗ്രഹിച്ചിരുന്നുവെങ്കിൽ 7-ാം നൂറ്റാണ്ടിന് മുൻപ് ദ്വീപുകളിൽ ഹിന്ദുമതം പ്രചരിച്ചിരുന്നുവെന്ന് എഴുതുമായിരുന്നില്ല. ഈ ചരിത്രവൈകല്യത്തിന് പകരം ഇസ്‌ലാം മതം പ്രചരിച്ചുകഴിഞ്ഞ് അനേകം നൂറ്റാണ്ടുകൾക്കുശേഷം കേരളത്തിലെ ഹൈന്ദവരിൽ ഒരു വിഭാഗം ദ്വീപുകളിലെത്തിയിരുന്നുവെന്ന് എഴുതിയിരുന്നുവെങ്കിൽ അത് ചരിത്രപരമായി ശരിയാകുമായിരുന്നു.

ലക്ഷദ്വീപുകളിൽ ആദിമ നിവാസികൾ ഹൈന്ദവരായിരുന്നുവെന്ന ചരിത്രാബദ്ധം എഴുതിവച്ചവർ അതിന് തെളിവായി ചൂണ്ടിക്കാട്ടുന്നത് ദ്വീപുകളിൽ പ്രാചീനമായി തുടർന്നുവരുന്ന മരുമക്കത്തായ രീതിയാണ്. ഈ സമ്പ്രദായം ഹൈന്ദവപാരമ്പര്യത്തിൽനിന്ന് ലബ്ധമായവയാണെന്ന് അവർ എഴുതിയത് മറ്റൊരു പ്രമാദമാണ്. ലക്ഷദ്വീപുകാർ പ്രാചീനമായി തുടർന്നുവരുന്ന മരുമക്കത്തായ സമ്പ്രദായത്തിന്റെ ഉറവിടം ഹിന്ദുമതമോ, കേരളമോ ആയിരുന്നില്ല എന്നതിന് വ്യക്തമായ തെളിവുകളുണ്ട്. കേരളത്തിലെ നായന്മാർക്കും നമ്പൂതിരിമാർക്കുമിടയിൽ ഈ സമ്പ്രദായം പ്രചരിക്കുന്നതിനും അനേകം നൂറ്റാണ്ടുകൾക്ക് മുൻപുതന്നെ ദ്വീപുകാർ മരുമക്കത്തായികളായിരുന്നു. ലക്ഷദ്വീപുകളിലെ ആദിമനിവാസികളായിരുന്ന പോളിനേഷ്യക്കാരുടെ രീതികയായിരുന്ന മരുമക്കത്തായമായിരുന്നു (J.E. Weckler & Polynesians Explorers of the Pacific P: 9) കുടിയേറ്റക്കാലം മുതൽ ദ്വീപുകളിൽ തുടർന്നു വന്നിരുന്നത്. പ്രാചീന പോളിനേഷ്യൻ സാമൂഹ്യവ്യവസ്ഥയിൽ കുടുംബത്തിലെ തലമുതിർന്ന അംഗത്തിന് നൽകിവന്നിരുന്ന പരമപ്രധാനമായ സ്ഥാനവും, അമ്മാവന്മാരും മരുമക്കളും തമ്മിലുള്ള ബന്ധവും ഇന്നും തുടർന്നു വരുന്ന ഒരു പ്രദേശം കൂടിയാണ് ദ്വീപുകൾ. ഈ സമ്പ്രദായം കർശനമായിത്തന്നെ 7-ാം നൂറ്റാണ്ടിലും തുടർന്നുവന്നിരുവെന്നതിന്റെ അനിഷേധ്യ തെളിവാണ് അന്ത്രോത്ത് ദ്വീപിലെ ഖാസിസ്ഥാനം അന്നുമുതൽ ഇന്നുവരെ മരുമക്കത്തായ രീതിയനുസരിച്ചാണ് തുടർന്നുവരുന്നത്. ലക്ഷദ്വീപുകളിലെ ഇസ്‌ലാംമത പ്രചാരകനും അന്ത്രോത്തിലെ ഒന്നാമത്തെ

CamScanner

ഖാസിയുമായിരുന്ന ഹ: ഉബൈദുള്ള(റ)യെ തുടർന്ന് തൽസ്ഥാനത്ത് അവരോധിക്കപ്പെട്ട അബൂബക്കറിന്റെ കാലശേഷം അദ്ദേഹത്തിന്റെ സഹോദരി പുത്രനായിരുന്നു ഖാസിയായത്. പ്രസ്തുത അബൂബക്കറിന്റെ പുത്രനായ ബലിയളിക്കോത്ത് മുഹമ്മദ് എന്നവർ താനാണ് പിതാവിന്റെ നിര്യാണത്തെ തുടർന്ന് ഖാസിയാവേണ്ടത് എന്ന് വാദിച്ചുവെങ്കിലും മരുമക്കത്തായികളായിരുന്ന ദ്വീപുകാർ അബൂബക്കറിന്റെ സഹോദരിപുത്രനായ പാട്ടകൽ അഹമ്മദ്ഇബ്നു മുഹമ്മദിനെയായിരുന്നു ഖാസിയായി അംഗീകരിച്ചത്. ദ്വീപുകാരുടെ ഈ തീരുമാനത്തിൽ കുപിതനായ അദ്ദേഹം പിതാവിന്റെ സ്വത്ത് കുട്ടികൾക്കില്ലാത്ത നാട് ഇന്നുമുതൽ ഉപേക്ഷിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടായിരുന്നു അന്ത്രോത്തിനോട് വിടപറഞ്ഞത്." (ഫുതുഹാത്തുൽ ജസായിറ് ഫിൽ ഖസസിദ്ദുഖായിർ പേ: 50.) 7-ാം നൂറ്റാണ്ട് കാലത്തും മരുമക്കത്തായ സമ്പ്രദായം ദ്വീപുകളിൽ എത്രമാത്രം അടിയുറച്ചതായിരുന്നുവെന്ന് വ്യക്തമാക്കാൻ ഈയൊരു സംഭവംതന്നെ മതിയാവുന്നതാണ്.

ലക്ഷദ്വീപുകാർ ഇസ്ലാംമതം സ്വീകരിക്കുന്നതിന് മുൻപ് ഹൈന്ദവരായിരുന്നുവെന്നതിന്റെ തെളിവായി "അറബിക്കടലിലെ പവിഴദ്വീപുകൾ" മുതലായ ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്ന മറ്റൊരു ചരിത്ര വൈകല്യമാണ് ലക്ഷദ്വീപുകളിലെ മുസ്ലിം പള്ളികൾ കേരളത്തിലെ ഹൈന്ദവക്ഷേത്രങ്ങളുടെ അനുകരണങ്ങളാണെന്നത്. അനിഷേധ്യമായ ചരിത്രവസ്തുതകളുടെ വെളിച്ചത്തിൽ തികച്ചും അപ്രസക്തവും വാസ്തവവിരുദ്ധവുമായിരുന്നു പ്രസ്തുതപരാമർശം എന്ന് കാണാവുന്നതാണ്.

ലക്ഷദ്വീപുകാർ സമ്പൂർണ്ണമായും ഇസ്ലാംമതവിശ്വാസികളായി മാറുകയും ഹ: ഉബൈദുള്ള (റ)യുടെ നിർദ്ദേശാനുസരണം അന്ത്രോത്ത്, കവരത്തി, അമ്മേനി, ചേത്തിലാം, കിൽത്തൻ, കടമം, ആക്കത്തി, കൽപേനി എന്നീ ദ്വീപുകളിൽ പള്ളിനിർമ്മാണം പൂർത്തിയാക്കുകയും ചെയ്ത ഹിജറ 41-42 (എ.ഡി. 662-663) കാലത്തും കേരളത്തിൽ "ഹിന്ദുമതത്തിന് പറയത്തക്ക പ്രാധാന്യമൊന്നുമുണ്ടായിരുന്നില്ല. പലമതങ്ങളിൽ ഒന്ന് എന്ന നിലയിലും താണപടിയിലായിരുന്നു അതിന്റെ സ്ഥാനം."(എ. ശ്രീധരമേനോൻ - കേരളചരിത്രം പേ: 189) ചേതന പൂജയിലും പ്രകൃതിയാരാധനയിലും അധിഷ്ഠിതമായി ദ്രാവിഡ മതത്തേയും ബുദ്ധ മതത്തേയും ജൈനമതത്തേയും പരാജയപ്പെടുത്തി കേരളത്തിൽ ഹിന്ദുമതം ആദ്യ പ്രതിഷ്ഠ നേടുന്നതുതന്നെ 8-ാം നൂറ്റാണ്ടിലായിരുന്നു. "8-ാം ശതകത്തിൽ ബ്രാഹ്മണരുടെ ഒരു പുതിയ സംഘം വെളിയിൽനിന്ന് വന്നതോടെ മൂർദ്ധന്യ

ത്തിലെത്തിയ തീവ്രമായ ആര്യവത്കരണത്തിന്റെ പരിണിതഫലം മാത്രമായിരുന്നു അന്നു കേരളത്തിൽ ഹിന്ദുമതത്തിനുണ്ടായവിജയം." (എ. ശ്രീധരമേനോൻ - കേരളചരിത്രം പേ: 189) ക്ഷേത്ര നിർമ്മാണവും ക്ഷേത്രങ്ങളിലുള്ള ആരാധനാരീതികളും കേരളത്തിലെ ആദ്യകാലഹൈന്ദവർക്ക് അജ്ഞാതമായിരുന്നു. പിൽക്കാലത്ത് ബുദ്ധമതക്കാരിൽനിന്നും പകർത്തിയവയായിരുന്നു ഇവ. അക്കാലത്തെ ഹിന്ദുക്കൾക്ക് ദേവാലയങ്ങളില്ലായിരുന്നുവെന്നും അവരുടെ മതം വ്യക്തിയും ഈശ്വരനും തമ്മിലുള്ള ബന്ധം മാത്രമായിരുന്നുവെന്നും ദേവാലയവും അതിലെ നടപടികളും ബുദ്ധമതത്തിൽനിന്നും അവർ പകർത്തിയതാണെന്നും ഒരുപക്ഷമുണ്ട്." *(ഡോ. സി. കെ. കരീം ഇന്ത്യാചരിത്രത്തിനൊരു മുഖവുര)*. "പിന്നീട് ബുദ്ധമതാനുയായികളെ ഹിന്ദുമതത്തിലേക്ക് ചേർത്തപ്പോൾ അവരിൽനിന്നും ആര്യന്മാർ അനുകരിച്ചതാണ് ക്ഷേത്രനിർമ്മാണം." (എൻ. കെ. ജോസ് ആദിമകേരളക്രൈസ്തവർ പേ: 107)"ക്ഷേത്രങ്ങളിലുള്ള ദേവാരാധന വേദമതത്തിന്നജ്ഞാതമായിരുന്നു. വിഹാരങ്ങൾ നിർമ്മിക്കുവാനും അവയിൽ ആരാധനയ്ക്കും ധ്യാനത്തിനുമായി ബുദ്ധന്റെ വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുവാനും തുടങ്ങിയ ബുദ്ധമതക്കാരിൽനിന്നും ഹിന്ദുക്കൾ ഇത് കാലക്രമേണ അനുകരിക്കുകയാണുണ്ടായത്.'' (ടികെ കൃഷ്ണമേനോൻ - കേരളസംസ്കാരം പേ: 55) കേരളചരിത്രകാരന്മാരുടെ മേലുദ്ധരണികൾ ലക്ഷദ്വീപുകളിൽ എങ്ങും ഇസ്‌ലാംമതം പ്രചരിക്കുകയും, പള്ളിനിർമ്മാണം പൂർത്തിയാക്കുകയും ചെയ്ത 7-ാം നൂറ്റാണ്ട് കാലത്തും ക്ഷേത്രനിർമ്മാണ പരിജ്ഞാനമുണ്ടായിരുന്ന ഹിന്ദുമതം കേരളത്തിൽപോലും പ്രസക്തമായിരുന്നില്ല എന്ന് വ്യക്തമാക്കുന്നു.

ബുദ്ധമതം കേരളത്തിൽ പരാജയപ്പെട്ടതിനെ തുടർന്നു പല ബുദ്ധവിഹാരങ്ങളും ഹൈന്ദവക്ഷേത്രങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടു. പല ബുദ്ധക്ഷേത്രങ്ങളിൽനിന്നും ബുദ്ധവിഗ്രഹങ്ങൾ മാത്രം എടുത്തുമാറ്റി പകരം ഹിന്ദുദേവതകൾ പ്രതിഷ്ഠിക്കപ്പെട്ടു. ഏതാനും ഹിന്ദുക്ഷേത്രങ്ങളിൽ ബുദ്ധവിഗ്രഹങ്ങൾക്ക് ഒരു മൂലയിൽ സ്ഥാനം ലഭിച്ചു. ആ വസ്തുതയെക്കുറിച്ച് ശ്രീ. ശൂരനാട്ട് കുഞ്ഞൻപിള്ള എഴുതുന്നു. "പഴയകാലത്തെ ബുദ്ധമതപ്രചാരത്തെ സൂചിപ്പിക്കുന്ന ചരിത്രാവശിഷ്ടങ്ങളാണ് കേരളത്തിൽ അങ്ങിങ്ങു കാണുന്ന ബുദ്ധവിഗ്രഹങ്ങൾ. കരുമാടിക്കുട്ടൻ, മാവേലിക്കര പുത്തരച്ചൻ, ഭരണിക്കാവ് ബുദ്ധൻ, പള്ളിക്കൽ ബുദ്ധൻ, മരുതൂർകുളങ്ങര ബുദ്ധൻ എന്നീ വിഗ്രഹങ്ങളെല്ലാം ഒരുകാലത്ത് ഓരോ മഹാക്ഷേത്രങ്ങളിൽ പൂജിക്ക

പ്പെട്ടവയയായിരുന്നു. പിന്നീട് ക്ഷേത്രങ്ങളിൽനിന്നും പുറന്തള്ളപ്പെട്ടവയാണെന്നും ഊഹിക്കാമല്ലോ. അവയുടെ സ്ഥാനത്ത് ഹിന്ദു ദേവതകൾ പ്രതിഷ്ഠിക്കപ്പെട്ടു. ചുരുക്കം ചിലേടത്ത് ക്ഷേത്രത്തിൽതന്നെ ഒരു മൂലയിൽ ബുദ്ധവിഗ്രഹത്തിന് സ്ഥാനം ലഭിച്ചു. കോട്ടയത്തിനടുത്ത് കിളിരൂർ ഭഗവതി ക്ഷേത്രത്തിലും, തിരുവല്ലായ്ക്കടുത്ത് നീലംപേരൂർ ക്ഷേത്രത്തിലും ബുദ്ധവിഗ്രഹങ്ങൾ കൂടെ കാണുന്നുണ്ട്." (ചരിത്രം ജേണൽ-ഫിബ്രവരി-മേയ് 1973 പേ: 55). "കേരളത്തിലെ പല ക്ഷേത്രങ്ങളും ബുദ്ധക്ഷേത്രങ്ങളെ രൂപാന്തരപ്പെടുത്തിയതാകാം. തിരുവനന്തപുരത്തെ ശ്രീ പത്മാനഭസ്വാമിക്ഷേത്രം തന്നെ ഇങ്ങനെ മാറ്റിയതാണെന്നുള്ള ഒരഭിപ്രായമുണ്ടല്ലോ." എന്ന് ദാസ് മാസ്റ്റർ - ഞാറയ്ക്കലും (ചരിത്രം ജേണൽ ഫിബ്രവരി മേയ് 1973 പേ: 9) "കേരളത്തിൽ ഇന്ന് കാണുന്ന പ്രധാന അമ്പലങ്ങളൊക്കെ ജൈനബുദ്ധവിഹാരങ്ങളും, ആരാധനാകേന്ദ്രങ്ങളും പരിവർത്തനം ചെയ്തെടുത്തവയാണെന്നതിന് നിരവധി തെളിവുകളുണ്ട്." എന്ന് ഡോ. സി.കെ. കരീമും (ചരിത്രം ജേണൽ ജൂൺ - ആഗസ്റ്റ് 1974 പേ: 6) ഹൈന്ദവക്ഷേത്രങ്ങളുടെ ചരിത്രപശ്ചാത്തലത്തെക്കുറിച്ച് രേഖപ്പെടുത്തുന്നു. ഈ വസ്തുതകളിൽനിന്നും കേരളത്തിലെ അമ്പലങ്ങളെല്ലാം ബുദ്ധക്ഷേത്രങ്ങൾ പരിവർത്തനം ചെയ്തെടുത്തവയോ അവയുടെ അനുകരണങ്ങളോ ആയിരുന്നുവെന്ന് വ്യക്തമാവുന്നു.

ക്ഷേത്രനിർമ്മാണം ഹൈന്ദവമതത്തിന് സംഭാവന ചെയ്ത അതേ ബുദ്ധമതമായിരുന്നു എ.ഡി. 662 -633ൽ ഇസ്ലാം പ്രചരിക്കുന്ന കാലത്ത് ദ്വീപുകളിലുണ്ടായിരുന്നത് എന്ന വസ്തുത ഗ്രഹിക്കാതെ പോയതുകൊണ്ടാകണം ദ്വീപുകളിലെ പള്ളികൾ ഹൈന്ദവക്ഷേത്രങ്ങളുടെ അനുകരണങ്ങളായിരുന്നു എന്ന് ചിലർ എഴുതിയത് അന്നുവരെ ബുദ്ധമതക്കാരായിരുന്നവർ ആ മതം ഉപേക്ഷിച്ച് ഇസ്ലാംമതം സ്വീകരിക്കുകയും പുതിയ പള്ളികൾ നിർമ്മിക്കുകയും ചെയ്തപ്പോൾ അവർക്ക് പരിചിതമായിരുന്ന ബൗദ്ധശിൽപരീതി ദ്വീപുകളിലെ പള്ളിനിർമ്മാണത്തിലും ഒരു പരിധിവരെ സ്വാധീനം ചെലുത്തുമെന്നത് സ്വാഭാവികം മാത്രമാണ്.

ബുദ്ധമതപരാജയത്തെ തുടർന്ന് കേരളത്തിലെ ബുദ്ധമതവിഹാരങ്ങളിൽ പലതും ഹൈന്ദവക്ഷേത്രങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടതു പോലെയായിരുന്നു ഇസ്ലാംമത പ്രചരണത്തെത്തുടർന്ന് ദ്വീപുകളിലും സംഭവിച്ചിരുന്നതെങ്കിൽ രൂപാന്തരപ്പെടുത്തപ്പെട്ട വിഹാരങ്ങൾ മാത്രമാവുമായിരുന്നു ദ്വീപുകളിലെ മുസ്ലിംപള്ളികളും. അങ്ങനെയാ

യിരുന്നുവെങ്കിൽ ദ്വീപുകളിലെ പള്ളികളും ബുദ്ധക്ഷേത്രങ്ങളും തമ്മിൽ ഇതിലും കൂടുതൽ സാമ്യതയും കാണുമായിരുന്നു. പക്ഷേ ബുദ്ധമതം പൂർണ്ണമായും നിഷ്കാസനം ചെയ്യപ്പെടുക വഴി തികച്ചും ഉപയോഗശൂന്യമായി ഭവിച്ചവയായിരുന്നു ദ്വീപുകളിലെ ബുദ്ധവിഹാരങ്ങളെങ്കിലും അവയിലൊന്നുപോലും മുസ്‌ലിം പള്ളികളായി രൂപാന്തരപ്പെടുത്തപ്പെട്ടിട്ടില്ല. ലക്ഷദ്വീപുകളിലെ ഇസ്‌ലാംമത പ്രചാരകനായിരുന്ന ഹ: ഉബൈദുള്ള(റ)യുടെ നിർദ്ദേശാനുസരണം എല്ലാ ദ്വീപുകളിലും പുതിയ പള്ളികൾ നിർമ്മിക്കുകയായിരുന്നു ചെയ്തത്. ഈ വസ്തുത അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ രേഖപ്പെടുത്തപ്പെട്ട ഫുതൂഹാത്തുൽ ജസായിറിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

കേരളത്തിൽ ഹിന്ദുമതവും ലക്ഷദ്വീപുകളിൽ ഇസ്‌ലാംമതവും പ്രചരിക്കുന്നതിന് മുൻപ് ആ രണ്ട് പ്രദേശങ്ങളിലുമുണ്ടായിരുന്നത് ബുദ്ധമതമായിരുന്നുവെന്ന വസ്തുതയും ഹൈന്ദവക്ഷേത്രങ്ങളെ ഏതാണ്ട് പൂർണ്ണമായും ലക്ഷദ്വീപുകളിലെ പള്ളികളെ ഒരു പരിധി വരേയും സ്വാധീനിച്ചത് ബൗദ്ധശിൽപരീതിയായിരുന്നുവെന്ന യാഥാർത്ഥ്യവും വിസ്മരിച്ചുകൊണ്ട് ദ്വീപുകളിലെ പള്ളികൾ ഹൈന്ദവ മാതൃകയിലാണെന്ന് പറയുന്നതും കേരളത്തിലെ ക്ഷേത്രങ്ങൾ ദ്വീപുകളിലെ പള്ളികളുടെ അനുകരണങ്ങളാണെന്ന് പറയുന്നതും ഒരുപോലെ ചരിത്രാബദ്ധമാണ്.

അനുബന്ധം

APPENDIX I

COPY OF APPOINTMENT ORDER OF THE KARYAKKAR*

Letter from Adi Raja Beebi of Cannanore to Androth: the Elders of the four divisions, the thousand of the country and the Mussaliyar of the mosque may bring this to their notice. on this 3rd of makaram, the year 1038 (1862 A, D)the management of affairs is entrusted to Puthiya Illath Apporayil Ayidros Haji of Androth. He may prove himself as the fittest person for which purpose he was sent, by observing loyalty, sincerity and authority in all affairs. He may observe the islamic religion in its true spirits.

Translated from Arakkar Records Book No 29 -4 -1038 Malayalam Era.

APPENDIX II

INSTRUCTION ON JUDICIAL PROCEEDINGS*

The plaints should be registered in their order and for conducting the trial a peon should be sent to the elders (Mooppas) so as to inform them the matter. The elders who will attend the place, may also participate in the trial. The elders should give their written opinion based on evidence and the Karyakkar should

also give his verdict in support of their judgement. The entire proceedings should be recorded by the accountant in the file and he would carry out the execution of the judgement also. The copies of the judgement should be sent to this place (Arakkal) if there is any appeal information about all events should be coveyed to his place and reports should reach here by every vessel coming to this shore.

Translated from Arakkal Records Book No. 29

1034 - 1083 Malayalam Era.

*Courtesy: Sri K.K.N. Kurup -The Ali Rajas of Cannanore

APPENDIX III

AGREEMENT ON REVENUE PAYMENT OF LACCADIVES * (1793)

I, Before Bulea, the Princess of Cannanore and of the Laccadives Islands, etc. do ackowledge and given in writing that I will pay to the Government of the English East India Company the moiety of whatever is the prduce of my country according to the funds thereof, and out of the Rs. 20,000 annual profit which I reap from my trade with Laccadives, I am also to pay the half to Government, besides of which I do stipulate to pay in like manner the half of whatever further income or profit from the said lands or trade shall be hereafter ascertained to accrue to me by the enquiries of the Officers of Government.

And as it has been signified to me that after the rains a gentleman is to proceed to the Laccadives to sequester them for the advantage of the Honourable company's Government and to appropriate to the use of the said Government all the produce thereof, I do therfore engage to submit also to this, if it shall be ordered by the Governor General in Council neither shall I in any

shape object there to or otherwise if it be so ordered, I shall be ready to account for the true income and produce and pay the same to Government wherefore I have written these few lines as a Mochulka for the revenue of Government.

* From the Diary of the Malabar Joint Commissioners dt. 9th April 1793

APPENDIX IV

SURRENDER OF LACCADIVES

Article of Agreement entered into between Adi Raja Imbich Bibi of Cannanore, Malabar District in the Presidency of Madras in th Empire of India of the one part and the Governer in Council of Fort Saint George acting in pursuance of express orders from the Governer - General of Indian in Council of the other part, 1908.

Whereas in pursuance of an order of the Government of Madras No. 417 political, dated the 18th July 1905, the Collector, of Malabar by his letter dated the 18th October, 1905 made the following offfer on behalf of the Government of India to M.R. Ry. Adi Raja Muhammad Ali Raja Avergal of Cannanore, Malabar District Viz, that on condition that the said Muhammad Ali Raja ceded absolutely on behalf of himself his heirs and successors all claims and right whatsoever whether as sovereign or jenmi in and over the Laccadive Islands:-

(i) All arrears of pehkash due by the Adi Raja under the Karar referred to in Article 3 (a) below would be remitted:

(ii) The payment of the Amindivi compensation referred to in Article 2 below would cease.

(iii) The Government would pay to Adi Raja and to his heirs and successors a milikhana of Rs. 23,000 per annum in equal monthly instalments - one half being paid to him during his

life and after his death to the head of the family for the time beings as a personal grant for the maintenance of his position and dignity and the other half being paid to him and to his heirs and successors as heads of the family.

(iv) The Adi Raja and his heirs and auccessors would be allowed to hold free of all peshakash or asessment those lands on the maintained at Cannanore which were then held under the Karar and in respect of which theAdi Raja had been registered as Jenmi during the settlement operations being in the area about 1419 1/2 acres.

(v) The title of "Sultan" without any territorial addition would be conferred on the Raja and his heirs and successors as a hereditory distinction:

(iv) The Raja and his heirs and successors would be exempted under section 641 of the civil procedure code from personal attendance in Court.

And whereas the above offer was accepted by Adi Raja by his letter to the Collector of Malabar, dated the 17th November 1905, in the following words " in reply to your letter No. Ref. on C. 29, Confidential 1905, dated the 18th October 1905, informing me of the recent offer of the Government of Indian on Laaccadive Islands, I have the honour to inform you that I am willing to accept the offer, contained in your letter and to cede absolutely on behalf of myself, my heirs and successors all claims and rights whatsover as sovereign or as Jenmi in and over the Laccadive Islands subject to the terms and conditions contained in your letter under reply". And whereas the said Muhammad Ali Raja died on the 5th Septermber 1907, before a formal deed of cession could be executed by him in pursuance of the agreement concluded by the offer and acceptance herein before recited; And whereas the said Ali Raja Imbichi Bibi succeeded the said Muhammad Ali raja Imbichi Bibi as the head of the family of the

Raja of Cannanore; and whereas the said Adi Raja Imbichi Bibi recognises the validity of the agreement concluded between the late Muhammad Ali Raja and the Government of India and her obligation to carry out the same by the execution of a formal deed of cession and is desirous of doing to and thereby securing for herself, her heirs and successors, the Benefits of the said agreement:

Now it is here by agreed and declared as follows::-

ARTICLE I

The said Adi Raja Imbichi Bibi on behalf of herself, her heirs and successors hereby cedes and makes over in sovereignty and in perpetuity to His Majesty the Emperor of India to arm part of his Majesty's Indian dominations as from the first day of July 1905, the lands and territories inclusive of Pandaram lands comprising the Laccadive Island and Minicoy Island more particularly described in Schedule A hereunder written and all claims therein possessed by or belonging to the said Adi Raja imbichi Bibi as soverein of the said Islands

ARTICLE 2

The said Adi Raja Imbichin on behalf of herself, her heirs and successors hereby waives and surrenders all past presednt and future claims if any in respect of the abatement which as a matter of grace was made in revenue payable to the British Government by the predecssor of the said Adi Raja Imbichi Bibi as compensation for the renunciation by such predecessor of any claim the "the Amini Group" of Islands.

ARTICLE 3

In consideration of the cession and surrender contained in the above articles the Governor in Council of Fort Saint George makes the following concessions in favour of Adi Raja Imbichi Bibi, her heirs and successors:

(a) That all arrears of Peshkash now due under the karar dated 28th Octover, 1796 executed by Beebe Bujia, a predecessor of the said Adi Raja Imbichi in favour of the Hon'ble the East India Company are hereby remitted.

(b) That the lands situated at and near Cannanore referred to in such Karar which now stand registered in the name of the said M.R. Ry. Muhammad Ali Raja Avergall as the jenmi the roof and which lands are more particularly described in schedule B hereunder wriiten shall so long as such lands are held by the said Adi Raja Imbichi Bibi or by the Karanavan for the time being of the family of the said Adi Raja Imbichi Bibi be free from any land revenue payable to the British Govenment. But shall not be free from liability to pay any cess that may be payable therefore under any enactment for the time being in force.

(c)That the said Adi Raja Imbichi Bibi or other the Karanavan for the time being of the family of the said Adi Raja Imbichi Bibi shall be paid from the public treasury a pension of Rs. 23,000 per annum commencing from the 1st day of July 1905 and payable by equal monthly installments of Rs 1906, - 120 on the fitreenth day of every month of which monthly payments one half shall be considered a personal grant to such Karanavan for the maintenance of his or her position and dignity and the half shall be received by such Karanavn for the use and benefit of such family.

ARTICLE 4

The foregoing articles of agreement shall be subject to the ratification or rejection of the Governor General of India in Council.

Signed this 15th day of November 1908 byAdi Raja Imbichi Bibi, Tangal Avergal, Cannanore.

In the presence of

W. Francis,

Acting Collector of Malabar,

J.C. Nunyanakeng,

Government Pleader, N. Malabar

TO H Malihui

Acting Tahsildar of Chirakkal

Reproduced

Signed by Charles James Wir, the Chief Secretary to the Government of Madras, this 5th day of December 1908

C.J. Wier.

Ratified by the Governor General of India in Council at Fort William in Bengal this 5th day of February 1909.

S.H. Butler,

Secy. to the Govt. of India

Foreign Department.

APPENDIX V

COPY OF THE AGREEMENT OBTAINED FROM THE KHAZI OF AGATHI*

Should any dispute of religious character arise or should any rupture caused among by the women who have husbands lead to the divorce being effected by the Karanavar and brought before me as supposedly under the jurisdiction of Shariyat. I will try such complaints jointly with the Karyakkar of Arakkal, the Elders and the accountant; I, the Khasi, would dispense justice according to Shariyat with regard to acts in violation of the injunctions of Shariyat. My judgement should be carried into effect by the Karyakkar and the Elders jointly, I will not act individually or according to my wishes in settleing these matter.

KUNAMAD KHAZI, Agathi

*Translated from Arakkal Records Book No. 29

1034-1038 Malayalam Era

APPENDIX VI

COMPENSATION FOR AMINI ISLANDS

To

The President and Members of the Board of Revenue, Madras

Gentlemen,

I amd directed to acknowledge the receipt of your Secretary's letter of the 3rd October (494) reporting on the claim of the Beebee of Cannanore to compensation for the loss of the Amendeve Islands. As the Beebee was in alliance with Tippu Sultan, the enemy of the British, and as Tippu took the Islands from her and gave her a compensation for them by the grant of a part of the Cherical Rajah's lands which he recovered on the downfall of the Sultan's power, the Governor in council considers her claim to consist entirely of the liberal disposition evinced towards her by the Honourable the court of Directors and in no degree to be founded on right. As she declined to avail herself of the proposal made to her in consequence of the Honourable Court's instructions up to the 27th of June last, the Governor in Council is of opinion that it is only from that date that she should be allowed to reap the benefit of it. You will accordingly instruct the Principal collector to propose to her from that date to abate the revenue payable by her to the Company in the sum of fifteen hundred (1500) Pagodas per annum if she will be willing to accept of that compensation for the Amendevi Islnads.

D. Hill

Secretary to Government

(True copies)

Fort St. George H.V. Macarthy,

13th December 1822

Deputy Secretary

From the correspondence regarding the Laccadive Islands and the Beebees properites in Cannanore (1796- 1829)

K.P. Sayed Ismail

CamScanner

K.P. Sayed Ismail

ലക്ഷദ്വീപ് നൂറ്റാണ്ടുകളിലൂടെ

ചരിത്രം

ഡോ. എൻ. മുത്ത്കോയ

ഭുമിശാസ്ത്രപരമായ ഒട്ടനവധി പ്രത്യേകതകൾ അവകാശപ്പെടാവുന്നയാണ് ലക്ഷദ്വീപ് സമൂഹങ്ങൾ. അതിന്റെ ചരിത്രാന്വേഷണങ്ങളിലും വൈവിധ്യപൂർണ്ണമായ ആഖ്യാനങ്ങളാൽ വലയിതമാണ്. മിത്തും കേട്ടുകേൾവിയും അധീശാഖ്യായികകളും ചേർന്ന് തുരുത്തുകളായി ഒറ്റപ്പെട്ടുപോയ ചരിത്രപാഠങ്ങൾക്കുമേൽ, കൃത്യമായ ചരിത്രരേഖകളുടെ പിൻബലത്തിൽ എഴുതപ്പെട്ട 'ലക്ഷദ്വീപ് നൂറ്റാണ്ടുകളിലൂടെ' എന്ന ഈ കൃതി ദ്വീപ് സമൂഹങ്ങളുടെ മേലുള്ള അനേകകഥകൾക്ക് മറുമുഖമായി കുടുതൽ തെളിവാർന്ന സത്യത്തെ മുന്നോട്ടെടുക്കാൻ പരിശ്രമിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പുതിയകാല ചോദ്യങ്ങൾക്കുള്ള ഉത്തരമായി ഈ കൃതി മാറുന്നുമുണ്ട്.

ലക്ഷദ്വീപ് നൂറ്റാണ്ടുകളിലൂടെ ചരിത്രം/മലയാളം ഡോ. എൻ. മുത്ത്കോയ ₹280.00 History/Malayalam

Ajantha Books

www.booksmalayalam.com

ISBN 978-81-961337-5-7

9 788196 133757

Cover: Labeeb Amaze